# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 10 ലക്കം - 3 കുംഭം - 1192 മാർച്ച് 2017






2017 ശ്രീമദ് ഭാഗവതസപ്താഹം സമാരംഭം





കരയോഗം സന്ദർശിച്ച ഡോ. എം വി പിള്ളയെ (ഓൺകോളജിസ്റ്റ് യു എസ് എ) കരയോഗം ജനറൽ സെക്രട്ടറി സ്വീകരിക്കുന്നു.



എറണാകുളം കരയോഗവും കേരള വനിതാ കമ്മീഷനും സംയുക്തമായി നടത്തിയ 16-ാമത് അദാലത്തിൽ നിന്ന്



സപ്താഹാരംഭത്തോട് അനുബന്ധിച്ച് നടത്തിയ നാരായണീയ സർവ്വൈശ്വര്യ പൂജ




എറണാകുളം കരയോഗവും കൊച്ചിൻ ക്യാൻസർ സൊസൈറ്റിയും ജസ്റ്റിസ് കൃഷ്ണയ്യർ മൂവ്മെൻറും സംയുക്തമായി ടിഡിഎം ഹാളിൽ സംഘടിപ്പിച്ച ലോക ക്യാൻസർദിനാചരണ ചടങ്ങിൽ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി സംസാരിക്കുന്നു.

# ഉള്ളടക്കം

വാല്യം 10 | ലക്കം 3 | മാർച്ച് 2017

| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 6 |
| ബാലലോകം | 7 |
| രാഗപരിചയം | 8 |
| വാസ്തു | 9 |
| ഭാരതത്തിലെ ഋഷികവികൾ | 10 |
| ക്ഷേത്രങ്ങളിലൂടെ | 15 |
| തീരശോഷണം | 18 |
| ദേശനാഥന്റെ തിരുവുത്സവം | 21 |
| രാവണൻ അനഭിമതൻ | 23 |
| കൊച്ചി മെട്രോ | 27 |
| വിഭ്രാന്തിക്കൊടുവിൽ | 30 |
| ഖൾഗ്യവതാരം (കവിത) | 32 |
| ആകാശക്കൂടാരം ഒരു നക്ഷത്രക്കൂടാരം | 33 |
| ഗൌളിശാസ്ത്രം (കവിത) | 35 |
| രാച്ചിന്ത് (കവിത) | 36 |
| ഭാഷയും സംസ്കാരവും | 37 |
| ശ്രീമദ്സദാനന്ദസ്വാമികൾ | 38 |
| ഉപനിഷത്തുകളിലൂടെ | 39 |
| സെൽഫി | 40 |
| കേമൻ (കവിത) | 43 |
| നശ്വരമെന്ന ഉൺമ | 44 |
| രവിപുരം ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിലെ ഉത്സവം | 47 |
| ഹരിസുധാ ലഹരി | 48 |
| പാതഞ്ജലയോഗദർശനം | 51 |
| ജീവിതം സാഫല്യമാക്കിയ ധന്യാത്മാവ് | 53 |
| മൂത്രച്ചൂട് അഥവാ മൂത്രക്കടച്ചിൽ | 54 |
| മോഹം (കവിത) | 58 |
| മാസഫലം | 59 |
| മാട്രിമോണിയൽ | 60-66 |

## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

എഡിറ്റോറിയൽ

# കേരളം വരളാതിരിക്കാൻ.....

നമ്മുടെ മാധ്യമങ്ങളുടെയും ജനപ്രതിനിധികളുടെയും ഒക്കെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു പുനർവിചിന്തനം നടത്തേണ്ട സമയമാണിത്. ജനങ്ങൾ നേരിടുന്ന അവശ്യസാധനങ്ങളുടെ വിലക്കയറ്റത്തെക്കുറിച്ചോ, അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന ജലദൗർലഭ്യത്തെക്കുറിച്ചോ ജനങ്ങളുടെ ആരോഗ്യത്തെ കാർന്നു തിന്നുന്ന അന്തരീക്ഷമലീനികരണത്തെയും, ജലമലിനീകരണത്തെയും കുറിച്ചോ ഒന്നും അത്ര പ്രാധാന്യത്തോടെ ചർച്ച ചെയ്യപ്പെടുന്നില്ല എന്ന വസ്തുത ഖേദകരമാണ്. മാഫിയ വിളയാട്ടത്തെക്കുറിച്ചും ക്വട്ടേഷൻ കൊലപാതകങ്ങളെക്കുറിച്ചും ഒക്കെ ആവശ്യത്തിലധികം പ്രാധാന്യം നല്കി ,സെൻസേഷണൽ ന്യൂസുണ്ടാക്കി , അവയെയൊക്കെ ഉത്സവമാക്കി ആഘോഷിക്കുന്ന ഇന്നത്തെ പ്രവണത ശരിയോ എന്ന് മാധ്യമ സുഹൃത്തുക്കൾ തന്നെ ഒരു സ്വയം വിമർശനത്തിനു തയ്യാറാകണം. കേരളം അതിരൂക്ഷമായ ജലദൗർലഭ്യത്തിലേക്ക് നീങ്ങുകയാണ്.വരുന്ന മാർച്ച്, ഏപ്രിൽ,മെയ് മാസങ്ങളിലെ ചൂട് എങ്ങനെ സഹിക്കും ? കടുത്ത ഈ വേനലിൽ ഉണ്ടാകാൻ പോകുന്ന ജലദൗർലഭ്യവും കൂടി ആകുമ്പോൾ എന്താകും ജനങ്ങളുടെ അവസ്ഥ. ഇതേ പറ്റി ചിന്തിക്കുവാൻ മുകളിൽ പറഞ്ഞവർക്കാർക്കും ബാധ്യതയില്ലേ?

നദികളും, കുളങ്ങളും, കായലുകളും, തോടുകളും, പുഴകളും ഒക്കെയാൽ സമ്പന്നമായ സസ്യശ്യാമളകോമളമായ ഒരു നാടായിരുന്നു കേരളം. നമുക്കു കുടിക്കുവാനും, കുളിക്കുവാനും, നമ്മുടെ കൃഷി ആവശ്യങ്ങൾക്കും, വൈദ്യുതിയുല്പാദനത്തിനും എല്ലാം ധാരാളമായി ഉപയോഗിച്ചു കഴിഞ്ഞാലും ജലദൗർലഭ്യം നേരിടുന്ന അയൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി പോ

ലും ജലം നല്കുവാൻ പര്യാപത്മാം വിധം സമ്പന്നമായിരുന്നു ജലത്തിന്റെ കാര്യത്തിൽ നമ്മുടെ നാട്. ആ അവസ്ഥയിൽ നിന്നും കുടിവെള്ളക്ഷാമം നേരിടുന്ന സംസ്ഥാനമായി കേരളം മാറിയെങ്കിൽ അതിന്റെ ഉത്തരവാദിത്വം ആർക്കാണ് ? സംസ്ഥാന രൂപികരണത്തിനുശേഷം മാറി മാറി ഈ നാട് ഭരിച്ച എല്ലാവരും അതിനുത്തരവാദികളാണ്. വറ്റി വരണ്ട പുഴകളും പുല്ലുകൾ പോലും മുളയ്ക്കാത്ത മൊട്ടക്കുന്നുകളും നിറഞ്ഞ ഒരു വരണ്ട പ്രദേശമായി മാറിയിരിക്കുന്നു മലനാട് എന്നു വിളിച്ചിരുന്ന ഹരിതാഭമായിരുന്ന കേരളം. മലകളായ മലകൾ മുഴുവനും വെട്ടിവെളിപ്പിക്കാൻ വനം മാഫിയക്ക് ഭരണം കൂട്ടു നിന്നപ്പോൾ, മാറി മാറി വന്ന, രാഷ്ട്രീയ പാർട്ടികളുടെ സർക്കാരുകൾ മത്സരിച്ച് പട്ടയമേളകൾ സംഘടിപ്പിച്ച് മലകൾ മുഴുവനും മലയോര കർഷകർ എന്നു പേർ നല്കി ചിലർക്ക് പതിച്ചു കൊടുത്തപ്പോൾ മാധ്യമങ്ങൾ പകുഴ്ത്തി പാടി. പ്രകൃതി മാതാവിന്റെ ക്രൂരഹത്യയാണ് നടത്തുന്നതെന്നറിഞ്ഞു കൊണ്ടു തന്നെ ജനം കൈയ്യടിച്ചു. നമുക്ക് വലുത് ജീവിതമല്ലല്ലോ, രാഷ്ട്രീയമല്ലേ? കേരളത്തിലെ ഏറ്റവും വലിയ കൃഷിയും വിളവെടുപ്പും അതാണല്ലോ ? ഇന്ന് മേഘങ്ങളെ തടഞ്ഞു നിർത്തി മഴപെയ്യിക്കാൻ മലകളിൽ മരങ്ങളില്ല. സംശയിക്കേണ്ട അധികം വൈകാതെ തന്നെ ഇതൊരു ഊഷരഭൂമിയായി മാറും. ഇറ്റ് കുടിവെള്ളത്തിനു വേണ്ടി മത്സരിക്കുന്ന, തമ്മിൽ തല്ലുന്ന നാടായി മാറും ഇത്. അന്ന് , അതിന്റെ പേരിലും നമുക്ക് രാഷ്ട്രിയ വിളവെടുപ്പു നടത്താം.

ഇനി പുഴകളുടെ കാര്യം എടുത്താലോ, വറ്റി വരണ്ട പുഴകളല്ലാതെ ജലസമൃദ്ധമായ ഒരെണ്ണം പോലുമില്ല ഇന്ന് ഈ കേരളത്തിൽ. നമ്മുടെ ഏറ്റവും വലിയ നദിയായ ഭാരതപ്പുഴയിൽ മിക്ക ഇടങ്ങളിലും ഇപ്പോൾ പച്ചക്കറി കൃഷിയാണ്. മണൽ മാഫിയയും അവർക്ക് ഒത്താശ ചെയ്യുന്ന രാഷ്ട്രിയ പാർട്ടികളും കൂടി ചേർന്ന് ഭാരതപ്പുഴയെ മാത്രമല്ല, നമ്മുടെ എല്ലാ നദികളെയും മരണവക്ത്രത്തിലത്തിച്ചിരിക്കുകയാണ്. ഈ വനമാഫിയക്കും മണൽ മാഫിയക്കും അവർക്കു കുട പിടിക്കുന്ന രാഷ്ട്രീയക്കാർക്കും ഒന്നും വിഷമിക്കാനില്ല. പ്രകൃതിയെ വിറ്റ് ഇഷ്ടംപോലെ പണം ഉണ്ടാക്കിയിട്ടുള്ള അവർക്ക് ഒരു കുപ്പി വെള്ളത്തിന് നൂറു രൂപ കൊടുത്ത് വേണമെങ്കിലും വാങ്ങാം. പക്ഷേ അതല്ലല്ലോ ഇവിടുത്തെ സാധാരണക്കാരന്റെ അവസ്ഥ.

കേൾക്കുന്ന വാർത്തകളും റിപ്പോർട്ടുകളും ഒട്ടും ശുഭസൂചകമല്ല. കുടിവെള്ളം ഒരു മാസത്തെ ആവശ്യത്തിനു പോലും തികയില്ല എന്നാണ് കേൾക്കുന്നത്. ഇത്ര ജലദൗർലഭ്യം നേരിടുന്ന ഈ അവസ്ഥയിലും ഉള്ള ജലത്തെ സൂക്ഷിക്കുവാൻ നാം ശ്രമിക്കുന്നുണ്ടോ? ഓരോരുത്തർക്കും അവനവന്റെ കുളിയും മറ്റാവശ്യവങ്ങളും ഒരു കുറവും വരുത്താതെ വേണ്ടപോലെ നടത്തണം, ചെടികൾ നനയ്ക്കണം കാറു കഴുകണം ദിവസവും വീടും മുറ്റവുമെല്ലാം (മുറ്റമെല്ലാം ടൈൽ ഇട്ടിരിക്കുകയാണല്ലോ) കഴുകണം. ബക്കറ്റിൽ വെള്ളമെടുത്തു കുളിച്ചാൽ ഷവർ ഉപയോഗിക്കുന്നതിനെക്കാൾ എത്രയോ കുറച്ചു ജലം മതി ഒരാൾക്കു കുളിക്കാൻ. പക്ഷേ എത്ര പേർ അതിനു തയ്യാറാകും. ടാപ്പു തുറന്നിട്ടുകൊണ്ടുള്ള പല്ലുതേപ്പ്. ഒരു മഗ്ഗിൽ വെള്ളമെടുത്തു ഉപയോഗിച്ചാൽ ചിലവാകുന്നതിന്റെ എത്രയോ ഇരട്ടി വെള്ളമാണ് നാം വെറുതെ പാഴാക്കുന്നത് ഈ പല്ലുതേപ്പിനു വേണ്ടി . അടുക്കളയിൽ പാത്രങ്ങൾ കഴുകുന്നത് ടാപ്പു തുറന്നിട്ടുകൊണ്ട്. പാത്രങ്ങൾ കഴുകാൻ തുടങ്ങുമ്പോൾ തുറക്കുന്ന ടാപ്പ് എല്ലാ പാത്രങ്ങളും കഴുകി കഴിയുമ്പോളാണ് അടയ്ക്കുന്നത് . ഒരു പാത്രത്തിൽ വെള്ളമെടുത്തു വച്ച് ആവശ്യത്തിന് കുറേശ്ശ എടുത്തു കഴുകിയാൽ ഇത്രയും തന്നെ പാത്രങ്ങൾ കഴുകാൻ ഇന്ന് ചിലവാക്കുന്നതിന്റെ പകുതി ജലം പോലും ആവശ്യമായി വരികയില്ല. ഇനി ചെടികൾ നനക്കാനോ ? പാത്രം കഴുകാനും, അരി കഴുകാനും പച്ചക്കറികൾ കഴുകാനും ഉപയോഗിക്കുന്ന ജലം സിങ്കിൽ കൂടി ഒഴുക്കി കളയാതെ മറ്റൊരു പാത്രത്തിൽ ശേഖരിച്ച് അത് ചെടി നനക്കാനായി ഉപയോഗിക്കുക. കുളിമുറിയിലെ വെള്ളം എത്രയാണ് പാഴാക്കി കളയുന്നത്. സ്ഥലമുള്ളവർ അത് തുറസ്സായ പറമ്പിലേക്ക് വിട്ടാൽ മണ്ണിൽ എത്രമാത്രം വെള്ളമിറങ്ങും. മരങ്ങൾക്കും ചെടികൾക്കും അത് പ്രയോജനമാകുമല്ലോ ? അങ്ങനെ ഓരോന്നും. നാം അല്പമൊന്നു ശ്രദ്ധിച്ചാൽ, അമൂല്യമായ ജീവജലത്തിന്റെ അനാവശ്യ ഉപയോഗം കുറച്ചാൽ അതിൽ പരം പുണ്യം വേറൊന്നില്ല. കാരണം നിങ്ങളധികമായി ഉപയോഗിക്കുന്ന വെള്ളം മറ്റൊരാൾക്ക് അവകാശപ്പെട്ടതാണ്, അത് കവർന്നെടുക്കാതിരിക്കുകയും, മറ്റൊരാൾക്കുവേണ്ടി നമ്മുടെ വിഹിതത്തിൽ നിന്ന് ലാഭം പിടിച്ച് അല്പം കൊടുക്കുകയും ചെയ്താൽ അതാണ് മോക്ഷാദായകം. ഇത് അന്നദാനത്തേക്കാളും

പുണ്യം കിട്ടുന്ന മഹാദാനമായിരിക്കും. സർക്കാർ തലത്തിൽ തന്നെ അടിയന്തിരമായി വെള്ളത്തിന്റെ പുനരുപയോഗത്തെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതിനു വേണ്ടുന്ന സംവിധാനങ്ങൾക്ക് രൂപം കൊടുക്കണം.

പുരാതനക്കാലത്ത് വരണ്ട ഭൂമിയെ നനയ്ക്കാൻ വേദോപാസനയിലൂടെ മഴ പെയ്യിച്ചതായി കേട്ടിട്ടുണ്ട്. അരിയും, നെയ്യും ഹോമദ്രവ്യങ്ങളായി ഉപയോഗിക്കുമ്പോൾ അതിൽ നിന്നും ഉത്ഭൂതമാകുന്ന ധൂമപടലം മഴയെ സൃഷ്ടിക്കുവാൻ കഴിവുള്ളതാണെന്ന് നമ്മുടെ ഋഷീശ്വരൻമാർ കണ്ടെത്തി പ്രാവർത്തികമാക്കിയിരുന്നു. രാജേന്ദർസിങ്ങ് എന്ന ഭാരതീയൻ താർ മരുഭൂമിയിൽ വറ്റി വരണ്ടു പോയ അർവ്വാനി, രൂപാറെൻ, സരസ, ബാഗിനി, ജനജീവാലി എന്നീ അഞ്ച് നദികളെ പുനരുജ്ജീവിപ്പിച്ച് ആയിരം ഗ്രാമങ്ങളിൽ കുടിവെള്ളം എത്തിച്ചു. വാട്ടർമാൻ ഓഫ് ഇന്ത്യ മാഗ്സസേ അവാർഡ്, നോബൽ പ്രൈസ് ഫോർ വാട്ടർ തുടങ്ങി ഒട്ടനവധി അവാർഡുകൾക്ക് അർഹനായി. 21 ാം നൂറ്റാണ്ടിലെ കർമ്മയോഗിയായ ഈ ഋഷീവര്യൻ.

കേരളത്തിന്റെ കാര്യത്തിലേക്ക് മടങ്ങി വന്നാൽ നമ്മുടെ പൂർവ്വികർ ഭംഗിയായി പരിരക്ഷിച്ചു പോന്നിരുന്ന കാവുകളും തലക്കുളങ്ങളും എല്ലാം ഇല്ലാതായത് വരൾച്ചയ്ക്കും ജലക്ഷാമത്തിനും ഒരു പ്രധാനകാരണമായി. രാജേന്ദർസിംങ്ങ് ചെയ്തതുപോലെ നമ്മുടെ പഴയ ഈ കുളങ്ങളെയും കാവുകളെയും പുനരുജ്ജീവിപ്പിക്കുകയും പുതിയ കുളങ്ങൾ കുഴിക്കുകയും കാവുകൾ വെച്ചു പിടിപ്പിക്കുകയും മാത്രമാണ് ഏക പോംവഴി. ഭൂമിയിലേക്കുള്ള വെള്ളം അരിച്ചിറങ്ങുവാൻ വേണ്ടി ഭൂമി ഉഴുത് / കിളച്ച് പാകപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ ജലത്തിന്റെ ഉപഭോഗം പരമാവധി കുറയ്ക്കുക. ആവുന്നത്ര മരങ്ങൾ വെച്ചു പിടിപ്പിക്കുക. പുഴകളെയും, വായുവിനെയും മലിനമാക്കുന്നവർക്കെതിരെ ജാതി, മത, രാഷ്ട്രീയ ചിന്തകൾക്കതീതമായി സംഘടിച്ച് അണി നിരക്കുക. ഇവിടുത്തെ സകല സാമുദായിക സംഘടനകളും എൻ.ജി.ഒ കളും എല്ലാം ഇതിന്റെ മുന്നണി പോരാളികളായി രംഗത്തിറങ്ങണം. ഇങ്ങനെയുള്ള ഒരു ജനകീയ കൂട്ടായ്മക്കു മാത്രമേ ഇനി ഈ നാടിനെ രക്ഷിക്കുവാൻ കഴിയുകയുള്ളു. നമുക്കു കിട്ടിയതു പോലെ നല്ല മണ്ണും നല്ല ജലവും നല്ല വായുവും അടുത്ത തലമുറയ്ക്കും കൈമാറണമെങ്കിൽ ഇതിനെയെല്ലാം ശുദ്ധീകരിക്കേണ്ടതുണ്ട്. അമിതമായ മരംവെട്ടും അമിതമായ മണലൂറ്റും അടിയന്തിരമായി നിർത്തേണ്ടതുണ്ട്. സമയം ഇനിയും വൈകിക്കാതെ ഒന്നായി അണി നിരക്കാം. ഇല്ലെങ്കിൽ വരും തലമുറ നമ്മെ ശപിക്കും.

കേരളം വരളാതിരിക്കാൻ പ്രകൃതി സംരക്ഷണത്തിന്, പ്രത്യേകിച്ച് ജലസംരക്ഷണത്തിന് മുഖ്യ പ്രാധാന്യം കല്പിച്ച് ഒന്നായി ചേർന്ന് പ്രവർത്തിക്കാം●

## എറണാകുളം കരയോഗം
# എൽഡർ സിറ്റിസൺസ് ഫോറം
### 2017 മാർച്ച് ഏപ്രിൽമാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 16.03.17 | പി. രാമാനുജൻ | കല്പകവല്ലിയമ്മ | സി. വി. യുടെ ചരിത്ര ആഖ്യായികകൾ | 909 |
| 23.03.17 | പി.ജി. രാമചന്ദ്രൻ | ജി.ആർ.സി. നായർ | ഭാരതത്തിന്റെ സാമ്പത്തീക സ്ഥിതിയുടെ സവിശേഷത | 910 |
| 30.03.17 | പ്രൊ.എ.ഭാനുമതിപിള്ള | ആർ. മോഹൻകുമാർ | ഒരു കുറ്റാന്വേഷകന്റെ കേസ് ഡയറി 2-ാം ഭാഗം | 911 |
| 06.04.17 | കല്പകവല്ലിയമ്മ | പ്രൊ. സുമംഗലാദേവി | അധികമായാൽ അമൃതും വിഷം | 912 |

# ജനറൽ സെക്രട്ടറിയുടെ പംക്തി

കഴിഞ്ഞ വർഷം ഫെബ്രുവരി 28-ാം തീയതി, ചെറായി തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാഭഗവതി ക്ഷേത്രത്തിൻെറ നവീകരണ പരിപാടിയോടനുബന്ധിച്ചുള്ള അനുജ്ഞാചടങ്ങ് നടത്തുകയും അതോടനുബന്ധിച്ച് നാലമ്പലത്തിൻെറ മേൽക്കൂരയുടെ മരത്തിൻെറ മരാമത്തുപണികൾ പൂർത്തിയാക്കി, ഓടു മേയുകയുണ്ടായി. കൂടാതെ ക്ഷേത്രത്തിൻെറ തെക്കും പടിഞ്ഞാറുമുള്ള ചുറ്റുമതിലുകൾ, ഗോപുരം, ഗേറ്റ് എന്നിവയുടെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്. വേണ്ട നിർമ്മാണപ്രവർത്തനങ്ങൾ എല്ലാം പൂർത്തീകരിച്ചു കഴിഞ്ഞു. മാർച്ച് 23-ാം തീയതി വ്യാഴാഴ്ച ബ്രഹ്മശ്രീ പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിൻെറ കാർമ്മികത്വത്തിൽ ശുദ്ധികലശം നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. ക്ഷേത്രത്തിൻെറ പ്രതിഷ്ഠാദിനമായ മാർച്ച് 24 ന് രാവിലെ വിശേഷാൽ പൂജ, നവകം, പഞ്ചഗവ്യം, അന്നദാനം, വിവിധ കലാപരിപാടികൾ എന്നിവയോടെ പൂർവ്വാധികം ഭംഗിയായി ആചരിക്കുന്നതാണ്. എല്ലാവരും ക്ഷേത്രത്തിൻെറ പ്രതിഷ്ഠാദിന ചടങ്ങുകളിൽ പങ്കെടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എറണാകുളം കരയോഗം നിയമാവലി 7 (iii) പ്രകാരം ആജീവനാംഗങ്ങളും അസോസ്സിയേറ്റ് അംഗങ്ങളും യോഗമെമ്മോറാണ്ഡം 4 (ആർ) പ്രകാരം കരയോഗം ജീവകാരുണ്യ സ്ഥിരം ഫണ്ടിലേക്ക് പ്രതിമാസം നൽകേണ്ട 10 രൂപാ വീതമോ, അല്ലെങ്കിൽ 12 മാസത്തേയ്ക്ക് 120 രൂപ ഒരുമിച്ചോ അടയ്ക്കാവുന്നതാണ്. ഒറ്റത്തവണയായി 2000 രൂപ അടയ്ക്കുന്നവർക്ക് ആജീവനാന്തം പ്രതിമാസ തുക അടക്കേണ്ടതില്ല.2016 -2017 ലെ ജീവകാരുണ്യ സ്ഥിരം ഫണ്ടിലേക്കുള്ള തുകയും മുൻകുടിശ്ശികകളും ഏപ്രിൽ 30ന് മുൻപ് അടച്ചു തീർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2017 ഏപ്രിൽ 14 വിഷുദിനത്തിൽ പതിവു പോലെ സദ്യകിറ്റുകൾ വിതരണം ചെയ്യുന്നതാണ്. ചോറ് ഒഴികെ 5 പേർക്കുള്ള വിഭവങ്ങളാണ് സദ്യകിറ്റിലുണ്ടാവുക.ആവശ്യമുള്ളവർ ഏപ്രിൽ 9-ാം തീയതിക്കും 12-ാം തീയതിക്കും ഇടയിൽ മുൻകൂറായി കിറ്റ് ഒന്നിന് 800 രൂപ നിരക്കിൽ പണം അടച്ച് കരയോഗം ഓഫീസിൽ ബുക്ക്ചെയ്യേണ്ടതാണ്. ഏപ്രിൽ 10 മുതൽ 14 വരെ, രാവിലെ 10 മണിമുതൽ ടിഡിഎം ഹാളിൽ സജ്ജമാക്കിയിട്ടുള്ള പ്രത്യേക കൗണ്ടറിൽ നിന്ന് പാലട, കാളൻ, പുളിയിഞ്ചി, അച്ചാറുകൾ എന്നിവ ലഭിക്കുന്നതായിരിക്കും.

എറണാകുളം കരയോഗം നവതി സ്മാരകമായി ഗുരുവായൂരിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ഗസ്റ്റ് ഹൗസിൻെറ പ്ലാൻ, ഡിസൈൻ, എന്നിവ സംബന്ധിച്ചും ഈ പ്രോജക്ടിൻെറ ആർക്കിടെക്ചറൽ കൺസൾട്ടൻറായി ദാമോദർ ആർക്കിടെക്റ്റ്സിനെ നിശ്ചയിച്ചുകൊണ്ടും എഞ്ചിനീയേഴ്സ് ഫോറവും, പ്രോജക്ട് അഡ്വൈസറി കമ്മിറ്റിയും ചെയ്ത ശുപാർശയുടെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ ഭരണസമിതി തുടർനടപടികൾ കൈക്കൊണ്ടുവരുന്നു എന്ന് അംഗങ്ങളെ അറിയിക്കുന്നതിൽ സന്തോഷമുണ്ട്.

ബ്രഹ്മശ്രീ ചെറുവറ്റ ശ്രീരാജ് നമ്പൂതിരി ആചാര്യനായി 30-ാമത് ശ്രീമദ് ഭാഗവത സപ്താഹം ഫെബ്രുവരി 26 മുതൽ മാർച്ച് 5 വരെ ടി.ഡി.എം.ഹാളിൽ സമംഗളം പര്യവസാനിച്ചു.

എറണാകുളം കരയോഗവും ബീമും സഹകരിച്ച് നടത്തുന്ന പ്രതിമാസ പരിപാടികളുടെ ഭാഗമായി 2017 മാർച്ച് 22ന്, വൈകുന്നേരം 6.30 ന് ശ്രീമതി. ഗായത്രി സുബ്രഹ്മണ്യൻെറ 'കേരളനടനം', അവതരിപ്പിക്കുന്നതാണ്. മാർച്ച് 28 ന് വൈകുന്നേരം 6.30ന് ടിഡിഎം ഹാൾ ഗംഗയിൽ എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ പ്രതിമാസ കഥകളി 'സുഭദ്രാഹരണം' അവതരിപ്പിക്കുന്നു. കരയോഗത്തിൻെറ എല്ലാ പരിപാടികളിലും അംഗങ്ങളുടെ സാന്നിദ്ധ്യം ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി

**എറണാകുളം കരയോഗത്തിൻെറ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാക്ലിനിക് 2017 മാർച്ച് മാസം 12-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണിമുതൽ 1 മണി വരെ കരയോഗം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

***ജനറൽ സെക്രട്ടറി***

# ബാല ലോകം



ലക്ഷ്മിദേവി നായർ

പ്രിയപ്പെട്ട കൂട്ടുകാരെ,

പുതിയ വർഷത്തിലെ ദിവസങ്ങൾ കടന്നുപോയതറിഞ്ഞില്ല അല്ലെ? കൂട്ടുകാർ ഇപ്പോൾ പരീക്ഷക്ക് തയ്യാറെടുക്കുകയാവും.

പരീക്ഷകളെ പരീക്ഷണമായി കാണരുത് കേട്ടോ. പരീക്ഷ വരുന്നു എന്ന ഭയചിന്തയെ വേണ്ട.അതതു ദിവസത്തെ പാഠങ്ങൾ നന്നായി ഹൃദിസ്ഥമാക്കിയാൽ പരീക്ഷ രസകരമായ ഒരു അനുഭൂതിയാകും. മിടുക്കരായി പഠിച്ചോളൂ. 'മാതാവ് നൂറ് അധ്യാപകർക്ക് കിട നിൽക്കും' എന്ന് കൂട്ടുകാർ കേട്ടിട്ടുണ്ടോ? എല്ലാ സംശയവും രക്ഷിതാക്കൾ തീർത്തുതരും കേട്ടോ.

പഠിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്.

പഠനം സന്തോഷമുള്ള കാര്യമായി എടുത്തു സമാധാനത്തോടെ പഠിക്കുക. ഏകാഗ്രതയോടെ നിവർന്നിരുന്നു പഠിക്കണം. കിടന്നുകൊണ്ട് പഠിക്കണ്ട കേട്ടോ. രാവിലെ നേരത്തെ എഴുന്നേറ്റു പഠിച്ചോളൂ. ബുദ്ധിമുട്ടുള്ള പാഠഭാഗങ്ങൾ ആദ്യം ഹൃദിസ്ഥമാക്കുക. എന്ത് പഠിക്കുമ്പോഴും അർത്ഥമറിഞ്ഞു പഠിക്കണെ. പഠനത്തിനിടയിലും കളികൾക്ക് അല്പം സമയം നീക്കിവെക്കണം.നമ്മുടെ ഗാനഗന്ധർവനായ ഡോക്ടർ കെ.ജെ.യേശുദാസിന് പദ്മവിഭൂഷൺ ബഹുമതി നൽകി രാജ്യം ആദരിക്കുന്ന കാര്യം കൂട്ടുകാർ അറിഞ്ഞിരിക്കുമല്ലോ? മലയാളത്തിന്റെ കീർത്തി സ്തംഭങ്ങളായ അഞ്ചു വ്യക്തികൾക്ക് ഈ വർഷത്തെ പത്മഭൂഷൺ ബഹുമതിയും പ്രഖ്യാപിച്ചിട്ടുണ്ട്.

ഇതിൽ അക്കിത്തം അച്യുതൻ നമ്പൂതിരി എന്ന വ്യക്തിയെക്കുറിച്ച് കൂട്ടുകാർ കേട്ടിട്ടുണ്ടാകും. പ്രശസ്ത കവി എന്നതിലുപരി ലളിതമായ വ്യക്തിത്വത്തിനുടമയാണ് ഇദ്ദേഹം.

1926 മാർച്ചുമാസം പതിനെട്ടിന് പാലക്കാട് കുമാരനെല്ലൂരിൽ ജനിച്ചു. എട്ടു വയസ്സു മുതൽക്കുതന്നെ സംസ്കൃതവും, ജ്യോതിഷവും, വേദശാസ്ത്രങ്ങളും ഹൃദിസ്ഥമാക്കിയ ഈ മഹാകവി ചെറുപ്രായത്തിൽ തന്നെ കവിതാരചനയിലും പ്രാവിണ്യം തെളിയിച്ചിട്ടുണ്ട്

1952 ൽ ഇദ്ദേഹത്തിന്റെ ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം എന്ന കൃതിക്ക് സഞ്ജയൻ പുരസ്കാരം ലഭിച്ചു. മറ്റു പ്രധാന കൃതികളാണ് ബലിദർശനം, മാനസപൂജ, സമന്വയത്തിന്റെ ആകാശം, ഒരു കുടന്ന നിലാവ്, അരങ്ങേറ്റം തുടങ്ങിയ കൃതികൾ.

വയലാർ അവാർഡ്, വള്ളത്തോൾ അവാർഡ്, ആശാൻ പ്രൈസ്, പത്മഭൂഷൺ, ലളിതാംബിക സാഹിത്യ അവാർഡ്, ഓടക്കുഴൽ അവാർഡ് എഴുത്തച്ഛൻ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

ശ്രീ അക്കിത്തത്തിന്റെ താഴെകൊടുത്ത വരികൾ സ്വായത്തമാക്കണേ

ഇടിവെട്ടിൽ മുളച്ച കൂൺ കണ്ടപ്പോൾ
ഇത്ര പെരുത്തൊരു ഭൂലോകത്തി
ന്നിച്ചെറു കുടകൊണ്ടെന്താ കാര്യം
വെള്ളിക്കുടയാണെന്നാലും ശരി
കൊള്ളണമല്ലോ മഴ മുഴുവൻ

(ഭൂമിയുടെ കുട) ●

## തെക്കേ അമ്മൻ കോവിലിലെ
## മീനഭരണി ഗുരുതി ഉത്സവം

എറണാകുളം ദിവാൻസ് റോഡിലുള്ള തെക്കേ അമ്മൻ കോവിലിലെ മീനഭരണി ഗുരുതി ഉത്സവം 2017മാർച്ച് 28,29,30 തീയതികളിൽ (1192 മീനം 14,15,16) തീയതികളിൽ വിവിധ കലാപരിപാടികളോടുകൂടി ആഘോഷിക്കപ്പെടുന്നതാണ്. മാർച്ച് 30 ന് ബ്രഹ്മശ്രീ പുലിയന്നൂർ ശശിനമ്പൂതിരിപ്പാടിന്റെ കാർമ്മിക ത്വത്തിലാണ് വിശേഷാൽ വലിയ ഗുരുതി നടത്തപ്പെടുന്നത്. എല്ലാ ഭക്തജനങ്ങളുടെയും സാന്നിദ്ധ്യ സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചു കൊള്ളുന്നു.

രാഗപരിചയം

# ഹേമവതി



ഡോ. ജയലക്ഷ്മി നന്ദകുമാർ

58-ാമത്തെ മേളകർത്താരാഗമാണ് ഹേമവതി. ഹൈമവതി എന്നും ഈ രാഗം അറിയപ്പെടുന്നു. 10 ാമത്തെ ചക്രമായ 'ദിശി' യിൽ 4 ാമത്തെ രാഗമായതിനാൽ ഹേമവതി രാഗത്തിന്റെ സാങ്കേതിക നാമം 'ദിശിഭൂ' എന്നാകുന്നു. 22-ാമത്തെ മേളകർത്താ രാഗമായ ഖരഹരപ്രിയയുടെ പ്രതിമദ്ധ്യമരാഗമാണിത്. അസമ്പൂർണ്ണ മേളപദ്ധതിയിൽ 'ദേശി സിംഹാരവം' എന്നറിയപ്പെടുന്നു.

ആരോഹണം ഃ സ രി ഗ മ പ ധ നി സ

അവരോഹണം ഃ സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ ഃ ഷഡ്ജം, ചതുഃശ്രുതി രിഷഭം, സാധാരണ ഗാന്ധാരം, പ്രതിമദ്ധ്യമം, പഞ്ചമം, ചതു ഃ ശ്രുതി ധൈവതം, കൈശികി നിഷാദം.

പൂർവ്വാംഗം (സരിഗമ) ഷൺമുഖപ്രിയ രാഗത്തിന്റെയും ഉത്തരാംഗം (പധനിസ) ചക്രവാകത്തിന്റെയും ആകുന്നു. രി, ഗ, പ എന്നീ സ്വരങ്ങൾ ആധാരഷഡ്ജമാക്കി ശ്രുതിഭേദം ചെയ്യുമ്പോൾ വകുളാഭരണം, കോസലം, കീരവാണി എന്നീ രാഗങ്ങൾ യഥാക്രമം ലഭിക്കുന്നതാണ്. പ്രധാനമായും ശോകഭാവമാണ് നിഴലിക്കുന്നത്.

ഹംസഭ്രമരി, ഹേമാംബരി, ഹേമപ്രിയ, ക്ഷേമകരി എന്നീ രാഗങ്ങൾ ഹേമവതി രാഗത്തിന്റെ ജന്യരാഗങ്ങളാണ്. സന്ധിവേദനകൾക്കും മറ്റും ആശ്വാസം പകരാൻ ഈ രാഗത്തിനു സാധിക്കും എന്ന് സംഗീത ചികിത്സകർ അഭിപ്രായപ്പെടുന്നു. കൃതികൾ ഈ രാഗത്തിൽ പലതുണ്ടെങ്കിലും ചലച്ചിത്ര ഗാനങ്ങൾ നന്നേ കുറവായി കാണുന്നു.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1. | ശ്രീകാന്തിമതിം | ആദി | മുത്തുസ്വാമി ദീക്ഷിതർ |
| 2. | ഹരി യുവതീം | തിശ്ര ഏക | മുത്തുസ്വാമി ദീക്ഷിതർ |
| 3. | സുന്ദരേശ | ആദി | രാമസ്വാമി ശിവൻ |
| 4. | ചിദംബരനാഥ | ആദി | പാപനാശം ശിവൻ |
| 5. | കരുണൈയിൻ അവതാരം | ആദി | പെരിയസ്വാമി തൂരൻ |
| 6. | പാലിംപവേ നന്നു | ആദി | വീണാകൂപ്പയ്യർ |
| 7. | മന്ത്രിണി മാതംഗതനയേ | ആദി | മുത്തയ്യാ ഭാഗവതർ |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. | പൂമുകിലൊരു | തീക്കനൽ |
| 2. | മധുചഷകം | ദേവി കന്യാകുമാരി |
| 3. | രാത്രി ശിശിര രാത്രി | ലൗലി |
| 4. | മനം പോൽ മംഗല്യം | പുതുപ്പട്ടിപ്പൊന്നുതായി (തമിഴ്) • |

## അറിയിപ്പ് - കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

എല്ലാ കരയോഗാംഗങ്ങളും കരയോഗ നിയമാവലി 7 (iii) പ്രകാരവും യോഗമെമ്മോറാണ്ഡം 4 (ആർ) പ്രകാരവും കരയോഗം ജീവകാരുണ്യ സ്ഥിരം ഫണ്ടിലേക്ക് പ്രതിമാസം നൽകേണ്ട **10 രൂപാ** വീതമോ, അല്ലെങ്കിൽ 12 മാസത്തേയ്ക്ക് ഒരുമിച്ച് **120 രൂപയോ** അടയ്ക്കാവുന്നതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. ഇതോടൊപ്പം **2000 രൂപ** ഒറ്റതവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. ഏതെങ്കിലും കരയോഗാംഗങ്ങൾ മേൽസൂചിപ്പിച്ച തുക അടയ്ക്കുവാനുണ്ടെങ്കിൽ **2016-2017 ലെ ജീവകാരുണ്യ സ്ഥിരം ഫണ്ടിലേക്കുള്ള തുകയും മറ്റു കുടിശ്ശികയും ഏപ്രിൽ 30ന് മുൻപ്** അടച്ചു തീർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി

വാസ്തു

# ചെറിയ പറമ്പായാലും വാസ്തു നോക്കണം



ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്
റിട്ടയേർഡ് എഞ്ചിനീയർ,
വാസ്തു വിദഗ്ദ്ധൻ

വാസ്തു എന്ന് പറയുന്നത് വിശ്വാസമോ, അന്ധവിശ്വാസമോ അല്ല. താമസിക്കുന്ന വീട്ടിൽ ഓരോ മുറിയുടെയും ആവശ്യം അനുസരിച്ച് കാറ്റും, വെളിച്ചവും കടന്നു പോകാൻ പറ്റിയ രീതിയിലുള്ള ക്രമീകരിക്കലാണ്. പട്ടണത്തിലായാലും, ഗ്രാമത്തിലായാലും, ചെറിയ സ്ഥലമായാലും ഇതെല്ലാം നോക്കുന്നത് അവിടെ താമസിക്കുന്നവരുടെ ആരോഗ്യത്തിനും, ഐശ്വര്യത്തിനും, മാനസീക വളർച്ചക്കും വേണ്ടിയാണ്.

സ്ഥലം വാങ്ങുമ്പോൾ തന്നെ ശ്രദ്ധിച്ചാൽ വളരെ നല്ലത്. കിഴക്കും, വടക്കും, റോഡ് ഉള്ള സ്ഥലമാണ് ഏറ്റവും നല്ലത്. റോഡും പറമ്പും ഒരേ നിരപ്പിലായിരിക്കണം. അല്ലെങ്കിൽ റോഡ് താണും, പറമ്പ് പൊങ്ങിയും ഇരിക്കണം. പടിഞ്ഞാറോ, തെക്കോ, റോഡ് ഉണ്ടെങ്കിൽ റോഡ് പൊങ്ങിയും പറമ്പ് താണും ഇരിക്കുന്നത് നല്ലതാണ്. റോഡ് എവിടെയായാലും കിഴക്കുള്ള റോഡ് വടക്കോട്ടും വടക്കുള്ള റോഡ് കിഴക്കോട്ടും പടിഞ്ഞാറുള്ള റോഡ് വടക്കോട്ടും തെക്കുള്ള റോഡ് കിഴക്കോട്ടും ചെരിഞ്ഞതായാൽ ഉത്തമമാണ്.

വീട് പണിയുമ്പോൾ വടക്കു നോക്കിയില്ലാതെ മുൻവശം റോഡിന് സമാന്തരമായി പണിയണം. കിഴക്കു റോഡുള്ള വീട് റോഡിന് സമാന്തരമായി പണിയുമ്പോൾ ചിലപ്പോൾ തെക്കും പടിഞ്ഞാറും അതിരുകൾ കോണായി വരാം. അങ്ങിനെ വന്നാൽ തെക്കും പടിഞ്ഞാറും, വീടിന് സമാന്തരമായി കിട്ടുന്ന അകലത്തിൽ 18 സെ.മി ഉയരത്തിൽ കുട്ടിമതിൽ കെട്ടിയാൽ മതി.

ഇന്നലെ ഞാൻ കണ്ട ഒരു വീട് തെക്കാണ് റോഡ്. അവിടെ കിഴക്കോട്ട് മുഖമായാണ് വീട് പണിതിരിക്കുന്നത്. വീടിന്റെ പ്രധാന വാതിലും, ചവിട്ടു പടിയും കിഴക്കു തെക്കു ഭാഗത്താണ്. ഒരിക്കലും അങ്ങിനെയാകരുത്. റോഡ് തെക്കാണെങ്കിൽ വീട് തെക്കോട്ട് മുഖമായി തന്നെ പണിയണം. വീട്ടിലേക്കു കയറുന്ന ചവിട്ടു പടി തെക്കു നിന്നു തന്നെ വേണം. ചവിട്ടുപടിയും പ്രധാന വാതിലും കിഴക്കു പടിഞ്ഞാറു നീളത്തിന്റെ മദ്ധ്യത്തിന്റെ കിഴക്കു ഭാഗത്ത് നീങ്ങിയായിരിക്കണം. തെക്കോട്ട് മുഖമുള്ള വീടിന് തെക്ക് കിഴക്കേ മൂലയിൽ ഇറയം കൊടുത്ത് ഒരിക്കലും കിഴക്കോട്ട് ഇറങ്ങരുത്. റോഡ് തെക്കാണെങ്കിൽ തെക്കോട്ട് മുഖമാണെങ്കിൽ തെക്കോട്ട് തന്നെ ചവിട്ടു പടി വെക്കണം. ചവിട്ടു പടികളുടെ എണ്ണം ഒറ്റയായാലും ഇരട്ടയായാലും തെറ്റില്ല ●

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10–ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.**

## വുമൺസ് ഫോറം 2017 മാർച്ച് മാസത്തെ പരിപാടി

| തീയതി | വിഷയം | സമയം | അവതാരകൻ |
|---|---|---|---|
| 15.03.2017 | Health, Safety &Environment | 4.00 pm | Mr. Sunil kumar. S.V |

തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം



ശ്രീകുമാരി രാമചന്ദ്രൻ

### കാരൈക്കൽ അമ്മൈയാർ

ഭാരതത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ സംഘകാല സാഹിത്യത്തിന് വലിയ പ്രാധാന്യമുണ്ട്. ആൾവാർമാരും, അറുപത്തിമൂന്നു നായനാർമാരുമാണ് സംഘകാലത്തെ പ്രമുഖ ഭക്തകവികൾ. നായനാർ ചരിത്രത്തിൽ കാരൈക്കൽ അമ്മൈയാർ, ഔവ്വയാർ, കാക്കൈപാടിനിയർ എന്നീ വനിതകളെക്കുറിച്ചു പ്രത്യേക പരാമർശങ്ങൾ കാണാം. ശിവോപാസകയായ കാരൈക്കൽ അമ്മൈയാർ ജീവിച്ചിരുന്നത് ആറാം നൂറ്റാണ്ടിലാണ് എന്നനുമാനിക്കപ്പെടുന്നു.

പുരാതന ഭാരതത്തിലെ പ്രസിദ്ധമായ ഒരു രാജ്യമായിരുന്നു ചോളനാട്. അവിടെ കാരൈയ്ക്കൽ എന്ന കടലോരനഗരത്തിൽ ധനികരായ ഒട്ടേറെ വ്യാപാരി കുടുംബങ്ങൾ വസിച്ചിരുന്നു. അത്തരത്തിലൊരു കുടുംബത്തിലാണ് അമ്മൈയാർ ജനിച്ചത്. (പറയിപെറ്റ പന്തിരുകുലത്തിലെ ഏക സ്ത്രീ സന്താനമാണു കാരയ്ക്കലമ്മ എന്നു മറ്റൊരൈതിഹ്യം നിലവിലുണ്ട്). പിതാവ് ധനതത്തനാർ തനിക്കു പിറന്ന പെൺകുഞ്ഞിനു പുനിതവതിയാർ എന്നു നാമകരണം ചെയ്തു. ബാലികയായ മകൾ മണ്ണുകൊണ്ടു ശിവലിംഗമുണ്ടാക്കുന്നതും പഞ്ചാക്ഷരീമന്ത്രമുരുവിടുന്നതും അദ്ദേഹത്തെ അതിശയിപ്പിച്ചു. ശൈവസന്യാസിമാരെയും ശിവയോഗികളെയും സൽക്കരിക്കുന്നതിൽ അവൾ ശുഷ്കാന്തി പുലർത്തി. ഒരു മാതാവ് സ്വന്തം പുത്രൻമാരെ ഏതെല്ലാം വിധത്തിൽ ഉപചരിക്കുമോ, അതുപോലെ അവൾ ശിവയോഗികൾക്ക് ഉപചാരം ചെയ്തു. ക്രമേണ മറ്റുള്ളവർ അവളെ അമ്മൈയാർ (അമ്മ) എന്നു സംബോധന ചെയ്യാൻ തുടങ്ങി. മുതിരുംതോറും അവളിൽ ശിവക്തി രൂഢമൂലമായി.

പന്ത്രണ്ടാം വയസ്സിൽ പുനിതവതിയാർ നാഗപട്ടണത്തെ ധനികകുമാരനായ പരമതഥന്റെ വധുവായി. ശിവോപാസന തുടരാൻ പറ്റിയ അന്തരീക്ഷമുണ്ടായിരുന്നു ഭർതൃഗൃഹത്തിൽ. ശിവയോഗികളെ സൽക്കരിക്കാനും അന്നവസ്ത്രാദികൾ നൽകി പ്രീതിപ്പെടുത്താനും അമ്മൈയാർ സമയം കണ്ടെത്തി. താൻ ധരിച്ചുപോന്ന ആഭരണങ്ങൾപോലും അഴിച്ചു ദാനമായി നൽകാൻ അവർ യാതൊരു മടിയും കാട്ടിയില്ല.

ഒരു ദിവസം പരമതഥൻ വിശിഷ്ടമായ രണ്ടു മാമ്പഴങ്ങൾ കൊണ്ടു വന്നു. "ഉച്ചയൂണിനിരിക്കുമ്പോൾ ഇവ രണ്ടും പൂളിവെക്കണം" എന്ന നിർദ്ദേശത്തോടെ മാമ്പഴങ്ങൾ പത്നിയെ ഏൽപ്പിച്ചു. അൽപം കഴിഞ്ഞപ്പോൾ അടുക്കളപ്പുറത്ത് ഭിക്ഷതേടിക്കൊണ്ട് ഒരു ശിവയോഗി എത്തി "ഊണുകാലമാകുന്നതേയുള്ളൂ - ഞാനെന്തു ചെയ്യും ? അമ്മൈയാർ വ്യാകുലചിത്തയായി. അടുക്കളയിൽ അൽപം തൈരുചോറ് ഇരിക്കുന്നതുകണ്ടു. അതെടുത്ത് അവർ യോഗിക്കു നൽകി. ഉപദംശമായി ഭർത്താവ് ഏൽപിച്ച രണ്ടു മാമ്പഴങ്ങളിൽ നിന്ന് ഒരെണ്ണമെടുത്തു കൊടുത്തു. യോഗി മാമ്പഴം പിഴിഞ്ഞുകൂട്ടി തൈരുചോറുണ്ടു. വിശപ്പുമാറിയ സംതൃപ്തിയോടെ അയാൾ മടങ്ങുകയും ചെയ്തു. ഉച്ചക്ക് പരമതഥൻ ഊണുകഴിക്കാനിരുന്നു. ചോറും കറികളും വിളമ്പിയതിനുശേഷം അമ്മൈയാർ മിച്ചം വന്ന ഒരു മാമ്പഴമെടുത്ത് പൂളി ഇലയിൽ വെച്ചു. മറ്റേ മാമ്പഴം കൂടി പൂളിക്കൊണ്ടു വരാൻ ഭർത്താവ് കൽപിച്ചു. അമ്മൈയാർ പരിഭ്രാന്തയായി. അവർ നെഞ്ചിടിപ്പോടെ അടുക്കളയിലേക്കു ചെന്നു; മനമുരുകി ശിവനെ വിളിച്ചു പ്രാർത്ഥിച്ചു. അൽഭുതം! അമ്മൈയാരുടെ കൈക്കുമ്പിളിൽ പഴുത്തുചുവന്ന ഒരു മാമ്പഴം പ്രത്യക്ഷപ്പെട്ടു. ഭഗവാന്റെ കാരുണ്യത്തെ സ്തുതിച്ചുകൊണ്ട് അവർ ഭർതൃസന്നിധിയിലേക്ക് മടങ്ങി. മാമ്പഴം പൂളി ഭർത്താവിന്റെ ഇലയിൽ വിളമ്പി. മാമ്പഴം രുചിച്ച ഭർത്താവ് അതിശയിച്ചുപോയി. ആദ്യം വിളമ്പിയ മാമ്പഴത്തെക്കാൾ ഏറെ മാധുര്യമുള്ളതായിരുന്നു രണ്ടാമതു വിളമ്പിയ മാമ്പഴം. ഇതെങ്ങിനെ സംഭവിച്ചു! അദ്ദേഹം വാസ്തവം തിരക്കി. അമ്മൈയാർ ഒന്നു പരുങ്ങി. ശിവഭക്തനല്ലാത്ത ഭർത്താവ് സത്യം വിശ്വസിക്കാനിടയില്ല. ഭർത്താവിനോട് കള്ളം പറയുക കുലസ്ത്രീക്കു ഭൂഷണവുമല്ല. എന്തു ചെയ്യും! അവൾ ധർമ്മസങ്കടത്തിലായി. എങ്കിലും സംയമനത്തോടെ ഉണ്ടായ

പരമാർത്ഥം ഭർത്താവിനോടു തുറന്നു പറഞ്ഞു. “ ‘എങ്കിൽ ഒരു മാമ്പഴം കൂടി കൊണ്ടു വരൂ!’ എന്നായി അദ്ദേഹം. അമ്മൈയാർ വിഷമത്തിലായി. ഇനി ഒരു വട്ടം കൂടി യാചിച്ചാൽ ഭഗവാനെന്തു കരുതും? പക്ഷെ ഭർത്താവിനെ ബോധ്യപ്പെടുത്താതെ വയ്യതാനും ! അവർ രണ്ടും നിശ്ചയിച്ച് ഭഗവാനെ വിളിച്ചു പ്രാർത്ഥിച്ചു. ഉടൻ അമ്മൈയാരുടെ കയ്യിൽ പഴുത്തു തുടുത്ത ഒരു മാമ്പഴം കൂടി പ്രത്യക്ഷപ്പെട്ടു. പരമതഥൻ അൽഭുതത്തോടെ പത്നിയെ ഉറ്റുനോക്കി. ‘ഇവർ ഒരു ദൈവപ്പിറവി തന്നെ! ഇവരെ പത്നിയായി കാണാനുള്ള യോഗ്യത എനിക്കില്ല. ഇവരെ പൂജിക്കയാണു വേണ്ടത് !’ എന്നുറപ്പിച്ചുകൊണ്ട് അയാൾ പുനിതവതിയാരെ വിവാഹബന്ധത്തിൽ നിന്ന് സ്വതന്ത്രയാക്കി. അതോടെ അമ്മൈയാർ തന്റെ ജീവിതം മഹാദേവന്റെ ഉപാസനക്കായി സമർപ്പിച്ചു. പരമതഥൻ മറ്റൊരു യുവതിയെ വിവാഹം കഴിച്ചു. ഈ ബന്ധത്തിൽ പിറന്ന പെൺകുഞ്ഞിനു അമ്മൈയാരുടെ സ്മരണാർത്ഥം പുനിതവതിയാർ എന്നു നാമകരണവും ചെയ്തു. കുഞ്ഞിനു അഞ്ചു വയസ്സു തികഞ്ഞു. പരമതഥൻ പത്നിയെയും പുത്രിയെയും കൂട്ടി തപോവനത്തിൽ ചെന്ന് അമ്മൈയാരെ കാണുകയും അനുഗ്രഹം തേടുകയും ചെയ്തു.

അമ്മൈയാർ കഠിനമായ തപസ്സിൽ മുഴുകി. ഓരോ ശ്വാസത്തിലും ശിവപഞ്ചാക്ഷരി ജപിച്ചു. ആത്മസാക്ഷാത്ക്കാരം നേടിയ അമ്മൈയാരുടെ കണ്ഠത്തിൽ നിന്നു അനർഗളമൊഴുകിയ രണ്ടു കൃതികളത്രേ “‘അത്ഭുതതിരുവന്താദിയും’ തിരുഇരട്ടൈ മണിമാലൈയും. തപസ്സിൽ നിന്നാർജ്ജിച്ച ഊർജ്ജം സാധകമാക്കി അമ്മൈയാർ തലകുത്തനെ കൈലാസപർവ്വതം കയറി. പാദങ്ങൾക്കു പകരം കൈകൾ ഉപയോഗിച്ച് മല കയറി വരുന്ന രൂപത്തെക്കണ്ട് കൈലാസത്തിൽ പാർവ്വതീദേവി അമ്പരന്നുപോയി. ‘ഉത്തുംഗമായ പർവ്വതം കയറി വരുന്ന ഈ വിചിത്രജീവി ആരാണു നാഥാ?’ ദേവി സംശയമുന്നയിച്ചു. ഒരു മാതാവിനെപ്പോലെ നമ്മെ സ്നേഹിക്കുന്ന കാരൈയ്ക്കൽ അമ്മൈയാരാണ് ഈ മഹതി!“ ഭഗവാൻ പ്രതിവചിച്ചു. കൈലാസത്തിലെത്തിയ അമ്മൈയാർ ശിവപാർവ്വതിമാരെ വണങ്ങി. “‘അപ്പാ (പിതാവേ)! അടിയൻ ധന്യയായി’. അവർ ഭഗവാന്റെ തൃപ്പാദങ്ങളിൽ അശ്രുപൂജയർപ്പിച്ചു. ‘അമ്മൈയേ (മാതാവേ)! എഴുന്നേൽക്കൂ അവിടുത്തേക്ക് നാം എന്തെങ്കിലും സഹായം ചെയ്തു തരേണ്ടതുണ്ടോ’, ഭഗവാൻ കരുണാകടാക്ഷത്തോടെ തിരക്കി. “അടിയന്റെ മനസ്സിൽ അവിടുത്തെ പ്രതി എന്നെന്നും ഭക്തിയുണ്ടാവാൻ അനുഗ്രഹിക്കണം. അടിയന് ഇനിയൊരു ജന്മം ആവശ്യമില്ല. അഥവാ അങ്ങിനെയൊന്നു കൂടിയേ തീരു എന്നാണെങ്കിൽ, അവിടുന്നു താണ്ഡവനൃത്തമാടുമ്പോൾ ആ ചേവടികളിൽക്കിടന്ന് അവിടുത്തെ സ്തുതിഗീതങ്ങൾ പാടാൻ ഭാഗ്യമുണ്ടാവണം!“ അമ്മൈയാർ തൊഴുകയ്യോടെ അപേക്ഷിച്ചു. ‘തഥാസ്തു!’ ഭഗവാൻ അനുഗ്രഹിച്ചു. ‘നാം ഊർദ്ധ്വതാണ്ഡവമാടുന്ന തിരുവാലങ്കാട്ടേക്കു പോന്നു കൊള്ളുക!’ അവിടുന്ന് കൽപിച്ചു. അതനുസരിച്ച് അമ്മൈയാർ തലകുത്തനെ മലയിറങ്ങുകയും തിരുവാലങ്കാട്ടേക്കു യാത്ര തിരിക്കുകയും ചെയ്തു. ഇവിടെ ഭഗവാനെ സേവിച്ചു കൊണ്ടു വസിക്കുന്ന കാലത്താണ് ഇരട്ടൈ മണിമാലൈ, തിരുവാലങ്കാട് മൂത്തത്തിരുപ്പതികം, അർപ്പുത തിരുവന്താദി തുടങ്ങിയ ശിവസ്തുതിപരങ്ങളായ തേവാരങ്ങൾ രചിച്ചത്.

കാരൈയ്ക്കൽ അമ്മൈയാരെക്കുറിച്ച് ഭാരതീയരും വിദേശീയരും ഗവേഷണ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഗംഗൈക്കൊണ്ട ചോളപുരത്തെ ബൃഹദീശ്വരക്ഷേത്രം ഇന്നും ധാരാളം ഭക്തജനങ്ങളെ ആകർഷിക്കുന്ന ശിവാലയമാണ്. ഇവിടുത്തെ തെക്കേ ചുമരിൽ ആലേഖനം ചെയ്തിരിക്കുന്ന നടരാജചിത്രത്തിന്റെ വലതു ഭാഗത്ത് പ്രാകൃതരൂപിണിയായ ഒരു സ്ത്രീയുടെ രൂപം കാണാം. ഇതു കാരൈയ്ക്കൽ അമ്മൈയാരാണെന്ന് ഗവേഷണങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ചിദംബരമാഹാത്മ്യം അമ്മൈയാരെ ദേവി ചാമുണ്ഡിയായി സങ്കൽപിക്കുന്നു.

## 24) കഴർച്ചിങ്കനായനാർ

കാടവർകുലത്തിൽ (പല്ലവവംശം) ജനിച്ച ഒരു രാജാവായിരുന്നു കഴർച്ചിങ്കൻ. ശിവപെരുമാളല്ലാതെ മറ്റൊരു ദൈവമില്ല എന്ന വിശ്വാസം പുലർത്തിയ അദ്ദേഹം ഭഗവാന്റെ അനുഗ്രഹത്താൽ, ശക്തരായ ചാലൂക്യരെ ജയിച്ചു. അനവധി ശിവാലയങ്ങളിൽ ദർശനം നടത്തി പുണ്യം തേടി. ശിവയോഗികൾക്ക് ഉപചാരം ചെയ്തു. ഒരിക്കൽ അഞ്ചുപേരടങ്ങിയ തന്റെ മന്ത്രിഗണത്തോടൊപ്പം അദ്ദേഹം ശിവപുരി എന്നറിയപ്പെട്ടിരുന്ന തെൻതിരുവാരൂരിലെത്തി. പത്നിയെയും അദ്ദേഹം ഒപ്പം കൂട്ടിയിരുന്നു. ജൈനരാജാവായ അമോഘവർഷന്റെ പുത്രിയായിരുന്നു കഴർച്ചിങ്കന്റെ പത്നി. അവിടെ ഒരു പുറ്റിനകത്താണ് ശിവപെരുമാൾ കുടികൊണ്ടിരുന്നത്. മന്നൻ ഭഗവാന്റെ മുന്നിൽ ഏറെ നേരം പ്രാർത്ഥനാനിർഭരനായി നിന്നു. അതിനിടെ അദ്ദേഹത്തിന്റെ പത്നി ക്ഷേത്രത്തെ വലംവെക്കാൻ തുടങ്ങി. കാഴ്ചകൾ

കണ്ടും ഉപദേവന്മാരെ തൊഴുതും നീങ്ങിയ അവർ മാലകെട്ടു മണ്ഡപത്തിലെത്തി. നിലത്ത് ഒരപൂർവ പുഷ്പം കണ്ടപ്പോൾ ജിജ്ഞാസയോടെ അവർ അതെടുത്തു ഘ്രാണിച്ചു. ഇതു കാണാനിടയായ ചെറുത്തുണൈയാർ എന്ന ശിവയോഗി കോപാകുലനായി. ഭഗവാനുള്ള പുഷ്പം ഘ്രാണിക്കുകയോ ! എന്ന് ഒച്ചവെച്ചുകൊണ്ട് അദ്ദേഹം ആ സാധ്വിയുടെ മുടിക്കു ചുറ്റിപ്പിടിക്കുകയും ഒരു അരിവാൾ കൊണ്ട് അവരുടെ മൂക്കറുത്തുകളയുകയും ചെയ്തു. രക്തം വാർന്നു! വേദനമൂലം റാണി നിലത്തു വീണു കരഞ്ഞു. ഇതിനിടെ ദേവനെ തൊഴുതു കഴിഞ്ഞ രാജാവ് അതുവഴിയെത്തി. 'അക്രമം ചെയതവനാര്?' അദ്ദേഹം ഒച്ചയുയർത്തി.

ചെറുത്തുണൈനായനാർ ഉണ്ടായ കാര്യങ്ങൾ വെളിപ്പെടുത്തി. "ഓഹോ! അങ്ങനെയാണോ? ഭഗവാന്റെ പൂവ് കൈകൊണ്ടെടുത്തതിനുശേഷമല്ലേ ഘ്രാണിച്ചത്? അപ്പോൾ ആദ്യം വെട്ടിക്കളയേണ്ടത് ആ കയ്യല്ലേ?" എന്നായി രാജാവ്. അദ്ദേഹം വാളെടുത്ത് പ്രിയപത്നിയുടെ വളയണിഞ്ഞ വലതുകൈ ഛേദിച്ചു കളഞ്ഞു. തൽസമയം സ്വർഗത്തിൽ നിന്ന് പൂമാരി ചൊരിഞ്ഞു. ഭക്തജനങ്ങൾ 'ഹരഹര ശംഭോ!' എന്നു ശിവനാമം ചൊല്ലി. ഭഗവാന്റെ കൃപയാൽ റാണിയുടെ കയ്യും മൂക്കും പഴയമട്ടിലായി. കഴർച്ചിങ്കനായനാരും പത്നിയും ദീർഘകാലം ശിവപൂജ കഴിച്ചതിനുശേഷം കൈലാസം പൂകി എന്ന് സുന്ദരമൂർത്തി നായനാർ തിരുതോണ്ടർ തൊഗൈ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## കോച്ചെങ്കട്ട് ചോഴനായനാർ

കോച്ചെങ്കട്ട് ചോഴരുടെ ജീവചരിത്രം വായിക്കും മുമ്പ് ഒരു പുരാണകഥ അറിഞ്ഞിരിക്കേണ്ടതാണ്. ശിവപാർഷദന്മാരായ പുഷ്പദത്തനും മാല്യവാനും ശാപഗ്രസ്ഥരായി. അവർ യഥാക്രമം വെള്ളാനയും ചിലന്തിയുമായി ഭൂമിയിൽ ജനിച്ചു. കാവേരീനദിക്കരയിലെ ചന്ദ്രതീർത്ഥത്തിൽ മേൽക്കൂരയില്ലാത്ത ഒരു ശിവാലയമുണ്ടായിരുന്നു (ഈ ക്ഷേത്രം പിന്നീട് 'തിരുവാനൈക്കാവ്' എന്നറിയപ്പെട്ടു). ഈ ക്ഷേത്രത്തിനടുത്ത് ഒരു കാട്ടിലായിരുന്നു ആനയുടെ താമസം. മുജ്ജന്മസ്മൃതിയാൽ അത് നിത്യവും ആറ്റിൽ കുളികഴിഞ്ഞ് തുമ്പിക്കൈ നിറയെ വെള്ളവുമായി ക്ഷേത്രത്തിലെത്തി ശിവലിംഗത്തിൽ അഭിഷേകവും പുഷ്പാർച്ചനയും നടത്തിപ്പോന്നു. ചിലന്തിയും അതേ പരിസരത്തു തന്നെയായിരുന്നു താമസം. അതിനും മുജ്ജന്മസ്മൃതിയുണ്ടായി. തന്റെ പെരുമാൾ വെയിലും മഴയും കൊണ്ടു നിൽക്കുന്നതു കണ്ടു മനം കലങ്ങിയ ചിലന്തി ശിവലിംഗത്തിനുമേൽ വലകെട്ടി. പിറ്റേന്ന് അഭിഷേകത്തിനുള്ള ജലവുമായെത്തിയ ആന ശിവലിംഗത്തിനു മേൽ ചിലന്തിവല കണ്ട് ക്ഷുഭിതനായി. തുമ്പിക്കൈകൊണ്ട് ചിലന്തിവല പിരിച്ചു കളഞ്ഞ് അവിടമെല്ലാം വൃത്തിയാക്കി "ഭഗവാനു ജലധാരയും പുഷ്പങ്ങളും അർപ്പിച്ചശേഷം ആന മടങ്ങി. കുറെക്കഴിഞ്ഞപ്പോൾ ചിലന്തിയെത്തി. തലേന്നു താൻ കെട്ടിയ വല ആരോ പറിച്ചു കളഞ്ഞതായിക്കണ്ടു. ശിവപ്രതിഷ്ഠ വെയിലേറ്റു നിൽക്കുന്നതിൽ ദു:ഖം തോന്നിയ ചിലന്തി വീണ്ടും അതിനു മീതെ വല കെട്ടി. പിറ്റേന്ന് ആന പൂക്കളുമായെത്തി. വല പറിച്ചുകളയാൻ തുമ്പിക്കൈ നീട്ടി. പൊടുന്നനെ ചിലന്തി ആനയുടെ തുമ്പിക്കയ്യിനുള്ളിലേക്ക് ഒരു ചാട്ടം! അത് നേരെ മുകളിലേക്കു പാഞ്ഞു. പ്രാണവേദനയോടെ ആന തുമ്പിക്കൈ കുടയുകയും നിലത്തടിക്കുകയും ചെയ്തു. ഈ പിടിവലിയിൽ ഇരുവർക്കും പ്രാണഹാനി സംഭവിച്ചു. മോക്ഷം നേടിയ പുഷ്പദത്തനും മാല്യവാനും കൈലാസത്തിൽ മടങ്ങിയെത്തി. ആനയായിരുന്ന പുഷ്പദത്തന് അതോടെ മോക്ഷം കിട്ടി. എന്നാൽ കോച്ചെങ്കട്ട് ചോഴനാരായി ഒരു ജന്മം "ഭൂമിയിൽ കഴിച്ചുകൂട്ടിയതിനുശേഷം മാത്രമേ ചിലന്തിയായ മാല്യവാനു മോക്ഷം കിട്ടിയുള്ളൂ.

ഇനി കോച്ചെങ്കട്ട് ചോഴനായനാരിലേക്ക്. ചോഴമന്നനായ ശുഭദേവനും റാണി കമലവല്ലിയും അനപത്യതാദു:ഖത്താൽ വലഞ്ഞിരുന്ന കാലം. രാജഗുരുവിന്റെ ഉപദേശപ്രകാരം ഇരുവരും ചിദംബരം ക്ഷേത്രത്തിൽ ഭജനമിരുന്നു. പുത്രഭാഗ്യത്തിനായി പ്രാർത്ഥനയും ഉപവാസവുമായി കഴിഞ്ഞുകൂടിയ അവരുടെ അപേക്ഷ ഭഗവാൻ കൈക്കൊണ്ടു. അവിടുത്തെ അനുഗ്രഹത്താൽ മാല്യവാന്റെ പുനർജന്മം കമലവല്ലിയുടെ ഗർഭത്തിൽ പ്രവേശിച്ചു. രാജദമ്പതികളുടെ ആഹ്ലാദത്തിന് അതിരുണ്ടായില്ല. മാസം തികഞ്ഞു. റാണിക്കു പ്രസവവേദന തുടങ്ങി. അതിനിടെ ജ്യോതിഷികൾ കവടി നിരത്തി ഇപ്രകാരം പ്രവചിച്ചു. 'രാജശിശുവിന്റെ ജനനം ഒരു നാഴികക്കുശേഷമാകുമെങ്കിൽ ആ ശിശു ലോകപ്രശസ്തനായിത്തീരും!' പ്രസവവേദനയാൽ പുളയുന്നതിനിടയിലും റാണി കമലവല്ലി പ്രവചനത്തെക്കുറിച്ചു കേട്ടു. അവർ ഉറച്ച ഒരു തീരുമാനമെടുത്തു. 'കാൽ രണ്ടും ചേർത്തുകെട്ടി ഒരു നാഴികനേരത്തേക്ക് നമ്മെ തലകീഴായിത്തൂക്കുക!' മഹാറാണി കൽപിച്ചു. പ്രസൂതികർമ്മിണികൾ കൽപന അനുസരിച്ചു. ജോതിഷികൾ കുറിച്ചുവെച്ച മുഹൂർത്തമായപ്പോൾ അവർ കെട്ടഴിച്ച് മഹാറാണിയെ പര്യങ്കത്തിൽക്കിട

ത്തി.റാണി പ്രസവിച്ചു. സുന്ദരനായിരുന്നെങ്കിലും രാജകുമാരന്റെ കണ്ണുകൾ രണ്ടും ചെമ്പരത്തിപ്പൂ കണക്കെ ചുവന്നു കാണപ്പെട്ടു. ലോകവെളിച്ചം കാണേണ്ട സമയം കഴിഞ്ഞിട്ടും ഒരു നാഴികയോളം മാതാവിന്റെ ഗർഭപാത്രത്തിൽ കിടക്കേണ്ടി വന്നതുമൂലമാണ് ഇങ്ങിനെ സംഭവിച്ചു പോയത്. കുഞ്ഞിന്റെ മുഖം കണ്ടതും മഹാറാണിയിൽ ഒരു നടുക്കമുണ്ടായി. 'അയ്യോ! നമ്മുടെ കുമാരനെന്താ ചെങ്കണ്ണനായിപ്പോയത് !' എന്നു വിലപിച്ചുകൊണ്ട് അവർ മാറത്തടിച്ചു. നിമിഷങ്ങൾക്കകം ആ സാധ്വിയുടെ പ്രാണൻ പോയി. ശുഭദേവരാജാവ് തന്റെ ഓമനപ്പുത്രനെ കോച്ചെങ്കട്ട് എന്നുപേരു വിളിച്ചു. സൽഗുണ സമ്പന്നനായ കുമാരൻ ഏവരുടെയും കണ്ണിലുണ്ണിയായി വളർന്നു . കുമാരനു പ്രായപൂർത്തിയായപ്പോൾ ശുഭദേവൻ പുത്രനെ രാജാവായി വാഴിച്ചു. അൽപകാലം വിശ്രമജീവിതം നയിച്ചതിനുശേഷം ശുഭദേവൻ തീപ്പെട്ടു. അനപായചോഴ പരമ്പരയുടെ സ്ഥാപകൻ എന്ന നിലക്ക് ചരിത്രം കോച്ചെങ്കട്ട് ചോഴനായനാരെ വാഴ്ത്തുന്നു. ഭഗവൽ പ്രസാദത്താൽ ബാല്യത്തിൽത്തന്നെ അദ്ദേഹത്തിനു മുജ്ജന്മസ്മൃതിയുണ്ടായി. ശിവപെരുമാളിൽ ഗാഢമായ ഭക്തിപുലർത്തിക്കൊണ്ട് അദ്ദേഹം ജീവിച്ചു. രാജ്യഭരണത്തിലും നിപുണനായിരുന്ന അദ്ദേഹം അനവധി ശിവാലയങ്ങൾ നിർമ്മിച്ചു. തകർച്ചയുടെ ഭീഷണിയിലായിരുന്ന ഒട്ടേറെ ക്ഷേത്രങ്ങൾ പുതുക്കിപ്പണിതു. അതിനിടെ മുജ്ജന്മത്തിൽ തനിക്കു മോക്ഷമേകിയ ചന്ദ്രതീർത്ഥത്തിലെ തിരുആനൈക്കാവിനെക്കുറിച്ചും സ്മരണയുണ്ടായി. മേൽക്കൂരയുടെ അഭാവത്തിൽ അവഗണിക്കപ്പെട്ടു കിടന്നിരുന്ന ആ ക്ഷേത്രത്തിന് അദ്ദേഹം ഒരു മേൽക്കൂര പണിതു. താൻ നിർമ്മിച്ച ക്ഷേത്രങ്ങളിലും പുതുക്കിപ്പണിത ക്ഷേത്രങ്ങളിലും തിരുആനൈക്കാവിലുമെല്ലാം നിത്യനിദാനം, മാസവിശേഷം, ആണ്ടുവിശേഷം മുതലായവക്കെല്ലാം വേണ്ടുന്ന ഏർപ്പാടുകൾ ചെയ്തു. എല്ലായിടത്തും മേൽനോട്ടം വഹിക്കാൻ മന്ത്രിമാരെ ചുമതലപ്പെടുത്തി. അതോടെ കോച്ചെങ്കട്ട് ചോഴരുടെ ഖ്യാതി എട്ടുദിക്കിലും വ്യാപിച്ചു.

രാജ്യത്തുടനീളം തീർത്ഥാടനം ചെയ്ത രാജാവ് ചിദംബരത്ത് എത്തിച്ചേർന്നു. തില്ലൈ നടരാജന്റെ സന്നിധിയിൽ അദ്ദേഹം കുറെക്കാലം ഭജനമിരുന്നു. ക്ഷേത്രത്തിനു ചുറ്റുമുണ്ടായിരുന്ന ബ്രാഹ്മണർക്കു പാർക്കാൻ അഗ്രഹാരങ്ങൾ പണിതു നൽകി. രാജാവിന്റെ പ്രശസ്തി നാൾക്കുനാൾ വർദ്ധിച്ചു.മികച്ച ഭരണാധികാരി, ശിവോപാസകൻ എന്നീ നിലകളിൽ ദീർഘകാലം ഭൂലോകത്തു വാണതിനുശേഷം കോച്ചെങ്കട്ട് നായനാർ കൈലാസം പൂകി എന്ന് സുന്ദരമൂർത്തി നായനാർ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## കോട്പുലി നായനാർ

ചോഴനാട്ടിലെ തിരുനാട്ടിയത്താൻ എന്ന പ്രവിശ്യയാണ് കോട്പുലിയാരുടെ ജന്മദേശം. വെള്ളാളർ കുലത്തിൽപ്പെട്ട അദ്ദേഹം ആയോധനകലയിൽ അജയ്യനായിരുന്നു. കൗമാരം കടക്കും മുമ്പ് രാജാവിന്റെ സേനാധിപതിയായി നിയമിക്കപ്പെട്ടു. നയിച്ച യുദ്ധങ്ങളിലെല്ലാം അദ്ദേഹം വിജയം വരിച്ചു. കോട്പുലിയാരുടെ പേരും പ്രശസ്തിയും എല്ലായിടത്തുമെത്തി. അദ്ദേഹത്തിന്റെ സമ്പത്തും വർദ്ധിച്ചു. ശിവഭക്തനായ അദ്ദേഹം ശിവാലയങ്ങളെ പുനരുദ്ധരിക്കാനും അന്നദാനത്തിനു വേണ്ടുന്ന നെല്ലു സംഭരിച്ചുവെക്കാനും ധാരാളം പണം ചെലവഴിച്ചു. ഇപ്രകാരം നാട്ടിൽ പലയിടത്തും കൂറ്റൻ നെൽക്കൂനകളുയർന്നു. ശിവാലയങ്ങളിൽ ആരാധനയും അന്നദാനവും ഭംഗിയായി നടന്നുപോന്നു.

വീണ്ടും അതിർത്തിയിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. രാജകൽപ്പന പ്രകാരം കോട്പുലിയാർ സേനയെ നയിക്കാൻ തയ്യാറായി. യുദ്ധഭൂമിയിലേക്കു തിരിക്കും മുമ്പ് അദ്ദേഹം ബന്ധുക്കളെ വിളിപ്പിച്ചു. നെൽക്കൂനകളിൽ നിന്ന് ക്ഷേത്രാവശ്യത്തിനുള്ളതു മാത്രം എടുത്തുപയോഗിക്കാമെന്നും അവയിൽ നിന്ന് ഒരു മണിപോലും സ്വന്തമാവശ്യങ്ങൾക്ക് എടുത്തുപോകരുതെന്നും കൽപ്പിച്ചതിനുശേഷം അദ്ദേഹം യാത്രയായി. മാസങ്ങൾ കടന്നുപോയി.മഴയുടെ അഭാവം മൂലം നാട്ടിൽ വരൾച്ചയും ക്ഷാമവും ദുരിതം വിതച്ചു. ഒട്ടേറെപ്പേർ പട്ടിണിമൂലം മരിച്ചു. ഗത്യന്തരമില്ലാതെ വന്നപ്പോൾ കോട്പുലിയാരുടെ ബന്ധുക്കൾ നെൽക്കൂനകൾ തുറന്നു. സ്വന്തം ആവശ്യത്തിനുള്ള നെല്ലെടുത്ത് അവർ ആഹാരം വെച്ചു കഴിച്ചു. ഏതാനും നാൾക്കകം യുദ്ധം ജയിച്ച് കോട്പുലിയാർ മടങ്ങി. രാജാവിനെ മുഖം കാട്ടി പാരിതോഷികങ്ങൾ സ്വീകരിച്ചു. കൊട്ടാരത്തിൽ വെച്ചു തന്നെ ബന്ധുക്കൾ നെൽക്കൂനകളിന്മേൽ കൈവെച്ച വിവരമറിഞ്ഞു. തന്റെ ആജ്ഞ ധിക്കരിച്ചവരെ വെട്ടിവീഴ്ത്തുക എന്നുറച്ചുകൊണ്ട് അദ്ദേഹം ഗ്രാമത്തിലേക്കു ചെന്നു. അവിടെ ബന്ധുക്കൾ അദ്ദേഹത്തിനു വൻ വരവേൽപ്പു നൽകി. സ്വന്തം ഭവനത്തിലെത്തിയ അദ്ദേഹം ബന്ധുക്കളെയെല്ലാവരെയും ഭോജനത്തിനായി ക്ഷണിച്ചു വരുത്തി. സ്വന്തം മാതാപിതാക്കളടക്കം എല്ലാവരും എത്തിച്ചേർന്നെന്നുറപ്പായപ്പോൾ അദ്ദേഹം അരവാളൂരിപ്പിടിച്ചു.

"എന്റെ ആജ്ഞയെ നിങ്ങളെല്ലാവരും ധിക്കരിച്ചു. "ഭഗവാന്റെ നെല്ലെടുത്ത് "ഭുജിക്കയും ചെയ്തു. മാപ്പർഹിക്കാത്ത കുറ്റം ചെയ്തതിനാൽ നിങ്ങളെല്ലാവരും ശിക്ഷയർഹിക്കുന്നു," എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം എല്ലാവരേയും അരിഞ്ഞു വീഴ്ത്തി. ചോരപ്പുഴ ഒഴുകി. ഒരു പിഞ്ചുകുഞ്ഞുമാത്രം അവശേഷിച്ചു. കോട്പുലിയാർ അതിനെ ശ്രദ്ധിച്ചു. "നീ "ഭഗവാന്റെ അന്നം "ഭുജിച്ചിട്ടില്ല പക്ഷേ അതു "ഭുജിച്ച അമ്മയുടെ പാൽ കുടിച്ചതിനാൽ നീയും പാപിയായിരിക്കുകയാണ്," എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം അതിനെ തൂക്കിയെടുത്ത് മേലോട്ടേക്കെറിഞ്ഞു. എന്താണുണ്ടാവുന്നതെന്നറിയും മുമ്പ് ആ കുഞ്ഞ് താഴെ കോട്പുലിയാർ ഉയർത്തിപ്പിടിച്ച വാളിന്മേൽ വന്നു വീണു മരിച്ചു. ഉടൻ തന്നെ ശിവപെരുമാൾ പ്രത്യക്ഷപ്പെട്ടു. കോട്പുലിയാർ "ഭഗവാനെ വണങ്ങി. 'വത്സാ! നിന്റെ വാളിനിരയായവരെല്ലാവരും കൈലാസത്തിലെത്തിക്കഴിഞ്ഞു. നീയും നമ്മോടൊപ്പം പോരിക,' എന്ന് "ഭഗവാൻ അരുളിച്ചെയ്തു. ധന്യനായ കോട്പുലിനായനാർ അപ്പോൾത്തന്നെ സ്വർഗ്ഗാരോഹണം ചെയ്തു. സുന്ദരമൂർത്തിനായനാരുടെ ഗ്രന്ഥത്തിൽ കോട്പുലിയാരുടെ കഥയും രേഖപ്പെടുത്തിയിട്ടുണ്ട്.

## കുലച്ചിറൈനായനാർ

സുന്ദരമൂർത്തി നായനാർ 'പെരുനമ്പി' എന്നു വിളിച്ച കുലച്ചിറൈനായനാർ പാണ്ഡ്യനാട്ടിലെ മണമേർക്കുടി എന്ന ഗ്രാമത്തിലാണ് ജനിച്ചത്. ഉറച്ച ശിവോപസാകനായ അദ്ദേഹം മേൽജാതിയായാലും കീഴ്ജാതിയായാലും കുബേര-കുചേല വ്യത്യാസം കൂടാതെ ശിവയോഗികളെ സേവിക്കുന്നതിൽ സായൂജ്യം കണ്ടെത്തി. ഏറെ ജനസമ്മതനായ കുലച്ചിറൈയാർ പാണ്ഡ്യരാജാവിന്റെ സദസ്സിൽ ഒരു മുഖ്യസ്ഥാനം അലങ്കരിച്ചിരുന്നു. ജൈനമതത്തെ തുരത്തി ശൈവമതം പുന:സ്ഥാപിക്കുന്നതിൽ അദ്ദേഹം വലിയ പങ്കു വഹിച്ചു. മഹാറാണിയായ മങ്കയർക്കരശിയുടെ അംഗരക്ഷകസ്ഥാനവും കുലൈച്ചിറൈനായനാർക്കായിരുന്നു. തികഞ്ഞ രാജഭക്തനായ അദ്ദേഹം പാണ്ഡ്യനാടിന്റെ ശത്രുക്കളെ പരാജയപ്പെടുത്തി. തിരുജ്ഞാനസംബന്ധരുമായി വാദപ്രതിവാദങ്ങളിലേർപ്പെട്ടു പരാജയപ്പെട്ട ജൈനരെ കുലൈച്ചിറൈ കഴുവിലേറ്റി വധിച്ചു. നാടിനും ശൈവഭക്തിക്കും വേണ്ടി സുദീർഘമായൊരു ജീവിതം നയിച്ചശേഷം കുലൈച്ചിറൈ നായനാർ പരമപദം പൂകി എന്ന് തിരുത്തോണ്ടർ തൊഗൈ എന്ന ഗ്രന്ഥത്തിൽ സുന്ദരമൂർത്തി നായനാർ രേഖപ്പെടുത്തിയിട്ടുണ്ട് • (തുടരും)

# നിർമ്മലാനന്ദഗിരി സ്വാമിക്ക് പ്രണാമം

**പി. ആർ. വി.**



**പാലക്കാട് :** സ്വാമി നിർമ്മലാനന്ദഗിരി മഹാരാജ് സമാധിയായി. അദ്ദേഹത്തിന് 86 വയസ്സായിരുന്നു. വാർദ്ധക്യസഹജമായ അസുഖങ്ങളെ തുടർന്ന് പാലക്കാട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ശിവാനന്ദമാർഗ്ഗമെന്നറിയപ്പെടുന്ന ശങ്കരസമ്പ്രദായം പിന്തുടർന്നിരുന്ന സ്വാമി നിർമ്മലാനന്ദഗിരി മഹാരാജ് വിഖ്യാതനായ ആയുർവ്വേദ ചികിത്സകൻ കൂടിയായിരുന്നു.സംസ്കൃതം, വൈദ്യം, മർമ്മ ചികിത്സ തുടങ്ങിയവയിൽ അഗാധമായ പാണ്ഡിത്യമുണ്ടായിരുന്ന സ്വാമിജിയുടെ ഗീതാജ്ഞാന യജ്ഞങ്ങൾ സുപ്രസിദ്ധവും നിരവധി പേരെ ആകർഷിച്ചിരുന്നതുമാണ്. ഭാരതീയ തത്വശാസ്ത്രത്തിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്ന സ്വാമിജിയുടെ പ്രഭാഷണങ്ങൾ നിരവധി പേരെയാണ് ആദ്ധ്യാത്മികതയിലൂന്നിയ ജിവിതചര്യയിലേക്ക് ആകർഷിച്ചിരുന്നത്. തന്നെ തേടിയെത്തുന്ന രോഗികൾക്ക് ഔഷധവും ഉപദേശവും ഒരുപോലെ നൽകുന്ന സ്വാമിജിയുടെ ചികിത്സാരീതി ഏറെ പ്രശസ്തമായിരുന്നു. ഗീതാചാര്യൻ, ചികിത്സകൻ, വാഗ്മി,പണ്ഡിതൻ, എന്നീ നിലകളിൽ ഉജ്ജ്വലമായ ഒരു സാന്നിദ്ധ്യമാണ് സ്വാമിജിയുടെ സമാധിയിലൂടെ ഭാരതത്തിന് നഷ്ടമാകുന്നത്.

ക്ഷേത്രങ്ങളിലൂടെ

# ഓച്ചിറ പരബ്രഹ്മം



ഇന്ദിരാഭായി



ഈശ്വരവിശ്വാസികൾ ആഗ്രഹിക്കുന്ന കാര്യമാണ് ഈശ്വരാനുഗ്രഹം എന്നത്. ഈശ്വരനോടുള്ള ഭയവും ഭക്തിയും ബഹുമാനവും എല്ലാം ചേർന്ന് ഈശ്വരനെ ആരാധിക്കുന്ന ഈശ്വരപ്രേമികളായവർ ഈശ്വരദർശനം ആഗ്രഹിക്കുന്നു. ഈശ്വരനിഷ്ടമില്ലാത്തതു പ്രവർത്തിച്ചാൽ ദൈവകോപത്തിനിരയാകുമെന്നും മനസാ വാചാ കർമ്മണാ അഹിതകർമ്മങ്ങൾ ചെയ്താൽ അതിനുള്ള ശിക്ഷ അനുഭവിക്കേണ്ടി വരുമെന്നും അതിൽ നിന്നു രക്ഷനേടാൻ ഈശ്വരഭക്തികൊണ്ടേ സാധിക്കൂ എന്നും വിശ്വസിക്കുന്നവരാണ് വിശ്വാസികളായ മനുഷ്യർ. ഇങ്ങനെയുള്ള വിശ്വാസങ്ങളെ വിശ്വസിപ്പിക്കുന്ന, ശ്രീകോവിലോ ക്ഷേത്ര സമുച്ചയങ്ങളോ ഇല്ലാത്ത, ക്ഷേത്രാന്തരീക്ഷം നിറഞ്ഞു നില്ക്കുന്ന ഒരു ഈശ്വര സന്നിധിയാണ് ഓച്ചിറ പരബ്രഹ്മസന്നിധി. ദൈവത്തെ ഏതു രൂപത്തിലാരാധിച്ചാലും ഭഗവാന് ഭക്തൻ പ്രിയപ്പെട്ടവനാണെന്നു മനസ്സിലാക്കിത്തരുന്ന ഒരു ദേവസ്ഥാനമാണ് ഓച്ചിറ പരബ്രഹ്മ സന്നിധി. ദൈവത്തെ ഏകാഗ്രമായി വിചാരിക്കുവാൻ മനുഷ്യന് ഒരു രൂപം വേണം. അങ്ങനെയൊരു രൂപമാണ് ഇവിടെ കുടികൊള്ളുന്ന ഈശ്വര ചൈതന്യം.

പറയിപെറ്റ പന്തിരുകുലത്തിലെ ഒരംഗമായിരുന്ന അകവൂർ ചാത്തൻ. വലിയ ജ്ഞാനിയും പക്വതയുള്ള സ്വഭാവക്കാരനുമായിരുന്നു. അകവൂർ മനയ്ക്കലെ ഒരു നമ്പൂതിരിയുടെ ഭൃത്യനായിരുന്നു ചാത്തൻ. നമ്പൂതിരിക്കാണെങ്കിൽ ഏതു കാര്യത്തിനും ചാത്തന്റെ സഹായവും ഉപദേശവും വേണം. എവിടെപോയാലും അദ്ദേഹം ചാത്തനെ കൂടെ കൊണ്ടു പോകുന്നത് ഒരു പതിവായിരുന്നു. ചാത്തൻ തന്റെ ഭൃത്യനാണെങ്കിലും വിവേകശാലിയും ബുദ്ധിമാനും നിഷ്കളങ്കനുമാണെന്ന് നമ്പൂതിരിക്കറിയാമായിരുന്നു. ഒരിക്കൽ നമ്പൂതിരി അന്യജാതിക്കാരനായ ഒരാളുടെ ഭാര്യയെ കണ്ടു മോഹിച്ചു. പക്ഷെ പിന്നീട് അങ്ങനെ മനസ്സിൽ തോന്നിയതിൽ നമ്പൂതിരി വല്ലാതെ അസ്വസ്ഥനായി. താൻ ചെയ്തത് മഹാപാപമാണന്നദ്ദേഹത്തിനു തോന്നി. അദ്ദേഹം ചാത്തനെ വിളിച്ചു പറഞ്ഞു ഞാൻ ഒരു തെറ്റു ചെയ്തു. ആ തെറ്റിനു പ്രായ്ശ്ചിത്തമായി ഗംഗാസ്നാനം ചെയ്യാൻ തീരുമാനിച്ചു എന്ന് . ഗംഗയിൽ സ്നാനം ചെയ്താലെങ്ങനെയാ തിരുമേനി പാപം തീരുന്നത് എന്ന് ചാത്തൻ സംശയം ചോദിച്ചു. ഗംഗയിൽ മുങ്ങുമ്പോൾ ശരീരവും മനസ്സും ഒരു പോലെ ശുദ്ധമാകും അതോടെ പാപവും തീരും. നമുക്കു വേഗം യാത്ര പുറപ്പെടാം എന്നു നമ്പൂതിരി പറഞ്ഞു. രണ്ടുപേരും ഗംഗസ്നാനത്തിനായി യാത്ര പുറപ്പെട്ടു. പോകുമ്പോൾ ചാത്തൻ ഒരു വലിയ ചുരയ്ക്കയും കയ്യിലെടുത്തു കൊണ്ടു പോയി. നമ്പൂതിരി സ്നാനം നടത്തിയ എല്ലാ പുണ്യതീർത്ഥങ്ങളിലും ചാത്തൻ ചുരയ്ക്കയും മുക്കിയെടുത്തു. ചാത്തൻ ഒരിടത്തും മുങ്ങി സ്നാനം നടത്തിയുമില്ല. ഇരുവരും പുണ്യതീർത്ഥ സ്നാനം കഴിഞ്ഞ് ഇല്ലത്തു മടങ്ങിയെത്തി. നമ്പൂതിരി തനിക്കു പാപമോചനം ലഭിച്ചല്ലോ എന്ന സന്തോഷത്തിൽ കാലഭൈരവ പൂജയും മറ്റും നന്നായി നടത്തി. ഒരു ദിവസം ചാത്തൻ കൊണ്ടുപോയ ചുരയ്ക്ക മുറിച്ച് കഷണങ്ങളാക്കി കറിയുണ്ടാക്കുവാൻ നമ്പൂതിരിയുടെ ഭാര്യയെ ഏല്പിച്ചു. അവരത് കറിയാക്കി നമ്പൂതിരിക്കു വിളമ്പി. ആ ചുരയ്ക്ക കയ്പൻ ചുരയ്ക്കയായിരുന്നു. നമ്പൂതിരി ഇതെന്തു കറിയാണുണ്ടാക്കിയതെന്നു ചോദിച്ച് ഭാര്യയോടു ക്ഷോഭിച്ചു. ''ചാത്തൻ നുറുക്കി തന്ന ചുരയ്ക്കയായിരുന്നു കറിവച്ചത്. കയ്പ

നാണെന്നു ഞാനറിഞ്ഞിരുന്നില്ല'' എന്നവർ പറഞ്ഞു. നമ്പൂതിരിക്ക് ചാത്തനെ വലിയ ഇഷ്ടമായിരുന്നെങ്കിലും ചാത്തനെ അടുത്തു വിളിച്ച് ''നീ എന്താ കറിക്കു നുറുക്കി കൊടുത്തത്, കയ്ചിട്ടു വയ്യല്ലോ'' എന്നു പറഞ്ഞു. ആ കറി കയ്ക്കുന്നുണ്ടെങ്കിൽ തിരുമേനിയുടെ പാപം തീർന്നിട്ടില്ല എന്നുറപ്പാണെന്ന് ചാത്തൻ പറഞ്ഞു. അതു നിനക്കെങ്ങനെ അറിയാം എന്നായി തിരുമേനി. തിരുമേനി സ്നാനം ചെയ്ത പുണ്യതീർത്ഥങ്ങളിലെല്ലാം ഞാൻ ചുരയ്ക്കയും മുക്കിയിരുന്നു. തിരുമേനിയുടെ പാപങ്ങൾ പോയിരുന്നെങ്കിൽ ചുരയ്ക്കയുടെ കയ്പും മാറുമായിരുന്നു. ചാത്തന്റെ ഈ മറുപടി കേട്ട് നമ്പൂതിരിക്കു വലിയ വിഷമമായി. നമ്പൂതിരി ചാത്തന്റെ അഭിപ്രായമനുസരിച്ചുള്ള പ്രായ്ശ്ചിത്തങ്ങൾ ചെയ്യാൻ തയ്യാറാകുകയും ചെയ്തു. പാപമോചനത്തിന് പശ്ചാത്താപവും മനശുദ്ധിയുമാണ് വേണ്ടതെന്നും അല്ലാതെ പാപം ചെയ്തിട്ട് ഗംഗയിൽ മുങ്ങിയതുകൊണ്ടു മാത്രം ഒരാൾ പാപവിമുക്തനാവുകയില്ല എന്നുമാണ് ചാത്തൻ നമുക്കു മനസ്സിലാക്കി തരുന്നത്. നമ്പൂതിരിപ്പാട് ദിവസവും വെളുപ്പിനെ എഴുന്നേറ്റു കുളിച്ച് പൂജകൾ നടത്തുന്നത് പതിവായിരുന്നു. ഒരു ദിവസം ചാത്തൻ നമ്പൂതിരിയോടു ചോദിച്ചു. അങ്ങെന്തിനാണ് ദിവസവും ഇത്രയും സമയം പൂജ ചെയ്യുന്നത് . ഇങ്ങനെ പൂജ ചെയ്യുന്നതിന്റെ ഉദ്ദേശമെന്തൊണ്. അത് ഞാൻ പരബ്രഹ്മത്തെ സേവിക്കുകയാണ് എന്ന് നമ്പൂതിരി പറഞ്ഞു. പരബ്രഹ്മം എങ്ങനെയിരിക്കുമെന്ന് ചാത്തൻ നമ്പൂതിരിയോടു ചോദിച്ചു. നമ്പൂതിരി ചാത്തന്റെ ഈ ചോദ്യം കേട്ട് ഇവൻ ഇത്ര ബുദ്ധിയില്ലാത്തവനോ എന്ന മട്ടിൽ പരിഹാസ രൂപേണ പരബ്രഹ്മം മാടൻ പോത്തിനെപ്പോലിരിക്കും എന്ന് ചാത്തനോടു പറഞ്ഞു. പിന്നീടെല്ലാ ദിവസവും നമ്പൂതിരി രാവിലെ എഴുന്നേറ്റ് കുളിക്കുമ്പോൾ ചാത്തനും എഴുന്നേറ്റ് കുളിച്ച് പരബ്രഹ്മത്തെ പൂജിക്കും. ഇങ്ങനെ 41 ദിവസത്തെ പൂജയും കഴിഞ്ഞു. ചാത്തൻ മാടൻ പോത്തിന്റെ രൂപം സങ്കല്പിച്ച് പരബ്രഹ്മത്തെ പൂജിച്ചതിനാൽ പരബ്രഹ്മം മാടൻ പോത്തിന്റെ രൂപത്തിൽ ചാത്തന് പ്രത്യക്ഷമായി. അന്നു മുതൽ പരബ്രഹ്മം സദാ ചാത്തന്റെ കൂടെയായി. നമ്പൂതിരിക്ക് പരബ്രഹ്മം അപ്രത്യക്ഷമായിരുന്നതിനാൽ അദ്ദേഹം ഇതൊന്നും അറിഞ്ഞിരുന്നുമില്ല. ആയിടയ്ക്കൊരു ദിവസം നമ്പൂതിരി തെക്കൻ നാട്ടിലേയ്ക്കൊരു യാത്രക്കൊരുങ്ങി. ചാത്തനേയും കൂടെ കൂട്ടി. അത്യാവശ്യം വേണ്ട സാധനങ്ങൾ ഭാണ്ഡത്തിലാക്കി അതു ചാത്തന്റെ കയ്യിൽ കൊടുത്തു. ചാത്തൻ ഭാണഡമെടുത്ത് മാടൻ പോത്തിന്റെ പുറത്തുവെച്ച് നമ്പൂതിരി മുന്നിലും ചാത്തൻ പിന്നിലും ഏറ്റവും പിറകിൽ മാടൻപോത്തുമായി യാത്ര പുറപ്പെട്ടു. ചാത്തനു മാത്രമേ മാടൻ പോത്തിനെ കാണാൻ സാധിക്കുമായിരുന്നുള്ളു. അവരുടെ യാത്ര ഓച്ചിറ പടനിലം എന്നു പ്രസിദ്ധമായ സ്ഥലത്തുകൂടിയായിരുന്നു. അവിടെ വിസ്താരം കുറഞ്ഞ ഒരു വാതിലിലൂടെ വേണം മറുവശം കടക്കേണ്ടി യിരുന്നത്. നമ്പൂതിരിപ്പാടും പിന്നാലെ ചാത്തനും വാതിൽ കടന്നുപോയി. ഇരുവശത്തേക്കും വളഞ്ഞു വളർന്നു നിന്ന വലിയ കൊമ്പുകൾ കാരണം മാടൻ പോത്തിന് വാതിലിലൂടെ കടന്നുപോകാൻ സാധിക്കാത്തതിനാൽ മാടൻ പോത്ത് വാതിലിനപ്പുറത്ത് നില്ക്കുന്നതാണ് തിരിഞ്ഞു നോക്കിയപ്പോൾ ചാത്തൻ കണ്ടത്. കൊമ്പുകൾ തടസ്സമാണല്ലോ എങ്ങനെ കടക്കും എന്ന് ചാത്തൻ പറയുന്നതു കേട്ട് നമ്പൂതിരി നീ ആരോടാ സംസാരിക്കുന്നത് എന്ന് ചാത്തനോടു ചോദിച്ചു. മാടൻ പോത്തിനാടാണ് എന്ന് ചാത്തൻ പറയുന്നതു കേട്ട് നമ്പൂതിരി അത്ഭുതപ്പെട്ടു. അങ്ങയുടെ കല്പനപ്രകാരം ഞാൻ സേവിച്ചു പ്രത്യക്ഷപ്പെടുത്തിയ മാടൻ പോത്താണിത് അങ്ങു കാണുന്നില്ലേ? ചാത്തനെ തൊട്ടുകൊണ്ട് നമ്പൂതിരി വാതിൽക്കലേക്ക് നോക്കിയപ്പോൾ അവിടെ മാടൻപോത്തിന്റെ രൂപത്തിൽ സാക്ഷാൽ പരബ്രഹ്മം നില്ക്കുന്നു. എന്നെക്കാൾ ഭക്തി നിനക്കു തന്നെ ചാത്താ നിനക്കു സാധിച്ചത്രപോലും എനിക്കു കഴിഞ്ഞില്ലല്ലോ. ഞാൻ നിന്നെയും നമസ്കരിക്കുന്നു. അദ്ദേഹം മാടൻ പോത്തിന്റെ രൂപത്തിലുള്ള പരബ്രഹ്മത്തെയും ചാത്തനെയും നമസ്കരിച്ചു. മാടൻ പോത്ത് തൽക്ഷണം ഭൂമിയിൽ അന്തർദ്ധാനം ചെയ്തു. ഇതു കണ്ടു ചാത്തൻ അതീവ ദു;ഖിതനായി. എന്റെ മാടൻ പോത്തില്ലാതെ ഞാനിനി ഇവിടെനിന്നെങ്ങോട്ടുമില്ല തിരുമേനീ എന്നു പറഞ്ഞ് ചാത്തൻ അവിടെത്തന്നെ ഇരുന്നു. നമ്പൂതിരി നീ വരാതിരുന്നാൽ ഇനി എന്താ എന്റെ ഗതി എന്നു ചാത്തനോടു ചോദിച്ചു. മേല്പ്പോട്ടു കയറാൻ ഒരു നൂലുണ്ടല്ലോ അതിൽ പിടിച്ചു മേല്പോട്ടു കയറിക്കൊള്ളു എന്നു ചാത്തൻ അദ്ദേഹത്തെ ഉപദേശിച്ചു. വേദം കൊണ്ട് മോക്ഷം പ്രാപിച്ചു കൊള്ളാനാണ് ചാത്തൻ പറഞ്ഞതിന്റെ സാരമെന്ന് നമ്പൂതിരിക്കു മനസ്സിലായി. അദ്ദേഹം ചാത്തനോടു യാത്ര പറഞ്ഞ് മടങ്ങിപ്പോയി. ചാത്തൻ കുറെക്കാലം പരബ്രഹ്മത്തെ ധ്യാനിച്ചുകൊണ്ട് ഓച്ചിറയിൽ തന്നെ കഴിഞ്ഞു. കായംകുളം രാജാവിന്റെ 18 പടനിലങ്ങളിലൊന്നായിരുന്നു ഓച്ചിറ പടനിലം. വർഷം തോറും ഓച്ചിറ പടനിലത്ത് നടക്കാറുള്ള ഓച്ചിറ പടയിൽ ചേർന്ന് ചാത്തൻ മരണം വരിച്ചു. അങ്ങനെ ചാത്തൻ ഓച്ചിറയിൽ സായൂജ്യം

നേടി. ചാത്തൻ ഓച്ചിറപടനിലത്ത് പരബ്രഹ്മ സന്നിധിയിൽ ധ്യാനത്തിൽ മുഴുകി കഴിയുകയും ഓച്ചിറ പടയിൽ ചേർന്ന് സായൂജ്യം നേടുകയും ചെയ്തതിന്റെ സ്മരണക്കായി മിഥുനമാസം ഒന്നും രണ്ടും തീയതികളിൽ ഓച്ചിറ കളി കൊണ്ടാടുന്നു. ഓച്ചിറ കരുനാഗപ്പള്ളി, കായംകുളം എന്നീ ദേശക്കാരുടെ അഭിമാനോജ്ജ്വലമായ ദേശോത്സവം കൂടിയാണ് ഓച്ചിറ പടനിലത്തെ ഓച്ചിറക്കളി. യുദ്ധസ്മരണ ഉണർത്തുന്ന ഈ ദേശിയോത്സവം കായംകുളം രാജ്യത്തെ സൈനീക പരിശീലനത്തിന്റെ ശക്തി പരീക്ഷണമായിരുന്നു എന്നും കരുതുന്നുണ്ട്. വേണാടും കായംകുളവും തമ്മിലുള്ള യുദ്ധത്തെ അനുസ്മരിപ്പിക്കുന്നതാണ് ഓച്ചിറക്കളി എന്നും ചരിത്ര വീക്ഷണമുണ്ട്.

ശ്രീകോവിലും പ്രതിഷ്ഠയും അമ്പലവുമില്ലാത്ത ലോകപ്രശസ്തമായ ദേവസ്ഥാനമാണ് ഓച്ചിറ പടനിലം. ആത്മീയതയുടെ ദേവസ്ഥാനമായിട്ടാണ് ഈ സന്നിധിയെ കരുതുന്നത്. ആലപ്പുഴ ജില്ലയിലെ കരുനഗപ്പള്ളി താലൂക്കിലെ ഓച്ചിറ എന്ന സ്ഥലത്താണ് പരബ്രഹ്മമൂർത്തി കുടിക്കൊള്ളുന്ന ഈ തീർത്ഥാടനകേന്ദ്രം. ശിവസങ്കല്പമാണിവിടെ. ആകാശലിംഗമെന്നും വ്യാഖ്യാനമുണ്ട്. ഇവിടെ രണ്ടു തറയും ഉണ്ടിക്കാവെന്നറിയുന്ന കാവും മായയക്ഷിയമ്പലവും കൂടാതെ ഗണപതിക്ക് പ്രത്യേക സ്ഥാനവുമുണ്ട്. ഒരു തറയിലാണ് പരബ്രഹ്മം രണ്ടാമത്തെ തറയിൽ പരമശിവൻ. കിഴക്കും പടിഞ്ഞാറുമുള്ള ആൽത്തറകൾ വേലുത്തമ്പി ദളവയുടെ കാലത്ത് പണികഴിപ്പിച്ചതാണ്. ഈ തറകൾ പണിയുന്നതിന് വേലുത്തമ്പിദളവയുടെ കാലത്ത് അദ്ദേഹം ധനസഹായം നൽകിയതിന്റെ ചരിത്ര രേഖകളുണ്ട്. തറകളുടെ വടക്കു മാറിയുള്ള ഉണ്ടിക്കാവിലാണ് മാടൻപോത്തിന്റെ രൂപത്തിലുള്ള പരബ്രഹ്മം അപ്രത്യക്ഷമായത് എന്നാണ് വിശ്വാസം. പണ്ട് പടക്കളിയിൽ മുറിവേല്ക്കുന്നവർ ഉണ്ടിക്കാവിലെ ചെളിമണ്ണ് ഔഷധമായി ഉപയോഗിച്ചിരുന്നു വിളക്കിലെ കരിയാണ് ഇവിടുത്തെ പ്രസാദം. നായർ കുറുപ്പൻമാരാണ് പൂജാരിമാർ. അഷ്ടദിക് പാലകൻമാർക്കായി എടുകണ്ടം ഉരുളിച്ച എന്നൊരു വഴിപാട് ഈ സന്നിധിയിലെ ഒരു പ്രത്യേകതയാണ്. കാളയെ വാദ്യമേളങ്ങളോടെ ചുറ്റുപ്രദിക്ഷണം നടത്തിക്കുക എന്നതാണ് ഈ വഴിപാട്. വൃശ്ചികം ഒന്നു മുതൽ 12 വരെയാണ് ഓച്ചിറ പരബ്രഹ്മ സന്നിധിയിലെ ഉത്സവം. ഇത് പന്ത്രണ്ടു വിളക്കെന്നാണറിയപ്പെടുന്നത്. പന്ത്രണ്ടു വിളക്ക് വളരെ പ്രസിദ്ധമാണ്. ഐതിഹ്യപ്പെരുമയാർന്ന പറയിപെറ്റ പന്തിരുകുലത്തിലെ ദിവ്യാത്മക്കളായ 12 പേരെ അനുസ്മരിച്ചാണ് 12 വിളക്കു നടത്തുന്നത്. ചാത്തൻ പരബ്രഹ്മ ധ്യാനത്തിൽ മുഴുകി ഓച്ചിറയിൽ തന്നെ പരബ്രഹ്മത്തിൽ വിലയം പ്രാപിച്ചതറിഞ്ഞ് നാറാണത്തു ഭ്രാന്തനുൾപ്പടെ ചാത്തന്റെ മറ്റു സഹോദരങ്ങൾ ഈ പുണ്യ ഭൂമിയിൽ വന്നു വണങ്ങിയതിന്റെ സ്മരാണാർത്ഥമാണ് 12 വിളക്ക് ഭക്തർ ആഘോഷിക്കുന്നത്. 12 വിളക്കിന്റെ മറ്റൊരു പ്രത്യേകത എന്നത് വിളക്കുകാലത്ത് ധാരാളം സാധുക്കളെയും ഭക്തജനങ്ങളെയും കാർഷിക വിപണനക്കാരെയും കൊണ്ട് പടനിലം സജീവമാകും എന്നതാണ്. പണ്ട് ഓച്ചിറ പടനിലം 36 ഏക്കറായിരുന്നു എന്നാൽ ഇന്നത് 21 ഏക്കറായി ചുരുങ്ങി. 12 വിളക്കിന് വിവിധ ദേശക്കാരുടെ വകയായി ധാരാളം പൊയ്ക്കാൽ രൂപങ്ങളും വലിയ കാളകളുടെ കെട്ടുകാഴ്ച എഴുന്നള്ളത്തും ഇവിടെ നടത്തുന്നു. മാടൻ പോത്തിന്റെ രൂപം പൂണ്ട പരബ്രഹ്മത്തിന്റെ സ്മരണാർത്ഥം കാള, പോത്ത് എന്നീ നാൽക്കാലികളെ ഈ പടനിലത്ത് ദാനമായി സമർപ്പിച്ചിരുന്നു. പരമശിവൻ പരബ്രഹ്മ രൂപമായി വന്നതിനാൽ ശിവവാഹനമായ നന്ദികേശ്വരന്റെ പ്രതീകമായിട്ടാണ് അലങ്കരിച്ചു നിർത്തിയ ഓച്ചിറകാളകളെ ഭക്തർ കാണുന്നത്. ഏക്കറു കണക്കിനു വ്യാപിച്ചു കിടക്കുന്ന പടനിലവും മൂന്നു കൂറ്റൻ ആൽത്തറകളും അടങ്ങുന്ന ഈ സന്നിധി മന്ത്രതന്ത്രങ്ങളേക്കാൾ മഹത്തരമാണ്. പരമമായ ഭക്തി എന്നു വെളിപ്പെടുത്തുന്നതാണ് ഓച്ചിറ പരബ്രഹ്മ സന്നിധി. നിത്യാന്ന ദാനമാണ് ഈ സന്നിധിയിലെ പ്രധാന വഴിപാട്. ആശ്രയമില്ലാത്ത അശരണരായ ധാരാളം ആളുകൾ ഇവിടുത്തെ അന്നദാനം കൊണ്ട് ജീവിക്കുന്നു. അന്നം മുട്ടുന്നവന്റെ അവസ്ഥയും അന്നദാനത്തിന്റെ മഹത്വവും മനസ്സിലാക്കാൻ ഈ തിരുസന്നിധിയിലെത്തിയാൽ മതി. ഇവിടുത്തെ നേർക്കാഴ്ചകൾ ആരെയും ഒരു നിമിഷം പിടിച്ചു നിർത്തി ഒന്നു ചിന്തിപ്പിക്കുന്നതു തന്നെയാണ്.

അകവൂർ നമ്പൂതിരിയുടെ ആശ്രിതനായ അകവൂർ ചാത്തനു മുന്നിൽ മാടൻപോത്തായി വന്ന് മന്ത്രതന്ത്രങ്ങളേക്കാൾ പരമമായ ഭക്തിയാണ് മഹത്തരമെന്നു വെളിപ്പെടുത്തിയ ഈ പുണ്യസ്ഥലത്തെത്തിയാൽ കേട്ടറിവിനേക്കാൾ എത്രയോ വിശാലം കണ്ടറിവ് എന്ന് ആരും പറഞ്ഞുപോകും. അക്ഷരങ്ങളിലൂടെ അറിയാൻ പറ്റാത്ത പല അറിവുകളും ഈ പുണ്യസന്നിധിയിലെ നേർകാഴ്ചയിലൂടെ ലഭിക്കും. ഓച്ചിറ പരബ്രഹ്മസന്നിധിയിലെത്തുന്നവർ ഭഗവാനെ വണങ്ങി ചാത്തനോളം ഭക്തിയുള്ളവരായി മടങ്ങുവാൻ പരബ്രഹ്മമൂർത്തി അനുഗ്രഹിക്കട്ടെ●

# തീരശോഷണം സുരക്ഷാ മാർഗ്ഗരേഖ

തിരമാലകളുടേയും വേലിയേറ്റവേലിയിറക്കത്തിന്റെയും, കാറ്റിന്റേയും ഫലമായി തീരപ്രദേശം ഒഴുകിപോകുന്നതിനെയാണ് തീരശോഷണം എന്നു പറയുന്നത്. കൊടുങ്കാറ്റ്, ചുഴലിക്കാറ്റ് എന്നിവയാണ് കാലാവസ്ഥാപരമായ കാരണങ്ങൾ. ഭൗമശാസ്ത്രപരമായ കാരണങ്ങളും മനുഷ്യനിർമ്മിത കാരണങ്ങളും തീരശോഷണത്തിന് ഇടയാക്കുന്നു.

ഇന്ത്യയ്ക്ക് 7500 കിലോമീറ്റർ ദൈർഘ്യമുള്ള തീരപ്രദേശമാണുള്ളത്. ജനസംഖ്യയുടെ 25 ശതമാനവും തീരദേശത്തോടു ചേർന്നുള്ള 50 കിലോമീറ്ററിനുള്ളിൽ തിങ്ങിപ്പാർക്കുന്നു. ഇന്ത്യൻ തീരപ്രദേശം അതിവിശാലമായ ഒരു സാമ്പത്തികമേഖല കൂടിയാണ്. മത്സ്യബന്ധനം, കൃഷി, വിനോദ സഞ്ചാരം, ഖനനം, ഗതാഗതം എന്നിവയെല്ലാം ഈ മേഘലയുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്നു. തീരപ്രദേശത്തുണ്ടാകുന്ന വ്യതിയാനങ്ങളെല്ലാം ഇന്ത്യൻ സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക മേഖലകളിൽ പ്രതിഫലിക്കും.

2004 ഡിസംബർ 26നുണ്ടായ സുനാമി, തീരദേശത്തിന് കനത്ത പ്രഹരമേൽപ്പിച്ചാണ് കടന്നുപോയത്. ആയിരക്കണക്കിന് മനുഷ്യജീവനുകൾ നഷ്ടമായതിനൊപ്പം കോടികണക്കിനുരൂപയുടെ സാമ്പത്തിക ബാധ്യതകളും,തീരപ്രദേശ ആവാസ വ്യവസ്ഥയുടെ തകർച്ചയും ഇതിലൂടെ സംജാതമായി.

## തീരശോഷണം കേരളത്തിൽ

580 കിലോമീറ്ററോളം തീരപ്രദേശമുള്ള കേരളം ഇന്ന് വിവിധ കാരണങ്ങളാൽ അതികഠിനമായ കടലെടുത്തുപോകൽ പ്രക്രിയയ്ക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു.

കേരള ജലസേചന വകുപ്പ് നടത്തിയിട്ടുള്ള പഠനപ്രകാരം താഴെ പറയുന്നവയാണ് കടലെടുപ്പ് ഭീഷണി നേരിടുന്ന തീരപ്രദേശങ്ങൾ. പൂവാർ വിഴിഞ്ഞം, കോവളം വലിയതുറ, പെരുന്നാതുരത്ത് നീണ്ടകര, നീണ്ടകര കായംകുളം, കായംകുളംപൊഴി, അമ്പലപ്പുഴ, അമ്പലപ്പുഴ തുമ്പോളി, അന്ധകാരനഴി, ചെല്ലാനം, ചെല്ലാനം കൊച്ചിൻഹാർബർ, വൈപ്പിൻ അഴിക്കോട് , അഴിക്കോട് കോഴിപ്പുറം, എങ്ങണ്ടിയൂർ ചാവക്കാട്, വെളിയങ്കോട് പൊന്നാനി, തിരൂർ കടലുണ്ടി, കടലുണ്ടി എലത്തൂർ, ചെറിയമ്മങ്ങാട് തിക്കോടി, അയനിക്കാട് വടകര, മാടക്കര പുതിയാപ്പ, തൃക്കരിപ്പൂർനീലേശ്വരം, കാഞ്ഞങ്ങാട്മഞ്ചേശ്വരം

ഇതിൽ നീണ്ടകര മുതൽ അമ്പലപ്പുഴ വരെയും അന്ധകാരനഴി മുതൽ കൊച്ചിൻ ഹാർബർ വരെയും ഉള്ള പ്രദേശങ്ങളാണ് ഗുരുതരമായ അപകട ഭീഷണി നേരിടുന്നത്. കാലവർഷത്തോടനുബന്ധിച്ചുണ്ടുകുന്ന മഴയും കാറ്റും, വെള്ളപ്പൊക്കവും കടലെടുപ്പിന് പ്രധാന കാരണമാണ് തീരം ഒലിച്ച പോകുന്നതിലൂടെ തീരപ്രദേശവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഗുരുതരമായ പ്രതി സന്ധി നേരിട്ടുകൊണ്ടിരിക്കുന്നു. വർഷംതോറും ഉണ്ടാകുന്ന നാശനഷ്ടങ്ങളുടെ കണക്ക് വർദ്ധിച്ചുവരുന്നു . വീടുകളുടേയും മറ്റ് വസ്തുക്കളുടേയും നഷ്ടത്തോടൊപ്പം ആളപായവും, പരിസ്ഥിതി പ്രശ്നങ്ങളും ദിനം പ്രതിയെന്നോണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

## തീരശോഷണം കാരണങ്ങൾ

### തിരമാലകളുടെ പ്രവർത്തനം

കടലിൽ രൂപപ്പെടുന്ന തിരമാലകൾ തീരത്ത് അടിച്ചുകയറുകയും തിരിച്ചു പോവുകയുംചെയ്യുന്നു. ഈ പ്രക്രിയയിലൂടെ തീരത്തുള്ള ധാതുപദാർത്ഥങ്ങൾക്ക് സ്ഥാനചലനം സംഭവിക്കുന്നു തിരമാലകളുടെ ഉയരവും തീരത്തുവന്നുപോകാനെടുക്കുന്ന സമയവും കണക്കാക്കിയാണ് തിരമാലകളുടെ ശക്തി നിർണ്ണയിക്കുന്നത്.

### വേലിയേറ്റം

തീരങ്ങൾക്ക് ബലക്ഷയമുണ്ടാകുന്നതിനുള്ള കാരണങ്ങളിലൊന്നാണ് വേലിയേറ്റം. വേലിയേറ്റ സമയത്ത് ജലവിതാനം ഉയരുകയും തീരം കടൽ വെള്ളത്തിൽ മുങ്ങുകയും ചെയ്യുന്നു. വേലിയേറ്റത്തോടനുബന്ധിച്ച് തിരമാലകൾ ശക്തമാവുകയും ഇത് തീരനശീകരണ പ്രക്രിയയെ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു.

### കാറ്റ്

കടലിൽ നിന്നും തീരത്തുനിന്നും അടിക്കുന്ന കാറ്റ് മൂലം മണൽക്കൂനകൾ മാറ്റിമറിക്കപ്പെടുന്നു.

ഇതും ഒരു പരിധിവരെ തീരമെടുപ്പിന് കാരണമാകുന്നുണ്ട്.

## ചുഴലിക്കാറ്റ്

ചുഴലിക്കാറ്റിന്റെ ഫലമായി കടൽവെള്ളം ഉയരുകയും തത്ഫലമായി ശക്തമായ തിരമാലകൾ രൂപപ്പെടുകയും ചെയ്യുന്നു ശക്തമായ കാറ്റും തിരമാലയും ചേർന്ന് ദുരന്തസമാനമായ അവസ്ഥ സംജാതമാകുന്നു . ഈ പ്രതിഭാസത്തിലൂടെ തീരദേശത്തിന്റെ സന്തുലിതാവസ്ഥ താറുമാറാകുന്നു.വസ്തുവകകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കൊപ്പം ജീവഹാനിയും ഉണ്ടാകുന്നു.1999 ൽ ഒറീസയിലുണ്ടായ ചുഴലിക്കാറ്റിൽ പതിനായിരത്തിനടുത്ത് ജനങ്ങൾ മരിക്കുകയും കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക നഷ്ടമുണ്ടാവുകയും ചെയ്തു.

## ഭുകമ്പം, സുനാമി, ഉരുൾപൊട്ടൽ, അഗ്നിപർവ്വത സ്ഫോടനം തുടങ്ങിയവ

പ്രകൃതി ദുരന്തങ്ങളായ ഭുമ്പകം, സുനാമി, ഉരുൾപൊട്ടൽ, അഗ്നിപർവ്വത സ്ഫോടനം എന്നിവയുടെ ഫലമായി കടലിലുണ്ടാകുന്നു പ്രതിപ്രവർത്തനം കടലെടുപ്പിനുള്ള പ്രധാന കാരണങ്ങളാണ്. സുനാമി തിരമാലകൾ തീരത്തോട് അടുക്കുംതോറും ശക്തിപ്രാപിക്കുകയും തീരത്തിന് കടുത്ത പ്രഹരമേൽപ്പിക്കുകയും ചെയ്യും . 2004 ഡിസംബർ26 ലെ സുനാമിമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ വ്യാപ്തി കണക്കുകൂട്ടാവുന്നതിലും അധികമാണ്.

## കടൽവെള്ളം ഉയരുന്നത് (Sea Level rise)

കഴിഞ്ഞ ഒരു ശതകത്തിൽ 17 സെന്റീമീറ്ററാണ് കടൽ ഉയർന്നത്. വരുന്ന 100 വർഷത്തിൽ 60 സെന്റീമീറ്റർ കൂടി ഉയരാൻ സാദ്ധ്യതയുള്ളതായി കണക്കാക്കപ്പെടുന്നു.ആഗോളതാപനത്തിന്റെ ഫലമായി കടലിലെ ജലനിരപ്പ് ഉയരുന്നതുമൂലം കൂടുതൽ തീരപ്രദേശങ്ങൾ വെള്ളത്തിൽ മുങ്ങിപ്പോകാം.

## കാലാവസ്ഥാ വ്യതിയാനം

കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് പ്രകൃതിയിലുണ്ടാകുന്ന വിവിധ മാറ്റങ്ങൾ തീരനശീകരണത്തിന് കാരണമാകുന്നു. ഹിമപാളികൾ ഉരുകി കടലിലെ വെള്ളത്തിന്റെ അളവ് കൂടുന്നതും കാലാവസ്ഥയുടെ താളം തെറ്റലും കടലെടുപ്പ് പ്രക്രിയയെ ത്വരിതപ്പെടുത്തുന്നു.

## മനുഷ്യനിർമ്മിത കാരണങ്ങൾ

ജനങ്ങൾ ഏറ്റവും അധികം തിങ്ങിപാർക്കുന്ന സ്ഥലമാണ് തീരപ്രദേശം. തീരപ്രദേശത്തോട് ചേർന്ന് നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളും, നഗരവത്കരണങ്ങളും പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ചൂഷണവുമാണ് തീരശോഷണത്തിന് മുഖ്യകാരണം.

മനുഷ്യനിർമ്മിത കാരണങ്ങളെ താഴെ പറയുന്ന രീതിയിൽ ചുരുക്കി പ്രതിപാദിക്കാം.

* തീരങ്ങളെ സംരക്ഷിക്കുന്ന പ്രകൃതിയുടെ സ്വാഭാവിക സംവിധാനങ്ങളായ മണൽക്കൂനകളും ജൈവാവരണങ്ങളും വികസനപ്രവർത്തനങ്ങളുടെ ഭാഗമായി നശിപ്പിക്കുന്നത്.
* നദീജലം കടലിലേയ്ക്ക് പ്രവേശിക്കുന്നത് തടസ്സപ്പെടുത്തൽ.
* നദീകളും നീർചോലകളും വറ്റിപോകുന്നത്.
* തീരത്ത് നടക്കുന്ന മണൽ ഖനനം.
* പവിഴപ്പുറ്റുകളുടെ നിർമ്മാർജ്ജനം.
* കപ്പൽ ചാലുകളുടെ നിർമ്മാണം.
* എണ്ണ ചോർച്ച
* കടൽവെള്ള മലിനീകരണം
* തീരത്തോടു ചേർന്നുള്ള നിർമ്മാണ പ്രവർത്തവങ്ങൾ
* പ്രകൃതിവിഭവങ്ങളുടെ അമിതചൂഷണം
* അശാസ്ത്രീയമായ ഭുവിനിയോഗം

## തീരശോഷണം പരിഹാരമാർഗ്ഗങ്ങൾ

## ജൈവ സംരക്ഷണ മാർഗ്ഗങ്ങൾ

പ്രകൃതിപരമായി ചെയ്യാവുന്ന സംരക്ഷണ മാർഗ്ഗങ്ങളാണ് കണ്ടൽകാടുകൾ വച്ചു പിടിപ്പിക്കുകയും അവയെ സംരക്ഷിക്കുകയും ചെയ്യുന്നത്. ഇതിനുപുറമേ പ്രദേശത്തിന് ഇണങ്ങിയരീതിയിൽ സസ്യാവരണം തീർത്തുകൊണ്ടും തീരത്തെ ശക്തിപ്പെടുത്താവുന്നതാണ്.

## ബോധവൽക്കരണം

തീരശോഷണവുമായി ബന്ധപ്പെട്ട് ഉണ്ടാകാൻ സാദ്ധ്യതയുള്ള അപകടങ്ങളെക്കുറിച്ചും കടൽ സംബന്ധമായ മറ്റ് ദുരന്തങ്ങളെപ്പറ്റിയും പൊതുജനങ്ങളിലും പ്രത്യേകിച്ച് തീരദേശത്ത് വസിക്കുന്ന ജനങ്ങൾക്കിടയിലും ബോധവത്ക്കരണ പ്രവർത്തനം സംഘടിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

ബോധവത്ക്കരണ പരിപാടിയിൽ താഴെ പറയുന്ന കാര്യങ്ങൾ കൂടി ഉൾപ്പെടുത്തുന്നത് നന്നായിരിക്കും.

* തീരദേശവുമായി ബന്ധപ്പെട്ട ദുരന്ത സാധ്യതാപഠനം പരിഹാരമാർഗ്ഗങ്ങൾ
* തീരദേശമേഖലകളിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടേയും സന്നദ്ധ സംഘടനകളുടേയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതും ഏകോ

പിപ്പിക്കുന്നതും

* തീരദേശം സംരക്ഷിക്കുന്നതിനുള്ള വിവിധ പദ്ധതികളും അവയുടെ നടത്തിപ്പും.

* തീരദേശവാസികളുടെ പരമ്പരാഗത അറിവുകളും നൂതന സാങ്കേതിക വിദ്യകളും പരിചയപ്പെടുത്തൽ

* തീരദേശസംരക്ഷണ നിയമങ്ങൾ

## സമഗ്ര തീരദേശ സംരക്ഷണ നയരൂപികരണം

തീരദേശത്തെ വിഭവങ്ങളുടെ വിനിയോഗവും ദുരന്തനിവാരണ പ്രവർത്തനങ്ങളും

സമന്വയിപ്പിച്ചുകൊണ്ടുള്ള തീരദേശ സംരക്ഷണ നയരൂപികരണത്തിലൂടെയും, തീരദേശ നിയന്ത്രണ മേഖലാ നിയമത്തിന്റെ കാര്യക്ഷമമായ നിർവ്വഹണത്തിലൂടേയും തീരപ്രദേശത്ത് നടക്കുന്ന ആശാസ്യമല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങളും നിയന്ത്രിക്കാൻ കഴിയും.

## തീരദേശവാസികളെ തീരസംരക്ഷണപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തലും ശാക്തീകരണവും

തീരദേശത്ത് താമസിക്കുന്ന ജനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇതുമൂലം വിഭവങ്ങളുടെ ശോഷണം സംഭവിക്കുകയും തീരദേശവാസികൾ കടുത്ത ദാരിദ്രത്തിനും പട്ടിണിക്കും വിധേയമാവുകയും ചെയ്യുന്നു. ജീവിതോപാധി കണ്ടെത്തുന്നതിന്റെ ഭാഗമായി ഏതുതരത്തിലുള്ള വിഭവ ചൂഷണത്തിലേർപ്പെടാനും ജനങ്ങൾ നിർബന്ധിതരാകുന്നു. ഈ സാഹചര്യത്തിൽ ബദൽ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതും തീരപ്രദേശത്തിന്റെ സുസ്ഥിര വികസനത്തിൽ ജനങ്ങളെ പങ്കാളികളാക്കുന്നതും ഉചിതമായിരിക്കും●


*(കടപ്പാട് : സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ)*

# വിശേഷ ദിവസങ്ങൾ


## 2017 മാർച്ച് 15 മുതൽ ഏപ്രിൽ 14 വരെ

| | | |
|---|---|---|
| മാർച്ച് | 15 | ഗുരുവായൂർ ഉത്സവബലി, തിരുനക്കര കൊടിയേറ്റ് |
| | 17 | ഗുരുവായൂർ ആറാട്ട് |
| | 20 | കൊല്ലൂർ മൂകാംബിക രഥോത്സവം |
| | 24 | തിരുനക്കര ആറാട്ട്, ചെറായി തൃക്കടക്കാപ്പിള്ളി ദുർഗ്ഗാഭഗവതി ക്ഷേത്ര പ്രതിഷ്ഠാദിനം |
| | 29 | കൊടുങ്ങല്ലൂർ കാവു തീണ്ടൽ |
| | 30 | രവിപുരം ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിൽ കൊടിയേറ്റ് , മീനഭരണി |
| | 31 | ശബരിമല കൊടിയേറ്റ് |
| ഏപ്രിൽ | 1 | പൈങ്കുനി ഉത്സവാരംഭം |
| | 2 | തിരുമാന്ധാം കുന്ന് പൂര പുറപ്പാട് |
| | 3 | നെന്മാറ വല്ലങ്ങി വേല |
| | 4 | രവിപുരം ക്ഷേത്രത്തിൽ ആറാട്ട് |
| | 5 | പെരുവനം പൂരം, ശ്രീരാമനവമി |
| | 7 | കരിക്കകം പൊങ്കാല |
| | 8 | ആറാട്ടുപുഴ പൂരം |
| | 9 | മഹാവീർ ജയന്തി, ശബരിമലയിൽ ആറാട്ട്, പൈങ്കുനി ഉത്രം |
| | 11 | ചിത്ര പൂർണ്ണിമ, ഹനുമജ്ജയന്തി |
| | 12 | തൃപ്പൂണിത്തുറ പൂർണ്ണത്രയീശ ക്ഷേത്രധ്വജപ്രതിഷ്ഠാദിനം, തിരുമാന്ധാം കുന്ന് ആറാട്ട് |
| | 14 | വിഷു, അംബദ്കർ ജയന്തി |

# ദേശനാഥന്റെ തിരുവുത്സവം



എസ്. ശ്രീകുമാർ



1.2.2017 ബുധനാഴ്ച രാത്രി 8.20 ന് ക്ഷേത്ര തന്ത്രിയുടെ കാർമ്മികത്വത്തിൽ എറണാകുളം ശിവക്ഷേത്രോത്സവ മഹാമഹം കൊടിയേറി. രാവിലെ 5 മുതൽ കലശാഭിഷേകം, തുടർന്ന് ബ്രഹ്മകലശം ആടൽ എന്നിവ നടന്നു. ഒന്നാം ദിവസം പാമ്പാടിരാജൻ, ഭഗവാന്റെ തിടമ്പേറ്റി. ശ്രീ കല്ലേക്കുളങ്ങര അച്ചുതൻകുട്ടിമാരാരുടെ പ്രമാണത്തിലുള്ള മേളം ആസ്വാദകർക്ക് ഹൃദ്യമായ വിരുന്നൂട്ടായി. ക്ഷേത്രമതിൽക്കകത്ത് നടന്ന സോപാനസംഗീതത്തിന്റെ ശീലുകൾ ക്ഷേത്രാന്തരീക്ഷത്തെ കൂടുതൽ ഭക്തിസാന്ദ്ര മാക്കി. ഒരു മനയൂർഗോപിയും സംഘവും നാദസ്വര കച്ചേരിയിൽ നാദബ്രഹ്മം തീർത്തു. എറണാകുളത്തപ്പന്റെ ഉത്സവത്തിലാദ്യമായി മേജർസെറ്റ് പഞ്ചവാദ്യത്തോടുകൂടി കൊടിപ്പുറത്തു വിളക്ക് നടന്നതും ഇപ്രാവശ്യത്തെ പ്രത്യേകതയാണ്.

രണ്ടാം ദിവസം ആനപ്രേമികളുടെ ഇഷ്ടതോഴൻ സാക്ഷാൽ ഗജരത്നം ഗുരുവായൂർ പത്മനാഭന്റെ പുറത്ത് കോലം എഴുന്നള്ളിച്ച്, ചെറുശ്ശേരി കുട്ടൻ മാരാരുടെ മേളപ്രമാണത്തിൽ നടന്ന ശീവേലി മേളക്കമ്പക്കാരെ ആനന്ദസാഗരത്തിലാറാടിച്ചു. അമ്പലത്തിനകത്തും പുറത്തുമുള്ള വേദികളിലെ നൃത്തനൃത്യങ്ങളിൽ നവരസ ഭാവങ്ങൾ നിറഞ്ഞാടി. ചെറുതാഴം ചന്ദ്രന്റെ തായമ്പക ആസ്വാദകരുടെ മനം കവർന്നു.

മൂന്നാം ദിവസം തിരുവമ്പാടി ചന്ദ്രശേഖരൻ എന്ന ഗജവീരൻ ഭഗവാന്റെ കോലം എഴുന്നള്ളിക്കുകയും പെരുവനം സതീശൻ മാരാരുടെ നേതൃത്വത്തിലുള്ള മേളം ആസ്വാദകരുടെ കണ്ണും കാതും കവരുകയും ചെയ്തു. കിഴക്കും പടിഞ്ഞാറുമുള്ള ആനപ്പന്തലിലുള്ള മേളം ആസ്വാദകരെ ഹരം കൊള്ളിച്ചു. മേളക്കമ്പക്കാർ അവരറിയാതെ തന്നെ മേളത്തോടൊപ്പം ആടിക്കൊണ്ടിരുന്നു. മേളത്തെ പ്രോത്സാഹിപ്പിക്കാൻ യുവാക്കളുടെ ഒരു നിര തന്നെ ഉണ്ടായിരുന്നു എന്നത് ശ്രദ്ധേയമാണ്. സ്ത്രീകളും ഒട്ടും പിന്നോട്ടായിരുന്നില്ല. എറണാകുളം സ്വദേശി തന്നെയായ രാധാകൃഷ്ണജിയുടെ ഭക്തി ഗാനമേള ആസ്വാദകരെ ആനന്ദിപ്പിച്ചു. അന്നു നടന്ന ക്ഷേത്രോത്സവത്തിൽ ഒഴിച്ചു കൂടാനാവാത്ത മേജർസെറ്റ് കഥകളി ആസ്വാദകരെ ഹഠാദാകർഷിച്ചു.

നാലാം ദിവസം പാറമേക്കാവ് ശ്രീപത്മനാഭൻ ഭഗവാന്റെ തിടമ്പേറ്റി. ശ്രീപെരുവനം പ്രകാശൻമാരാരുടെ മേളപ്രമാണത്തിൽ ശീവേലി അരങ്ങേറി. കിഴക്കേ ആനപ്പന്തലിൽ നടന്ന പഞ്ചാരിമേളം മേളക്കമ്പക്കാരെ പ്രകമ്പനം കൊള്ളിച്ചു. പടിഞ്ഞാറെ നടപ്പന്തലിലെ മേളത്തിന്റെ കാലം കൂടലിൽ മേളപ്രേമികൾ ലയിച്ചു ചേർന്നു. എല്ലാം കൊണ്ടും ഈ ദിവസം വാദ്യഘോഷത്തിന്റെയും ശുദ്ധസംഗീതത്തിന്റേയും ദിവസമായി മാറി. ശിവപ്രസാദിന്റെ വയലിൻ കച്ചേരി ആസ്വാദകരുടെ മനം കുളിർപ്പിച്ചു. ശുകപുരം ദിലീപിന്റെ തായമ്പക മികച്ചു നിന്നു.

അഞ്ചാം ദിവസം വലിയ കേശവൻ ഭഗവാന്റെ കോലം എഴുന്നള്ളിക്കുകയും പത്മശ്രീ പെരുവനം കുട്ടൻമാരാരുടെ നേതൃത്വത്തിലുള്ള മേളപ്രമാണം ആസ്വാദകരെ ആനന്ദസാഗരത്തിലാറാടിക്കുകയും ചെയ്തു. മേളക്കമ്പക്കാർ കൈയ്യും മെയ്യും മറന്ന് പഞ്ചാരിയിൽ മുങ്ങിത്താണു. കുട്ടൻ മാരാരുടെ മേളപ്പെരുക്കം ആസ്വദിക്കാൻ ജനം ഒഴിവുദിനത്തിൽ ഒഴുകിയെത്തി. കണ്ണിനും കാതിനും ഒരുപോലെ വിരുന്നായിരുന്നു കുട്ടൻമാരാരുടെ മേളം. പതികാലത്തിൽ തുടങ്ങി അടന്തയും, ചെമ്പടയും കൊട്ടിയ പ്പോൾ മേളം അതിന്റെ ഉച്ചസ്ഥായിലെത്തി. ജനങ്ങൾ ഏറെ ആസ്വദിച്ച ഒരു മേളം ആയിരുന്നു കുട്ടൻമാരാരുടേത്. തായമ്പക പ്രേമികളെ പോരൂർ ഉണ്ണികൃഷ്ണനും കല്പാത്തി ബാലകൃഷ്ണനും ഇരട്ട തായമ്പകയിലൂടെ വിരുന്നൂട്ടി.

ആറാം ദിവസം ചെറിയ വിളക്കിന്ന് ഗുരുവായൂർ ഇന്ദ്രസേനൻ ഭഗവാന്റെ കോലം എഴുന്നള്ളിച്ച് ശ്രീതിരുമറയൂർ രാജേഷിന്റെ മേളപ്രമാണത്തിൽ ശീവേലി അരങ്ങേറി. ഉച്ചക്ക് 12 മണിയോടു കൂടി

ഉത്സവബലിദർശനം ആരംഭിച്ചു. ഉത്സവബലി ദിവസം വിപുലമായ പ്രസാദ ഊട്ടാണ് ക്ഷേത്ര ഉപദേശക സമിതി ഏർപ്പാടു ചെയ്തിരുന്നത്. എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ പ്രത്യേകം തയ്യാറാക്കിയ നെടുങ്കൻ പന്തലിൽ ആണ് പ്രസാദ ഊട്ട് നടന്നത്. കഴിഞ്ഞകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇലയിട്ടാണ് പ്രസാദ ഊട്ട് നടന്നത്. ഭഗവാന്റെ പ്രസാദ ഊട്ടിന് പതിനായിരങ്ങൾ പങ്കെടുത്തു. കല്ലൂർ രാമൻകുട്ടി മാരാരുടെ തായമ്പക പ്രകമ്പനം കൊള്ളിച്ചു. പത്മശ്രീ. കദ്രിഗോപാലനാഥിന്റെ സാക്സാഫോൺ കച്ചേരി ഒരാനന്ദ അനുഭൂതിയായി ആയിരങ്ങൾക്കനു ഭവപ്പെട്ടു.

ഏഴാം ദിവസം പുതുപ്പള്ളി കേശവൻ കോലം എഴുന്നള്ളിച്ച് ശ്രീ കിഴക്കൂട്ട് അനിയൻ മാരാരുടെ മേളപ്രമാണത്തിൽ രാവിലെ ശീവേലി അരങ്ങേറി. ഭഗവാന്റെ പ്രസാദ ഊട്ടിന് പതിനായിരങ്ങൾ പങ്കെടുത്തു. വൈകിട്ട് നാലുമണിവരെ പ്രസാദ ഊട്ട് നീണ്ടു. ഏഴാം ദിവസം ശ്രീ ചോറ്റാനിക്കര വിജയൻ മാരാരുടെ നേതൃത്വത്തിലുള്ള പഞ്ചവാദ്യത്തിന്റെ അകമ്പടിയോടുകൂടി എറണാകുളത്തപ്പനെ പകൽപൂരത്തിന് എഴുന്നള്ളിക്കുകയും തുടർന്ന് വൈകിട്ട് 7 മണിയോടുകൂടി തലയെടുപ്പുള്ള 15 ഗജവീരൻമാരെ കോലത്തും പറമ്പിൽ അണിനിരത്തി. ശ്രീ കിഴക്കൂട്ട് അനിയൻ മാരാരുടെ പ്രമാണത്തിൽ പാണ്ടിമേളം അരങ്ങേറുകയും തുടർന്ന് വർണാഭമായ കുടമാറ്റം ആരംഭിക്കുകയും ചെയ്തു. കണ്ണിനും കാതിനും ഒരുപോലെ വിരുന്നേകിയ പകൽപൂര ദൃശ്യം ആയിരങ്ങളെ സാക്ഷി നിർത്തി അരങ്ങേറി. എറണാകുളം ദേശവാസികൾ ഒന്നടങ്കം പകൽപ്പൂര വേദിയിലേക്ക് അണിമുറിയാതെ എത്തിക്കൊണ്ടിരുന്നു. തങ്ങളുടെ ദേശനാഥന്റെ പകൽപ്പൂരം കൺകുളിർക്കെ കാണാൻ ആബാലവൃദ്ധജനങ്ങൾ തിരക്ക് കൂട്ടി എറണാകുളം ദേശവാസികൾക്ക് അങ്ങനെ ഈ വർഷത്തെ ഉത്സവം അവിസ്മരണീയമായ ഒരു ആഘോഷമായി മാറി. അടുത്ത കൊല്ലത്തെ പകൽപ്പൂരത്തെ സ്വപ്നം കണ്ട് ജനങ്ങൾ മടങ്ങി.

എട്ടാം ദിവസം ആറാട്ട് ദിവസം തിരുവമ്പാടി ശിവസുന്ദർ ഭഗവാനെ കോലം എഴുന്നള്ളിച്ച് ശ്രീ കക്കാട് രാജപ്പൻ മാരാരുടെ മേളപ്രമാണത്തിൽ രാവിലെ ശീവേലി അരങ്ങേറി. അതിവിപുലമായ പ്രസാദമൂട്ട് ഭംഗിയായി നടന്നു. രാത്രി കൊടിയിറക്കിന് ശേഷം ഭഗവാനെ ആറാട്ടിന് എഴുന്നള്ളിച്ചപ്പോഴും ആറാട്ടിന് ശേഷവും ദേശനാഥന് പോലീസിന്റെ ഗാർഡ് ഓഫ് ഓണർ നൽകി ചോറ്റാനിക്കര വിജയൻ മാരാരുടെ നേതൃത്വത്തിലുള്ള പഞ്ചവാദ്യ അകമ്പടിയോടെ ഭഗവാൻ വഴിനീളേ ഭക്തരുടെ പറകൾ സ്വീകരിച്ച് അവസാനത്തെ പറയായ എറണാകുളം കരയോഗം വക അയ്പറയും സ്വീകരിച്ച് അവിടെ വെച്ച് മേളക്കാർക്കും അകമ്പടിക്കാർക്കും എല്ലാം ക്ഷീണമകറ്റാൻ ഉതകുന്ന ചുക്കുകാപ്പിയും മറ്റും കഴിച്ചതിനശേഷം വെളുപ്പിനെ കോലത്തുപറമ്പിൽ എത്തിചേരുകയും അവിടെ കക്കാട് രാജപ്പൻ മാരാരുടെ മേളപ്രമാണത്തിൽ ഗംഭീര പാണ്ടിമേളം അരങ്ങേറുകയും പുലർച്ചെ നാലു മണിക്ക് കരിമരുന്നു പ്രയോഗത്തോടെ എട്ടു ദിനരാത്രങ്ങൾ നീണ്ടുനിന്ന ദേശനാഥന്റെ തിരുവുത്സവത്തിന് വിരാമമായി. തായമ്പകയുടെ താളവട്ടവും, മേജർസെറ്റ് പഞ്ചവാദ്യവും മേളപ്രമാണിമാരും ഗജവീരൻമാരും അരങ്ങു തകർത്ത എറണാകുളത്തപ്പൻ ക്ഷേത്രോത്സവത്തിന് സമാപനമായി.

എറണാകുളത്തപ്പന്റെ ഉത്സവാഘോഷങ്ങളെ വിലയിരുത്തുമ്പോൾ നമുക്ക് ഒരു കാര്യം മനസ്സിലാവും, ഓരോ പരിപാടികൾ നടക്കുമ്പോഴും അടുക്കും ചിട്ടയും ദൃശ്യമായിരുന്നു. ഒരു വശത്ത് ശീവേലി പൊടി പൊടിക്കുമ്പോഴും മറ്റു പല വേദികളിലും പല പരിപാടികൾ ഒരേസമയം സമയബന്ധിതമായി നടക്കുന്നുണ്ടായിരുന്നു. തലയെടുപ്പുള്ള ഗജവീരൻമാരെ അണിനിരത്താൻ കഴിഞ്ഞതും ഓരോ ദിവസം മാറി മാറി കോലം എഴുന്നള്ളിക്കാൻ ഗജവീരൻമാരെ മാറ്റിയതും ഉചിതമായി. അതുപോലെ തന്നെ മേളപ്രമാണത്തിന്റെ കാര്യത്തിലും ഈ വൈരുദ്ധ്യം നിലനിർത്തി. കഴിവുള്ള മേളപ്രമാണിമാരെ മുൻനിരയിലേക്ക് കൊണ്ടു വരാനുള്ള ഈ ഉദ്യമം ശ്ലാഘനീയമാണ്. ക്ഷേത്രാചാരങ്ങൾ അണുവിട തെറ്റാതെ തന്നെ എല്ലാ കാര്യങ്ങളും ഭംഗിയായി നിവൃത്തിച്ചിരിക്കുന്നു. അർഹതയുള്ള വാദ്യകലാകാരൻമാരെ ആദരിക്കാനും സമിതി മറന്നില്ല. അതുപോലെ തന്നെ ക്ഷേത്രത്തിനു മുമ്പിലും മറ്റു വശങ്ങളിലും കോലോത്തു പറമ്പിലും ഏർപ്പെടുത്തിയ ദീപാലങ്കാരം കണ്ണിന് വിരുന്നൂട്ടി. എറണാകുളത്തപ്പൻ മൈതാനം കച്ചവടക്കാർക്ക് കൊടുക്കാതെ പാർക്കിങ് സൗകര്യം ഏർപ്പെടുത്തിയതും വളരെ നല്ല കാര്യം തന്നെ. മഹാദേവന്റെ അനുഗ്രഹംകൊണ്ടും കൊച്ചിൻ ദേവസ്വംബോർഡിന്റെയും എറണാകുളം ക്ഷേത്ര ഉപദേശക സമിതിയുടേയും സഹകരണവും ഉണ്ടെങ്കിൽ കാര്യങ്ങൾ ഭംഗിയായി നടക്കും എന്നുള്ളതിന്റെ ഒരുത്തമ ഉദാഹരണമാണ് ഇക്കൊല്ലത്തെ ദേശനാഥന്റെ തിരുവത്സവം ഉത്സവാഘോഷങ്ങൾ വരും വർഷവും ഇതിനേക്കാൾ ഭംഗിയായി നടത്താൻ ഭഗവാൻ അനുഗ്രഹിക്കേണമേയെന്ന് ഭഗവാനോട് പ്രാർത്ഥിച്ചുകൊണ്ട് ഇതിന്റെ പിന്നിൽ അഹോരാത്രം പരിശ്രമിച്ച എല്ലാ സംഘാടകർക്കും അനുമോദനത്തിന്റെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു●

ശംഭോ മഹാദേവ

തുടർച്ച

# രാവണൻ അനഭിമതൻ-2



ഡോ.രാജേശ്വരി കുഞ്ഞമ്മ.

തിരിച്ചു ലങ്കയിലെത്തിയ രാവണൻ, തന്റെ മകൻ തോലുടുത്ത് കമണ്ഡലവും ജടാമകുടവും ധരിച്ച് യജ്ഞം നടത്തുന്നതായി കണ്ടു. അവിടെ ചെന്ന രാവണനോടു ശുക്രാചാര്യർ മേഘനാദൻ ഏഴു യജ്ഞങ്ങൾ പൂർത്തിയാക്കി, സാക്ഷാൽ പശുപതിയിൽനിന്നും വരങ്ങൾ വാങ്ങിയിരിക്കുന്നുവെന്നും പറഞ്ഞു. കൂടാതെ എവിടെയും എത്താവുന്ന ഒരു രഥവും താമസി എന്നു പേരുള്ള ഇരുട്ടുണ്ടാക്കുവൻ കഴിയുന്ന മായാവിദ്യയും നേടിയിരിക്കുന്നുവെന്നു പറഞ്ഞു. എല്ലാവരും ഭവനത്തിലേക്കു കയറി. രാവണൻ കൊണ്ടുവന്ന സ്ത്രീജനങ്ങളെ കണ്ട് വിഭീഷണൻ ദുഃഖിതനായി. ഇത്രയും സ്ത്രീകളുടെ ബന്ധുക്കളെ കൊന്നിട്ട് ഇവരെ കൊണ്ടുവന്നിരിക്കുന്നു. എന്നാൽ, നമ്മുടെ മാല്യവാൻ വല്യച്ഛന്റെ മകളുടെ മകളായ കുംഭീനസിയെ മധു എന്ന രാക്ഷസൻ പിടിച്ചുകൊണ്ടു പോയിയെന്നും ഇതുപാപഫലമാണെന്നും പറഞ്ഞു. രാവണൻ മരുത്തനെ തോൽപ്പിച്ച് അവിടെനിന്നും പോയി. പിന്നീടു ദേവന്മാരെ വെല്ലുവിളിക്കാൻ തുടങ്ങി. ഒന്നുകിൽ യുദ്ധം, അല്ലെങ്കിൽ തോൽവി സമ്മതിക്കുക. ഇതായിരുന്നു രാവണൻ പറഞ്ഞിരുന്നത്. ഭൂരിപക്ഷം രാജാക്കന്മാരും ദുഷ്യന്തൻ പുരുരവസ്, ഗാധി മുതലായ എല്ലാ രാജാക്കന്മാരും തോറ്റിരിക്കുന്നുവെന്നു പറഞ്ഞു. എന്നാൽ അയോദ്ധ്യയിലെ രാജാവായിരുന്ന അനരന്യൻ എന്ന രാജാവ് യുദ്ധത്തിനൊരുങ്ങി. ഏറെക്കാലം യുദ്ധം നടത്തി. അവസാനം സൈന്യങ്ങളെല്ലാം നശിച്ചപ്പോൾ രാജാവ് യുദ്ധത്തിനിറങ്ങി. രാവണസൈന്യത്തെ കുറെയൊക്കെ നശിപ്പിച്ചു. രാവണന്റെ നേർക്ക് അമ്പുകൾ തൊടുത്തുവിട്ടെങ്കിലും രാവണന് പരിക്കു പറ്റിയില്ല. രാവണൻ രാജാവിന്റെ നെറ്റിയിൽ അടിച്ചു. കുഴഞ്ഞു വീണ രാജാവിനോട് പരിഹാസമുയർത്തി. രാജാവു പറഞ്ഞു, രാജാവിനെ തോൽപ്പിച്ചത് രാവണനല്ലായെന്നും കാലമാണെന്നും തന്റെ ശക്തമായ ധ്യാനത്തിനു ശക്തിയുണ്ടെങ്കിൽ ഇക്ഷ്വാകുവംശത്തിൽ ദശരഥസുതനായി രാമൻ പിറക്കുമെന്നും അദ്ദേഹം നിന്റെ പ്രാണനെടുക്കുമെന്നും പറഞ്ഞു. അങ്ങനെ രാജാവിനെ വധിച്ചശേഷം രാവണൻ യാത്രയായി.

ഒരു ദിവസം രാവണൻ വഴിമദ്ധ്യേ നാരദരെ കണ്ടുമുട്ടി. കുശലപ്രശ്നങ്ങൾക്കുശേഷം നാരദർ പറഞ്ഞു, രാവണൻ എന്തിനാണ് സകല ക്ലേശങ്ങളും സഹിക്കുന്ന മനുഷ്യരെ കൊല്ലുന്നത്, ഇവരെല്ലാം മരിക്കേണ്ടവരാണ്. അതുകൊണ്ടവരെയല്ല, യമദേവനെയാണ് വധിക്കേണ്ടത്. ഇതുകേട്ട രാവണൻ താൻ യമപുരിക്ക് യുദ്ധത്തിനായി പോകുന്നുവെന്ന് പറഞ്ഞു. രാവണൻ ചെല്ലുന്നതിനു മുൻപുതന്നെ നാരദർ യമനെ വിവരം ധരിപ്പിച്ചു. അവസാനം യമന്റെ അനുയായികളും രാവണന്റെ യുദ്ധവീരന്മാരും ഏറ്റുമുട്ടി. യമൻ രാവണസമീപത്തെത്തി. യുദ്ധം കൊടുമ്പിരിക്കൊണ്ടു. അവസാനം യമൻ കാലദണ്ഡു പയോഗി ക്കാൻ തുടങ്ങി. ബ്രഹ്മാവ് അദ്ദേഹത്തെ തടഞ്ഞു. രാവണൻ ക്രോധാകുലനായി യുദ്ധത്തിനു പുറപ്പെട്ടു. അവിടെ ചെന്നപ്പോൾ കുംഭീനസിയെ കണ്ട രാവണൻ എന്താണു വേണ്ടതെന്നു ചോദിച്ചു. അപ്പോൾ തന്റെ ഭർത്താവിനെ കൊല്ലരുതെന്നും വൈധവ്യഭയമാണ് ഏറ്റവും വലുതെന്നും പറഞ്ഞു. ഇതുകേട്ട രാവണൻ ലോകം ജയിക്കാൻ പോകുകയാണെന്നു പറഞ്ഞ്. അങ്ങനെ അവിടെ നിന്നും കൈലാസത്തിലെത്തിച്ചേർന്നു. ആ രാത്രിയിൽ അന്തരീക്ഷം ആസ്വദിച്ചുകൊണ്ടിരുന്ന രാവണൻ രംഭയെന്ന അപ്സരസ് പോകുന്ന കാഴ്ച കാണാനിടയായി. രംഭയിൽ മോഹിതനായ രാവണൻ അവളോടു കാമാഭ്യർത്ഥന നടത്തി. താൻ രാവണന്റെ ഭ്രാതാവായ വൈസ്രവണന്റെ പുത്രനായ നളകുമ്പരന്റെ ഭാര്യയാണെന്നും തന്നെ രക്ഷിക്കുവാനുള്ള ചുമതല കൂടി രാവണനുണ്ടെന്നും പറഞ്ഞു. പക്ഷെ രംഭയെ പരിഹസിച്ച് അപ്സരസുകൾക്ക് ഭർത്താവില്ലെന്നു പറഞ്ഞ് അവളെ ഉപദ്രവിച്ചു. ഇതു മനസിലാക്കിയ നളകുമ്പരൻ രാവണൻ ഇനി സ്ത്രീയുടെ അനുവാദമില്ലാതെ അവളെ തൊട്ടാൽ തല ഏഴായി പൊട്ടിത്തെറിക്കുമെന്നു ശപിച്ചു. രാവണൻ ഇതറിഞ്ഞ് ഭയന്ന് ഭർതൃമതികളായ സ്ത്രീകളോടുള്ള സമീപനത്തിൽ മാറ്റം വരുത്തി.

ഇതിനുശേഷം രാവണൻ ഇന്ദ്രലോകത്തുചെന്ന് യുദ്ധകാഹളം മുഴക്കി. ദേവേന്ദ്രൻ വിഷ്ണുവിനെ അഭയം പ്രാപിച്ചു. രാവണൻ ബ്രഹ്മദേവന്റെ വരത്തി

ന്റെ ബലത്തിലാണെന്നും ഇപ്പോഴല്ല, മറ്റൊരവസരത്തിൽ ഞാൻ അവന്റെ മൃത്യുവിനു കാരണമായി ഭവിക്കുമെന്നും വിഷ്ണു പറഞ്ഞു.

യുദ്ധം കൊടുമ്പിരിക്കൊണ്ടു. രണ്ടുഭാഗത്തും നഷ്ടമുണ്ടായി. വസുവിനാൽ സുമാലി വധിക്കപ്പെട്ടു. വരലബ്ധിയായ രഥത്തിൽ മേഘനാഥനും ഇന്ദ്രന്റെ മകൻ ജയന്തനും നേർക്കുനേർ യുദ്ധം ചെയ്തു. ഒരു സമയത്ത് വീര്യനായ പുലോമാവ് എന്ന ദൈത്യേന്ദ്രൻ ജയന്തനേയും കൊണ്ട് കടലിൽ ഏറ്റുമുട്ടി. മേഘനാഥൻ മായാപ്രയോഗത്താൽ ഇന്ദ്രനെ പരിഭ്രാന്തനാക്കി മായകൊണ്ടു ബന്ധിച്ചു ബന്ധനത്തിലാക്കി. മുറിവേറ്റ രാവണനെകണ്ട് അദൃശ്യനായി നിന്നുകൊണ്ട് മേഘനാഥൻ രാവണനോട് യുദ്ധം മതിയാക്കാൻ പറഞ്ഞു. മൂന്നു ലോകവും രാവണനു ഭരിക്കാമെന്നു കൂടി പറഞ്ഞപ്പോൾ സന്തോഷവാനായ രാവണൻ ഇന്ദ്രനെ രഥത്തിൽ കൊണ്ടുപോകാനും താൻ പുറകേ എത്തിക്കോളാമെന്നും പറഞ്ഞു. അങ്ങനെ മേഘനാഥൻ ഇന്ദ്രനെ കീഴടക്കി ലങ്കാപുരിയിലെത്തി. പ്രജാപതി രാവണനെ സമീപിച്ച് പുകഴ്ത്തി. മേഘനാഥനേയും പുകഴ്ത്തി, ദേവേന്ദ്രനെ മോചിപ്പിക്കാനാവശ്യപ്പെട്ടു. ഇനിമേലിൽ രാവണപുത്രൻ ഇന്ദ്രജിത്ത് എന്ന പേരിലറിയപ്പെടുമെന്നും പറഞ്ഞു. അതിനു പ്രതിഫലമായി അമരത്വം ആവശ്യപ്പെട്ടു. ലോകത്ത് ഒരു ദേഹിക്കും അമരത്വമില്ലെന്നു ബ്രഹ്മാവു പറഞ്ഞു. വീണ്ടും മേഘനാഥൻ, അഗ്നിയെ പൂജിച്ചു.പോരിലേക്കിറങ്ങുമ്പോൾ തനിക്കുഅഗ്നിയിൽ നിന്നും അശ്വയുക്തമായ ഒരു രഥം ലഭിക്കണമെന്നും അതിലിരുന്നു പൊരുതുന്നിടത്തോളം അമരത്വം ഉണ്ടായിരിക്കണമെന്നും തീയിൽ മന്ത്രഹവനം തീരുംമുമ്പേ പൊരുതാനിറങ്ങിയാൽ വിനാശം ഉണ്ടായിക്കൊള്ളട്ടെയെന്നുമുള്ള വരവും കൂടി ആവശ്യപ്പെട്ടു. ബ്രഹ്മാവ് സമ്മതിച്ചു. ഇന്ദ്രൻ പരാജയബോധം മൂലം വിഷണ്ണനായി. അപ്പോൾ ബ്രഹ്മാവ് അഹല്യയുടെ കഥ ഇന്ദ്രനെ ഓർമ്മിപ്പിച്ചു. ബ്രഹ്മാവ് സൃഷ്ടിസമയത്ത് ഒരേപോലുള്ള (ഭാഷയിലും രൂപത്തിലും ഭാവത്തിലും) ആളുകളെ സൃഷ്ടിച്ചു. അവരിൽനിന്നും വ്യത്യസ്തതയുണ്ടാക്കാനായി നല്ല രൂപഗണങ്ങളെടുത്ത് ഒരു സ്ത്രീയെ സൃഷ്ടിച്ചു. അതാണ് അഹല്യ. അവളെ ഗൗതമമഹർഷിക്കു നൽകി. ഇതിൽ ദേവന്മാർ നിരാശരായി. ഇന്ദ്രൻ അവളിൽ അനുരക്തനായി മഹർഷ്യാശ്രമത്തിൽ ഗൗതമന്റെ രൂപത്തിൽ പ്രവേശിച്ചു. അഹല്യയെ ബലാൽക്കാരം ചെയ്തു. ഇതറിഞ്ഞ മഹർഷി ഇന്ദ്രനെ ശത്രുക്കളുടെ പട്ടികയിൽ പെടുത്തുമെന്നും അഹല്യയെ കല്ലായി തീരാനും ശപിച്ചു. ഈ ദുർബുദ്ധി മനുഷ്യനിലും കാണുമെന്നും നീ സ്ഥിരമായി ഒരിടത്തും ഇരിക്കയില്ലയെന്നും ശപിച്ചു. ഇതുമൂലമാണ് ശത്രുവിന്റെ പിടിയിൽ പെട്ടതെന്നും മകൻ ജയന്തനെ മുത്തച്ഛൻ സമുദ്രത്തിൽ ഒളിപ്പിച്ചിരിക്കുകയാണെന്നും പറഞ്ഞു.

രാവണൻ വീണ്ടും ചുറ്റിക്കറങ്ങാൻ തുടങ്ങി. അങ്ങനെ സ്വർണ്ണംപോലെ ശോഭിക്കുന്ന മാഹിഷ്മതിയെന്ന സ്ഥലത്തെത്തി അവിടെ അർജ്ജുനൻ എന്ന രാജാവ് ഭരിച്ചിരുന്നു. അദ്ദേഹം ജലക്രീഡക്കായി പോയ സമയം രാവണൻ അവിടെ ചെന്ന് യുദ്ധത്തിനു വെല്ലു വിളിച്ചു. അദ്ദേഹം അവിടെയില്ലായെന്നു മനസിലാക്കിയ രാവണൻ നർമ്മദാ നദീതീരത്തെത്തി വിശ്രമിച്ചു. രാവണൻ ശിവഭക്തനാണല്ലോ. പോകുന്നിടത്തൊക്കെ ശിവലിംഗം കൂടെ കൊണ്ടുപോകും. സന്ധ്യാവന്ദന സമയമായി. അദ്ദേഹം പൂജ തുടങ്ങി. ഈ സമയം കാർത്തവീരാർജ്ജുനൻ ജലക്രീഡ നടത്തുകയായിരുന്നു. ശക്തനായ കാർത്തവീരാർജ്ജുനൻ കൈകൾ കൊണ്ട് നർമ്മദയെ തടഞ്ഞുനിർത്തി. വെള്ളം കിഴക്കോട്ടൊഴുകാൻ തുടങ്ങി. ഈ വെള്ളം രാവണന്റെ പൂജാപുഷ്പങ്ങളെ അടിച്ചൊഴുക്കിക്കൊണ്ടുപോയി. ഭൃത്യന്മാരോടു കാരണമന്വേഷിക്കാൻ പറഞ്ഞു. അവർ കാർത്തവീരാർജ്ജുനൻ തന്റെ ആയിരം കൈകൾകൊണ്ട് നദിയുടെ ഗതി മാറ്റിയെന്നു പറഞ്ഞു. രാവണൻ യുദ്ധത്തിനൊരുമ്പെട്ടു. യുദ്ധം തുടങ്ങി. ഒടുവിൽ അർജ്ജുനൻ രാവണനെ ബന്ധിയാക്കി . രാവണനേയും കൊണ്ട് തന്റെ രാജ്യത്തിലേക്കു പോയി. രാവണനെ പിടിച്ചുകെട്ടിയതറിഞ്ഞ പുലസ്ത്യമഹർഷി പുത്രസ്നേഹത്താൽ മാഹിഷ്മതിപുരിയിലെത്തി രാവണനെ മോചിപ്പിക്കണമെന്നപേക്ഷിച്ചു. അർജ്ജുനൻ അനുസരിച്ചു. ദിവ്യാഭരണങ്ങളും മറ്റും നൽകി ഇനി ഇവർതമ്മിൽ ആക്രമിക്കയില്ലാ എന്നു പ്രതിജ്ഞ ചെയ്ത് രാവണനെ മോചിതനാക്കി. പക്ഷെ രാവണൻ ഇതുകൊണ്ടൊന്നും അടങ്ങിയില്ല. അയാൾ കിഷ്ക്കന്ധാ രാജാവായ ബാലിയെ യുദ്ധത്തിനു ക്ഷണിക്കാൻ കിഷ്ക്കന്ധയിലെത്തി. ബാലി അവിടെയില്ലായെന്നും ഇപ്പോൾ തന്നെ യുദ്ധം ചെയ്യണമെങ്കിൽ ദക്ഷിണസാഗരത്തിലേക്കു പോവുക എന്നു ബാലിയുടെ ഭാര്യ താരയുടെ പിതാവ് താരൻ എന്ന വാനരൻ പറഞ്ഞു. ഇതു കേട്ട രാവണൻ താരനെ നിന്ദിച്ച് പുഷ്പകത്തിലേറി തെക്കേ സാഗരത്തിലേക്കു പോയി. അവിടെ വെച്ചു ബാലിയെ കണ്ടു. സന്ധ്യോപാസനയിൽ മുഴുകിയിരിക്കുന്ന ബാലിയെ പിടിക്കുവാനായി രാവണനൊരുങ്ങി. ഇതറിഞ്ഞ ബാലി, അറിഞ്ഞ ഭാവം കാണിക്കാതെ കാത്തിരുന്നു. അടുത്തെത്തിയപ്പോൾ ബാലി പിന്നോട്ടാഞ്ഞ് രാവണനെ ഊക്കോടെ പിടിച്ച് കക്ഷത്തിലിടുക്കി

സഞ്ചരിച്ച് പശ്ചിമസാഗരത്തിലെത്തി. കക്ഷത്തിൽ രാവണനെ ഇറുക്കി പിടിച്ചുകൊണ്ട് ഉത്തരസാഗത്തിലേക്കു പോകാനുയർന്നു. അവിടെ ഉപാസിച്ചതിനു ശേഷം അവിടെനിന്നും പൂർവ്വസാഗരത്തിലേക്കു പോയി. അവിടെനിന്നും കിഷ്കിന്ധയിലേ ക്കും പോയി. അങ്ങനെ നാലാഴിയിലും സന്ധ്യാവന്ദനത്തിനുശേഷം കിഷ്കിന്ധയിലെ ഉപവനത്തിൽ ചാടിയിറങ്ങി. രാവണനെ ഇറക്കിയതിനുശേഷം ആരാണെന്നും മറ്റും അന്വേഷിച്ചു. സ്നേഹസംഭാഷണം നടത്തിയെന്നും രാവണൻ അവിടെ ഒരു മാസം വസിച്ചുവെന്നും വാത്മീകി വർണ്ണിക്കുന്നു. അവിടെനിന്നും വീണ്ടും യുദ്ധകാഹളം മുഴക്കിയും സാധാരണക്കാരെ കൊന്നും തിന്നും രാവണൻ കാലം നീക്കി.

രാമനും ലക്ഷ്മണനും സീതയും വനവാസത്തിലായിരുന്ന കാലത്ത് അഗസ്ത്യമുനിയുടെ അനുഗ്രഹത്താൽ പഞ്ചവടിയിൽ താമസിച്ചു. അവിടെവെച്ചാണ് ജടായുവിനെ കണ്ടതും ഈ ജടായു രാവണന്റെ സീതാപഹരണത്തിൽ തടഞ്ഞുവെന്നതും നാം കേട്ടിരിക്കുന്നത്. ഇതേകാലത്ത് രാക്ഷസരാജാവിന്റെ അനുജത്തി ശൂർപ്പണഖ ഇവിടെ വെച്ച് രാമനെ കാണുന്നു. രാമന്റെ വിവരങ്ങൾ ആരായുകയും താനാരാണെന്ന് രാമനെ ധരിപ്പിക്കുകയും ചെയ്യുന്നു. രാമനെ ഭർത്താവായി ലഭിക്കണമെന്നു കൂടി പറയുന്നു. രാമൻ താൻ ഭാര്യാസമേതനാണെന്നും ലക്ഷ്മണനെ വേണമെങ്കിൽ സ്വീകരിക്കു എന്നുകൂടി പറഞ്ഞു. ദണ്ഡകവനത്തിൽ രാവണൻ പറഞ്ഞതനുസരിച്ച് ഖരന്റെ സഹായത്താൽ താമസിക്കുകയായിരുന്നല്ലോ ശൂർപ്പണഖ. രാമന്റെ പരിഹാസം മനസിലാക്കാതെ ശൂർപ്പണഖ സീതയെ ഭക്ഷിക്കുന്നതിനായി ശ്രമിച്ചു. ലക്ഷ്മണനോടു സീതയെ രക്ഷിക്കാൻ രാമൻ പറഞ്ഞു. ലക്ഷ്മണൻ ദേഷ്യം പൂണ്ട് വാളൂരി അവളുടെ കാതും മൂക്കും ഛേദിച്ചു വിട്ടു. ഇവൾ അവിടെനിന്നും ഖരന്റെ സമീപമെത്തി വിവരങ്ങൾ ധരിപ്പിച്ചു. ക്രൂദ്ധനായ ഖരൻ സൈന്യത്തെ അയച്ചു. അവരെയെല്ലാം രാമൻ  കൊന്നു. ഒടുവിൽ ഖരൻ സൈന്യങ്ങളോടുകൂടി ചെന്നു. രാമൻ സീതയെ ലക്ഷ്മണനോടൊപ്പം സുരക്ഷിതമായ ഗുഹയിലേക്ക് പറഞ്ഞയച്ചു. രാമൻ രാക്ഷസരെ നേരിട്ടു. ഘോരയുദ്ധത്തിനൊടുവിൽ ഇന്ദ്രൻ കൊടുത്ത ആയുധംകൊണ്ട് ഖരനെ കൊന്നു. ഖരന്റെ അനുയായി ആയ അകമ്പനൻ എന്ന രാക്ഷസൻ ഇവിടെനിന്നും ഓടി ലങ്കയിലെത്തി രാവണനെ വിവരം ധരിപ്പിച്ചു. മൂന്നുപേരേയും കുറിച്ചു സവിസ്തരം പറഞ്ഞു. മഹാവനത്തിൽ മൂന്നു പേരേയും വേർപിരിച്ച് സീതയെ അപഹരിക്കുവാനുപദേശിച്ചു. രാവണൻ ഉടൻതന്നെ തേരിൽ കയറി പുറപ്പെട്ടു. വഴിയിൽ മാരീചനെ കണ്ടു സഹായമർത്ഥിച്ചു. മാരീചൻ രാവണന്റെ ഉദ്യമത്തിന് സമാധാനം നൽകി മടക്കി അയച്ചു. പക്ഷെ ശൂർപ്പണഖ കൂർത്ത വാക്കുകൾ കൊണ്ട് രാവണനെ വീണ്ടും ക്രൂദ്ധനാക്കി. രാവണൻ സന്നാഹങ്ങളോടു കൂടി പിന്നെയും പുറപ്പെട്ടു. വീണ്ടും മാരീചൻ രാവണനെ തടഞ്ഞു. പക്ഷെ രാവണൻ കൂട്ടാക്കിയില്ല. മാരീചനെക്കൊണ്ട് മൃഗമായി മാറി സീതയെ മോഹിപ്പിക്കുവാൻ കൂടി പറഞ്ഞു. അങ്ങനെ രാവണൻ സീതാപഹരണം നടത്തിയ കഥ പ്രസിദ്ധമാണല്ലോ. രാമരാവണയുദ്ധത്തിൽ ഇന്ദ്രജിത്ത് മായാസീതയെ രഥത്തിലിരുത്തി വധിക്കുന്നതായി കാണിച്ചു.. ഇന്ദ്രജിത്ത് ഹവ്യം ഹോമിച്ച് പല യജ്ഞങ്ങളും നടത്തി. കൂടുതൽ ബലവാനാവാൻ ശ്രമിച്ചു. ഇന്ദ്രജിത്ത് ബ്രഹ്മാവിന്റെ പക്കൽ നിന്നും ബ്രഹ്മശിരസ് എന്ന ദിവ്യാസ്ത്രം നേടിയിട്ടുണ്ടെന്നും യജ്ഞം പൂർത്തിയാക്കിയാൽ അവൻ വിജയിക്കുമെന്നും വിഭീഷണൻ ഓർമ്മിപ്പിച്ചു. യുദ്ധം തുടങ്ങി. ലക്ഷ്മണൻ ഇന്ദ്രജിത്തിനേയും ഇന്ദ്രജിത്ത് ലക്ഷ്മണനേയും മുറിവേൽപിച്ചുകൊണ്ടിരുന്നു. ഇന്ദ്രജിത്ത് തേരിൽനിന്നും പുറത്തായി. ഇവിടെ നമുക്കോർമ്മ വരുന്ന ഒരു കാര്യം, ഇന്ദ്രജിത്ത് ബ്രഹ്മാവിന്റെ കയ്യിൽ നിന്നും വാങ്ങിയ ഒരു വരം, താൻ രഥത്തിലിരുന്ന പൊരുതുന്നിടത്തോളം കാലം അമരനായിരിക്കണമെന്നായിരുന്നു.  തേരിൽനിന്നും പുറത്തായ ഇന്ദ്രജിത്തിന്റെ നേർക്ക് ലക്ഷ്മണൻ ഐന്ദ്രാസ്ത്രത്തെ ശരത്തിൽ ജപിച്ചുചേർത്ത് അയക്കുകയും ഇന്ദ്രജിത്ത് വധിക്കപ്പെടുകയും ചെയ്തു. ഇതിനു മുൻപുതന്നെ പ്രഹസ്തനുംനികുംഭനും കുംഭകർണ്ണനും കുംഭനും ധൂമ്യാക്ഷനും തുടങ്ങിയ പ്രമുഖരെല്ലാം തന്നെ വധിക്കപ്പെട്ടിരുന്നു. പുത്രൻ വധിക്കപ്പെട്ടപ്പോൾ തന്നെ രാവണൻ ഹതനായി കഴിഞ്ഞിരിക്കുന്നു എന്ന് എല്ലാവരും പറഞ്ഞു. രാവണൻ പറഞ്ഞു, ഇന്നു മൂന്നു ലോകങ്ങളും കാനനങ്ങളോടു കൂടിയ ഭൂമി ഒട്ടാകെ എനിക്കു ശൂന്യമായി തോന്നുന്നുവല്ലോ. പുത്രന്റെ വേർപാട് രാവണനെ കൂടുതൽ കോപാകുലനാക്കി. രാവണൻ സീതാവധത്തിനു വരെ തയാറായി എന്നാണ് വാല്മീകി വിവരിക്കുന്നത്. ഇതുകണ്ട മന്ത്രി സുപാർശ്വൻ രാവണനെ തടഞ്ഞു. യുദ്ധം വീണ്ടും തുടങ്ങി. ആയിരക്കണക്കിന് ആളുകളും മൃഗങ്ങളും ചത്തൊടുങ്ങി. ഭർത്താവും മകനുമൊക്കെനഷ്ടപ്പെട്ട വിധവകൾ ശൂർപ്പണഖയേയും രാവണനേയും കുറ്റം പറഞ്ഞു. മനുഷ്യന് തുലോം വിലകൊടുക്കാതിരുന്ന രാവണൻ മനുഷ്യന്റെ കയ്യിൽനിന്നും മരണം വരാതിരിക്കാനുള്ള വരം നേടിയില്ല. അവസാനം രാവണൻ യുദ്ധത്തിനായി പുറപ്പെട്ടു. രാമരാവണയുദ്ധം കൊടുമ്പിരിക്കൊണ്ടു. രാവണന്റെ  ബാണത്താൽ

ലക്ഷ്മണന്റെ ശരീരം മുറിവേറ്റു. ഭൂമിയിൽനിന്നും പൊരുതുന്ന രാമനും തേരിലേറി യുദ്ധം ചെയ്യുന്ന രാവണനേയും കണ്ട ദേവേന്ദ്രൻ മാതലിയെ വിളിച്ച് രഥം കൊടുത്തയച്ചു. രാമൻ രഥത്തിലേറി. യുദ്ധത്തിൽ രണ്ടുഭാഗത്തും മുറിവും നഷ്ടവുമുണ്ടായി. ഇതുകണ്ട അഗസ്ത്യമുനി ആദിത്യഹൃദയമെന്ന സർവ്വപുണ്യ ശത്രുവിനാശകമായ സ്ത്രോത്രം ഉപദേശിച്ചു കൊടുത്തു. രാമൻ മന്ത്രം ധ്യാനിച്ച് വില്ലെടുത്തു. രാമനയച്ച അമ്പ് രാവണന്റെ രഥത്തിന്റെ കൊടി മുറിച്ചു. രാവണൻ കൂടുതൽ ക്രൂദ്ധനായി യുദ്ധം തുടങ്ങി. രാമൻ രാവണന്റെ തല ഛേദിച്ചു. അങ്ങനെ രാമരാവണയു ദ്ധം ഇടതടവില്ലാതെ തുടർന്നു. തേരാളി മാതലിയുടെ അഭിപ്രായത്താൽ അഗസ്ത്യമുനി കൊടുത്ത ബ്രഹ്മാസ്ത്രം ഉപയോഗിക്കുവാൻ തീരുമാനിച്ചു. ആ ശരം രാവണനെ കൊന്നിട്ട് തിരിച്ചുവന്ന് ആവനാഴിയിൽ പ്രവേശിച്ചു. രാവണൻ രഥത്തിൽ നിന്നും ഭൂമിയിലേക്ക് പതിച്ചു. ദേവന്മാർ ആഹ്ളാദിച്ചു. മരിച്ചുകിടക്കുന്ന രാവണന്റെ ശരീരം കണ്ട് വിഭീഷണൻ വേദനിച്ചു. രാമന്റെ നിർദ്ദേശപ്രകാരം സ്വർഗ്ഗതി ക്കായുള്ള കർമ്മങ്ങൾ അനുഷ്ഠിക്കാൻ ശ്രമിച്ചു. അന്തഃപുരത്തിലെ രാക്ഷസികൾ വിലപിച്ചു. മണ്ഡോദരി പറഞ്ഞു, അങ്ങ് ആഗ്രഹിച്ച മൈഥിലി ഇനി രാമനോടൊത്തും ഞാൻ ബന്ധുജനങ്ങൾ നഷ്ടപ്പെട്ടവളുമായി. ഇങ്ങനെ ഓരോന്നും പറഞ്ഞ് ബോധം കെട്ടു രാവണന്റെ മാറിൽ വീണു. രാമന്റെ വാക്കുകൾ കേട്ട് വിഭീഷണൻ രാവണനു യോജിച്ച വിധത്തിൽ സംസ്കാരകർമ്മങ്ങൾ നടത്തി. രാവണവധം ദേവഗന്ധർവ്വദാനവന്മാർ ആഘോഷിച്ചു. വിഭീഷണൻ ലങ്കാധിപനായി. അങ്ങനെ രാവണയുഗം അവസാനിച്ചു. ശ്രീരാമൻ ദുഃഖിതനായി നിന്ന വിഭീഷണനോട് എഴുത്തച്ഛന്റെ വാക്കുകളിൽ പറഞ്ഞതെന്താണെന്നോ,

എന്നോടഭിമുഖനായ്നിന്നു പോർചെയ്തു

നന്നായ് മരിച്ച മഹാശൂരനാണിവൻ

എന്നാണ്. അതുകൊണ്ട് തീർച്ചയായും വീരസ്വർഗ്ഗം പ്രാപിക്കുമെന്നും ശ്രീരാമബാണങ്ങളാൽ ദോഷങ്ങളെല്ലാം ഒടുങ്ങിയെന്നും പറഞ്ഞു. ഐതിഹാസികമായ ധീരനായ രാക്ഷസ രാജാവിന്റെ അന്ത്യം അങ്ങനെ സംഭവിച്ചു.

(മഹാവിഷ്ണുവിന്റെ കാവൽക്കാരായ ജയവിജയന്മാരുടെ സമീപം അശ്വനീപുത്രന്മാരായ സനൽകുമാരനും സഹോദരങ്ങളും എത്തി തങ്ങൾക്ക് മഹാവിഷ്ണുവിനെ ഉടൻ കാണണമെന്നു പറഞ്ഞു. ഭഗവാൻ വിശ്രമത്തിലാണെന്നും ക്ഷമിക്കണമെന്നും കാവൽക്കാർ ഇവരോടു പറഞ്ഞു. കോപാകുലരായ അശ്വനീപുത്രന്മാർ ജയവിജയന്മാരെ ശപിച്ചു. അപ്പോൾ അവിടെ പ്രത്യക്ഷപ്പെട്ട മഹാവിഷ്ണു ശാപത്തിന് ഒരു കാലം നിശ്ചയിക്കാൻ ആയി ഒരു കാര്യം അവരോടു ചോദിക്കുന്നു. ഒന്നുകിൽ 7 ജന്മം ഹരിഭക്തന്മാരായി കറങ്ങിനടക്കണം. അല്ലെങ്കിൽ 3 ജന്മം ഹരിയുടെ ശത്രുവായി മാറി ഹരിയാൽ മരണം സംഭവിച്ച് മുക്തിയടയണം. ജയവിജയന്മാർ രണ്ടമത്തേതു സ്വീകരിച്ചു. 3 ജന്മം മതിയല്ലോ അകൽച്ചയെന്നും മൂന്നു പ്രാവശ്യം വിഷ്ണുവിന്റെ കൈകളാൽ അന്ത്യം സംഭവിച്ചു മോക്ഷം പ്രാപിക്കുമല്ലോ എന്നുമവർ പറഞ്ഞു. ഹിരണ്യകശിപുവായി വരുമ്പോൾ നരസിംഹാവതാരവും ത്രേതായുഗത്തിൽ രാവണവധത്തിന് രാമനായും ദ്വാപരയുഗത്തിൽ ശിശുപാലനെ കൊല്ലാൻ ശ്രീകൃഷ്ണനായും അവതരിക്കുമെന്നും മഹാവിഷ്ണു പറഞ്ഞു. ഈ കാര്യങ്ങളെല്ലാം തന്നെ ലങ്കയിൽ അശോകമരത്തിനടിയിലിരുന്ന സീതയെ പാർവ്വതീദേവി സ്വപ്നത്തിൽകൂടി ധരിപ്പിച്ചിരുന്നുവെന്നും കഥയുണ്ട്.)● (തുടരും)


# വിഷുസദ്യ

**എറണാകുളം കരയോഗം ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ധനശേഖരണാർത്ഥം**
**വിഷുസദ്യകിറ്റ് വിതരണം ചെയ്യുന്നു**

2017 ഏപ്രിൽ 14 (വെള്ളി) വിഷുദിനത്തിൽ സദ്യകിറ്റ് ലഭിക്കും. വിഷുകിറ്റിൽ സാമ്പാർ, കാളൻ, അവിയൽ, ഓലൻ, എരിശ്ശേരി, മെഴുക്കുപുരട്ടി, അച്ചാർ, പാലട, പരിപ്പ്പ്രഥമൻ (ചോറ് ഒഴികെ) എന്നിവ ഉണ്ടായിരിക്കും. ആയതിന് 800 രൂപ കരയോഗം ഓഫീസിൽ നൽകി മുൻകൂർ ബുക്കു ചെയ്യേണ്ടതാണ്.

ഏപ്രിൽ 9 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ വിഷു സദ്യകിറ്റിന് കരയോഗം ഓഫീസിൽ മുൻകൂറായി പണം അടയ്ക്കാവുന്നതാണ്. മുൻകൂർ പണം അടച്ച് ബുക്കു ചെയ്യുന്നവർക്ക് മാത്രമേ ഏപ്രിൽ 14ന് വിഷുദിനത്തിൽ സദ്യകിറ്റ് രാവിലെ 9 മണി മുതൽ 10 മണി വരെ ലഭിക്കുകയുള്ളൂ എന്ന് അറിയിച്ചു കൊള്ളുന്നു. ഏപ്രിൽ 10,11,12,13,14 ദിവസങ്ങളിൽ പാലട പ്രഥമൻ, കാളൻ, പുളിയിഞ്ചി, മറ്റു അച്ചാറുകൾ എന്നിവ ടി.ഡി.എം ഹാളിൽ പ്രത്യേകം സജ്ജീകരിച്ച കൗണ്ടറിൽ നിന്ന് ലഭിക്കുന്നതായിരിക്കും.

ജനറൽ സെക്രട്ടറി

# കൊച്ചിമെട്രോ



യു.എസ്. രവീന്ദ്രൻ

കേരളത്തിലെ ഏറ്റവും തിരക്കു കൂടിയ നഗരമായി തീർന്നിരിക്കുകയാണ് കൊച്ചി. അന്തർദേശിയ വിമാനത്താവളവും, തുറമുഖവും, കണ്ടെയ്നർടെർമിനലും മറ്റും ലോകഭൂപടത്തിൽ കൊച്ചല്ലാത്ത ഒരു സ്ഥാനം കൊച്ചിക്ക് നേടികൊടുത്തിട്ടുണ്ട്, ജനസാന്ദ്രത ഏറ്റവും കൂടുതലുള്ള ജില്ലയാണ് കൊച്ചി. റോഡുകൾ വീതി കുറഞ്ഞവയും തിരക്കു കൂടിയതുമാണ്. മണിക്കൂറുകളോളം നീണ്ടു നിൽക്കുന്ന ഗതാഗത കുരുക്കുകൾ കൊച്ചിയിലുടെയുള്ള യാത്ര ദുഃസ്സഹമാക്കുന്നു . കഴിഞ്ഞ അഞ്ചു വർഷത്തിന് മുമ്പുണ്ടായിരുന്നതിനേക്കാൾ നാലു ചക്രവാഹനങ്ങൾ മൂന്നിരട്ടിയും ഇരുചക്ര വാഹനങ്ങൾ നാലിരട്ടിയായും വർദ്ധിച്ചിട്ടുണ്ടെന്ന് കണക്കുകൾ സുചിപ്പിക്കുന്നു. കൊച്ചി മെട്രോ ഗതാഗത പ്രശ്നങ്ങൾക്ക് ഒരു ശാശ്വത പരിഹാരവുമായി 2017 അവസാനത്തോടെ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു തുടക്കത്തിൽ പാലാരിവട്ടംവരേയും കാലക്രമേണ മാഹാരാജാസ്, വൈറ്റില പേട്ടവരേയും മെട്രോസേവനം കൊച്ചിക്കാർക്ക് ലഭിക്കുന്നതാണ്. ചില ഭാഗങ്ങളിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിച്ചിട്ടുണ്ട്. മറ്റു ചില സ്റ്റേഷനുകളുടെ നിർമ്മാണങ്ങൾ ധൃതഗതിയിൽ പുരോഗമിക്കുന്നു. പലയിടത്തും നിർമ്മാണ പ്രവർത്തനങ്ങൾ മൂലം വളരെ യാത്രാക്ലേശങ്ങൾ അനുഭവിക്കുന്ന കൊച്ചിക്കാരുടെ സഹകരണമനോഭാവം അഭിനന്ദനമർഹിക്കുന്നതാണ്.

ആലുവ മുതൽ പേട്ടവരെയുള്ള ആയിരത്തി അഞ്ഞൂറോളം കോൺക്രീറ്റ് തൂണുകളെ പരസ്പരം ബന്ധിപ്പിച്ച് കൊണ്ട് സ്ഥാപിക്കുന്ന മെട്രോ റെയിൽ ഏറ്റവും നൂതനമായ സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നത് മെട്രോ ട്രെയിനുകൾക്കും സബ്ബ്സ്റ്റേഷനുകൾക്കും വേണ്ട വൈദ്യുതോർജ്ജം കേരളസ്റ്റേറ്റ് ഇലട്രിസിറ്റിബോർഡിന്റെ വൈദ്യുതിയുടെ സിരാകേന്ദ്രമായ കളമശ്ശേരി സബ്സ്റ്റേഷനാണ് നൽകുന്നത്. കളമശ്ശേരി സബ്സ്റ്റേഷനിൽ നിന്നും മൂന്നര കിലോമീറ്ററോളം ദൂരത്തിൽ ഇട്ടിരിക്കുന്ന ഭൂഗർഭ കേബിളുകൾ വഴി 110,000 വോൾട്ട് (110 KV) ശക്തിയുള്ള വൈദ്യുതോർജ്ജം മുട്ടത്തുള്ള മെട്രോ മെയിൻ യാർഡിൽ എത്തുന്നു. ഭൂനിരപ്പിൽ നിന്നും അഞ്ചടിയോളം താഴ്ചയിലാണ് ഈ ഭൂഗർഭ കേബിളുകൾ മൂന്നര കിലോമീറ്റർ ദൂരത്തിൽ കുഴിച്ചിട്ടിട്ടുള്ളത്. കാറ്റ്, മഴ ,ഇടിമിന്നൽ തുടങ്ങിയ പ്രതികൂലകാലാവസ്ഥ മെട്രോ പ്രവർത്തനത്തെ ബാധിക്കാതെ ഇരുപത്തിനാലു മണിക്കൂറും വൈദ്യുതി ഉറപ്പുവരുത്താനാണ് ഭൂഗർഭ കേബിളുകൾ ഉപയോഗിച്ചിട്ടുള്ളത്. ഒരു സെറ്റ് (3എണ്ണം) കേബിളുകൊണ്ട് പൂർണ്ണ അളവിൽ ഊർജ്ജം ലഭിക്കുമെങ്കിലും വൈദ്യുതി ലഭ്യതയുടെ ഇരട്ടി ഉറപ്പിനുവണ്ടി രണ്ട സെറ്റ് (6 എണ്ണം) കേബിളുകൾ ഉപയോഗിച്ചിരിക്കുന്നു.

മെട്രോയാധിനകത്തെ വൈദ്യുതി സബ്സ്റ്റേഷൻ പരിപൂർണ്ണമായി എയർകണ്ടീഷൻ ചെയ്ത ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനാണ്. തുറന്ന സ്ഥലത്ത് ഒരു സാധാരണ സബ്സ്റ്റേഷൻ സ്ഥാപിക്കുവാൻ കുറഞ്ഞത് 60 സെന്റ് സ്ഥലമെങ്കിലും വേണം എന്നാൽ മെട്രോ സബ്സ്റ്റേഷൻ ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനായതുകൊണ്ട് 150 ചതുരശ്രമീറ്റർ മാത്രം വിസ്യതിയുള്ള ഒരു മുറിയിൽ എല്ലാ ഉപകരണങ്ങളും ഉൾകൊള്ളിച്ചിരിക്കുന്നു. ഉയർന്ന വോൾട്ടേജിലുള്ള വൈദ്യുത ചാലകങ്ങളെ സൾഫർ ഹെർസാഫ്ളൂറൈഡ് എന്ന ഉയർന്ന മർദ്ദത്തിലുള്ള വാതകം ഇൻസുലേറ്റ് ചെയ്യുന്നു എന്നതാണ്. ഗ്യാസ് ഇൻസുലേറ്റഡ് സബസ്റ്റേഷന്റെ പ്രത്യേകത. 110,000 വോൾട്ടിൽ കളമശ്ശേരി സബ്സ്റ്റേഷനിൽ നിന്നും മുട്ടം സബ്സ്റ്റേഷനിൽ എത്തിച്ചേരുന്ന വിദ്യുച്ഛക്തി നിയന്ത്രസുരക്ഷണ (Control) ഉപാധികൾക്ക് വിധേയമായി 25000 കെ വി എ കപ്പാസിറ്റിയുള്ള രണ്ടു ട്രാൻസ്ഫോർമറുകളിൽ പ്രവേശിക്കുന്നു. ഈ ട്രാൻസ്ഫോർമറുകളിൽ110,000 വോൾട്ടിനെ 33000 വോൾട്ടാക്കി (step down) കുറക്കുന്നു.

ഇവിടെ നിന്നും 33000 വോൾട്ടിലുള്ള കേബിളുകൾ ആലുവ മുതൽ പേട്ടവരെയുള്ള ഇരുപത്തിരണ്ട് സ്സ്റ്റേഷനുകളിൽ വൈദ്യുതി എത്തിക്കുന്നു.കോൺക്രീറ്റ് തൂണുകളിൽ സ്ഥാപിച്ചിരിക്കുന്ന റെയിലുകളുടെ ഒരു വശത്തുകൂടി 22 കിലോമീറ്റർ നീളത്തിൽ ഈ കേബിളുകൾ സ്ഥാപിച്ചിരിക്കുന്നു.ആലുവ മു

തൽ പേട്ട വരെയുള്ള 22 സ്റ്റേഷനിൽ ഓരോ സ്റ്റേഷനിലും 2 ട്രാൻസ്ഫോർമറുകൾ വീതം സ്ഥാപിച്ചിരിക്കുന്നു . അതിൽ ഒരെണ്ണം അവിടെ കേബിളുകൾ വഴി എത്തിചേരുന്ന 33000 വോൾട്ടിനെ കുറച്ച് സ്റ്റേഷനിലെ ആവശ്യത്തിനുള്ള ലൈറ്റ്, ഫാൻ, എലിവേറ്റർ, എസ്കലേറ്റർ എന്നീ ഉപകരണങ്ങളുടെ പ്രവർത്തനത്തിന് ഉപയോഗിക്കുന്നു. രണ്ടാമത്തെ ട്രാൻസ്ഫോർമർ ട്രെയിൻ ഓടിക്കുന്നതിനാവശ്യമായ വിദ്യുച്ഛക്തി നൽകുന്നു . ആദ്യം 33000 വോൾട്ടിനെ 570 വോൾട്ട് ആക്കി കുറക്കുന്നു. ഈ 570 വേൾട്ട് എ. സി യെ 750 വോൾട്ട് ഡി. സി യാക്കി റെക്ട്ടിഫൈ ചെയ്തു റെയിൽവേ ട്രാക്കിന്റെ ഒരു വശത്ത് സ്ഥാപിച്ചിട്ടുള്ള മൂന്നാംറെയിൽ സംവിധാനവുമായി ബന്ധിച്ചിരിക്കുന്നു.ട്രെയിൻ ഓടുമ്പോൾ ഈ മൂന്നാം റെയിലുമായി എപ്പോഴും വൈദ്യുതി ബന്ധം നിലനിർത്തികൊണ്ടാണ് ഓടുക. സാധാരണ എലക്ട്രിക്ക് ട്രെയിനിന്റെ ട്രാക്കിന് മുകളിൽ തൂക്കിയിട്ടിരിക്കുന്ന വൈദ്യുതകമ്പിയിൽ നിന്ന് എഞ്ചിനുമുകളിൽ '' >'' ആകൃതിയിലുള്ള ഉപകരണം (Panto graph) ഉരസി വൈദ്യുതി എഞ്ചിനിലേക്ക് എടുക്കുന്നതു പോലെ മെട്രോട്രെയിനിൽ ഈ സംവിധാനം ഒരു സൈഡിൽ (Third nail system) ആണെന്ന് മാത്രം. അതുകൊണ്ടാണ് മെട്രോട്രെയിനിന്റെ ട്രാക്കിനുമുകളിൽ വൈദ്യുതി തൂക്കിയിട്ടില്ലാത്തത്. സാധാരണ എലക്ട്രിക്ക് ട്രെയിനിന്റെ ട്രാക്കിനു മുകളിൽ തൂക്കിയിട്ടിരിക്കുന്ന ലൈനിൽ 25000 വോൾട്ട് എ.സി യാണ്. ഉള്ളതെങ്കിൽ മെട്രോട്രെയിനിന്റെ മൂന്നാം റെയിലിൽ 750 വോൾട്ട് ഡി സി യാണ് എന്നതാണ് വ്യത്യാസം. മൂന്നാം റെയിലിൽ നിന്നും ഉരസിയെത്തുന്ന 750 വോൾട്ട് ഡി സി യെ എഞ്ചിൻറൂമിൽ 3 ഫേസ് 440 വോൾട്ട് എ സി യാക്കി invert ചെയ്യുന്നു 350 കുതിര ശക്തി വീതമുള്ള എട്ട് എലക്ട്രിക്ക് മോട്ടോറുകളാണ് മെട്രോട്രെയിൻ ഓടാൻ വേണ്ടി പ്രവർത്തിക്കുന്നത്. ഇവ 440 വോൾട്ടിൽ പ്രവർത്തിക്കുന്നു ട്രെയിൻ നിർത്തിയിട്ടിരിക്കുന്ന അവസ്ഥയിൽ അതിന്റെ വേഗതയായ പൂജ്യം കിലോമീറ്ററിൽ നിന്നും പൂർണ്ണ വേഗതയായ മണിക്കൂറിൽ 80 കിലോമീറ്റർ എന്ന അവസ്ഥയിലേക്ക് എത്തുന്ന വേഗത നിയന്ത്രണം വേര്യബിൾ വോൾട്ടേജ് വേര്യബിൾ ഫ്രീക്വൻസി (3VF) കൺട്രോൾ എന്ന ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് സാധിച്ചിരിക്കുന്നത്. കാറിലും ബസ്സിലുമൊക്കെ ആക്സിലേറ്റർ കൂടുതൽ അമർത്തിയും ഗിയർമാറ്റിയുമാണല്ലോ വേഗത നിയന്ത്രിക്കുന്നത്. സാധാരണ വീടുകളിൽ വൈദ്യുതിയുടെ ആവർത്തി (frequency) ഒരു സെക്കന്റിൽ 50 ആണ് (50c/s) ഈ ആവർത്തിയിൽ പ്രവർത്തിക്കുന്ന മോട്ടോറുകൾ ഒറ്റ സ്പീഡിൽ മാത്രമേ കറങ്ങുകയുള്ളൂ (3000 rpm ) അല്ലെങ്കിൽ1500 ഫാനിന്റെ വേഗത നിയന്ത്രിക്കുന്നത് റെഗുലേറ്ററിൽ തടസ്സങ്ങൾ (resistance) ബന്ധിപ്പിച്ച് ഫാനിലേക്ക് എത്തുന്ന വോൾട്ടേജ് കുറച്ചിട്ടാണ്. ഈ തടസ്സങ്ങളിൽ ഊർജ്ജം നഷ്ടമാകുന്നു. റെഗുലേറ്റർ ചൂടാകുന്നത് ഈ ഊർജ്ജം നഷ്ടം കൊണ്ടാണ്. എന്നാൽ മെട്രോ ട്രെയിനിന്റെ വേഗത നിയന്ത്രിക്കുന്നത് വേര്യബിൾ വോൾട്ടേജ് വേര്യബിൾ ഫ്രീക്വൻസി കൺട്രോൾ വ്യവസ്ഥയിൽ ഇങ്ങനെയുള്ള ഊർജ്ജ നഷ്ടം ഉണ്ടാകുന്നില്ല.വിദ്യുച്ഛക്തിയെ പൂജ്യം മുതൽ 50 വരെയുള്ള ഏത് ആവർത്തിയിലും പൂജ്യം മുതൽ 440 വരെയുള്ള ഏത് വോൾട്ടിലും നിയന്ത്രിച്ച ട്രെയിനിന്റെ മോട്ടോറുകളുടെ വേഗതയും അതിനനുസരിച്ച് നിയന്ത്രിക്കാം എന്നതാണ്. ഈ വേഗതനിയന്ത്രണ വ്യവസ്ഥയുടെ പ്രത്യേകത മാത്രവുമല്ല ഓടികൊണ്ടിരിക്കുന്ന ട്രെയിൻ നിറുത്താൻ വേണ്ടി ബ്രേക്ക് ഉപയോഗിക്കുമ്പോൾ വിപരീത ദിശയിൽ ഉപയോഗിക്കേണ്ട ഊർജ്ജം വൈദ്യുതിയാക്കി മാറ്റി തിരിച്ച് ലൈനിലേക്ക് നൽകുന്ന (Negative Breaking) എന്ന സംവിധാനവും മെട്രാ ട്രെയിനിൽ ഉണ്ട് . കലൂർ സബ്സ്റ്റേഷനുമായും വൈറ്റില സബ്സ്റ്റേഷനുമായും ഭൂഗർഭ കേബിളുകൾ വഴി വിദ്യുച്ഛക്തി മെട്രോ സംവിധാനവുമായി ബന്ധിപ്പിക്കുവാൻ വേണ്ട ജോലികൾ നടന്നു വരുന്നു. ഓരോ സ്റ്റേഷനുമുകളിലും അവിടേക്കാവശ്യമായ വൈദ്യുതി സൂര്യപ്രകാശത്തിൽ നിന്നും ഉൽപാദിപ്പിക്കുന്നതിനുവേണ്ടി സോളാർ പാനലുകൾ സ്ഥാപിക്കുന്നുണ്ട് . പകൽ സമയങ്ങളിൽ ഉപയോഗിക്കുന്ന വൈദ്യുതോർജ്ജത്തിന്റെ നല്ലൊരു ഭാഗം സൂര്യപ്രകാശം കൊണ്ട് നേടിയെടുക്കാം.

ഏറ്റവും അത്യാധുനികമായ സുരക്ഷാ സംവിധാനങ്ങളാണ് മെട്രോ യാത്രക്കാർക്ക് ലഭിക്കുക. അടിയന്തിരഘട്ടങ്ങളിൽ ട്രെയിൻ നിറുത്താനോ ഡ്രൈവറുമായി സംസാരിക്കാനോ യാത്രക്കാർക്ക് സൗകര്യമുണ്ടായിരിക്കും. യാത്രക്കാർ ട്രെയിനിനകത്ത് പ്രവേശിച്ച് വാതിലടഞ്ഞതിനുശേഷം മാത്രം ട്രെയിൻ ഓടാനുള്ള ഇൻർലോക്കിങ്ങ് സമ്പ്രദായവുമുണ്ട്. പ്രായമായവർക്കും ഗർഭിണികൾക്കും പ്രത്യേക പരിഗണനാ സീറ്റുകളുണ്ട്. അംഗപരിമിതികൾ ഉള്ളവർക്ക് വീൽചെയറിനുള്ള സംവിധാനവുമുണ്ട്, സ്റ്റേഷനുകളെ പറ്റിയുള്ള വിവരങ്ങളും പരസ്യങ്ങളും സ്ക്രീനിൽ കാണാവുന്നതാണ്. നൂറ്റിമുപ്പതോളം പേർക്ക് ഇരുന്നും തൊള്ളായിരം പേർക്ക് നിന്നും ഒരു ട്രെയിനിൽയാത്ര ചെയ്യാം.

5000 കോടി രൂപ ചിലവ് പ്രതീക്ഷിച്ച് തുടങ്ങിയമെട്രോ പദ്ധതി ജോലികളെല്ലാം തിരുമ്പോൾ 8000 കോടിരൂപകടന്നേക്കാം തുടക്കത്തിൽ സാമ്പത്തിക ലാഭമൊന്നും പ്രതീക്ഷിക്കേണ്ട മെട്രോ യാത്രക്കാർ സ്വകാര്യവാഹനങ്ങൾ ഉപയോഗിക്കുന്നത് കുറയുമെന്നുള്ളതുകൊണ്ട് സ്വകാര്യ വാഹനങ്ങൾകൊണ്ടുള്ള അന്തരീക്ഷമലിനീകരണം കുറയുമെന്നുള്ളത് സാമ്പത്തികലാഭത്തേക്കാൾ പ്രാധാന്യമുള്ളതാണ്. റോഡിൽ ട്രാഫിക് ജാമിൽപ്പെട്ട് കിടന്ന്, നഷ്ടപ്പെടുന്ന സമയം വേറെകാര്യങ്ങൾക്കും ഉപയോഗിക്കാമല്ലോ. യാത്രസുഖമാണെങ്കിൽ ശാരീരികമാനസികാവസ്ഥകളെ മെച്ചപ്പെട്ടതായിരിക്കുമല്ലൊ.

ഡെൽഹിമെട്രോ റെയിൽ കോർപ്പറേഷൻ (DMRC) ന്റെ മേൽനോട്ടത്തിൽ പണിപൂർത്തിയാക്കുന്ന കൊച്ചിമെട്രോ റെയിൽ ലിമിറ്റഡ് (KMRL) അണ് പ്രധാനപ്പെട്ട കരാറുകാർ ലാർസൻ ആന്റ് ടബ്രോ (L&T )യും ഫ്രഞ്ച് കമ്പനിയായ Alstomഉം ആണ് . ഇവരെ കൂടാതെ സോമ, ഈൗറ,ഫാത്തിമ, ജാക്സൺ, പവർട്രാൻസ് തുടങ്ങിയ കമ്പനികളും മെട്രോപൂർത്തികരണത്തിന് ജോലി ചെയ്യുന്നു. എല്ലാത്തിന്റേയും ചുക്കാൻ പിടിക്കുന്നത് മലയാളിയായ എഞ്ചിനിയർ ശ്രീ.ശ്രീധരനാണെന്നുള്ളത് നമ്മൾക്ക് അഭിമാനിക്കാവുന്നതാണ്●

## എറണാകുളം കരയോഗം
## ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2017 ഫെബ്രുവരി മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീമതി. സുകുമാരിദേവി. പി.എം, ആനന്ദഭവൻ, രവിപുരം, കൊച്ചി 682016 | 25,000 |
| 2. ശ്രീമതി. ടി. പത്മം, 29 /1462, അമൃതശ്രീ, വൈറ്റില, കൊച്ചി 682019 | 10,000 |
| 3. ശ്രീ. സി. ബാലകൃഷ്ണൻ, ചെറുപറമ്പത്ത് ഹൗസ്, സജ്മ, എസ്. എ റോഡ് കടവന്ത്ര | 10,000 |
| 4. ശ്രീമതി. ദേവി രവീന്ദ്രൻ, തോട്ടയ്ക്കാട്ട്, IInd ഫ്ളോർ, എസ്. ഡി. കോംപ്ലക്സ് കളത്തിൽ പറമ്പ് റോഡ്, എറണാകുളം | 10,000 |
| 5. ശ്രീ. ഹരിദാസ് ഉപ്പത്ത്, 5 ഇ, ലോട്ടസ് കൈലാസ്, വാരീയം റോഡ് എറണാകുളം | 10,000 |
| 6. ശ്രീ. പള്ളത്ത് ചന്ദ്രൻ, മൽഹാർ,കടവത്ത് റോഡ്, നോർത്ത് പറവൂർ, കൊച്ചി 683513 | 8,081 |
| 7. ശ്രീ. വാണിദാസ് ബാലാജി, വാണി വിലാസ്, അയ്യപ്പൻകാവ്, കൊച്ചി 682018 | 5,975 |
| 8. ശ്രീ. സതീഷ് കുമാർ എസ്, 39/2990 ബി, നന്ദനം, ദിവാൻസ് റോഡ്, കൊച്ചി 682016 | 5,914 |
| 9. ശ്രീ. ആർ. പി. നന്ദകുമമാർ & സുനീത നന്ദകുമാർ, സുനന്ദു, 41 തേജസ് നഗർ പഴവീട്. പി. ഒ, ആലപ്പുഴ | 5,001 |
| 10. ശ്രീ. കെ. ഗോപിനാഥൻ, പള്ളിപ്പുറത്ത് ഹൗസ്, Near പഞ്ചായത്ത് ഓഫീസ്, പനങ്ങാട് പി.ഒ, കൊച്ചി 06 | 5,000 |
| 11. ശ്രീമതി. ദേവി മേനോൻ, ഡി 3, LXIV-582, മുല്ലോത്ത് അമ്പാടി എൻക്ലെവ്, അമ്പാടി ലെയ്ൻ, Off ചിറ്റൂർ റോഡ്, കൊച്ചി 682011 | 5,000 |
| 12. ശ്രീ. വിജയകുമാർ, വൈശാഖം, ഹൗസ് നമ്പർ 16, എം.കെ.കെ. നഗർ, മുപ്പത്തടം, ആലുവ | 5,000 |
| 13. ശ്രീ. മുരളീധരൻ, ശിവം, കിഴക്കേകര റോഡ്, തൃക്കാക്കര. പി. ഒ , എറണാകുളം | 5,000 |
| 14. ശ്രീ. ഇ.കെ. ശശിമേനോൻ,വൃന്ദാവൻ, തിരുവാങ്കുളം. പി. ഒ | 5,000 |
| 15. ശ്രീ. എം.പി. കൃഷ്ണൻ നായർ, 904, പ്രസന്ന വിഹാർ, എറണാകുളം-31 | 5,000 |

# വിഭ്രാന്തിക്കൊടുവിൽ

**സുധ അജിത്ത്**

അവനെ പോലീസ് കണ്ടെത്തുമ്പോൾ റെയിൽവേ പുറമ്പോക്കിൽ ഒരു വലിയ പൈപ്പിൻ കുഴലിനുള്ളിൽ ഒളിച്ചിരിക്കുകയായിരുന്നു. അവനെ തിരികെ കിട്ടിയ ആശ്വാസത്തിൽ ഞങ്ങൾ സ്വയം മറന്നു. നഷ്ടപ്പെട്ടെന്നു കരുതിയ നിധി തിരികെക്കിട്ടിയ സന്തോഷം.

പക്ഷെ രാത്രികളിൽ ഉറക്കത്തിൽ ഞെട്ടി ഉണരുകയും, പകലുകളെ പകപ്പോടെ തുറിച്ചു നോക്കുകയും ചെയ്യുന്ന അവൻ പിന്നെ ചിലപ്പോഴെല്ലാം ഭ്രാന്തനെപ്പോലെ അലറുകയും, സ്വയം മാന്തി മുറിവേല്പിക്കുകയും ചെയ്യുന്ന ഞങ്ങളുടെ കൊച്ചു മകൻ. !...

അവനെ തിരികെ കിട്ടേണ്ടായിരുന്നുവെന്ന് ഞങ്ങൾക്കപ്പോൾ തോന്നി. പിന്നെ സൈക്കോളജിസ്റ്റിന്റെ മുന്നിലെ നീണ്ട കാത്തിരിപ്പിനൊടുവിൽ നറുക്കു വീണപ്പോൾ അവനെ മാത്രം അകത്തേക്ക് വിളിപ്പിച്ച് നീണ്ട മണിക്കൂറുകൾ... ചോദ്യങ്ങളും, ഉത്തരങ്ങളും, പിന്നെ ചേദ്യാവലികളും അവനെ വീർപ്പുമുട്ടിക്കുന്നുണ്ടെന്ന് തോന്നി.

ഒടുവിൽ കരഞ്ഞുകൊണ്ട് നമുക്കു പോകാമമ്മേ ... എന്നു പറഞ്ഞ് ഓടിയണഞ്ഞ അവനെ ചേർത്തണച്ച് താൻ....എന്തു പറ്റി എന്റെ കുട്ടിക്ക് എന്ന് മനസ്സിലാക്കാനാവാതെ വിമ്മിഷ്ടത്തോടെ നിന്നപ്പോൾ "ഡോക്ടർ വിളിക്കുന്നു ,

പ്ലീസ് അകത്തേക്ക് വരൂ..."

സിസ്റ്ററുടെ അഭ്യർത്ഥന മാനിച്ച് അകത്തേക്ക് കടക്കുമ്പോൾ, "വേണ്ട മമ്മി.. നമുക്കു പോകാം..."

ഒരു പത്തു വയസ്സുകാരന്റെ ഭയപ്പാടോടെ അവൻ എന്റെ സാരിത്തുമ്പിൽ പിടിച്ചു വലിക്കുന്നു. എന്താണ് അവന്റെ പ്രശ്നം എന്നറിയാനുള്ള ജിജ്ഞാസ ഉള്ളിൽ തുടികൊട്ടിയിരുന്നുവെങ്കിലും അവനെ സമാധാനിപ്പിക്കുവാനായി പറഞ്ഞു. "ഓ..കെ. അരുൺ .. നമുക്ക് പോകാം..." .

തന്റെ സാരിത്തുമ്പിൽ മുഖമണച്ച് തേങ്ങിക്കരഞ്ഞ അവന്റെ ഭയചടുലമായ മുഖം കൈയ്യിലെടുത്ത് ആ കുഞ്ഞു മുഖത്ത് ഉമ്മ പകരുമ്പോൾ ഒരമ്മഹൃദയത്തിന്റെ തേങ്ങലുകൾ തന്നെ വീർപ്പുമുട്ടിച്ചിരുന്നു. എങ്കിലും ഒന്നുമറിയാത്ത പോലെ അവനേയുംകൊണ്ട് ഹോസ്പിറ്റലിന്റെ പടിയിറങ്ങി നടന്നു. പിന്നീട് തുടർച്ചയായ തന്റെ നിർബന്ധത്തിനൊടുവിൽ ഒരു പകലിന്റെ ശാഠ്യമുപേക്ഷിച്ച് സ്കൂളിൽ പോകാൻ അവൻ തയ്യാറായി. അവന്റെ നനഞ്ഞ കവിളിൽ ഉമ്മ നൽകി അവനെ സ്കൂളിലേക്ക് യാത്രയാക്കുമ്പോൾ എന്തിനെന്നറിയാതെ ഹൃദയം വിങ്ങി. അവന്റെ അഭാവത്തിൽ ഒടുങ്ങാത്ത ജിജ്ഞാസയും പേറി വീണ്ടുമാ ഹോസ്പിറ്റലിന്റെ പടിക്കെട്ടുകൾ കയറി ആ സൈക്കോളജിസ്റ്റിന്റെ മുന്നിലെത്തി.

"മാഡം, നിങ്ങളുടെ മകന്റെ പ്രശ്നം ഒരുപാട് നിരീക്ഷണങ്ങൾക്കൊടുവിൽ ഞാൻ മനസ്സിലാക്കി. അവൻ ഒരു മയക്കുമരുന്ന് ഏജൻസിയുടെ മീഡിയേറ്ററാണ്. നിർബന്ധപൂർവ്വം മയക്കുമരുന്ന് കലർന്ന മിഠായി കഴിപ്പിച്ച് അവനെ അതിന്റെ ഉപഭോക്താവാക്കുകയും മീഡിയേറ്ററാക്കുകയും ചെയ്തിരിക്കുന്നു. സ്കൂളിനടുത്തുള്ള ഏതോ ഏജൻസിയാണ് ഇതിനു പിന്നിൽ. എല്ലാം കേട്ട് ഞെട്ടിത്തരിച്ചു നിൽക്കാനെ എനിക്കു കഴിഞ്ഞുള്ളു. കേവലം പത്തുവയസ്സു മാത്രം പ്രായമുള്ള തന്റെ മകൻ. വിരിയും മുൻപ് പുഴുക്കുത്ത് ഏൽക്കാനായിരുന്നോ അവന്റെ വിധി. തേങ്ങിത്തരിച്ച് നിന്ന തന്റെ കാതുകളിൽ ഡോക്ടറുടെ വാക്കുകൾ വീണ്ടും മുഴങ്ങി. മയക്കുമരുന്ന് കലർന്ന മിഠായികളും ചെറിയ ചെറിയ പോക്കറ്റ് മണികളും നൽകി അവർ അവനെ മയക്കിയെടുക്കുകയായിരുന്നു. മയക്കുമരുന്ന് വില്പന തെറ്റാണെന്നും, പോലീസ് പിടിക്കുമെന്നും തോന്നിയപ്പോൾ അവൻ പേടിച്ചരണ്ട് അതിൽ നിന്നും പിൻമാറാൻ നോക്കി. എന്നാൽ മനുഷ്യത്വ മില്ലാത്ത ആ മൃഗങ്ങൾ ഇന്നിപ്പോൾ അവനെ നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കുന്നു. മിക്കവാറും അവർ അവനെ കൊല്ലും. മുഴുവൻ കേൾക്കുവാനാകാതെ ഇടറിയ കാൽവയ്പ്പോടെ പുറത്തെത്തിയ താൻ നേരെ സ്ക്കൂളിലേക്ക് പായുമ്പോൾ അവനെ എത്രയും വേഗം കാണുവാനുള്ള വെമ്പലായിരുന്നു, ഉള്ളിൽ. എന്നാൽ സ്കൂൾ വിടാറായ സമയത്ത് എത്ര നേരം സ്കൂൾ ഗേറ്റിൽ കാത്തു നിന്നിട്ടും അരുണിനെ മാത്രം കണ്ടെത്താനായില്ല. അവനിന്ന് സ്കൂളിൽ

എത്തിയിട്ടില്ല എന്ന സ്കൂൾ അധികൃതരുടെ വാക്കുകൾക്കു മുന്നിൽ കുഴഞ്ഞു വീഴുമ്പോൾ ഒരിക്കൽ കൂടി തന്റെ മകനെ എന്നേയ്ക്കുമായി തനിക്കു നഷ്ടപ്പെട്ടിരിക്കുന്നു എന്ന് താനറിഞ്ഞു. പിന്നെ ഒരു ഭ്രാന്തിയെപ്പോലെ അവന്റെ ജഡമന്വേഷിച്ച് താൻ റെയിൽവേ ട്രാക്കിലൂടെ അലഞ്ഞു.

ഒരു ദിനാന്ത്യത്തിന്റെ വിഭ്രാന്തിയെക്കാടുവിൽ തിരികെ വീട്ടിലെത്തുമ്പോൾ വീട്ടുമുറ്റത്ത് ചിരിച്ചുകൊണ്ട് അവനുണ്ടായിരുന്നു. അമ്മേ...... ഞാനെത്തി എന്നു പറഞ്ഞ് ഓടിയണഞ്ഞ അവൻ തുടർന്ന് വിതുമ്പിക്കൊണ്ട് തന്നെ കെട്ടിപ്പുണർന്നു, ചിതറിയ വാക്കുകളോടെ പറഞ്ഞു.

"അമ്മേ ഞാനിനി... ആ ... സ്കൂളിലേയ്ക്കില്ല... മറ്റെവിടെയെങ്കിലും...

'ശരി...മോനെ...നമുക്ക് മറ്റെവിടേയ്ക്കെങ്കിലും പോകാം...' എന്ന് പറയാതെ പറഞ്ഞ് ആ നനഞ്ഞ കവിളിലെ പരിഭ്രമത്തെ തന്റെ ചുണ്ടുകൊണ്ട് ഒപ്പിയെടുത്ത് സമാശ്വസിപ്പിക്കുമ്പോൾ മനസ്സ് ഏതോ ആശ്വാസതീരങ്ങളിൽ അഭയം തേടുകയായിരുന്നു●


## എറണാകുളം കരയോഗം

### 15.03.2017 മുതൽ 15.04.2017 വരെയുള്ള മാർച്ച് മാസ പരിപാടികൾ

| | | | |
|---|---|---|---|
| 15.03.2017 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |
| 16.03.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 18.03.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 22.03.2017 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |
| | | 6.30 p.m. | ബീം പ്രതിമാസ പരിപാടി ; കേരളനടനം ꞉ ഡോ.ഗായത്രി സുബ്രഹ്മണ്യൻ |
| 23.03.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 24.03.2017 | വെള്ളി | | ചെറായി തൃക്കടക്കാപ്പിള്ളി ദുർഗ്ഗഭഗവതി ക്ഷേത്രപ്രതിഷ്ഠാദിനം |
| 25.03.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 28.03.2017 | ചൊവ്വ | 6.30 p.m. | എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ പ്രതിമാസ കഥകളി ꞉ സുഭദ്രാഹരണം |
| 29.03.2017 | ബുധൻ | 3.00 p.m. | ദേവിമാഹാത്മ്യം ക്ലാസ്സ് |
| 30.03.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 01.04.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 05.04.2017 | ബുധൻ | 3.00 p.m. | ദേവിമാഹാത്മ്യം ക്ലാസ്സ് |
| 06.04.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 08.04.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 09.04.2017 | ഞായർ | 10.00 a.m. | പാർക്കിൻസൺസ് രോഗചികിത്സാക്ലിനിക് |
| 12.04.2017 | ബുധൻ | 3.00 p.m. | ദേവിമാഹാത്മ്യം ക്ലാസ്സ് |
| 13.04.2017 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 14.04.2017 | വെള്ളി | | വിഷു |
| 15.04.2017 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |

കവിത

# ഖൾഗ്യവതാരം



കൃഷ്ണകുമാർ .ബി

രാധയിതെങ്ങുപോയ് രുഗ്മിണിയെങ്ങുപോയ്
പതിനായിരത്തെട്ടു തരുണിമാരെങ്ങുപോയ്
കണ്ടതില്ലേയവർ രാക്ഷസി പൂതന
വീണ്ടുമെനിക്കു ദുഃഗ്ദ്ധമേകാനണയുന്നൂ
കാടെന്നതില്ലാഞ്ഞോ വീടേതുമില്ലാഞ്ഞോ
കാതരരൂപമെടുത്തിങ്ങണയുന്നു
മൽ സഖാവാം കുചേലൻ കുബേരനായ്
കണ്ടതില്ലന്നു പിരിഞ്ഞതിൽപിന്നെ ഞാൻ
നൽച്ചേലധാരിയെന്നമ്മ കരയുന്നോ?
എങ്ങുപോയ് ഗോപാലരെങ്ങെൻ വൃന്ദാവനം
പാലിൻ പതവീണൊരിക്കവിൾ മുത്തുവാ
നെത്തുകില്ലേ, മൽസഖിമാരൊരുത്തരും
നോക്കൂ,വാ,നന്ദിനിയാരുമറിയാതെ
ഇന്നേവരെത്തന്നപാല ിൻ വടുക്കളെ
കാളിന്ദിയാറ്റിൽ വിഷം കലർത്തീടിന
കാളിയനെന്നേ മോക്ഷം ലഭിച്ചുപോയ്
കാളിയനേക്കാൾ വിഷം വമിച്ചീടിന രാസ
ശാലകളിന്നെൻ വിഷാദവിഷയവും
ഒന്നിതിൽ മുങ്ങിനിവരുവാനെത്തുമെൻ
സുന്ദരീരാധയൊരന്ധയായ്മാറുമോ?
വൃന്ദാവനത്തിലെ ചന്തം തികഞ്ഞതാം
ഗോപികമാർ വിരൂപികളാകുമോ
കംസനമ്മാവനെ കൊന്നതുകൊണ്ടാമോ
ഇന്നീ വൃന്ദാവനലതകളുമിങ്ങനെ?
അമ്മയോടെങ്ങനെപോയി ഞാൻ ചോദിക്കും
തല്ലാനൊരുനല്ല ചില്ലിയുണ്ടക്കയ്യിൽ
മണ്ണുതിന്നെന്നുണ്ണിമാരൊത്തു ചൊൽകയാ
ലന്നെൻവദനത്തിലമ്മയേക്കാട്ടിയ
ലോകമല്ലിപ്പോളെൻവായതുറന്നീടിൽ
അല്ലെങ്കിലെന്തിനു ഞാൻ വായ് തുറക്കുന്നു
തല്ലാൻ വരില്ലല്ലോ രാധതന്നമ്മയും
ചന്തമിയന്നൊരാ പൂർവ്വ വൃന്ദാവനം
ചണ്ഡിയായ് മാറിയതാണു മറിമായം
സീരവരായുധനെൻ പ്രിയസോദരൻ
കാലമേല്പിച്ച വടുക്കളേറ്റങ്ങനെ.....
എങ്കിലും  പൂതനയാളുടെ സംശയം
സംഗതമാണെന്നും തോന്നുന്നു തോഴരേ
കാനനവാസിയാം പൂതനയേ ഭയ
ന്നോരോ മൃഗങ്ങളും കാട്ടിൽ വസിക്കുന്നു
ചെഞ്ചോരി വായിൽ പകർന്നതാമമ്മുല
കണ്ടാലതിന്നും കുടിക്കുവാനാർത്തിയായ്
ജിവിതമാകെ കുടിച്ചു വറ്റിപ്പാന
പ്പാലാഴിപോലും മതിയാകയില്ലല്ലോ"
എന്തിനുകാടുവിട്ടിങ്ങു വന്നെത്തി നീ
ദുഗ്ധപാഷാണം പകർന്നു തന്നീടാനോ?
പൂതനയാൾ മൗനം വിട്ടെന്നോടുരിയാടി
ഹന്ത! കാനനവാസമയോഗ്യമേ കാർവർണ്ണാ
കാരിരുമ്പൊത്തരായീട്ടിയും തേക്കുമി
ല്ലാഞ്ഞിലി, പാല, മുളകളുമില്ലാതായ്
മത്തേഭമെല്ലാം വിശന്നു ചരിഞ്ഞേപോയ്
പച്ചപ്പുൽതിന്നു മിളമാനുമില്ലാതായ്
പഞ്ഞിപോലുള്ള മുയൽക്കുട്ടമില്ലാതായ്
ചില്ലമേൽചാഞ്ചാടും കപികളുമില്ലല്ലൊ!
"വൃന്ദാവനപരിപാലനത്തിനു ഞാൻ
വിണ്ടലം വിട്ടിങ്ങു വന്നതും കഷ്ടമായ്
ഇദ്വാപര കവാടം കടന്നുപോയ്
ഖൾഗിയായ് വന്നീടുകെന്നേ വഴിയുള്ളു!●

## നായർ സ്ത്രീ സമാജത്തിലെ 2017 മാർച്ച് മാസത്തിലെ പരിപാടികൾ

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 7. 3. 2017 (ചൊവ്വാഴ്ച) | ലക്കി കൂപ്പൺ ഡ്രോ | 3.00 P.M. |
| 17.3. 2017 (വെള്ളിയാഴ്ച) | പാചക ക്ലാസ്സ് | 3.30 P.M. |
| 21.3.2017 (ചൊവ്വാഴ്ച) | അംഗങ്ങളുടെ ഒത്തുചേരൽ | 4.00 P.M. |

# ആകാശക്കൂടാരം ഒരു നക്ഷത്രക്കൂടാരം



**സി. രാമചന്ദ്രൻ**

രാത്രിയിൽ ആകാശം ഒരു നക്ഷത്രക്കൂടാരമാണ്. പകലും അതെ എന്നാൽ പകൽ സൂര്യന്റെ പ്രഭാവത്തിലാകയാൽ അതു നമ്മുക്കു കാണാനാവില്ല. ചന്ദ്രനും അതിന്റെ പരിമിതമായ പ്രഭാവത്തിൽ നിൽക്കുമ്പോഴും നക്ഷത്രങ്ങളെ നേരെചൊവ്വേ കാണാൻ ബുദ്ധിമുട്ടാണ്. നഗരങ്ങളുടെ പ്രഭാപൂരവും ആകാശനിരീക്ഷണത്തിന് അനുയോജ്യമല്ല. എത്ര അനുയോജ്യമായ കാലാവസ്ഥയായാലും നമുക്ക് നമ്മുടെ നഗ്നനേത്രങ്ങൾ കൊണ്ട് മൊത്തത്തിൽ കാണാനാവുന്നത് ആറായിരം നക്ഷത്രങ്ങളെയാണ്. അത് ആകാശഗോളത്തിൽ രാത്രിയിലും പകലുമുള്ള മൊത്തം നക്ഷത്രങ്ങൾ കോടാനുകോടി നക്ഷത്രങ്ങൾക്കിടയിലാണ് നാമെന്ന് തിരിച്ചറിഞ്ഞത് ശക്തിയേറിയ ദൂരദർശിനികളുടെ കണ്ടുപിടിത്തത്തിന് ശേഷമാണ്.

എല്ലാ നക്ഷത്രങ്ങളും ഒരേ വിതാനത്തിലാണെന്നു തോന്നുമെങ്കിലും അതങ്ങനെയല്ല. ഒരു പരിധിക്കപ്പുറമുള്ള കാഴ്ചയിൽ ദൂരം മനസ്സിൽ തിട്ടപ്പെടുത്താൻ മനുഷ്യനാവില്ല. രാത്രിയിൽ അകലെ നിന്ന് വരുന്ന വാഹനങ്ങളുടെ വെളിച്ചത്തിൽ നിന്ന് അവ തമ്മിലുള്ള അകലം കണക്കാക്കുവാൻ സാധ്യമല്ലല്ലോ. നമ്മുടെ ഏറ്റവും അടുത്ത നക്ഷത്രത്തിലേക്കുള്ള ദൂരം നാലേകാൽ പ്രകാശ വർഷമാണ് അതായത് സെക്കന്റിൽ മൂന്നുലക്ഷം കിലോമീറ്റർ എന്ന തോതിൽ പ്രകാശം നാലേകാൽ വർഷം സഞ്ചരിക്കുന്ന ദൂരമാണത് 40 ലക്ഷംകോടി കി. മീറ്റർ മറ്റ് നക്ഷത്രങ്ങൾ അതിനുമെത്രയോ അപ്പുറമാണ്.

ഭൂമിയടക്കമുള്ള ഗ്രഹങ്ങൾക്കോ ചന്ദ്രനടക്കമുള്ള ഉപഗ്രഹങ്ങൾക്കോ സ്വയം പ്രകാശമില്ല. സൂര്യന്റെ പ്രകാശം തട്ടി പ്രതിഫലിക്കുന്നതുകൊണ്ടാണ് നമ്മുക്ക് അവയെ കാണാനാവുന്നത്. സൗരയൂഥത്തിന് വെളിയിൽ മറ്റു നക്ഷത്രയൂഥങ്ങളിലെ ഗ്രഹങ്ങളെ നമ്മുക്ക് നഗ്നനേത്രങ്ങളാൽ കാണാനേ കഴിയില്ല, അതത്രയ്ക്കും അകലെയാണ്. ചന്ദ്രൻ ഭൂമിയോട് ഏറ്റവും അടുത്തുള്ള ഗോളമാകയാലാണ് വലിപ്പവും പ്രകാശവും തോന്നുന്നത്. സൂര്യൻ ഭൂമിയോട് ഏറ്റവും അടുത്തുള്ള നക്ഷത്രമാകയാൽ വലുപ്പവും പ്രകാശവുമുണ്ടെന്നു തോന്നുന്നതു പോലെ തന്നെ.

ഭൂമിയടക്കം എല്ലാഗ്രഹങ്ങളും സൂര്യനെയാണ് വലംവയ്ക്കുന്നത് എന്ന സിദ്ധാന്തം തെളിവുകളോടെ ആദ്യം അവതരിപ്പിച്ചത് കോപ്പർനിക്കസ് ആണ്. അത് പതിനേഴാം നൂറ്റാണ്ടിലാണ്. ഈ ആശയം പ്രചരിപ്പിച്ച ബ്രൂണോ വധശിക്ഷക്ക് വിധേയനാവുകയും ഗലീലിയോ തടവിലാവുകയും ചെയ്തു. ഒൻപതാംനൂറ്റാണ്ടിൽ തന്നെ ഇന്ത്യൻ ജ്യോതിഷിയായ ആര്യഭട്ടൻ ഇതുതിരിച്ചറിഞ്ഞെങ്കിലും ഇന്ത്യയിലെ യാഥാസ്ഥിതികർ പ്രസ്തുത അറിവിനെയാണ് തടവിലാക്കിയത്. അടുത്ത കാലത്താണ് അത് തടവുചാടിയത്. ഇപ്പോൾ എറ്റെടുക്കാനാളുണ്ട്.

ഒരു ക്രിക്കറ്റ്ബോൾ സ്പിൻ ചെയ്തു പോകുന്നതിനോട് ഭൂമിയുടെ ചലനത്തെ ഉപമിക്കാം. അത് സാങ്കല്പിക അച്ചുതണ്ടിൽ തിരിയുന്നതിനോടൊപ്പം തന്നെ സൂര്യനെ വലംവെക്കുകയും ചെയ്യുന്നു. 23.56 മണിക്കൂറിൽ ഒരു വട്ടം തിരിയും 365 1/4 ദിവസം കൊണ്ട് ഒരു പ്രാവശ്യം സൂര്യനെ വലം വെയ്ക്കുകയും ചെയ്യും ശയനപ്രദക്ഷിണം പോലെ എന്നു പറയാം. തിരിയുമ്പോൾ മധ്യരേഖയിൽ മണിക്കൂറിൽ എകദേശം 1600 കി.മീറ്ററും സൂര്യനെ വലം വയ്ക്കുമ്പോൾ ഏകദേശം 108000 കി.മീറ്ററുമാണ് . 365 1/4 ദിവസം കൊണ്ട് ഭൂമി സൂര്യനുചുറ്റും ഏകദേശം 100 കോടി കി.മീറ്റർ സഞ്ചരിക്കും എന്നാൽ തലങ്ങനെയും വിലങ്ങനെയും നാം അതിവേഗം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണെന്ന കാര്യം നമുക്ക് ആർക്കും തോന്നുകയില്ല. എന്താണിതിന് കാരണം?

നമ്മുടെ എല്ലാ കാഴ്ചകളും ആപേക്ഷികമാണ്. സഞ്ചരിക്കുമ്പോൾ പലപ്പോഴും ചുറ്റുപാടുകൾ പിറകോട്ടു പോകുന്നതായിട്ടാണ് നമുക്ക് തോന്നുന്നത്. പ്ലാറ്റ്ഫോമിലേക്ക് നോക്കുമ്പോൾ നമ്മുക്ക് തീവണ്ടിയുടെ ചലനം മനസ്സിലാക്കാം. എന്നാൽ മറുവശത്തു കിടക്കുന്ന തീവണ്ടിയെ നോക്കിയാൽ അതു മുമ്പോട്ടോ, ഇതു പിറകോട്ടോ എന്ന സംശയം വരും. ഭൂമിയെന്ന ഗ്രഹത്തിലെ സഞ്ചാരിയെന്ന നിലയിൽ ചലനം തിരിച്ചറിവിനായി ഉപയോഗിക്കാനാവുന്ന ഒരു ആധാരമില്ല എന്ന പരാധീനത നമ്മുക്കുണ്ട്. തീവണ്ടിയുടെ കൂരയിൽ ഫാനിനടുത്ത് ഇഴയുന്ന ഒരു ഉറുമ്പിന് ട്രെയിൻ ചലിക്കുന്നത് അറിയുകയേ

യില്ല. അതിനുള്ള ഒരു ആധാരം (ഫ്ളാറ്റ് ഫോം) അതിനു കാണാനില്ല. വലിയൊരു പന്തിന്റെ പുറത്തിരിക്കുന്ന ഉറുമ്പിന് അതിന്റെ വളവ് അറിയാത്തത് പോലെ ഭൂമിയുടെ ഉപരിതലത്തിന്റെ വളവും നമുക്ക് കാണാനാവില്ല.

പ്രപഞ്ചത്തിന്റെ വലിപ്പവും മനുഷ്യ മസ്തിഷ്ക്കത്തിന് ദുർഗ്രഹമാണ്. കോടിക്കണക്കിനു നക്ഷത്രവ്യൂഹങ്ങളുള്ള (Galaxy) പ്രപഞ്ചത്തിൽ നമ്മുടെ ഗാലക്സിയായ ക്ഷീരപഥത്തിൽ തന്നെ കോടിക്കണക്കിന് നക്ഷത്രങ്ങളുണ്ട്. നമ്മുടെ ഗ്യാലക്സിയുടെ വ്യാസം 100000 പ്രകാശവർഷമാണ്. അതിന്റെ കേന്ദ്രത്തിൽ നിന്നും 33000 പ്രകാശവർഷം അകലെയുള്ള ഒരു ഇടത്തരം നക്ഷത്രമാണ് സൂര്യൻ . സൂര്യനിൽ നിന്നും ഏതാണ്ട് 1000 പ്രകാശവർഷം വ്യാസത്തിനകത്തുള്ള നക്ഷത്രങ്ങളെ മാത്രമേ ഉറക്കമിളച്ചിരുന്നാൽ പോലും നമുക്ക് കാണാൻ കഴിയൂ. അതാണ് നാം നേരത്തെ 6000 എന്നു പറഞ്ഞത്.

തീരെ ചെറിയ ഭൂമി വളരെ വലുതെന്നു നമുക്കു തോന്നുന്നത് നാം അത്യന്തം ചെറുതാക കൊണ്ടാണ്. ഭൂമിയുടെ ചുറ്റളവ് 40000 കി.മീറ്ററാണ്. 3,33,300 ഭൂമിക്കു തുല്യമായ ദ്രവ്യം സൂര്യനിലുണ്ട്. അതുപോലെ നൂറുമടങ്ങ് വ്യാസവുമുണ്ട്.

ഭൂമി അതിന്റെ അച്ചുതണ്ടിൽ കറങ്ങാനെടുക്കുന്ന സമയം 23 മണിക്കൂറും 56 മിനിറ്റുമുണ്ടെന്നു പറഞ്ഞുവല്ലോ. അതാണ് ഒരു നക്ഷത്ര ദിനം. എന്നാൽ ഈ സമയം കൊണ്ട് ഭൂമി സൂര്യനു 1 വലം വയ്ക്കും, അതുകൊണ്ട് നാലു മിനിട്ട് കൂടി കഴിഞ്ഞേ ഒരു സൗര്യദിനം പൂർത്തിയാകൂ, 24 മണിക്കൂർ. ഇന്നലെ സൂര്യനും അശ്വതി നക്ഷത്രവും ഒരുമിച്ചായിരുന്നു ഉദിച്ചെതെങ്കിൽ ഇന്ന് അശ്വതി നക്ഷത്രം നാലു മിനിറ്റു മുൻപുദിക്കും, നാളെ എട്ടുമിനിറ്റ് . അങ്ങിനെ അശ്വതി നക്ഷത്രത്തോടൊപ്പം ഇനി സൂര്യൻ ഉദിക്കണമെങ്കിൽ 365 1/4 ദിവസം കഴിയണം. ചുരുക്കത്തിൽ സൂര്യൻ ചിങ്ങം, കന്നി എന്നു തുടങ്ങുന്ന നക്ഷത്ര രാശികളിലൂടെ പിറകോട്ടു പോകുന്നതായും 365 1/4 ദിവസം കൊണ്ട്, ഒരു വർഷം കൊണ്ട്, ഒരു വട്ടം പൂർത്തിയാക്കുന്നതായും നമുക്ക് തോന്നുന്നു. ഇത് വെറും തോന്നലല്ല യഥാർത്ഥത്തിൽ അങ്ങിനെയാണെന്നാണ് പൗരാണിക ജ്യോതിഷികൾ വിശ്വസിച്ചിരുന്നത്. പൗരാണിക ജ്യോതിശാസ്ത്രത്തിന് ഒരു അടിസ്ഥാന മാറ്റം സംഭവിക്കുന്നത് അവിടെയാണ്. ഇതു വെറും തോന്നലാണെന്ന് തിരിച്ചറിഞ്ഞപ്പോൾ ഭൂമി സൂര്യനെ വലം വയ്ക്കാൻ എടുക്കുന്ന സമയമാണ് 365 1/4 ദിവസം. സൂര്യൻ ഒരു നക്ഷത്രമാണെന്നും ഭൂമി ഒരു ഗ്രഹമാണെന്നും തിരിച്ചറിയപ്പെടുന്നതും അറിവിന്റെ ആ വഴിത്തിരുവിൽ വച്ചാണ്. ഭൂമിയെ വലം വയ്ക്കുന്ന ഒരേയൊരു ഗോളം ചന്ദ്രൻ എന്ന ഉപഗ്രഹമാണ്. ഭൂമിക്കപ്പുറം ചൊവ്വ മുതലുള്ള എല്ലാ ഗ്രഹങ്ങൾക്കും ഉപഗ്രഹങ്ങളുണ്ട്.

കിഴക്കുദിക്കുന്ന ഒരു നക്ഷത്രം മണിക്കൂറിൽ 15 ഡിഗ്രി വീതം പടിഞ്ഞാറേക്ക് നീങ്ങുന്നതായി നമുക്ക് തോന്നുന്നു. ഭൂമി 15 ഡിഗ്രി പടിഞ്ഞാറു നിന്ന് കിഴക്കോട്ട് തിരിയുന്നതു കൊണ്ടാണ് അങ്ങനെ നമുക്ക് തോന്നുന്നത്. ആകാശ ഗോളത്തിന്റെ ഒത്ത നടുക്കാണ് ഭൂമി എന്നു നമുക്കു തോന്നുന്നതാണ് . എന്നാൽ ചിന്തയുടെ സൗകര്യത്തിനു വേണ്ടി നമുക്ക് അങ്ങിനെ തന്നെ തല്ക്കാലം സങ്കല്പിക്കാം. ഈ ആകാശ ഗോളത്തെയാണ് ഖഗോളം എന്നു പറയുക. നക്ഷത്ര ഗണങ്ങളെ കണ്ടു മനസ്സിലാക്കുവാനും ആകാശ ഗോളങ്ങളുടെ സ്ഥാനം നിർണ്ണയിക്കാനും ഇത് ഉപകരിക്കും കാഴ്ച ആപേക്ഷികമാണ് എന്ന ബോധം ഉള്ളിൽ ഉണ്ടായിരിക്കണമെന്നു മാത്രം. സന്ധ്യക്ക് കിഴക്കുദിക്കുന്ന ഒരു നക്ഷത്രം 6 മണിക്കൂർ കൊണ്ട് 90 ഡിഗ്രി സഞ്ചരിച്ച് ആകാശത്തിന്റെ ഉച്ചിയിലെത്തുന്നു. സന്ധ്യാസമയത്ത് ഉച്ചിയിലുണ്ടായിരുന്ന നക്ഷത്രം അപ്പോൾ അസ്തമിക്കുകയാകും. ക്ലോക്കുകൾ കണ്ടുപിടിക്കുന്നതിനു മുൻപ് മനുഷ്യൻ രാത്രിയിൽ സമയം കണക്കാക്കിയിരുന്നത് നക്ഷത്രങ്ങളുടെ സ്ഥാനം നോക്കിയും പകൽ സൂര്യന്റെ സ്ഥാനവും നിഴലിന്റെ നീളവും അളന്നു കണക്കാക്കിയുമായിരുന്നു.

ഭൂമിയുടെ ഉത്തര ദക്ഷിണ ധ്രുവങ്ങളെ അകത്തുകൂടെ സാങ്കല്പികമായി കൂട്ടിയോജിപ്പിച്ച് അത് ആകാശത്തേക്ക് നീട്ടിയാൽ അതു ഖഗോളത്തിൽ മുട്ടുന്ന രണ്ടു ബിന്ദുക്കളാണ് ഖഗോള ധ്രുവങ്ങൾ. ഭൂമിയിലെ സ്ഥലങ്ങൾ അറിയുന്നതിന് ഗ്ലോബ് ഉപകാരപ്രദമാകുന്നതുപോലെ ആകാശത്തെ നക്ഷത്രരാശികൾ, നമുക്ക് ആകാശത്തെ തിരിച്ചറിയുവാൻ ഉപകാരപ്രദമാണ്. ഭൂമദ്ധ്യ രേഖയുടെ തലം മുകളിലേക്കു നീട്ടിയാൽ ഖഗോള മദ്ധ്യ രേഖയായി. അക്ഷാംശ രേഖയ്ക്കു സമാന്തരമായി അതിന്റെ തലം ദീർഘിപ്പിച്ച് ഖഗോളത്തിൽ മുട്ടുന്നതാണ് ഡെക്ലിനേഷൻ രേഖകൾ. അതേ സമയം രേഖാംശ രേഖകൾ ദീർഘിപ്പിച്ച് ഖഗോളത്തിൽ മുട്ടിച്ചാൽ അത് റൈറ്റ് അസൻഷൻ രേഖകളായി ഇത് രണ്ടും കോണളവിൽ കണക്കാക്കിയാണ് ആകാശത്തിന്റെ സ്ഥാനങ്ങൾ നിർണ്ണയിക്കുന്നത്. ഇത്തരം കണക്കുകൂട്ടലുകൾ നിലവിൽ വരുന്നതിനു മുൻപ് ആകാശത്തിന്റെ സ്ഥാനം നിർണ്ണയിക്കുന്നതിനുവേണ്ടി പൂർവ്വികർ കണ്ടു പിടിച്ച ഫലപ്രദമായ മാർഗ്ഗമാണ് നക്ഷത്രരാശികൾ●

*കവിത*

# ഗൌളിശാസ്ത്രം

**എ. ബി. സി. കയ്മൾ**

പുരാതനകാലത്തെന്നോ
മരീചിയാദിയായേറെ
തപോധനന്മാർക്കുണ്ടായി
ഗാഢസന്ദേഹമീവിധം
ത്രികാലസംഭവങ്ങൾ തൻ
സൂചനകളറിഞ്ഞീടാൻ
എളുപ്പമാർഗ്ഗമേതെന്നു
ഗ്രഹിക്കാൻ ശ്രമമാർന്നവർ
ബ്രഹ്മസന്നിധിയിൽചെന്നു
സന്നമിച്ചു മഹർഷിമാർ
കാലത്രയ ഫലജ്ഞാന
മാർഗ്ഗമാരാഞ്ഞു നിന്നവർ
നാന്മുഖൻ ചിന്തയിലാണ്ടു
മാത്രനേരമനന്തരം
ചൊല്ലി" ശംഭുസമക്ഷം ചെ
ന്നീ ജ്ഞാനം കൈവരിക്കുവിൻ"
ത്രികാലേശൻ മഹാദേവൻ
വാഴും കൈലാസസാനുവിൽ
താപസശ്രേഷ്ഠർ ചെന്നെത്തി
ഭക്തിസംയുക്ത ചിത്തരായ്
വാസരം മുപ്പതും പത്തും
തപസ്സാർന്നു മഹർഷികൾ
ഏകാഗ്രമാം മനസ്സോടെ
സ്തുതിച്ചു വിശ്വനാഥനെ
പ്രത്യക്ഷനായി തൃക്കയ്യിൽ
ഗുളപിണ്ഡം വഹിച്ചീശൻ
പൊടിച്ചു ഗുളഖണ്ഡത്തെ
മേൽപ്പോട്ടെറിഞ്ഞു ശങ്കരൻ
ഗുളാണുക്കളിൽ നിന്നേറെ
ജാതരായ് പുതുജീവികൾ
വെവ്വേറെ അഞ്ചുവർണ്ണത്തിൽ
ഭുവനത്തിൽ നവാഗതർ
പീത, പച്ച, വെളുപ്പും, നൽ
കറുപ്പും, രക്തവർണ്ണവും
നൂതനാകാരവായ്പ്പോടെ
ആവിർഭവിച്ചു ജന്തുക്കൾ
പതനം, ശബ്ദമാരോഹം
സഞ്ചാരമവരോഹവും
ഇവയാൽമേലിലി ജിവി
ഫലം സൂചിപിക്കുമെന്നും
ദിശയേതിലംഗമെന്തിൽ
ഭവിച്ചീടുന്നീ കർമ്മങ്ങൾ
അതാതിൻ ഫലമെന്തെന്നു
മുപദേശിച്ചു ശംഭുവും
ആശിർവാദമവർക്കേകി
മറഞ്ഞു പുണ്യഭൂവതിൽ
ചിത്തംതെളിഞ്ഞുതാപസർ
ക്കറിവിൻ നവദീപ്തിയാൽ
ഗുളത്തിൽ നിന്നുളവായോ
രീജിവാംശങ്ങൾ ഗൌളിയായ്
അറിയപ്പെട്ടു ലോകത്തിൽ
ഉത്തരം താങ്ങിയായുമേ
ശിവോപദേശമുൾക്കൊണ്ടു
വിരചിച്ചു തപോധനർ
ഗൌളിശാസ്ത്രമഭിജ്ഞർക്കും
സ്വീകാര്യമാം പ്രമാണമായ്●

കവിത

# രാച്ചിന്ത്



പറവൂർ രാജഗോപാൽ

അന്തി ചോക്കണ് , പൊന്നേ
ചന്തം വെയ്ക്കണ്,
അംബരത്തിൽ കുങ്കമാഭ
കുളിര് വീഴ്ത്തണ്.
ചേല് വെയ്ക്കണ് ,മാനം
ചൊകചൊകക്കണ്,
ചന്തമുള്ളൊരമ്പിളി, യെൻ
ചിന്തചോർത്തണ്.
ചിന്തു പാടണ്,
മോഹം പന്തടിക്കണ്;
മാമലയിൽ മാഞ്ചുവട്ടിൽ
മഞ്ഞുപെയ്യണ്.
കുയില് പാടണ്, എങ്ങും
തുയിലുണർത്തണ് ;
രാപ്പെരുമാൾ കൂരിരുളിൽ
തിരി തെളിക്കണ്.
തുമ്പ പൂക്കണ്, തൊടിയിൽ
തുമ്പിതുള്ളണ്;
തൂമലർ വസന്തമെങ്ങും
തുള്ളിയാർക്കണ്.
വളകിലുക്കണ്, എങ്ങും
തളകിലുങ്ങണ് ;
തംബുരുവിൽ തങ്കവിരൽ
താളമേകണ്.
രാവൊരുങ്ങണ്, ചുറ്റും
പാൽചുരത്തണ് ;
താരസുന്ദരിക്ക് മാരൻ
താലി ചാർത്തണ്.
തോണിയേറണ് , ഉള്ളം
കടവ് താണ്ടണ്;
കായലോളക്കെട്ടുവള്ളം
തെര മുറിക്കണ്.
വന്നലയ്ക്കണ്, കാതിൽ
നിന്നു പെയ്യണ്;
അങ്ങകലെയക്കരേത്തെ
കെസ്സുപാട്ടൊന്ന്
പുലരി തെളിയണ്, എങ്ങും
കിരണമുതിരണ്;
പൂത്തഭംഗികൾക്ക് മാനം
പൊലിമ തൂകണ്.●

## 2017 ഫെബ്രുവരി മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾ



**രാധ ഭാസ്കരൻ**
L/0793
വൈശാഖ്, മഹാകവി ജി റോഡ്
കാരിയ്ക്കാമുറി, കൊച്ചി 682 011



**ഇന്ദിര. എ. മേനോൻ**
L/0947, 10 ബി ലിങ്ക്ഹൈറ്റ്സ്
പനമ്പിള്ളി നഗർ, എറണാകുളം
കൊച്ചി 682 036



**പ്രൊ.അമ്മിണി അമ്മ കെ.**
L/1976, പരമാലയം 39/4078
കരിമ്പറ്റ റോഡ്, പള്ളിമുക്ക്
കൊച്ചി 682016

# ഭാഷയും സംസ്കാരവും

**കൃഷ്ണകുമാർ**

ഭാഗവതവും രാമായണവും വായിച്ച് ഭക്തിയിൽ ലയിച്ച മലയാളി മനസ്സിന് മോക്ഷൈകദായകവും രോഗവിമുക്തകരവുമായ നാരായണീയം പഠനം ആയാസകരമായി. ഭാഷാ പഠനം(മലയാളം) തന്നെ ഏറെ ആയാസകരമായിരുന്നു. സാധാരണ മലയാളിയിലേക്ക് ഔഷധസേവ എന്നമട്ടിലാണ് നാരായണഭട്ടപാദരുടെ നാരായണീയ ശ്ലോകം പകർന്നു നൽകാനിടയായത്.

നാരായണീയത്തിലെ രാമായണ വിവരണഭാഗം വായിച്ചു നോക്കുമ്പോൾ പദായപദ വിവർത്തനത്തിലെ അർത്ഥവൈകല്യങ്ങളെക്കുറിച്ച് ചിന്തിച്ചപ്പോൾ ഭട്ടപാദരുടെ മറ്റു രചനകളെല്ലാം ഒന്നു തുറന്ന് നോക്കിയപ്പോൾ അദ്ദേഹം അമ്പലപ്പുഴ ദേവനാരായണന്റെ നിർദ്ദേശപ്രകാരം രചിച്ച അതി ഗംഭീരപ്രക്രീയാ സർവ്വസ്വമെന്ന കൃതിയെക്കുറിച്ച് ഒരു ഓട്ടവായന നടത്തി. അതിലദ്ദേഹം അറുപതു ദിനം കൊണ്ട് പ്രസ്തുത പ്രബന്ധ രചന (പ്രക്രിയാ സർവ്വസ്വം) പൂർത്തികരിച്ചതായി കണ്ടു. അത് കലിദിനസംഖ്യയിലൂടെയിങ്ങനെ സൂചിപ്പിക്കുന്നു യത്നഫലപ്രസ(1723201) ൽ തുടങ്ങി കൃതതഗരസോദ്യ(1723261) യിൽ അവസാനിക്കുന്നു.

സ്യോഥ കദാചനരാജാ സ്വഗുണൈരാനീയ സന്നിധിം നീത

ത്രിമാതൃദത്തസൂനം നാരായണ സംജ്ഞമശിഷഭ വനിസുരം

വൃത്തനചാരുനരൂ നരൂപ സിദ്ധികഥനം

രൂപാവതാരേ പുന;

കാമുഭ്യാമിഷു ചാത്ര നൂത്രലഖിലം

നാസ്ത്യേവ തസ്മാത്ത്വയ,

രൂപാനിതി സമസ്തസൂത്രസഹിതം

സ്പഷ്ടം മിതംപ്രക്രിയ സർവ്വസ്വാഭിഹിതം

എന്ന ശ്ലോകമാണ് രാജസന്നിധിയിൽ വെച്ച് ആവശ്യപ്പെട്ടതനുസരിച്ച് പ്രക്രിയസർവ്വസ്വമെന്ന(ഗ്രാമർ) വ്യാകരണഗ്രന്ഥം എഴുതാനിടയായതെന്ന് സൂചിപ്പിക്കുന്നു. സർവ്വപ്രത്യയം,സുഭദ്രാഹരണം, വാസുദേവവിജയം എന്നീ കൃതികളുടെ കർത്താക്കളായ ശങ്കരൻ, നാരായണൻ പട്ടത്തുഭട്ടതിരിയെന്നിവരെ സ്മരിക്കുന്നതോടൊപ്പം ഭോജരാജാവിനെ 'ദ്വന്ദകലഹയുഗ്മസമാനാദി ഷിതിഭോജ' എന്നു നാമകരണം ചെയ്തു വിശേഷിപ്പിക്കുന്നു. ഭാഷ്യാദിയം കൗമുദിം, ധാതുവൃത്തിയുഗളം ദേവം ഭട്ടകാവ്യം കൂടാതെ ഭോജന്റെ ഉക്തികളും അമരകോശം സംക്ഷിപ്തമായി പ്രകരണം ചെയ്യുകയാണ്.

പ്രക്രിയാ സർവ്വസ്വത്തിൽ ഭട്ടപാദർ വളരെ വിനയാന്വിതനായി 'വിബുധാ വിമത്സരാ ശരണം' എന്ന ശ്ലോകാവസാനം സുചിപ്പിക്കുന്നു. സുബർത്ഥഖണ്ഡാവസാനത്തിൽ 'മറുക്തി സംശോധനകാര്യമർത്ഥയേ' എന്നും താണുകേണപേക്ഷിക്കുന്നു.

പാണ്ഡിത്യത്തിന്റെ പരമകാഷ്ഠയിൽ നിന്നിരുന്ന പണ്ഡിത വരേണ്യൻ ഭട്ടതിരി ഇങ്ങനെ നിമ്ന തടങ്ങളിൽ നിലയുറപ്പിച്ചിരുന്നതായി നാം കാണുന്നു. ഞാനിതുപറയാൻ കാരണം ശ്രീമദ് നാരായണ ഭട്ടതിരിയും പരമഭക്തൻ പൂന്താനവും ഗുരുവായൂർ സന്നിധിയിൽ കണ്ടുമുട്ടുന്നു അവസരമോർത്തിട്ടാണ്. ആ അവസരത്തിലാണല്ലോ തന്റെ ഭാഷാകൃതിയിലുള്ള സന്ദേഹമോചനത്തിനായ്ക്കൊണ്ട് പൂന്താനം ഭട്ടതിരിപ്പാടിനേ സമീപിക്കുന്നതും. അപ്പോൾ താൻ സംസ്കൃതമേ പരിശോധിക്കു എന്നു പറഞ്ഞു പോലും! ഒരിക്കലുമതുണ്ടാകാൻ സാദ്ധ്യതയില്ല! "അനുദ്ധിതാ സത് പുരുഷാഃ സമൃദ്ധി ഭിഃ "എന്ന ചൊല്ലിനെ സമർത്ഥമാക്കും വിധം വിനയത്തിന്റേയും ഭക്തിയുടേയും മുകുടമായ ഭട്ടതിരി അങ്ങനെ പ്രതിവചിച്ചിരിക്കാനിടയില്ല. എന്നാൽ സാഹിത്യ ഭാഷാ വേദികളിൽ ഈയൊരു വേർതിരിവുണ്ടായിരുന്നിരിക്കാം. ഭക്ത്യൈകചേതസ്സുകളായ ഇരുവർക്കുമിടയിലിങ്ങനെയൊരു സംഘർഷം ഉണ്ടായിരിന്നിരിക്കാനിടയില്ല എന്നാണ് എന്റെ വിനീതമായ അഭിപ്രായം.

ഇതിനുമൊരനുബന്ധമെന്നവണ്ണം വാതരോഗബാധിതനായ ഭട്ടപാദരോട് സമകാലീനനായ തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ ഉപദ്ദേശിച്ചു

പോലും 'മീൻ'തൊട്ടുകൂട്ടാൻ!

ഇതിൽ പൂന്താനത്തിന്റേയും മേൽപ്പത്തൂരിന്റേയും എഴുത്തച്ഛന്റേയും കാലഗണന വ്യത്യസ്തമായിരിക്കില്ലേ എന്നും ഞാൻ സന്ദേഹിക്കുന്നു. ഒരുപക്ഷെ എഴുത്തച്ഛനും മുൻപേ പൂന്താനം ഭാഷാകൃതികൾ എഴുതിതുടങ്ങിയിരിക്കാം. ജ്ഞാനപ്പാനയാണല്ലോ ശ്രീപൂന്താനത്തിന്റെ "മാസ്റ്റർപീസ് "മാളിക മുകളേറിയ മന്നന്റെ തോളിൽ മാറാപ്പു കേറ്റുന്നതും ഭവാൻ" എന്നെഴുതുന്ന ലളിത ശൈലിയുടെ വക്താവായ അദ്ദേഹമെന്തിന് സംസ്കൃത പണ്ഡിതരുടെ സഹായം തേടണം. മാത്രമല്ല പിന്നീടു വന്ന ഭാഷാപ്രേമികൾ ഇങ്ങനെ സംസ്കൃതവും ഭാഷയും തമ്മിലുണ്ടായ മത്സരത്തെ വികൃതമായി ചിത്രീകരിച്ചതുമാകാം.

ഭാഷയുടെ പ്രചാരണത്തിനുവേണ്ടിയാകുമോ ഇങ്ങനെയൊരു പണ്ഡിത സംസർഗ്ഗവും വിഘടനവും അതിന് മദ്ധ്യസ്ഥനായി ഭട്ടപാദരെ പ്രതിഷ്ഠിച്ചതും●


# ശ്രീമദ് സദാനന്ദസ്വാമികൾ (1877-1924)

ഹരിജനോദ്ധാരണത്തിന് മുഖ്യപങ്കുവഹിച്ച ഒരാദ്ധ്യാത്മികജ്യോതിസ്സായിരുന്നു, സദാനന്ദസ്വാമികൾ. അദ്ധ്യാത്മിക സംസ്കാരം വളർത്തുന്നതിന് "ചിത്സഭ"രൂപീകരിച്ച സ്വാമികൾ കണ്ണൂർ മുതൽ കന്യാകുമാരി വരെ കാൽ നടയായി പര്യടനം നടത്തി. കൊ.വ.1070 ാമാണ്ട് കാലത്താണ് സ്വാമികൾ അറിയപ്പെട്ടത്. കേരളത്തിൽ നിന്നും അപ്രത്യക്ഷനായ ഈ യോഗി തമിഴ് നാട്ടിൽ രാമനാഥപുരത്തുള്ള തായുമാനവർ സ്വാമികളുടെ സമാധിസ്ഥലത്ത് ഹ്രസ്വകാലം തപസ്സനുഷ്ഠിച്ചശേഷം ജ്ഞാനിയാർ മലയിലെ ഗുഹയിൽ ഏകാന്ത ധ്യാനത്തിൽ മുഴുകി. കൊട്ടാരക്കര സദാനന്ദപുരം അവധൂതാശ്രമം സ്ഥാപിച്ചതും പ്രസിദ്ധനായ സദാനന്ദസ്വാമികളാണ്. സ്വാമികൾ കൊ.വ.1052 കുംഭം 13ന് ചിറ്റൂരിൽ തത്തമംഗലത്ത് പുരാതന നായർ തറവാട്ടിൽ ജനിച്ചു.രാമനാഥമേനോൻ എന്നായിരുന്നു പേര്. വിദ്യാർത്ഥിയായിരിക്കുമ്പോൾ ദിവ്യദർശനം ഉണ്ടാവുകയും നാടുവിട്ട് തമിഴ്നാട്ടിലെ ഒരു ആശ്രമത്തിൽ എത്തിച്ചേരുകയും ശാസ്ത്രങ്ങളും യോഗജ്ഞാനങ്ങളും അഭ്യസിച്ച് ഒരു ബ്രഹ്മനിഷ്ഠനാവുകയും ചെയ്തു. മടങ്ങിയെത്തി ഹ്രസ്വകാലം മൗനവ്രതം അനുഷ്ഠിച്ചു. കേരളത്തിലെ മിക്ക ദേശങ്ങളിലും സഞ്ചരിച്ച് ബ്രഹ്മനിഷ്ഠാമഠങ്ങൾ സ്ഥാപിക്കുകയും ജനങ്ങളിൽ ആദ്ധ്യാത്മികബോധം ഉണർത്തുകയും ചെയ്തു. "ചിത്സഭ "യുടെ കേന്ദ്രസ്ഥാനം സദാനന്ദപുരം അവധൂതാശ്രമമായിരുന്നു. ശ്രീമൂലം തിരുനാൾ മഹാരാജാവായിരുന്നു സഭയുടെ രക്ഷാധികാരി.കൊട്ടാരക്കര താലൂക്കിൽ സദാനന്ദപുരത്ത് മുന്നുറോളം ഏക്കർ ഭൂമി കാടുവെട്ടിത്തെളിച്ച് ഒരാശ്രമം സ്ഥാപിച്ചു. എൻ.എസ്സ്.എസ്സിന്റെ ആദ്യകാലനേതാക്കളായ പ്രാക്കുളും പത്മനാഭപിള്ള, എം.എ.പരമുപിള്ള എന്നിവർ ആശ്രമപ്രവർത്തനങ്ങളിൽ അദ്ദേഹത്തെ സഹായിച്ചിരുന്നു. തമിഴ്നാട്, സിലോൺ, കൽക്കട്ട ,ബോംബെ എന്നിവിടങ്ങളിലും ഒട്ടേറെ ആരാധകർ അദ്ദേഹത്തിനുണ്ടായിരുന്നു. അവരിൽ നിന്നും ധനസഹായവും ലഭ്യമായിരുന്നു. ഒരു സിദ്ധവൈദ്യൻ കൂടിയായിരുന്ന അദ്ദേഹം ആശ്രമത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ഔഷധത്തോട്ടം ഉണ്ടാക്കുകയും വൈദ്യശാല നടത്തുകയും ചെയ്തിരുന്നു.നെയ്ത്തുശാല, ഗോശാല, പാഠശാല, ക്ഷേത്രം എന്നിവയും ആശ്രമത്തിൽ സ്ഥാപിച്ചിരുന്നു. ആദ്യമായി ധർമ്മപ്രഭാഷണം നടത്തുവാൻ തയ്യാറായ സന്യാസി എന്ന നിലയിലും സദാനന്ദസ്വാമികൾക്ക് അദ്വിതീയമായ സ്ഥാനമാണുള്ളത്. തമിഴിലും മലയാളത്തിലും ഗ്രന്ഥരചന നിർവഹിച്ചിട്ടുള്ള സ്വാമികൾ സദാനന്ദവിലാസം എന്ന ഒരു മാസികയും നടത്തിയിരുന്നു. ദയാനന്ദസ്വാമികൾ, നിത്യാനന്ദസ്വാമികൾ,ചിദാനന്ദസ്വാമികൾ, ആത്മാനന്ദസ്വാമികൾ, മഹാപ്രസാദ്സ്വാമികൾ തുടങ്ങിയവർ അദ്ദേഹത്തിന്റെ ശിഷ്യപ്രമുഖരിൽപ്പെടുന്നു●

പന്നഗാധിനാഥശായി തന്നുടെ സഹോദരീ !
പരമഭക്തചിത്തനത്തൽ തീർക്കണം മഹേശ്വരീ !
വന്നെതിർത്ത ദുരിതദുർഗ്ഗതിക്കു ജനനീ ! നീയൊരു
വഹ്നിയായ് ഭവിച്ചെനിക്കു സർവ്വഭൂതി നല്കണം

***കുഞ്ചൻനമ്പ്യാർ (രുഗ്മിണീ സ്വയംവരം)***

# ഉപനിഷത്തുകളിലൂടെ....



എൻ. ഗോപിനാഥൻ നായർ

## ഓംകാരോപാസന

ഓംകാരോപസനയിലൂടെ ജീവാത്മാവിന് പരമാത്മാഭാവം പ്രാപിക്കാമെന്ന സത്യം മാണ്ഡുക്യോപനിഷത്തിലാണ് വിശദമായി പ്രതിപാദിച്ചിരിക്കുന്നത് .

**'ദേവൻമാരേ! ചെവികൊണ്ട് മംഗളമായതിനെ ഞങ്ങൾ കേൾക്കുമാറാകട്ടെ. യജനശീലരായ ഞങ്ങൾ കണ്ണുകൾകൊണ്ട് നല്ലതു കാണുമാറാകട്ടെ. ഞങ്ങൾ ദൈവഹിതമായ ആയുസ്സിനെ പ്രാപിക്കുമാറാകട്ടെ. എല്ലാം അറിയുന്ന സൂര്യനും ആപത്തുക്കൾ നീക്കിത്തരുന്ന ഗരുഡനും ഞങ്ങൾക്ക് മംഗളം നൽകട്ടെ. ദേവഗുരുവായ ബ്രഹസ്പതിയും മംഗളമരുളട്ടെ'.**

മാണ്ഡകൊപനിഷത്തിലെ ഉദാത്തമായ കാഴ്ചപ്പാടുകളോടുകൂടിയ ശാന്തി മന്ത്രമാണ് മേലുദ്ധരിച്ചിരിക്കുന്നത്.

ഏറ്റവും ചെറുതും എന്നാൽ ഏറ്റവും പ്രധാനപ്പെട്ടതുമായ ഈ ഉപനിഷത്തിന്റെ രചയിതാവ് മണ്ഡുകൻ എന്ന മഹർഷിയാണെന്ന് വിശ്വസിക്കപ്പെടുന്നു.. അഥർവ വേദത്തിലെ "അയമാത്മാ ബ്രഹ്മ" (ഈ ആത്മാവ് ബ്രഹ്മമാണ് , ഈ പ്രപഞ്ചം മുഴുവൻ നിറഞ്ഞിരിക്കുന്നത് ബ്രഹ്മം തന്നെയാണ്) എന്ന മഹാവാക്യം വരുന്നത് മാണ്ഡുകോപനിഷത്തിലാണ്. ഗൗഡപാദാചാര്യർ തുടങ്ങി വെച്ച അദ്വൈത സിദ്ധാന്തത്തിന് പ്രചുര പ്രചാരം നൽകാൻ ശ്രീശങ്കരാചാര്യർക്ക് പ്രചോദനമായത് മാണ്ഡുക്യോപനിഷത്താണ് അദ്ദേഹം ഭാഷ്യം രചിച്ച ദശോപനിഷത്തുകളിൽ പ്രധാനപ്പെട്ട ഒന്നാണ് ഈ ഉപനിഷത്ത്.

എല്ലാ പാശ്ചാത്യ ചിന്തകരും എന്നാൽ പൗരസ്ത്യ ചിന്തകരിൽ പലരും ഗവേഷണത്തിൽ ഏർപ്പെട്ടിരുന്നത് ഉണർന്നിരിക്കുമ്പോഴുള്ള ജാഗ്രതാവസ്ഥയിൽ നമുക്കുണ്ടാകുന്ന അനുഭവങ്ങളെ മാത്രം മുൻനിർത്തിയാണ്. പക്ഷെ പുരാതന ഭാരതത്തിൽ ജീവിച്ചിരുന്ന നമ്മുടെ മഹർഷിമാരാവട്ടെ ജാഗ്രത്ത് സ്വപ്നം സുഷുപ്തി എന്നി മൂന്ന് അവസ്ഥകളിലും ഉണ്ടാകുന്ന അനുഭൂതികളെ അടിസ്ഥാനമാക്കിയാണ് സത്യാന്വേഷണങ്ങൾ നടത്തിയിരുന്നത് തൻമൂലം അവർ നാലാമത്തെ അവസ്ഥയായ തുരിയാവസ്ഥയെ (ധ്യാനം, സമാധി) കണ്ടെത്തുകയായിരുന്നു.

ജീവാത്മാവ് നാല് പാദങ്ങളോട് അഥവാ അവസ്ഥകളോട് കൂടിയതാണ്. വിശ്വൻ(വൈശ്വാനരൻ) തൈജസൻ, പ്രാജ്ഞൻ, തുരിയൻ എന്നിവയാണ് നാലു പാദങ്ങൾ.

**വിശ്വൻ** : ജാഗ്രതാവസ്ഥയാണ്. ജാഗ്രതാവസ്ഥയിൽ ആത്മാവ് ബോധാവസ്ഥയിലായതിനാൽ (ഉപബോധമനസ്സ്) ബാഹ്യവിഷയങ്ങൾ അഥവാ സ്ഥൂലവിഷയങ്ങൾ(ബഹിഷ്പ്രജ്ഞൻ) അറിയുന്നവനാണ്.

**തൈജസൻ** : സ്വപ്നാവസ്ഥയാണ് . സ്വപ്നാവസ്ഥയിൽ ആത്മാവ് ഉള്ളിൽ മാത്രം പ്രവർത്തിക്കുന്നതിനാൽ (അബോധമനസ്സ്) സൂക്ഷമവിഷയങ്ങൾ മാത്രം അറിയുന്നവനാണ്.

**പ്രാജ്ഞൻ** : സുഷുപ്തി അഥവാ ഗാഢനിദ്ര എന്ന അവസ്ഥയാണ്. യാതൊന്നും ആഗ്രഹിക്കാത്ത സ്വപ്നം പോലും കാണാത്ത ഈ അവസ്ഥയിൽ ആത്മാവ് ആനന്ദസ്വരൂപവും അന്തർമുഖവുമാണ്. സുഷുപ്തിയിൽ ജിവാത്മാവ് പരമാത്മാവിൽ ഒന്നുചേർന്ന് ഏകരൂപവും ബോധരൂപവും ആയി പരിണമിക്കുന്നും **തുരിയൻ** : നാലാം പാദമായ തുരിയമെന്ന അത്യത്ഭുതാവസ്ഥ പറഞ്ഞറിയിക്കാനും, ഗ്രഹിക്കുവാനും സാധ്യമല്ലാത്തതും ഏകാന്തമായ ബോധത്തിന് ഉപകരിക്കുന്നതും പ്രപഞ്ചബോധത്തെ ഇല്ലാതാക്കുന്നതും ശാന്തവും ശിവവും അദ്വൈതവും ആകുന്നു.

ഓംകാരം പ്രണവമന്ത്രമാണ്. പ്രണവം ബ്രഹ്മവാചകമാണ്. ആത്മാവ് അക്ഷരരൂപത്തിൽ ഓംകാര മാത്രാധിഷ്ടിതമാണ്. ഓംകാരത്തിലെ മാത്രകൾ പാദങ്ങളാകുന്നു അവ അകാരം, ഉകാരം, മകാരം എന്നിവയാണ്. ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി എന്നീ മൂന്ന് പാദങ്ങൾക്ക് തുല്യമായി

'അ', 'ഉ' , 'മ ' എന്നീ മൂന്ന് അവസ്ഥകൾ ലയിച്ച് ചേർന്നതിനുശേഷം ഉണ്ടാകുന്ന തുരിയമെന്ന അവസ്ഥയിൽ എത്തിച്ചേരുബോൾ ഓംകാരോപസന സാധ്യമാകുന്നു.

ഓംകാരോപാസനയിലൂടെ ജിവാത്മാവിന് പരമാത്മാഭാവം പ്രാപിക്കാമെന്ന് മാണ്ഡുക്യോപനിഷത്തിൽ വളരെ സ്പഷ്ടമായി സമർത്ഥിച്ചിരിക്കുന്നു●

# സെൽഫി



ഇ.വിജയലക്ഷ്മി

ഫോട്ടോഗ്രാഫിയിലെ മഹാരഥന്മാരിലൊരാളായ റോബർട്ട് കൊർണേലിയസ് ആണ് ചരിത്രത്തിലെ ആദ്യ സെൽഫി എടുത്തത്(1839 ൽ). ആദ്യകാലഫോട്ടോഗ്രാഫിയിലൊന്നുമായിരുന്നു ഈ ചിത്രം 1900 ൽ പുറത്തിറങ്ങിയ കൊഡാക്ക് ബൗണി ക്യാമറയാണ് സെൽഫികളെ സാധാരണ സംഭവമാക്കിമാറ്റിയത്. ക്യാമറ , കണ്ണാടി, ട്രൈപോഡ്വ്യം ഫൈൻഡർ തുടങ്ങി സർവ്വവിധ സന്നാഹങ്ങളോടെയാണ് ഇതിൽ സെൽഫി എടുത്തിരുന്നത് എന്നാണ് അറിയുന്നത്. എന്നാലോ നമുക്ക് സെൽഫിയെടുക്കാൻ വെറും ഒരു ക്ലിക്ക് മാത്രം മതി.

മൊബൈൽ ക്യാമറ അല്ലെങ്കിൽ ഡിജിറ്റൽ ക്യാമറ ഉപയോഗിച്ച് തനിയെ എടുത്ത സ്വന്തം ഫോട്ടോ ആണ് സെൽഫി. സോഷ്യൽ മീഡിയ സൈറ്റുകൾ സജീവമായതോടെയാണ് സെൽഫി പ്രശസ്തിയിലേക്ക് കടന്നത്. ഓക്സ്ഫോർഡ് ഡിക്ഷണറി 2013 ൽ ആ വർഷത്തെ വാക്കായി (Word of the year) തിരഞ്ഞെടുത്ത ആംഗലേയ വാക്കാണ് സെൽഫി (Selfie) .ഇപ്പോൾ ക്യാമറഫോൺ അറ്റത്തു പിടിപ്പിച്ചിരിക്കുന്ന സെൽഫിസ്റ്റിക്കും സ്പൂൺ അറ്റത്തുപിടിപ്പിച്ച സ്പ്യൂൺസ്റ്റിക്കുകളും ആണ് പുതിയ ട്രെൻഡ് 2013 ൽ മറ്റു പല വാക്കുകളേയും നിഷ്കരുണം പിൻതള്ളിയാണ് സെൽഫിയാശാൻ ഈ സ്ഥാനമേറ്റെടുത്തത്. സെൽഫിയുടെ കുത്തൊഴുക്കിൽ പ്പെട്ടുപോയ പാവം നിർഭാഗ്യവാനാകുന്ന ഓട്ടോഗ്രാഫ്. ഒരു കാലത്ത് കിടിലൻ സ്റ്റാറായിരുന്ന ഓട്ടോഗ്രാഫിന്റെ പ്രതാപം ഇപ്പോൾ മങ്ങി. തുടർന്ന് ഡിജിറ്റൽ ക്യാമറകൾ സർവ്വസാധാരണയായി പിന്നീട് മൊബൈൽ ഫോണുകളിൽ ഫ്രണ്ട് ക്യാമറകൾ സാധാരണമായതോടെ സെൽഫി യുഗത്തിലേക്ക് ലോകം കടക്കുകയായിരുന്നു. സിനിമാതാരങ്ങൾ, കായികതാരങ്ങൾ,രാഷ്ട്രീയ നേതാക്കൾ തുടങ്ങി സകല സെലിബ്രിറ്റികളും അവരുടെ ആരാധകരും ഇപ്പോൾ സെൽഫിവൽക്കരിക്കപ്പെട്ടിരിക്കുകയാണ്. ഫ്രണ്ട് ക്യാമറബട്ടണിലെ ഒരൊറ്റ ക്ലിക്ക്! ജിവിതം തന്നെ മാറ്റിമറിക്കും ഇഷ്ടതാരത്തെ കെട്ടിപ്പിടിച്ച് സെൽഫിയെടുത്ത് സോഷ്യൽ മിഡിയയിലിട്ടാൽ പിന്നെ വൻപത്രാസാണ്, ഒരിക്കൽ വാഗമൺ കാണാൻ വന്ന നടി മംമ്ത ചായ കുടിക്കാനായി കുരുവികൂട് കവലയിലെ സുനിലിന്റെ ബേക്കറിയിൽ കയറി, ചായകുടിക്കുന്നതിനിടെ സുനിലിന്റെ ഒപ്പം ഒരു സെൽഫിയെടുത്ത് ഫേസ് ബുക്കിലിട്ടു. ഒന്നു ഇരുട്ടി വെളുക്കുന്നതിന് മുമ്പു സുനിൽ കേറിയങ്ങു സ്റ്റാറായി . വലിയ സിനിമാ നടിമാരുമൊക്കെയായി നല്ല അടുപ്പമാണല്ലേ എന്നു ചോദിച്ച് ആരാധകർ പിന്നാലെ കൂടി. കച്ചവടവും മെച്ചപ്പെട്ടുകാണുമെന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു. അതാണ് സെൽഫി എന്ന അവതാരത്തിന്റെ പവർ! കല്ല്യാണത്തിനും പാലുകാച്ചലിനുമാത്രമല്ല, മരണാനന്തരചടങ്ങുകളിൽ പോലും സെൽഫി സാന്നിദ്ധ്യമറിയിച്ചു കഴിഞ്ഞു താലികെട്ടൽ ചടങ്ങ് വധൂവരന്മാർ നേരിട്ട് സെൽഫിയാക്കുമ്പോൾ കല്ല്യാണ ഫോട്ടോഗ്രാഫർമാർ തലയിൽ കൈവെച്ചിരിക്കുകയാണ്.ഹെലിക്യം ഔട്ടുഡേറ്റഡാകുന്ന (out dated) കാലം വരെ ഫോട്ടോഗ്രാഫർമാരെ കല്യാണ സെൽഫി കടത്തിവെട്ടില്ലെന്ന് കരുതാം. മുഖം മൂടാൻ പോകുവാണേ ഇനി ആരെങ്കിലും അന്ത്യസെൽഫി എടുക്കാനുണ്ടോ? ഭാവിയിലെ മരണ വീടുകളിൽ ഇങ്ങിനെയൊരു ചോദ്യം മുഴങ്ങിയേക്കാം!! പ്രസിദ്ധമായ പല സെൽഫികളുമുണ്ട്.

**കാർഫി :** കാറിനുള്ളിലോ കാറിനെ പശ്ചാത്തലമാക്കിയോ ഇറങ്ങുന്ന സെൽഫികൾ ആദ്യമായി കാർ വാങ്ങുന്നവർ കുറേക്കാലം ഇത്തരം സെൽഫികൾ എടുത്തുകൊണ്ടേയിരിക്കും.

**ഗ്രൂപ്പ്ഫി :** സെൽഫിയിൽ ഫോട്ടോ എടുക്കുന്ന ആളല്ലാതെ മറ്റനേകം പേർ വന്നാൽ അത് ഗ്രൂപ്പ്ഫി ആയി മാറും. ഇന്നത്തെ സർവ്വസാധാരണമായ സെൽഫികലാരൂപം സെൽഫിസ്റ്റിക്കുകളുടെ ആവിർഭാവത്തോടുകൂടി കൂടുതൽ സാധാരണമായി.

**ഡോഗ്ഫ്രി :** വളർത്തുനായയോടൊപ്പം എടുക്കുന്ന സെൽഫി.

**ഫുഡ് സെൽഫി :** ഹോട്ടലിൽ കയറി നല്ല ഫുഡ് ഒക്കെ ഓർഡർ ചെയ്യത് അതിനൊപ്പം സെൽഫിയെടുത്ത് കൂട്ടുകാരെ കൊതിപ്പിക്കുക അത്ര തന്നെ.

**ജിം സെൽഫി :** ജിമ്മിൽ മസിലും സിക്സ് പാക്കുമൊക്കെ കാട്ടി എടുക്കുന്ന സെൽഫി.

**ഡക്ക്ഫേസ്ഡ് സെൽഫി :** പ്രധാനമാ

യും പെൺകുട്ടികളുടെ കലാപരിപാടി മുഖം പലരീതിയിൽ വക്രീച്ച് പടമെടുത്ത് ഫേസ്ബുക്കിലിടും എന്തിനാണോ എന്തോ........!

**സെലിബ്രിറ്റി സെൽഫി :** വിവിധ രൂപത്തിലും ഭാവത്തിലും സെലിബ്രിറ്റികൾ എടുക്കുന്നതും സെലിബ്രിറ്റികളുടെ കൂടെ നിന്ന് എടുക്കുന്നതും. ഒരിടയ്ക്ക് പ്രധാനമന്ത്രി നരേന്ദ്രമോദിയോടൊപ്പം സെൽഫി എടുക്കാൻ എന്തു തിരക്കായിരുന്നു. സിനിമാതാരങ്ങളും കായികതാരങ്ങളും പങ്കെടുക്കുന്ന സ്ഥലത്തും ഇതുതന്നെ സ്ഥിതി.

ഇനി സെൽഫിയുടെ അധിനിവേശം കൊച്ചിയെ എങ്ങനെ ബാധിക്കുന്നു എന്നു നോക്കാം. സെൽഫിയുടെ ആഘോഷക്കാലമാണിത്. കൊച്ചിയും പിന്നിലല്ല സെൽഫി പ്രണയത്തിൽ, നെഞ്ചോടു ചേർത്തുവെക്കുന്ന സ്വന്തം ഇഷ്ടങ്ങളെ ഒരു ഫോട്ടോയിലൂടെ കെട്ടിപിടിക്കുകയാണ് സെൽഫിയിൽ കാഴ്ചകളെ, ഇടങ്ങളെ കൂട്ടങ്ങളെ അങ്ങനെയെല്ലാം ദൈവത്തിന്റെ സ്വന്തം കൊച്ചിയുടെ ദൃശ്യഭംഗിയിൽ സെൽഫി യെടുക്കുന്നവരേറെ സെൽഫിക്കാരുടെ പ്രിയ ഇടങ്ങളിൽ കൊച്ചി വന്നു പെടുന്നതും കാഴ്ചകളുടെ മനോഹാരിത കൊണ്ടാണ്. ഒരോട്ട പ്രദക്ഷിണം നടത്തിയാൽ സെൽഫി പേമികൾക്ക് പ്രിയപ്പെട്ട ഇടങ്ങൾ കണ്ടെത്താം പിന്നിലെ കാഴ്ചകൾ കൊണ്ട് നിങ്ങളുടെ ചിത്രങ്ങളെ മോടികൂട്ടുന്ന "ഇതെവിടെയാണു ബ്രോ" എന്ന് ചോദിപ്പിക്കുന്ന ചിലയിടങ്ങൾ ഒന്നു കറങ്ങി വരാം.

**മറൈൻഡ്രൈവ് :** കൊച്ചിയുടെ ഐഡന്റിറ്റിയാണ് മനോഹരമായ ഈ സ്ഥലം. അൽപ്പംകൂടി കൃത്യമായി പറഞ്ഞാൽ മഴവിൽപ്പാലം. അവിടെ നിന്നു ചിത്രങ്ങൾ പകർത്തുന്നവരുടെ എണ്ണം കാക്കതൊള്ളായിരമെന്ന് പറയേണ്ടി വരും. പാലം കടന്നുപോകുന്നവരെല്ലാം ഒരു നിമിഷം നിൽക്കും മൊബൈൽ ഫോണിലും ക്യാമറയിലും സെൽഫികൾ പകർത്തും . നഗരം കാണാനെത്തുന്ന സഞ്ചാരികളെ ഒന്നു ശ്രദ്ധിക്കുക. മഴവിൽപ്പാലത്തിൽ ഒത്തുകൂടി ഒരു ഗംഭീര സെൽഫി ഉറപ്പ്. കായൽ കാഴ്ചകളും തലയുയർത്തി നിൽക്കുന്ന ഫ്ളാറ്റ് സമുച്ചയങ്ങളുമെല്ലാം സെൽഫിയുടെ അഴകേറ്റുന്നു.

**ഫോർട്ടുകൊച്ചി :** ചീനവലയുടെ ചരിത്രവും കഥയുമൊന്നും ചോദിക്കരുത് പക്ഷെ ചീനവലയെ പിന്നിൽ വിടർത്തി നിങ്ങളുടെ ചിരിക്കുന്ന മുഖത്തിന്റെ ഒരു സെൽഫി, ഫോർട്ടുകൊച്ചിയിലേക്കുള്ള നിങ്ങളുടെ യാത്രകളെ പൂർത്തിയാക്കുക ഇതു തന്നെ . സെൽഫിക്കാരുടെ ഇഷ്ട സ്പോട്ടാണ് ബീച്ചിനോടുചേർന്നുള്ള ചീനവലകൾ.

**മട്ടാഞ്ചേരി ഹാർബർപാലം :** നഗരത്തിന്റെ പ്രൗഡിയുടെ ഇമേജാണ് പഴയ ഹാർബർ പാലം.എഞ്ചിനിയറിംഗ് വൈദഗദ്ധ്യത്തിന്റെ നിത്യസ്മാരകം. വൈകിട്ടായാൽ ഇവിടെ നിന്നുള്ള നഗര കാഴ്ചയുടെ സൗന്ദര്യമൊന്നു വേറെ. സിനിമാക്കാരുടെ ഇഷ്ടകേന്ദ്രം കൂടിയായ ഇതുവഴികടന്നു പോകുന്നവരെല്ലാം സെൽഫിക്കുവേണ്ടി വാഹനം നിർത്തുന്നത് പതിവ് കാഴ്ച.

**മാളുകൾ :** പുതുകാലത്തിന്റെ വിസ്മയമായ മാളുകളിലേക്ക് ഒഴുകുന്നത് പതിനായിരങ്ങളാണ്. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ളവരും വിദേശികൾ പോലും മാളുകളിലെത്തുന്നു. ഒട്ടേറെപേരുടെ സൗഹൃദ സംഗമസ്ഥാനം കൂടിയാണ് കൊച്ചിയിലെ മാളുകൾ.ഈ ഒത്തുകൂടലുകളുടെ ഓർമ്മ നിലനിർത്താൻ പലർക്കും ഒരു വഴി സെൽഫി ചിത്രങ്ങൾ തന്നെ.

**കഫേകൾ :** കഫേകളിലും ഷോപ്പിംഗ് കേന്ദ്രങ്ങളിലും എല്ലാം സെൽഫി സ്പോട്ടുകൾ ഒരുക്കുന്നത് പതിവ് കാഴ്ചകളാണ്. സെൽഫി ചിത്രങ്ങൾ എടുക്കാൻ പ്രത്യക സൗകര്യങ്ങൾ ലക്ഷ്യം ഒന്നു മാത്രം. കൂടുതൽ യുവാക്കൾക്ക് സ്വാഗതം. മൊബൈൽ ഫോണിന്റെ മുൻക്യാമറയാണ് ഇപ്പോൾ ബഹുഭൂരിപക്ഷം. കൗമാരയൗവനങ്ങളുടെയും അടുത്ത സുഹൃത്ത്.

**കൊച്ചി ഷിപ്പയാർഡ് :** വിശാലമായ കൊച്ചികായലും കപ്പലുകളും പശ്ചാത്തലമാക്കി ഫ്ളാറ്റുകൾക്ക് മുകളിൽ നിന്നൊരു സെൽഫി.

സെൽഫി ഹരമായിരിക്കുകയാണ് യുവത്വത്തിനും സോഷ്യൽ മീഡിയയ്ക്കും എന്നത് വാസ്തവം. പക്ഷെ നൊടിനേരം കൊണ്ട് സാങ്കേതികവിദ്യകൾ വിരിച്ചെടുക്കുന്ന ടെക്പിള്ളേരുടെ ലോകത്ത് ഒന്നും ശാശ്വതമല്ല. അതുകൊണ്ട് സെൽഫിക്കും രൂപമാറ്റം വരും. സാങ്കേതികവിദ്യയുടെയും ശാസ്ത്രത്തിന്റെയും വളർച്ചയിൽ തീർച്ചയായും അഭിമാനമുണ്ട്.

ഇതുവരെ പറഞ്ഞത് സെൽഫി വിശേഷങ്ങൾ പക്ഷെ അതിരുവിട്ടാൽ സെൽഫിയും അപകടമെന്നുള്ളതും ഇവിടെ പ്രസക്തം. സാഹസിക സെൽഫികൾക്ക് ശ്രമിച്ച് ജീവൻ തന്നെ പൊലിഞ്ഞുപോയ എത്രയെത്ര യുവത്വങ്ങൾ. മിക്കതും പ്രോഫഷണൽ കോളേജുകളിലെ അവസാന വർഷ വിദ്യാർത്ഥികൾ. മക്കൾ എഞ്ജിനിയർമാരും ഡോക്ടർമാരുമായി തിരിച്ചു വരാൻ കാത്തിരിക്കുന്ന മാതാപിതാക്കളുടെ അവസ്ഥ എത്ര പരിതാപകരം. ഇത്തരം അപകടങ്ങളെ കുറിച്ച് അടുപ്പിച്ച് പത്രമാധ്യമങ്ങളിൽ വരുന്ന റിപ്പോർട്ടുകൾ വായിച്ചുണ്ടാകുന്ന ദുഃഖമാണ് സെൽ

ഫിയെപ്പറ്റി എഴുതാൻ എനിക്ക് പ്രേരണ നൽകിയത്. എത്രയെത്ര അപകടങ്ങളാണ് അടുത്ത കാലത്ത് നമ്മൾ കേട്ടിട്ടുള്ളത്.

1. ചെന്നൈയിൽ ഉയരത്തിലുള്ള പാറയിൽ കയറി സെൽഫി എടുത്ത യുവാവ് അവിടെ നിന്ന് വീണു മരിച്ചത് (Sept 2016)

2. താജ്മഹൽ റോയൽ ഗേറ്റിൽ നിന്നു സെൽഫിയെടുക്കാനുള്ള ശ്രമത്തിൽ ജാപ്പനീസ് ടൂറിസ്റ്റ് താഴെ വീണു മരിച്ചത് (Sept 2016)

3. പെരുമ്പാമ്പിനെ പിടിച്ച ശേഷം സെൽഫി എടുക്കാൻ ശ്രമിച്ച കുറെ ചെറുപ്പക്കാർ സെൽഫി യെടുക്കുന്ന യുവാവിനെ പാമ്പ് ചാടികൊത്തിയതും ഈയിടെ.

4. മദ്ധ്യപ്രദേശിലെ ഭാഗ്പട്ടിൽ ജയന്റ് വീലിൽ നിന്ന് സെൽഫിയെടുക്കവെ റൈഡിൽ മുടി കുടുങ്ങി 10 വയസ്സുകാരിക്ക് ഗുരുതരമായി പരുക്ക് പറ്റിയത്. (ഒക്ടോബർ 2016ൽ)

5. ഗൾഫിൽ കടലിനടുത്തു നിന്ന് സെൽഫി എടുത്ത 2 പെൺകുട്ടികൾ ഒഴുക്കിൽപെട്ടു മരിച്ചത്.(ഒക്ടോബർ 2016ൽ)

6. ഓടികൊണ്ടിരുന്ന ഇലക്ട്രിക്ക് ട്രെയിനിന്റെ മുകളിൽ നിന്ന് സെൽഫിയെടുത്ത യുവാവ് ലൈനിൽ തട്ടി ഷോക്കേറ്റ് മരിച്ചത്.

7. വായങ്കൽ ധർമ്മസാഗർ ജലസംഭരണിയിൽ സെൽഫിയെടുക്കുന്നതിനിടയിൽ വിനോദയാത്രയ്ക്ക് പോയ 5 വിദ്യാർത്ഥിനികൾക്ക് ദാരുണ അന്ത്യം സംഭവിച്ചു. പാറയിൽ കയറി നിന്ന് സെൽഫി എടുക്കുമ്പോൾ കാൽ വഴുതിവീണ് മരിച്ച അവർ എഞ്ചിനീയറിങ്ങ് 3-ാം വർഷ വിദ്യാർത്ഥികളായിരുന്നു (Sept 2016)

8. സെൽഫി എടുക്കുന്നതിനിടെ കനാലിൽ വീണ 5 അംഗ MBBS അവസാന വർഷ വിദ്യാർത്ഥികളിൽ 3 പേർ മരിച്ചതും ഈയിടെയാണ്. Mangalore Madhya Institute of Med Science ലെ വിദ്യാർത്ഥികളാണ് കനാലിൽ ഒഴുക്കിൽ പെട്ടതാണ്.

9. റയിൽവെ ലൈനിന്നു സമീപം നിന്ന് സെൽഫിയെടുക്കുമ്പോൾ ട്രെയിൻ വന്നിടിച്ച വിദ്യാർത്ഥികൾ മരിച്ചു ഈയിടെ.

10. ഓടിവരുന്ന ട്രെയിനിനു മുന്നിൽ നിന്ന് സെൽഫി എടുത്ത വിദ്യാർത്ഥി ട്രെയിനിടിച്ച് മരിച്ചതും അടുത്തകാലത്തുതന്നെ. വീണ്ടും 2017 ലെ ജനുവരി 1ന് പുതുവത്സരാഘോഷം കഴിഞ്ഞ കൂട്ടുകാരൊത്ത് മടങ്ങുമ്പോൾ ഓടി വരുന്ന ട്രേയിനിന്നു മുമ്പിൽ നിന്നു സെൽഫിയെടുത്ത എഞ്ചിനിയറിങ്ങ് വിദ്യാർത്ഥി കോയമ്പത്തുരിൽ മരണപ്പെട്ടു.

11.നാസിക്കിൽ പാറക്കെട്ടിൽ നിന്ന് സെൽഫിയെടുക്കുമ്പോൾ അണക്കെട്ടിൽ വീണു 2 വിദ്യാർത്ഥികൾ മരിച്ചു.

12. കാൻപൂരിൽ പുഴയരികിൽ നിന്ന് സെൽഫിയെടുക്കുമ്പോൾ 7 എഞ്ചിനിയറിംഗ് വിദ്യാർത്ഥികൾ മരിച്ചതും ഈയിടെ തന്നെ.

13. ആത്മഹത്യ ചെയ്യുന്നതുപോലെ ചിത്രം എടുക്കാൻ ശ്രമിച്ചു അബദ്ധത്തിൽ കുടുക്ക് മുറുകി ഒരാൾ മരിച്ചു.

14. നിറ തോക്ക് തലക്ക് നേരെ ചൂണ്ടി സെൽഫിയെടുക്കാൻ ശ്രമിച്ച യുവാവ് തലയിൽ വെടിയേറ്റ് മരിച്ചത് അടുത്ത കാലത്താണ്.

15. മുനമ്പിന്റെ അറ്റത്തു നിന്ന് കൊണ്ട് പടമെടുക്കാനുള്ള ശ്രമം ഒരു ദമ്പതികളുടെ മരണത്തിൽ കലാശിച്ചു.

16. സെൽഫിക്ക് അടിമപ്പെട്ട ഒരു 15 വയസ്സുകാരൻ ദിവസവും 10 മണിക്കൂറിനടുത്ത് സെൽഫികൾ എടുക്കാൻ ചിലവഴിക്കുകയും സംതൃപ്തമായ സെൽഫി കിട്ടാതെ ആത്മഹത്യക്ക് ശ്രമിക്കുകയും ചെയ്ത ഒരു സംഭവം റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ട്. എന്നറിയുന്നു.

17. വിദേശരാജ്യങ്ങളിൽ നിന്നും ഇത്തരം ഒട്ടുവളരെ റിപ്പോർട്ടുകൾ വരുന്നുണ്ട് .

18. തായ്‌ലന്റിൽ സെൽഫി ഭ്രാന്തു മൂത്ത് ഫ്രഞ്ച് വനിത മുതലക്കൊപ്പം സെൽഫി എടുത്തപ്പോൾ കുടുങ്ങിയത് മുതലയുടെ വായിൽ. (ജനുവരി 2017)

## അമിതമായ സെൽഫി ഭ്രമം

ഇത് ഒരുതരം മാനസികരോഗമായി മനോരോഗവിദ്ഗദ്ധർ കാണുന്നു. സെൽഫിയെടുക്കുന്നത് പുത്തൻ തലമുറയുടെ ഹരമാണല്ലോ? നല്ലതു തന്നെ.

കാലത്തിനൊത്തു കോലവും മാറണമല്ലൊ? പക്ഷെ , മരിക്കാനാണോ ഇവർ സെൽഫിയെടുക്കുന്നത് എന്നു പോലും സംശയിക്കേണ്ട സന്ദർഭങ്ങളാണ്. പലപ്പോഴും കാണുന്നത്. സെൽഫി അവർക്ക് ലഹരിയാണ്. ഒരു പടമെടുത്ത് സൊഷ്യൽമീഡിയയിൽ പോസ്റ്റ ചെയ്ത കുറെ ലൈക്കും കമന്റും കിട്ടുന്നത് അവരുടെ ജീവൻ നഷ്ടപ്പെടുന്നതിലും വലുതല്ല. എത്ര അപകടങ്ങൾ സംഭവിച്ചാലും പഴയ പടി തന്നെ യാത്രകളിൽ മറ്റാരെയും ആശ്രയിക്കാതെ ചിത്രമെടുക്കാമെന്നതാണ് സെൽഫിയുടെ പോസിറ്റീവ് വശം. ശാസ്ത്രസാങ്കേതികവിദ്യയുടെ മെച്ചപ്പെട്ട മുഖമായ സെൽഫിയെ നെഗറ്റീവ്വ് ഇമേജായി മാറ്റാതിരിക്കാൻ ശ്രമിക്കണേ എന്നേ ഇവരോടു പറയാനുള്ളു. ഒരു സുഹൃത്തിന്റെ ശവസംസ്കാര ചടങ്ങിനെത്തിയ ബിഗ് ബീ യുടെ കൂടെ സെൽഫി

യെടുത്തവരെകുറിച്ച് ഇരട്ടി ദുഃഖത്തോടെ അവിടെ നിന്നു പോയ അദ്ദേഹം രോഷത്തോടെ ട്വീറ്ററിൽ പ്രതികരിച്ചത് ജനം സെൽഫിയെടുത്ത് മരിക്കുകയാണെന്നാണ്. സ്റ്റഡിടൂറിന്റെ ഭാഗമായും അല്ലാതെയും യുവാക്കൾ യാത്ര പോകാറുണ്ട് ദുർഘട സാഹചര്യങ്ങളിൽ സെൽഫിയെടുത്ത് അപകടങ്ങളിൽ പെടരുതേ എന്ന് അവരോട് അപേക്ഷിക്കാൻ മാത്രമേ നമ്മുക്കു കഴിയു.

അപകട സാഹചര്യങ്ങളിൽ സെൽഫിയെടുക്കാൻ ശ്രമിക്കരുതെന്ന ഉപദേശവുമായി പല വിദേശരാജ്യങ്ങളും യുവാക്കൾക്കിടയിൽ ബോധവൽക്കരണം ആരംഭിച്ചു കഴിഞ്ഞു. ഇവിടെയും അത്തരം അവബോധശ്രമങ്ങൾ തുടങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സെൽഫിയെടുപ്പൊക്കെ നല്ലതാണെങ്കിലും ഓവറാക്കല്ലേ എന്നാണ് മാനസികാരോഗ്യവിദഗ്ദ്ധരുടേയും ഉപദേശം●

# കേമൻ

**പി . ബാലഗോപാലൻ**

പഞ്ചേന്ദ്രിയങ്ങളിലാരാകേമൻ എന്നൊരുശങ്കരാജനുദിച്ചു
വാദങ്ങൾക്കൊരുകുറവില്ലാതെ അഞ്ചാളുകളും നിരനിരയായി
രാജസദസ്സു നിറഞ്ഞു കവിഞ്ഞു വിധികർത്താക്കൾ സ്ഥാനത്തെത്തി
രാജാവിന്റെ കല്പന കേൾക്കാൻ പ്രജകൾക്കാകെ വിമ്മിഷ്ടായി.

നാനാവർണ്ണ പ്രകൃതിയെകാണാൻ കണ്ണില്ലാത്തവനെങ്ങിനെ കഴിയും
നല്ലൊരു വാദവുമായിവരുന്നു തുറിച്ചുനോക്കികൊണ്ടൊരു കൂട്ടർ
സംഗീതാസ്വാദകരുടെ കൂടെ കർണ്ണത്തിന്നാണൊന്നാം സ്ഥാനം
എന്നുപറഞ്ഞു സമർത്ഥിക്കാനായ് വട്ടം വീശി ശ്രദ്ധയോടെ ചിലർ

വാസന പൂവിൻ സുഗന്ധമൊന്നറിയാൻ നാസികകൾക്കെ കഴിയുകയുള്ളു
എന്നൊരു സംഗതിമുന്നിൽ വച്ച് ശ്വാസോച്ഛ്വാസത്തോടെ ഒരുവർ
ഭക്ഷണം രുചിയോടകത്താക്കാനായ് നാവല്ലാതെവേറാരാണ്
എന്നുചിലമ്പിച്ചങ്ങനെ നിന്നു നീളത്തിൽ ബഹുകേമൻമാരായ്

സ്പർശനസുഖമറിയാത്തൊരു ജീവിയും ഭൂലോകത്തിൽ ഇല്ലാതന്നെ
എന്നുശഠിച്ചു "കട്ടി" ക്കെന്നു. മുമ്പിൽനിൽക്കും. വീരന്മാരവർ
എൻസാന്നിധ്യംഇല്ലാതിവരുടെ വാക്കുകളൊന്നുംസത്യാവില്ല
എന്നോതി കൊണ്ടോടിയുമെത്തി മനസ്സും അവരുടെ കൂട്ടത്തേക്കായ്

തീരുമാനമെടുക്കാനായിട്ടെന്റെ കാലു പിടിച്ചെ പറ്റു
തെല്ലൊരഹങ്കാരത്താൽ ചൊല്ലി ബുദ്ധിഎന്ന വിശേഷക്കാരൻ
"ആത്മാവില്ലാതീവാദങ്ങൾക്കെന്തു പ്രസക്തിബ്രഹ്മാണ്ഡത്തിൽ"
എന്നുകുറിച്ചു വിധികർത്താക്കൾ രാജാവിന്റെ ശ്രദ്ധക്കായി

കുറിമാനത്തിൻ അന്തഃസത്ത രാജാവിന്നനുമാനിക്കാറായ്
ഇന്ദ്രിയ ബുദ്ധിമനസ്സിനുമീതെ ഒന്നുണ്ടെന്നതു ബോദ്ധ്യപ്പെട്ടു
അങ്ങിനെ രാജനു പറയാതെതന്നാരാകേമൻ എന്നതുകിട്ടി
കേമനെ അനുഭവമാക്കാനായി രാജൻ ധ്യാനനിമഗ്നനുമായി.●

തുടർച്ച

# നശ്വരമെന്ന ഉൺമ



പി.ജയരാമൻ / മാനേജ്മെന്റ് കൾസട്ടന്റ്

മനുഷ്യ ജീവിതത്തിന്റെ ചരിത്രം പരിശോധിച്ചാൽ മേൽപ്പറഞ്ഞ രീതിയിലുള്ള ജീവിതമായിരുന്നു സാധാരണ കണ്ടുവന്നിരുന്നത്. ഇന്നത്തെ അണുകുടുംബം വന്നപ്പോഴും (യൂറോപ്പിൽ ഇതു നൂറ്റാണ്ടുകൾക്ക് മൻപ് ആരംഭിച്ചു). പ്രായമായവരെ ആരും തനിച്ചാക്കിയില്ല. ഒരു സന്താനം, പലപ്പോഴും ഇളയ മകൾ അച്ഛനമ്മമാരെ ശുശ്രൂഷിക്കാൻ വീട്ടിൽ തന്നെ അവരോടൊപ്പം കഴിഞ്ഞു. നേഴ്സിങ് ഹോമിലോ, വൃദ്ധസദനത്തിലൊ, HOSPICE ലോ (മരിക്കാൻ ദിവസങ്ങൾ മാത്രമുണ്ടെന്ന് കരുതുന്ന രോഗികളെ പാർപ്പിക്കുന്ന അഭയകേന്ദ്രം) പോകേണ്ട ആവശ്യം അവർക്കില്ലായിരുന്നു. എങ്ങിനെയാണ് ഈ സ്ഥിതിക്ക് മാറ്റം സംഭവിച്ചത്?

ലോകത്തെമ്പാടും ഇന്ന് മനുഷ്യർ കൂടുതൽ കാലം ജീവിച്ചിരിക്കുന്നു. പ്രായമാകുക എന്നത് അന്തസ്സിന്റേയും, കുലീനതയുടേയും അടയാളമായി സമൂഹം കരുതിയിരുന്നു. സമൂഹത്തിലെ ബഹുമാന്യരായതിനാൽ അവർ പലപ്പോഴും തങ്ങളുടെ പ്രായം കൂട്ടി പറഞ്ഞിരുന്നു. നേരെ തലതിരിഞ്ഞാണിപ്പോൾ കാര്യങ്ങളുടെ കിടപ്പ് കാരണം അവർ സമൂഹത്തിന് ഒരു ബാദ്ധ്യതയായി മാറിയിരിക്കുകയാണ്. ഇന്ന് പ്രായമായവരുടെ എണ്ണം വളരെ കൂടുതലാണ്. 1790 ൽ അമേരിക്കയിൽ 65 വയസ്സിലേറെ പ്രായമുള്ളവർ ജനസംഖ്യയുടെ രണ്ട് ശതമാനം മാത്രമായിരുന്നു. ഇന്ന് അത് ഏതാണ്ട് 15% ആണ്. ജർമ്മനി, ഇറ്റലി, ജപ്പാൻ എന്നീ രാജ്യങ്ങളിൽ ഈ സംഖ്യ 20% മാണ്. 10 കോടിയിൽ അധികം മുതിർന്ന പൗരൻമാർ ഉള്ള ആദ്യത്തെ രാജ്യമാണ് ചൈന. ഏറെ താമസിയാതെ ഇൻഡ്യ രണ്ടാമത്തെ രാജ്യമായി മാറും.

കുട്ടികൾ ജോലി തേടി വീടുവിട്ടു പോകാൻ തുടങ്ങിയപ്പോൾ അച്ഛനമ്മമാർക്ക് തനിയെ താമസിക്കേണ്ടി വന്നു. തനിച്ചുള്ള സ്വതന്ത്ര ജീവിതം ഏറെ താമസിയാതെ ഗുരുതരമായ രോഗങ്ങളും ബലക്ഷയവും മറ്റും മൂലം അസാധ്യമായിത്തീരുന്നു. തനിച്ച് ജീവിക്കുക എന്ന ആഡംബരം തുടരാൻ കഴിയാതാകുന്നു. ഇന്നത്തെ ചുറ്റുപാടിൽ മിക്കവരും ഒരു പുരുഷായുസ്സ് മുഴുവൻ ജീവിച്ച് വളരെ പ്രായമായി മരിക്കുന്നു. മരണത്തിന് ശ്വാസകോശ അർബുദമെന്നോ, ഹൃദയാഘാതമെന്നോ മറ്റോ പേരു കൊടുക്കുമെങ്കിലും പലപ്പോഴും നമ്മുടെ ശരീരം നാശത്തിലേക്കു പതുക്കെ വഴുതി പോകുന്നതായാണ് കണ്ടുവരുന്നത്. മരുന്നുകൾ അവയുടെ പരിപാലന കർമ്മവും താൽക്കാലിക കേടുപോക്കലും ഒരു വിധം ഭംഗിയായി നിർവ്വഹിക്കുന്നതിനാൽ മരണം നീണ്ടു പോകുന്നു. 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' എന്ന നിലയിൽ വളരെ നാൾ കഴിയേണ്ടി വരുന്നു. പ്രായമാകുക എന്ന പ്രക്രിയ നമ്മുടെ ശരീരഭാഗങ്ങൾക്ക് പ്രായമാകൽ തന്നെയാണ്. മനുഷ്യർ ഒരു കമ്പ്യൂട്ടർ സിസ്റ്റം പോലെ സാവധാനത്തിലും ആകസ്മികമായും ഇല്ലാതായിത്തീരുന്നു.

മനുഷ്യരാശിയുടെ കഴിഞ്ഞ ഏതാണ്ട് ഒരു ലക്ഷം വർഷങ്ങളിലെ ചരിത്രത്തിൽ ഒന്നോ രണ്ടോ നൂറ്റാണ്ടുകൾക്ക് മുൻപ് വരെ ജീവിത ദൈർഘ്യം ശരാശരി 30 വയസ്സോ അതിൽ കുറവോ ആയിരുന്നിരിക്കണം. ഇതിന്റെ വ്യാഖ്യാനം , അന്നത്തെ ശിശുമരണ നിരക്ക് വളരെ കൂടുതൽ ആയിരുന്നുവെന്നും, മറ്റുള്ളവർ ശരാശരി 40 50 വയസ്സു വരെ ജീവിച്ചിരുന്നിരിക്കണമെന്നും കരുതാം.

പ്രായമായവരുടെ എണ്ണം അമേരിക്കയിൽ അതിവേഗം വർദ്ധിക്കുകയാണെങ്കിലും പ്രായമായവരെ ചികിത്സിക്കുന്ന ഡോക്ടർമാരുടെ എണ്ണം (Geriatrician) 1996 നും 2010 നമിടയിൽ 25% കുറഞ്ഞു. ഇതിന്റെ പ്രധാന കാരണം ഈ ജോലിയിൽ പണം നേടാനുള്ള അവസരങ്ങൾ താരതമ്യേന കുറവായതിനാലാണ്. കൂടാതെ, പല ഡോക്ടർമാരും പ്രായമായവരെ ചികിത്സിക്കാൻ ആഗ്രഹിക്കുന്നില്ല. അവർക്ക് പൂർണ്ണ രോഗശമനം ഏതാണ്ട് അസാധ്യമാണ്. ഈ ജോലിക്ക് ഗ്ലാമർ തീരെ ഇല്ലെന്നു തന്നെ പറയണം. പക്ഷെ വളരെ വൈദഗ്ദ്ധ്യം ആവശ്യമുള്ള ജോലിയാണിത്. അവരുടെ പ്രധാന ഉത്തരവാദിത്വം പരിപൂർണ്ണ രോഗനിവാരണം ആയിരിക്കില്ല; പക്ഷെ ജീവിതത്തിന്റെ ഗുണനിലവാരം (Quality of life) നിലനിർത്തുകയും, രോഗം സഹനീയമാക്കിത്തീർക്കുകയും, ജീവിതത്തിൽ പ്രധാനമെന്നു കരുതുന്ന പല ചുമതലകളും തുടർന്നും ചെയ്യാൻ രോഗിയെ പ്രാപ്തനാക്കുകയും മറ്റുമാണ്.എന്നാൽ പല ഡോക്ടർമാരും രോഗങ്ങൾക്ക് ഊന്നൽ നൽകി രോഗിയേയും അയാളുടെ ന്യായമായ പല അവകാശങ്ങളേയും അവഗണിക്കുകയാണ് ചെയ്യാറുള്ളത്.

Geriatrician നെ സംബന്ധിച്ചേടുത്തോളം പ്രായമാകൽ തടയാനാകാത്ത ഒരു പ്രക്രിയ ആയതിനാൽ ആ അവസ്ഥ വലിയ ബുദ്ധിമുട്ടില്ലാതെ തുടർന്നു പോകാനുള്ള കളമൊരുക്കുകയും വേണം.

ഡോക്ടർമാർ നിശ്ചിതമായ അസുഖങ്ങൾ ചികിത്സിക്കാൻ മിടുക്കരാണ്. ഉദാഹരണത്തിന് കോളൻ ക്യാൻസർ, ഹൃദ്രോഗം എന്നിവ . പക്ഷെ ഉയർന്ന രക്ത സമ്മർദ്ദം, വാതസംബന്ധമായ കാൽമുട്ടുകൾ പലതരം വേറെ അസുഖങ്ങൾ എല്ലാമുള്ള ഒരു മുതിർന്ന പൌരനെ എങ്ങിനെ കൈകാര്യം ചെയ്യാമെന്നുള്ളതു പല ഡോക്ടർമാർക്കും ഒരു കടമ്പ തന്നെയാണ്. നേരെത്തെ സൂചിപ്പിച്ചതു പോലെ അമേരിക്കയിൽ Geriatrician കുറവാണ്. വൈദ്യ വിദ്യാർത്ഥികളും Geriatrier എന്ന വിഷയം പഠിക്കുന്നില്ല. ഇൻഡ്യയിലെ സ്ഥിതി ഒട്ടും വ്യത്യസ്ഥമല്ല. ഉടനെ എന്തെങ്കിലും ചെയ്യേണ്ടതുണ്ട്.

ശാരീരികമായ സ്വാതന്ത്ര്യം നഷ്ടപ്പെട്ടാൽ മൂല്യവും ആത്മാഭിമാനവും നഷ്ടപ്പെടാത്ത ജീവിതം സാധ്യമല്ല എന്ന് നമ്മൾ കരുതുന്നു. മറ്റുള്ളവരെ ആശ്രയിക്കേണ്ടി വരുന്ന ഒരു രോഗിക്ക് തന്റെ ജീവിതം ജീവിതയോഗ്യമാക്കിത്തീർക്കാൻ എന്തു ചെയ്യണമെന്നു പലരും കണക്കാക്കുന്നതേയില്ല.

നഴ്സിങ് ഹോമുകൾ, ആശുപത്രികൾ, Hospice കൾ എന്നിവ കൂടുതൽ ജീവിത യോഗ്യമാക്കാൻ പല പരീക്ഷണങ്ങളും അമേരിക്കയിൽ നടക്കുന്നുണ്ട്. പക്ഷെ അവയെല്ലാം ഉദ്ദേശിച്ച ഫലം പ്രദാനം ചെയ്തു തുടങ്ങി എന്ന് കരുതാനാവില്ലെങ്കിലും ... നഴ്സിങ് ഹോമിനും വീടിനും നടുവിലുള്ള സഹായത്തോടെയുള്ള ജീവിതം (assisted living) അമേരിക്കയിൽ പലയിടത്തും കാണാൻ കഴിയും.

രോഗത്തിന്റേയും പ്രായത്തിന്റേയും നടുക്കം കേവലം നഷ്ടങ്ങളുടേത് മാത്രമല്ല. കൂടുതൽ ഭയാനകമായ ഒറ്റപ്പെടുത്തലുകളുടേതുമാണ്. ജീവിതത്തിന്റെ പരിമിതിയെ കുറിച്ച് ബോധവാൻമാരായും അവർ കൂടുതൽ ഒന്നും ആഗ്രഹിക്കുകയോ ആവശ്യപ്പെടുകയോ ചെയ്യുന്നില്ല. പക്ഷെ കഴിയുന്നതും അവരുടെ കാര്യങ്ങൾ തീരുമാനിക്കാനും തങ്ങൾ ഇഷ്ടപ്പെടുന്നവരുമായുള്ള ബന്ധം തുടരാനും മാത്രമാണ് അവർ മോഹിക്കുന്നത്. ഈ അവകാശം നിസ്സഹായരായി തീരുന്ന പല രോഗികൾക്കും ലഭിക്കുന്നില്ലെന്നുള്ളത് ഒരു പരമാർത്ഥം മാത്രമാണ്. പക്ഷെ ഗ്രന്ഥകാരന്റെ അഭിപ്രായത്തിൽ ഇതു സാധ്യമാക്കാൻ തീർച്ചയായും കഴിയും, കഴിയണം.

അമേരിക്കയിൽ 25% മെഡിക്കൽ ചിലവുകൾ തങ്ങളുടെ ജീവിതത്തിന്റെ അവസാന വർഷമെത്തിനിൽക്കുന്ന 5% രോഗികൾക്കായി വിനിയോഗിക്കപ്പെടുന്നു. ഈ ചിലവുകൊണ്ട് കാര്യമായ ഗുണമൊന്നുമുണ്ടാകുന്നില്ലെന്ന് പറയാതിരിക്കാൻ വയ്യ. 2011 ൽ അമേരിക്കയിൽ നടത്തിയ ഒരു സർവ്വേ അനുസരിച്ച് സ്തനാർബുദ രോഗികൾക്ക് ആദ്യത്തെ വർഷത്തെ ചിലവ് ഏതാണ്ട് 28,000 ഡോളർ വരുമത്രെ. ഇതിൽ രോഗനിർണ്ണയത്തിനു വേണ്ടി വരുന്ന പരിശോധനകൾ, സർജറി, പിന്നീട് ആവശ്യമെങ്കിൽ റേഡിയേഷനും കീമോ തെറാപ്പിയും ഉൾപ്പെടും. പിന്നീടുള്ള വർഷങ്ങളിൽ ചിലവ് പ്രതിവർഷം 2000 ഡോളറായി ചുരുങ്ങും. സുഖക്കേട് വീണ്ടും പ്രത്യക്ഷപ്പെട്ടാൽ അവസാന വർഷത്തെ ചിലവ് 74,000 ഡോളറായി വർദ്ധിക്കും. അപ്പോഴേക്കും കാൻസർ പടർന്ന് ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥയിലായിരിക്കും. മരണം എപ്പോൾ വരുമെന്നറിയാതെ ICU വിലും, മരുന്നിനും, റേഡിയേഷനും, ശസ്ത്രക്രിയക്കും മറ്റുമായി ധാരാളം പണം വീണ്ടും ഒഴുക്കേണ്ടി വരും. ഇതിൽ നിന്നും മോചനം സാധ്യമാണോ? അമേരിക്കയിൽ ഇൻഷൂറൻസ് കമ്പനികൾ ഇപ്രകാരമുള്ള ചിലവുകളെ എതിർക്കുന്നുണ്ടെന്നു കേൾക്കുന്നു. പക്ഷെ ഇൻഷുറൻസ് നിരക്ക് വർദ്ധിപ്പിക്കലായിരിക്കും അവർക്കു മുന്നിലുള്ള ഒരേയൊരു പോംവഴി.

രോഗികൾ തുടർ ചികിത്സ ആഗ്രഹിച്ചില്ലെങ്കിലും, ഡോക്ടർമാരുടേയും, കുടുംബാംഗങ്ങളുടേയും നിർബന്ധത്തിനു വഴങ്ങി പലപ്പോഴും ചികിത്സ തുടരേണ്ടി വരാറുണ്ട്. ട്യൂബുകളാൽ ചുറ്റപ്പെട്ട് ICU വിൽ പ്രിയപ്പെട്ടവരെ മരിക്കുന്നതിനു മുൻപ് കാണാനോ, യാത്ര പറയാനോ സാധിക്കാതെ തങ്ങളുടെ ജീവിതം അവർക്ക് അവസാനിപ്പിക്കേണ്ടി വരുന്നു.

ഗുരുതരമായ രോഗം ബാധിച്ചവർക്ക് അവരുടേതായ മുൻഗണനകൾ ഉണ്ടായിരിക്കും. സർവ്വേകൾ സൂചിപ്പിക്കുന്നത് അവരുടെ പ്രധാന താൽപര്യങ്ങൾ താഴെ പറയുന്നവയായിരിക്കും. കഷ്ടപ്പാടുകൾ ഒഴിവാക്കൽ, സ്നേഹിതരും കുടുംബാംഗങ്ങളുമായുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്തുക, സജീവമായ മനസ്സ്, മറ്റുള്ളവർക്ക് ഒരു ഭാരമാകാതിരിക്കൽ, ഒരു പൂർണ്ണ ജീവിതം ജീവിച്ച സംതൃപ്തി, എന്നിവ അവയിൽ പെടുന്നു. അവർക്ക് ഏറ്റവും പ്രാധാന്യമുള്ള ഈ കാര്യങ്ങൾ സാധിക്കത്തക്കവണ്ണമുള്ള ഒരു ആരോഗ്യ സംവിധാനം എങ്ങിനെ കെട്ടിപ്പെടുക്കാമെന്നു നാം ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. പക്ഷെ എങ്ങനെ മരിക്കാം എന്നുള്ള മനുഷ്യരാശിയുടെ അനേക വർഷങ്ങളിലെ അനുഭവങ്ങളിൽ നിന്നും പാഠങ്ങൾ ഒന്നും ഉൾക്കൊള്ളാതെ നാം മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. അതോ പിന്നോട്ടോ.

Hospice തിരഞ്ഞെടുക്കാൻ രോഗിക്ക് വിഷമമാണ്. എന്നെങ്കിലും മരിക്കുമെന്നറിയാമെങ്കിലും

എപ്പോഴെന്ന് കൃത്യമായി അറിയാത്തതിനാൽ ഇപ്പോഴൊന്നും മരിക്കില്ലെന്നു കരുതാനാണ് നമുക്കിഷ്ടം. ഡോക്ടർമാർ ഇനിയൊന്നും ചെയ്യാനില്ലെന്നു പറയുന്നതു വരെ കാത്തിരിക്കാമെന്ന് അവർ കരുതുന്നു. പക്ഷെ ഡോക്ടർമാർ പലപ്പോഴും അതു പറയുന്നില്ല. അവർക്ക് എപ്പോഴും എന്തെങ്കിലും ചെയ്യാൻ കാണും കൂടുതൽ ശക്തിയുള്ള മരുന്നുകൾ, സംശായാസ്പദമായ ശസ്ത്രക്രിയ, മൂക്കിലൂടെ കുഴൽ വഴിയുള്ള ഭക്ഷണം, തുടങ്ങി എന്തെല്ലാം ബാക്കി കിടക്കുന്നു.

സാന്ത്വന ചികിത്സ (Paliative Care) ലഭിക്കുന്ന രോഗികളുടെ അവസാന നാളുകളിലെ കഷ്ടപ്പാടുകൾ കുറയുന്നതായി കണ്ടിട്ടുണ്ട്. രോഗിയോടും, ബന്ധുക്കളോടും ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സംസാരിക്കുന്നത് ഉചിതമായിരിക്കും. പക്ഷെ ഈ സംസാരം എളുപ്പമല്ല. അതിനു പരിശീലനവും വൈദഗ്ദ്ധ്യവും ആവശ്യമാണ്. സംസാരിക്കുന്ന പോലെയോ, അതിനേക്കാൾ പ്രധാനമോ ആണ് ശ്രദ്ധിക്കൽ . നാം ഒരിക്കൽ മാത്രമേ മരിക്കുന്നുള്ളൂ. നമുക്ക് മരണത്തെക്കുറിച്ച് അനുഭവജ്ഞാനമില്ല.ഡോക്ടറുടെ സഹായം തീർച്ചയായും ഉപകരിക്കും.

മെഡിക്കൽ വളർച്ചയുടെ ചരിത്രം പരിശോധിച്ചാൽ അത് ഒരു രാജ്യത്തിന്റെ സാമ്പത്തിക വികസനത്തെ ആശ്രയിച്ചിരിക്കുന്നു. രാജ്യം ദരിദ്രമായിരിക്കുമ്പോൾ കൂടുതൽ മരണങ്ങളും വീട്ടിലായിരിക്കും. ഭൂരിഭാഗം ജനങ്ങൾക്കും ആശുപത്രിയിൽ പോകാൻ പണം കണ്ടേക്കില്ല. രണ്ടാമത്തെ ഘട്ടത്തിൽ കൂടുതൽ പേർ ആശുപത്രികളിൽ മരണമടയുന്നു. പിന്നീട് ആളുകൾ അവരുടെ ജീവിതത്തിന്റെ ക്വാളിറ്റിയെക്കുറിച്ച് കൂടുതൽ ബോധവാൻമാർ ആകുന്നതിനാൽ വീണ്ടും കഴിയുന്നത്ര സ്വാതന്ത്ര്യത്തോടെ വീട്ടിൽ വച്ച് മരിക്കുന്നു.

രോഗികളുമായി ഡോക്ടർമാർക്ക് മൂന്നു തരത്തിലുള്ള ബന്ധങ്ങൾ ഉണ്ടാകാൻ വഴിയുണ്ട്.

1) പിതൃതുല്യമായത് (Paternative)ഃ ഏറ്റവും പരമ്പരാഗതമായത്. ഡോക്ടർമാർക്ക് കൂടുതൽ അറിവും പരിശീലനവും ഉള്ളതിനാൽ അവർ രോഗികൾക്കുവേണ്ടി പ്രധാന തീരുമാനങ്ങളെടുക്കുന്നു.

11) വിജ്ഞാനപരമായത് (Informative) ഡോക്ടർമാർ രോഗികൾക്ക് വേണ്ട വിവരങ്ങൾ നൽകുന്നു. തീരുമാനം രോഗിക്ക് വിടുന്നു. ഈ ലേഖനത്തിന്റെ തുടക്കത്തിൽ വിവരിച്ച ജോസഫ് ലെസാറൊഫിന് ഡോക്ടർമാർ നൽകിയത് ഇത്തരത്തിലുള്ള ഉപദേശമാണ്.

111) വിശദീകരണം നൽകൽ (Interpretive) ഃ രോഗികൾക്ക് വിവരങ്ങൾ മാത്രം പോര, മാർഗ്ഗദർശനവും (Guidance) ആവശ്യമാണ്. രോഗികളെ അവർക്കാവശ്യമായ തീരുമാനങ്ങളിലെത്താൻ സഹായിക്കുക ചേർന്നുള്ള തീരുമാനം കൈക്കൊള്ളൽ.

മൂന്നാമത്തേതാണ് ഏറ്റവും അഭികാമ്യം എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ.

അവസാനിപ്പിക്കുന്നതിനു മുൻപ് എന്റെ വ്യക്തിപരമായ ഒന്നു രണ്ടു അഭിപ്രായങ്ങൾ കൂടി ഇവിടെ സൂചിപ്പിക്കട്ടെ. ഈ കൃതി അമേരിക്കയെക്കുറിച്ചുള്ളതാണെങ്കിലും, ഇതിൽ ചർച്ച ചെയ്തിട്ടുള്ള പല കാര്യങ്ങളും നമുക്കും ബാധകമാണ്. വയസ്സായവർ കൂടുതൽ കാലം ജീവിക്കുന്നതിനാൽ അവരുടെ എണ്ണം ദിനം പ്രതി കൂടുന്ന പ്രതിഭാസം ലോകത്തിൽ എല്ലായിടത്തും പല വിധത്തിൽ കണ്ടു വരുന്നു. പ്രായമായവരുടെ അന്ത്യകാലത്തെ ചികിത്സക്കായി ധാരാളം പണം ചിലവിടേണ്ടി വരുന്നു മറ്റെല്ലാ പ്രവർത്തന രംഗങ്ങളിലും സാങ്കേതിക വിദ്യ വികസിക്കുമ്പോൾ ചിലവ് കുറയുന്നതായിട്ടാണ് കാണാറുള്ളത്. ഉദാഹരണത്തിന് കംമ്പ്യൂട്ടറുകളുടെ ഇന്നത്തെ വില താരതമ്യേന വളരെ കുറവാണ്. പക്ഷെ മെഡിക്കൽ രംഗത്ത് പുതിയ കണ്ടുപിടുത്തങ്ങൾ ധാരാളം വരുന്നുണ്ടെങ്കിലും ചിലവ് കൂടുകയാണ് ചെയ്യുന്നത്. ഇതിന്റെ കാരണങ്ങൾ പലതായിരിക്കാം. അവ ഇവിടെ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. കൂടുതൽ ചിലവ് കേവലം ഒരു പ്രശ്നം മാത്രം. പ്രായമായുള്ളവരെ അവരുടെ തൃപ്തിക്ക് സംരക്ഷിക്കുവാനുള്ള സംവിധാനങ്ങളുടെ അഭാവം മറ്റൊരു പ്രധാന പ്രശ്നമാണ്. ഇവയ്ക്കൊന്നും എളുപ്പവഴികളില്ല. നാം ഇനിയും വളരെയധികം ദൂരം മുന്നോട്ട് പോകേണ്ടിയിരിക്കുന്നു.


പ്രായമായവരെ സംബന്ധിച്ചിടത്തോളം, അവർക്ക് ചെയ്യാവുന്ന പല കാര്യങ്ങളുണ്ട്. ഒരു നല്ല ജീവിത ശൈലി അവംലബിച്ച് ജീവിക്കുക മിതമായ സമീകൃതാഹാരം, പതിവായുള്ള വ്യായാമം ആയാസം കുറക്കാൻ പ്രാർത്ഥന, പ്രാണായാമം, യോഗ എന്നിവയിലേതെങ്കിലിലും ഏർപ്പെടുക, ഇഷ്ടപ്പെടുന്ന ഏന്തെങ്കിലും വിഷയങ്ങളിൽ തൽപരരായി കഴിയുന്നത്ര കർമ്മനിരതരാകുക, മറ്റുള്ളവർക്ക് കഴിയുന്നതും ഒരു ഭാരമാകാതിരിക്കുക. പണമൊഴുക്കാൻ മാത്രം സഹായിക്കുന്ന. അനാവശ്യ ചികിത്സകൾ ഒഴിവാക്കുക, കുട്ടികളുടെ സഹായം ഒരു അവകാശം പോലെ കരുതാതിരിക്കുക അങ്ങനെ പലതും പ്രായമായവർക്ക്, ചെയ്യാൻ കഴിയും.

നാം നമ്മുടെ രോഗികളോടും, വൃദ്ധരോടും ഇടപെടുന്ന രീതി നമ്മുടെ വലിയ പരാജയമാണെന്നു സമ്മതിക്കാതെ വയ്യ. കൂടുതൽ സമയം സുരക്ഷിതരായി ജീവിക്കുന്നതിനുപരി അവർക്ക് പല മുൻഗണനകളും ഉണ്ടെന്ന കാര്യം നാം ബോധ

പൂർവ്വം മറക്കുന്നു. നമ്മുടെ ജീവിതത്തിലെ അവസാന അദ്ധ്യായം മാറ്റിയെടുക്കാൻ വേണ്ടി നമ്മുടെ സ്ഥാപനങ്ങളും സംസ്കാരവും രൂപപ്പെടുത്താൻ തക്ക അവസരം നമുക്ക് കൈവന്നിരിക്കുന്നു. ഇത് നമ്മൾ ഒരിക്കലും പാഴാക്കരുത്. നമ്മുടെ യാത്ര ശരിയായ ദിശയിലായിരിക്കട്ടെ●

## രവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ 1192 (2017) മാണ്ടത്തെ
# ഉത്സവപരിപാടികൾ

**30.3.2017 മുതൽ 4.4.2017 വരെ (16.8.1192 മുതൽ 21.8.1192 വരെ)**



**ഒന്നാം ദിവസം (30.3.2017) വ്യാഴം**

വൈകുന്നേരം 7.45 ന് : കൊടികയറ്റം
രാത്രി 8.00 ന് : **കഥകളി കഥ : സന്താനഗോപാലം**

**രണ്ടാം ദിവസം (31.3.2017) വെള്ളി**

രാവിലെ 9.30ന് : ശീവേലി
വൈകുന്നേരം
4.30 മുതൽ 6.00 വരെ : കാഴ്ചശീവേലി
വൈകുന്നേരം
6.00 മുതൽ 7.00 വരെ : സംഗീതാർച്ചന ധരണിസ്കൂൾ ഓഫ് പെർഫോമിങ് ആർട്സ്
7.00 മുതൽ 8.30 വരെ : ഭക്തിഗാനതരംഗിണി (ത്യാഗബ്രഹ്മം ടി.എസ്. രാധാകൃഷ്ണജി
8.30 മുതൽ : ഡബിൾ തായമ്പക രവിപുരം വിഷ്ണു, രവിപുരം കൃഷ്ണമൂർത്തി

**മൂന്നാം ദിവസം (01.04.2017) ശനി**

വൈകുന്നേരം 4.30 ന് : കാഴ്ചശീവേലി
6.00 മുതൽ 7.00 വരെ : പാഠകം (കലാമണ്ഡലം നാരായണൻനമ്പ്യാർ എടനാട്)
7.00 മുതൽ 8.00 വരെ : വാദ്യസംഗീതം (കലാനികേതൻ പനമ്പിള്ളി നഗർ)
8.00 മുതൽ 9.00 വരെ : നൃത്തനൃത്യങ്ങൾ (കവിതാ രവീന്ദ്രൻ & അമേയ കൃഷ്ണൻ നമ്പ്യാർ)
9.00 മുതൽ : തായമ്പക (കലാനിലയം അജിത്ത്)

**നാലാം ദിവസം (2.4.2017) ഞായർ**

രാവിലെ 7.30 മുതൽ : ശീവേലി
ഉച്ചയ്ക്ക് 11.30 ന് : ഉത്സവബലിദർശനം
7.00 ന് : തിറപൂതൻ (ശ്രീരുദ്ര താണ്ഡവം മുളയൻകാവ്)
വള്ളുവനാടൻ ക്ഷേത്രങ്ങളിലെ നാടൻ കലാരൂപം
8.00 മുതൽ : ഭക്തിഗാനസുധ (രാധികാ സേതുമാധവ്)

**അഞ്ചാം ദിവസം : (3.4.2017)തിങ്കൾ**


രാവിലെ 8.00 മുതൽ : ശീവേലി, പഞ്ചാരിമേളം തിരുവല്ല രാധാകൃഷ്ണൻ, ചൊവ്വല്ലൂർ മോഹനൻ
വൈകുന്നേരം 4.30 മുതൽ : കാഴ്ചശീവേലി
7.30 മുതൽ : തായമ്പക (കല്ലൂർ ഉണ്ണികൃഷ്ണൻ)
രാത്രി 10.30 ന് : വലിയവിളക്ക് കാണിക്കയിടൽ പ്രധാനം

**ആറാം ദിവസം (04.04.2017)ചൊവ്വ**

: **ആറാട്ട്**

രാവിലെ 8.00 – 11 വരെ : ശീവേലി
വൈകുന്നേരം 4.00 ന് : പകൽപ്പൂരം, മേജർസെറ്റ് പഞ്ചവാദ്യം
അവതരണം : ചോറ്റാനിക്കര വിജയൻ മാരാർ
വൈകുന്നേരം 6.30
മുതൽ 8.00 വരെ : പാണ്ടിമേളം, തിരുവല്ല രാധാകൃഷ്ണൻ, ചൊവ്വല്ലൂർ മോഹനൻ
തുടർന്ന് : കൊടിയിറക്കം, ആറാട്ട് കൊടിക്കൽ പറ

# ഹരിസുധാലഹരി



**നന്ദകുമാർ മേനോൻ**

## മുഖവുര

ഹരിസുധാലഹരി എന്ന ഒരു മഹത്ഗ്രന്ഥത്തിന്റെ വ്യാഖ്യാനമാണ്, ഞാനിവിടെ ഖണ്ഡശഃ പ്രസിദ്ധീകരിക്കുന്നത്. ഇതിന്റെ കർത്താവ് എന്റെ ഗുരുനാഥനായ നാഗാനന്ദനാഥനാണ്. ഗുരുനാഥന്റെ പൂർവ്വാശ്രമനാമം പ്രഭാകരമന്നാടിയാർ എന്നാണ്. പാലക്കാട് കണ്ണാടിയിൽ ഭാര്യ ദീപാംബയോടു കൂടി സ്ഥിരതാമസമാക്കിയിരുന്ന ഗുരുനാഥൻ ഇന്ന് ജീവിച്ചിരിപ്പില്ല.

ലളിതാസഹസ്രനാമം ഇന്ന് ജാതിഭേദമെന്യേ മിക്ക ഹിന്ദുക്കൾക്കും പരിചയമുള്ളൊരു ഗ്രന്ഥമാണ് . ഇതിൽ വർണ്ണിക്കുന്നത് ത്രിപുര സുന്ദരി എന്ന് പ്രസിദ്ധയായ ദേവിയെയാണ്. ഈ ദേവിയാണ് കൊല്ലൂരിലും, കൊടും കൊല്ലൂരിലും (കൊടുങ്ങല്ലൂർ) ഉള്ളത്. ഈ ദേവിയുടെ ആരാധനാക്രമം ശ്രീവിദ്യോപാസന എന്നറിയപ്പെടുന്നു.പതിനഞ്ചക്ഷരമുള്ള പഞ്ചദശാക്ഷരി എന്ന മന്ത്രമുപയോഗിച്ച് ശ്രീ ചക്രത്തിൽ ഈ ആരാധന നടത്തി, പൂജയും ജപവും ചെയ്യുന്നവരെ ആരാധകർ എന്നും ഈ പ്രവൃത്തിയെ സാധന എന്നും പറയുന്നു.

ശ്രീ വിദ്യാസാധകർ ഏതെങ്കിലും ഒരു ഗുരുപരമ്പരയിൽ പെട്ടവരായിരിക്കും. സ്വന്തം ഗുരുനാഥൻ., പരമഗുരുനാഥൻ (ഗുരുവിന്റെ ഗുരു) പരമേഷ്ഠി ഗുരുനാഥൻ (പരമഗുരുവിന്റെ ഗുരു) ഇങ്ങിനെ മൂന്നു ഗുരുനാഥൻമാരെ എല്ലാ സാധകർക്കും അറിഞ്ഞിരിക്കണം. ഇവർ ഗുരുത്രയം എന്നറിയപ്പെടുന്നു. പരമഗുരു, പരമേഷ്ഠി ഗുരു എന്നിവരെ ഉപാസിക്കുന്നതിനുള്ള മന്ത്രങ്ങളും സ്വന്തം ഗുരു പറഞ്ഞു തന്നിരിക്കും. ചില സമ്പ്രദായങ്ങളിൽ (പരാപരഗുരുവും പരമേഷ്ഠി ഗുരുവിന്റെ ഗുരു) ചേർത്ത് നാലു ഗുരുക്കൻമാരെ ഉപാസിക്കുന്നു.

അത്തരം ഒരു ഗുരുപരമ്പരയാണ് 'ആനന്ദനാഥ' എന്നവസാനം ചേർത്ത് ദീക്ഷാനാമമുള്ള, ഭാസ്കരരായരിൽ തുടങ്ങുന്ന ഭാസുരാനന്ദ പരമ്പര. ഭാസ്കരരായർക്കു മുൻപും ഗുരുനാഥൻമാരുണ്ടായിരുന്നെങ്കിലും പരമ്പര അറിയപ്പെടുന്നത് അദ്ദേഹത്തിന്റെ പേരിലാണ്. ശ്രീവിദ്യാസമ്പ്രദായത്തിലെ പ്രസ്ഥാനത്രയം എന്നറിയപ്പെടുന്ന, (1) സൗഭാഗ്യ ഭാസ്കരം (ലളിതാസഹസ്രനാമഭാഷ്യം), (2) സേതുബന്ധം(നിത്യാഷോഡശികാർണ്ണവഭാഷ്യം),(3) വരിവസ്യാരഹസ്യം (സ്വന്തം കൃതി ) എന്നിവ ഭാസ്കരരായരുടെ സംഭാവനയാണ്. ഈ സൗഭാഗ്യ ഭാസ്കരത്തെ ആശ്രയിച്ചാണ് ശ്രീകണ്ഠീയൂർ മഹാ ദേവശാസ്ത്രികൾ സ്വന്തം വ്യാഖ്യാനമെഴുതിയിട്ടുള്ളത്

ഭാസുരാനന്ദനാഥഎന്നായിരുന്നു അദ്ദേഹത്തിന്റെ ദീക്ഷാനാമം. പൂർണ്ണാഭിഷേകം എന്ന മന്ത്രദാനത്തോടുകൂടി ഗുരുനാഥനാണ് ഈ ദീക്ഷാനാമവും കൊടുക്കുന്നത്. ഭാസ്കരരായർ എന്ന ഭാസുരാനന്ദനാഥിൽ തുടങ്ങി, ഉമാപത്യാനന്ദനാഥൻ, ശുകാനന്ദനാഥൻ, ദേശികാനന്ദനാഥൻ, യജ്ഞേശാനന്ദനാഥൻ, ധർമ്മാനന്ദനാഥൻ,ധീരാനന്ദനാഥൻ, ഭൂമാനന്ദനാഥൻ, അംബാനന്ദനാഥൻ, യോഗീശാനന്ദനാഥൻ എന്നിങ്ങനെയുള്ള ശിഷ്യ പരമ്പരയിൽ, ശ്രീ യോഗീശാനന്ദനാഥന്റെ ശിഷ്യനാണ് എന്റെ ഗുരുനാഥനായ ശ്രീ നാഗാനന്ദനാഥൻ. എന്റെ പരമഗുരുനാഥനായ ശ്രീ യോഗീശാനന്ദനാഥൻ നീലകണ്ഠ മഹാദേവ ജോഷി (ജോഷിജി) എന്ന് ഭാരതം മുഴുവൻ അറിയപ്പെട്ട് രാമേശ്വരം ക്ഷേത്രത്തിൽ പൂജചെയ്ത് ജീവിച്ചിരുന്നൊരു സാധകനായിരുന്നു. പാലക്കാട് വ്യാസവിദ്യാപീഠം നടത്തുന്ന ശ്രീ ഭാസ്കർജി, മട്ടാഞ്ചേരിയിലെ കമ്മത്ത്, പരേതനായ എം.കെ.കെ.നായർ, കോഴിക്കോട് പന്തീരാങ്കാവ് ഗണേശ സാധനാകേന്ദ്ര സ്ഥാപകനായ കുറുപ്പ് (കുറുപ്പേട്ടൻ), വടകര ഡോക്ടർ വിജയൻ , സംഘത്തിലെ ഒരു പ്രധാന പ്രവർത്തകനായ കെ.കെ. വാമനൻ നമ്പൂതിരി തുടങ്ങി പലരും ഗുരുനാഥന്റെ അനുജ സാധകരാണ്. (പിൽക്കാലത്ത് ജോഷിജിയിൽ നിന്നും ദീക്ഷ വാങ്ങിയവർ). പരസ്പരം വളരെ സ്നേഹാദരങ്ങളുള്ളവരായിരുന്നു പഴയ കാല സംഘ പ്രവർത്തകനായ ശ്രീ മാധവ് ജിയും ഗുരുനാഥനും. മാധവ് ജിയാണ് 1986 ൽ എന്നെയും എന്റെ രണ്ടു സുഹൃത്തുക്കളേയും ഒരു കത്ത് തന്ന് ഗുരുനാഥന്റെ അടുത്തേക്കയക്കുന്നത്.

ഈ ഗുരുനാഥൻ എഴുതിയ ചില ഗ്രന്ഥങ്ങളിൽ ഒന്നാണ് ഇവിടെ പ്രസിദ്ധീകരിക്കുന്നത്.ഈ ഗ്രന്ഥത്തിന് ഗുരുനാഥന്റെ ഒരു സുഹൃത്ത് എഴുതിയ ഒരു

പഴയ ലഘു വ്യാഖ്യാനം മാത്രമാണുണ്ടായിരുന്നത്. വിപുലമായൊരു വ്യാഖ്യാനം ആവശ്യപ്പെടുന്നൊരു ഗ്രന്ഥമായതു കൊണ്ടാണ് ഞാൻ ഇതിനു മുതിർന്നത്. അതുകൊണ്ടു തന്നെ ഞാൻ,

ഗുരോവന്ദനംമേ, ഗുരോ /ക്കാവ്യടീകാ

ഗുരുത്വം വിജാനൻവിനാ തസ്യ സൃഷ്ടൗ

പ്രവൃത്തോഹസ്മിൻ പ്രവൃത്തൗ വിനാ വിഘ്ന

കർത്തൃത്വ ലാഭേ ഗുരോ വന്ദനം മേ.

എന്നു പ്രാർത്ഥിക്കുന്നു.

സൗന്ദര്യ ലഹരിപോലെ 100 ശ്ലോകങ്ങളുള്ള ഒരു മഹാഗ്രന്ഥം. മണിപ്രവാള ശൈലിയാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നത്. ശാർദ്ദൂലവിക്രീഡിതം എന്ന സംസ്കൃതവൃത്തത്തിൽ, ശബ്ദഭംഗി, അലങ്കാരഭംഗി ,സാഹിത്യ പുഷ്ടി എന്നിവ സമന്വയിപ്പിച്ച ഈ കാവ്യം കവിതാലോകത്തിനും സ്തോത്ര ലോകത്തിനും വലിയൊരു മുതൽക്കുട്ടാണ്. പല ശ്ലോകങ്ങളും ആശയ ഗംഭീരങ്ങളും, ദുരൂഹങ്ങളും ആയതുകൊണ്ട് ഓരോ ശ്ലോകങ്ങളായി വ്യഖ്യാനിക്കാനുള്ള ഒരു സാഹസത്തിനു ഞാൻ ഒരുങ്ങുകയാണ്. ഇത് എന്റെ ഗുരുദക്ഷിണയാണ്.

ഈ കൃതിയുടെ പ്രത്യേകത, ഇവിടെ വിഷ്ണുവിനെ ആണ് ത്രിമൂർത്തികളുടെ അധിപനായി സങ്കല്പിച്ചിരിക്കുന്നത് എന്നതാണ്. ആദ്യത്തെ ശ്ലോകത്തിൽ തന്നെ അതു വ്യക്തമാക്കുന്നുണ്ട്. പല സംവാദങ്ങളിലും വിഷ്ണുമായയാണ് ത്രിപുരസുന്ദരി എന്ന് ഗുരുനാഥൻ തന്നെ പറയാറുള്ളതു ഞാൻ ഓർക്കുന്നു.

ആദ്യ ശ്ലോകത്തിലെ വാക്കുകളുടെ അർത്ഥം, അടുത്തത് ശ്ലോകത്തിന്റെ സമഷ്ട്യർത്ഥം, ഒടുവിൽ വിശദമായ വ്യാഖ്യാനം എന്ന വിധത്തിലാണ് ഈ വ്യാഖ്യാനം ഞാൻ എഴുതുന്നത്. എന്റെ വളരെ പരിമിതമായ ജ്ഞാനം വച്ചു ഞാൻ കാണിക്കുന്നൊരു സാഹസമാണിത് എന്നതുകൊണ്ട് പണ്ഡിതരായ വായനക്കാർ അവരുടെ അഭിപ്രായങ്ങളും, തിരുത്തലുകളും അറിയിക്കാനപേക്ഷിക്കുന്നു.

ഹരിസുധാലഹരി എന്ന ഈ ഗ്രന്ഥത്തിന് ഞാനെഴുതുന്ന ഈ വ്യാഖ്യാനം 'ഗുരുതോഷിണി' എന്നറിയപ്പെടും

ഹരിസുധാലഹരി

ശ്ലോകം 1

ശൗരേ തല്പദരേണു നിജമൂർദ്ധാവിൽദ്ധരിച്ചിട്ടു പാ

രീരേഴും വിരചിക്കുവാൻ ചതുരനായ്ത്തീരുന്നു പത്മാസനൻ

താരേശാംശവിഭൂഷണൻ തവപദൈകാസക്തനായ് വിശ്വസം

ഹാരേ താണ്ഡവലീലയാടി വിലയിക്കുന്നൂ തവാം ഘ്രിദ്വയേ"

പദാർത്ഥം:

ശൗരേ = അല്ലയോ വിഷ്ണു

തല്പദരേണു = ആ കാലടിയിലെ (കാലടികളിലെ /പാദങ്ങളിലെ) പൊടി

നിജമൂർദ്ധാവിൽ = സ്വന്തം നിറുകയിൽ

ധരിച്ചിട്ട് = അണിഞ്ഞിട്ട്

പാരീരേഴും = അതലാദി സപ്തതലങ്ങളും, ഭൂലോകാദി സപ്തലോകങ്ങളും

വിചരിക്കുവാൻ = വിവിധങ്ങളായി സൃഷ്ടിക്കുവാൻ

ചതുരനായ് = സമർത്ഥനായി

പത്മാസനൻ = ബ്രഹ്മാവ്

താരേശൻ = ചന്ദ്രൻ

അംശം = കഷണം

വിഭൂഷണൻ = അലങ്കാരമായി ധരിക്കുന്നവൻ

തവപദൈകാസക്തനായ് = അവിടുത്തെ കാലടിയിൽ മാത്രം ആസക്തനായി

വിശ്വസംഹാരേ = വിശ്വത്തിനെ പൂർണ്ണമായും നശിപ്പിക്കുന്നതിൽ

താണ്ഡവലീല = കളിയായ താണ്ഡവം

ആടി വിലസിക്കുന്നു = കളിച്ച് വളരെ പ്രകാശിക്കുന്നു.

തവാംഘ്രിദ്വയേ = അവിടുത്തെ രണ്ടു കാലടികളിൽ

ശ്ലോകാർത്ഥം:

ഹേ വിഷ്ണു, ആ കാലടികളിലെ പൊടി സ്വന്തം നെറുകയിൽ അണിഞ്ഞിട്ട്, ബ്രഹ്മാവ് പതിനാലു ലോകങ്ങളും നിർമ്മിക്കാൻ സമർത്ഥനായിത്തീരുന്നു. ചന്ദ്രക്കലധരിച്ചവൻ (രുദ്രൻ) അവിടുത്തെ കാലടികളിൽ മാത്രം ആസക്തനായി വിശ്വത്തിനെ പൂർണ്ണമായും നശിപ്പിക്കുന്നതിൽ, ആ കാലടികളിൽ തന്നെ താണ്ഡവനൃത്തം ചെയ്യുന്നു.

വ്യാഖ്യാ:

ഗുരു ഇവിടെ വിഷ്ണവിനെയാണ് സർവ്വശക്തനായി സ്വീകരിച്ചിരിക്കുന്നത്. ശൂരസേനന്റെ മകനാണ് വസുദേവൻ. വസുദേവന്റെ മകനായ വാസുദേവനും ശൂരസേനന്റെ കുലത്തിൽ പിറന്നതുകൊണ്ട് ശൗരി അവിടുത്തെ

പാദങ്ങൾ സ്പർശിച്ച മണ്ണ് സ്വന്തം മൂർദ്ധാവിൽ അണിഞ്ഞിട്ടാണ് പത്മാസനനായ ബ്രഹ്മാവ് ഈ രേഴ് പാരും (പതിനാലു ലോകങ്ങളും) സൃഷ്ടിക്കാൻ ശക്തനാവുന്നത്. മൂർദ്ധാവ് ഗുരുപാദുകാസ്ഥാനവും ബ്രഹ്മരന്ധ്രവുമാണെന്നു ശ്രദ്ധിക്കുക. പത്മാസനൻ സഹസ്രദള പത്മത്തിൽ ഈ പൊടി അണിയുന്നു. നക്ഷത്രങ്ങളുടെ ഭർത്താവായ ചന്ദ്രന്റെ ഒരു കഷണം വിഭൂഷണമാക്കിയ രുദ്രൻ (ശിവൻ), അവിടുത്തെ പാദത്തിൽ മാത്രമാണ് സക്തൻ. വെറും സക്തി അല്ല. ആസക്തി. വിട്ടുമാറാത്ത ചിരസ്ഥായിയായ, അത്യധികമായ സക്തി. വിശ്വം സംഹരിക്കുന്ന താണ്ഡവം പോലും അവൻ അവിടുത്തെ കാലടികളിലാണ് ചെയ്യുന്നത്. ആ താണ്ഡവമോ വിലാസമാണ്. വിലാസം ആനന്ദാധിഷ്ഠിതമാണ്. അവിടുത്തെ കാലടികളിൽ മാത്രമാണ് ആനന്ദനൃത്തം ചെയ്യാൻ ശിവൻ തല്പരൻ. 'തനീയാംസം പാംസും' എന്നു തുടങ്ങുന്ന സൗന്ദര്യ ലഹരീശ്ലോകവുമായി ഇതിനുള്ള സാമ്യം ശ്രദ്ധേയമാണ്.

വൃത്തം, ശാർദ്ദൂലവിക്രീഡിതമായാണ് തോന്നുന്നത്. എന്നാൽ ആദ്യത്തെ വരിയിൽ 17 അക്ഷരം മാത്രമേ ഉള്ളൂ എന്നത് ദുരൂഹമായിരിക്കുന്നു. കയ്യെഴുത്തു പ്രതി ഇന്ന് അലഭ്യമായതിനാൽ സന്ദേഹ നിവൃത്തി വരുത്താനും വയ്യ. മറ്റു മൂന്നു വരികളിലും19 അക്ഷരമുള്ള ശാർദ്ദൂലവിക്രീഡിതം തന്നെ. അച്ചടിയിൽ വിട്ടു പോയതാവാം. എന്നാൽ അച്ചടിച്ച പ്രതിയിൽ ഒരു ശുദ്ധിപത്രം ചേർത്തതിലും ഇതു ചേർത്തിട്ടില്ല. ഇതു വിഷമ വൃത്തങ്ങളിൽ പെടുത്തി വിശകലനം ചെയ്യാനും വയ്യ. കാരണം ആദ്യത്തെ വരിയും മൂന്നാമത്തെ വരിയും ഒരേ അക്ഷര സംഖ്യയായിരിക്കും വിഷമവൃത്തത്തിൽ ഏതായാലും" 'ശൗരേ, രീരേ താരേ, ഹാരേ' എന്നിങ്ങനെയുള്ള ഹൃദ്യമായ ദ്വിതീയാക്ഷരപ്രാസം കാണുന്നതു കൊണ്ട് വിട്ടുപോയ രണ്ടക്ഷരം അവിടെയല്ലെന്നു വരുന്നു. ആദ്യത്തെ വരിയിലെ ഗുരു, ലഘുക്കളെ ആദ്യം ക്രമപ്പെടുത്താം.

ശൗ രേ തൽ പ ദ രേ ണു നി ജ മൂർ ദ്ധാ വിൽ രി ച്ചി ട്ടു പാ

ഗു ഗു ഗു ല ല ഗു ല ല ല ഗു ഗു ല ഗു ഗു ല ഗു

ശാർദ്ദൂലവിക്രീഡിതത്തിന്റെ ഗണക്രമം 'മസജം സതം ത ഗുരുവും' എന്നാണ്. മൂന്നക്ഷരങ്ങളുള്ള 6 ഗണങ്ങളും ഒരു ഗുരുവും ചേർന്ന് 19 അക്ഷരം 'ശൗരേതൽ മ ഗണമാണ്. അതു ശരിയായി. ഈ വരിയിൽ അക്ഷരങ്ങൾ 17 എണ്ണമേ ഉള്ളൂ എന്നതു കൊണ്ട് ആദ്യന്തം ഗണങ്ങളാക്കി തിരിച്ചാൽ 5 ഗണങ്ങളും രണ്ടക്ഷരവും ആണ് വരിക. എന്തായാലും അവസാനം ഒറ്റയ്ക്ക് നിൽക്കുന്ന ഒരു ഗുരു വേണം എന്നുള്ളതു കൊണ്ട്, പാ എന്ന അക്ഷരം മാറ്റാം. അതും ഗുരുവായതുകൊണ്ട് ശരിയായി. ബാക്കിയുള്ളവയെ ഗണമാക്കാൻ വിലോമമായി ശ്രമിക്കാം.

| | |
|---|---|
| രി ച്ചിട്ടു" | ത ഗണം |
| ദ്ധാവിൽധ" | ത ഗണം |
| നിജമൂർ" | സ ഗണം |
| ദരേണു" | ജ ഗണം |
| പ ??" | സ ഗണം |
| ശൗരേതൽ" | മ ഗണം |

ഇതിൽ നിന്നും തെളിയുന്നത് രണ്ടാമത്തെ ഗണത്തിൽ രണ്ടക്ഷരം എവിടെയോ പോയി മറഞ്ഞു അവിടെ വരേണ്ട 'സ' ഗണത്തിന് 'ല ല ഗു' എന്നിങ്ങിനെയാണ് ഗണക്രമം. അപ്പോൾ ഈ വരിയെ 'ശൗരേ തൽ ലല പാദരേണു നിജമൂർദ്ധാവിൽ ധരിച്ചിട്ടു പാ' എന്നു പാടിയാൽ ശരിയാവും. ഏതാണ് അപ്രത്യക്ഷമായ രണ്ടു ലഘു അക്ഷരങ്ങൾ?● (തുടരും)

**മുകുന്ദരാമ വാസുദേവ കൃഷ്ണരാമ! പാഹിമാം**
**പ്രപന്നലോക പാരിജാത പത്നാഭ പാഹിമാം**
**പുരന്ദരാദി ദേവവൃന്ദ വന്ദ്യമാന, പാഹിമാം**
**ജഗന്നിവാസ സന്തതം മുകുന്ദ രാമ പാഹിമാം.**


***എഴുത്തച്ഛൻ***

ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;
0484 2361161
ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

# പാതഞ്ജല യോഗദർശനം



കൈതപ്രം വാസുദേവൻ നമ്പൂതിരി

യോഗാസൂത്രങ്ങളിൽ മൂന്നാമത്തേത്

തദാ ദ്രഷ്ടു ; സ്വരൂപേ അവസ്ഥാനം.

അർത്ഥം ഃ അപ്പോൾ ദ്രഷ്ടാവിന്റെ സ്വരൂപത്തിൽ ഉറച്ചിരിക്കും.

നേരത്തെ പറഞ്ഞതുമായി ഇതിനെ ചേർത്തു വായിക്കണം :അപ്പോൾ; എന്നതിനർത്ഥം എന്നാലേ കിട്ടൂ. മനസ്സിലെ ചലനങ്ങൾ അടങ്ങുമ്പോൾ എന്നർത്ഥം അങ്ങിനെ അടങ്ങിയാൽ , അടക്കിയാൽ എന്താണ് ഗുണം? ഫലമറിഞ്ഞാലേ എല്ലാവരും പ്രവർത്തിക്കു എന്നാണ് പ്രമാണം. മനസ്സിനെ അടക്കാൻ പരിശ്രമിച്ചാൽ ഫലമുണ്ട് എന്നിവിടെ അടിവരയിടുന്നു.

ദ്രഷ്ടാവ് എന്നാൽ ദർശിക്കുന്നവൻ , കാണുന്നവൻ ആരാണ് യഥാർത്ഥത്തിൽ കാണുന്നത്. നാം കണ്ണട വച്ചിട്ടുണ്ട് എന്നു വിചാരിക്കുക. കണ്ണടയിലൂടെയാണ് നാം ദൃശ്യങ്ങൾ കാണുന്നത്. പക്ഷെ ദ്രഷ്ടാവ് ? കണ്ണടയാണോ അല്ലാ കണ്ണാണോ ദൃഷ്ടാവ് അതുമല്ലെന്നു മനസ്സിലാകും, ശ്രദ്ധിച്ചു നോക്കിയാൽ നാം കണ്ണു തുറന്നിരി ക്കുമ്പോഴും മുന്നിലുള്ളതെല്ലാം കാണില്ല. ചിലതു മാത്രം കാണും. ഏതാണീ ചിലത്? നാം മനസ്സു വെക്കുന്നതു മാത്രം കാണും. എന്നാൽ മനസ്സാണോ ദ്രഷ്ടാവ്? അല്ല. മനസ്സിനെയും കാണുന്ന , മനസ്സു വെക്കുന്ന ഒരാൾ ഉള്ളിലിരിക്കുന്നുണ്ട്. ഇന്ന് എന്റെ മനസ്സ് സ്വസ്ഥമല്ല, അല്ലെങ്കിൽ എന്റെ മനസ്സ് ശാന്തമാണ് എന്നൊക്കെ അറിയുന്ന ഒരാൾ. അയാളാണ് ശരിക്കുള്ള ദ്രഷ്ടാവ്. പുരുഷൻ, ജീവൻ, ആത്മാവ് എന്നൊക്കെ ഇതിനെ വിളിക്കും. ദൃക്ശക്തി, ചേതനൻ, ചിതിശക്തി എന്നിവയും പര്യായം തന്നെ. സാംഖ്യശാസ്ത്ര പ്രകാരം പുരുഷൻമാർ വേറെ വേറെയാണ്. ഒരു ശരീരത്തിലിരിക്കുന്ന ആത്മവാവ് അഥവാ പുരുഷൻ മരിച്ചാൽ മറ്റു ശരിരത്തിലിരിക്കുന്ന പുരുഷൻ മരിക്കുന്നില്ല. ശരീരത്തിൽ കെട്ടിയിടപ്പെട്ട ജീവൻ (ബദ്ധജീവൻ) ആണ് മരിക്കുന്നത്. അതു മനസ്സല്ല. ഈ പുരുഷൻ ജ്ഞാനഘനനാണ്. ജ്ഞാനം നിറഞ്ഞവനാണ്, ആനന്ദഘനനനാണ്, ആനന്ദം നിറഞ്ഞ വനാണ്. ജ്ഞാനം എന്ന വാക്കിൽ നിന്നു തന്നെയാണ് 'ഞാൻ' എന്ന വാക്കുണ്ടായത്.

യഥാർത്ഥത്തിൽ പുരുഷൻ (ആത്മാവ്) മുക്തനും ആനന്ദനുമാണ്. പ്രകൃതിയാണ് അതിനെ ബന്ധിച്ച ജ്ഞാനവും ആനന്ദവും കെടുത്തുന്നത്.

ജ്ഞാനം രണ്ടു വിധമുണ്ട്. വിജ്ഞാനഭിക്ഷു യോഗവാർത്തികത്തിൽ പറയുന്നു. ഒന്ന് സ്മൃതി സംസ്കാര ജന്യജ്ഞാനം ഒരിക്കൽ കണ്ട ഒരാളെ നാം രണ്ടാമതു കാണുമ്പോൾ അയാളുടെ രൂപം ഓർമ്മ വരുന്നു, തിരിച്ചറിയുന്നു . ഇത് സ്മൃതിജന്യജ്ഞാനമാണ്. ഒരാളെ കാണുക മാത്രമല്ല, അദ്ദേഹവുമായി ഇടപെടുകയും ഗുണദോഷങ്ങളും , ദൗർബല്യങ്ങളും, സ്വാഭാവവും മനസ്സിലാക്കുകയും ചെയ്യുമ്പോൾ അയാളെ സംബന്ധിക്കുന്ന ഒരു സംസ്കാരം ഒരടയാളം നമ്മിൽ രൂപപ്പെടുന്നു. അയാളെ വീണ്ടും കാണുമ്പോൾ ഇതെല്ലാം ഉൾപ്പെടുന്ന ഒരു ജ്ഞാനം, അറിവ് ആണ് നമ്മിലുണ്ടാവുക. ഇവ രണ്ടും യഥാർത്ഥമല്ല. അവ ഉണ്ടാക്കുന്ന സുഖദുഃഖങ്ങളും യഥാർത്ഥമല്ല. നമ്മുടെ ഇന്ദ്രീയങ്ങളും മനസ്സും കൊടുക്കുന്ന നിറങ്ങളുള്ള അവ വരയ്ക്കുന്ന രൂപത്തോട് കൂടിയ ചിത്രമാണ് നാം കാണുന്നത്. ഇത് ഭൗതികമാണ്, ലൗകീകമാണ്. ഒരു പകുതി നിറഞ്ഞ ഗ്ലാസ്സിനെ നാം കാണുന്ന തെങ്ങനെ? അത് പകുതി നിറഞ്ഞതാണന്നോ, പകുതി കാലിയാണെന്നോ പറയാം, നമ്മുടെ വീക്ഷണമനുസരിച്ച്.

എന്നാൽ രണ്ടാമത്തെ തരത്തിലുള്ള ജ്ഞാനം 'സ്മൃതി സംസ്കാരവിശേഷ ജ്ഞാനമാണ്.' ഇതാണ് യൗഗീകജ്ഞാനം, യഥാർത്ഥ ജ്ഞാനം ഇതാണ് ആനന്ദം നിറഞ്ഞ ജ്ഞാനം.

നാം പാക്കിസ്ഥാനും ഇന്ത്യയും തമ്മിലുള്ള ക്രിക്കറ്റു കളി കാണുന്നു എന്നു വിചാരിക്കുക. ഒരു ഇന്ത്യൻ ക്രിക്കറ്റുകാരൻ 'സിക്സർ' അടിച്ചാൽ നമ്മൾ ആർത്തുല്ല സിക്കുന്നു. ആനന്ദിക്കുന്നു. 'നന്ദിക്കുക'എന്നാൽ നൃത്തം ചെയ്യുക എന്നരൊർത്ഥമുണ്ട്. എന്നാൽ അടുത്ത ബോൾ ഉയരു കയും "'ക്യാച്ച്' ആവുകയും ചെയ്താൽ വല്ലാതെ ദുഃഖിക്കുകയും ചെയ്യുന്നു. ഇതു രണ്ടും സംഭവിക്കുന്നത് ഞാൻ ഇന്ത്യാക്കാരൻ എന്ന അതിതീവ്രമായ വികാരം ഓർമ്മ യായും (സ്മൃതി) അനുഭവമായും (സംസ്കാരം) ഇരിക്കുന്നതു കൊണ്ടാണ്. അതു ഗുണമോ, ദോഷമോ എന്നല്ല ഇവിടെ വിഷയം. മനസ്സാണ് ഇവിടെ പ്രവർത്തിക്കുന്നത് എന്നതാണ്, ചിത്തത്തിൽ വൃത്തികൾ ആർത്തുലച്ചുയർന്നു വരുന്നു എന്നതാണ്. എന്നാൽ ചിത്തവൃത്തികൾ അടങ്ങിയ യോഗി ഇതേ കളി കാണുമ്പോൾ അയാളുടെ മനസ്സിൽ ഈ

"'സ്വന്തം, എന്റെ' എന്ന ബോധ ങ്ങളില്ല. 'സികസ റും, ക്യാച്ചും' അയാൾ ആനന്ദത്തോടെ ആസ്വദിക്കും സുഖദുഃഖങ്ങൾ ബാധിക്കില്ല.

തത്വചിന്തകളിൽ സാധാരണ ഉപയോഗിക്കുന്ന മനോഹരമായ ഒരുപമയുണ്ട്. ഒരു സ്ഫടിക കട്ട അത് സ്വതവേ നിർമ്മലമാണ്. ഒരു നിറവുമില്ല. അതിന്റെ മറുഭാഗത്ത് ഒരു ചെമ്പരത്തി പൂവ് (ജപാകുസുമം) വെച്ചാൽ ആ സ്ഫടികവും ചുവന്നതായി തോന്നും. പൂവ് മാറ്റിയാൽ യഥാർത്ഥ രൂപം വെളിപ്പെടും. വൃത്തികൾ ചെമ്പരത്തി പൂവുപോലെയാണ്. അത് ചിത്തത്തിന് നിറകൂട്ടു നല്കും. സൂക്ഷിച്ചു നോക്കിയാൽ ഈ ലോകത്തെക്കുറിച്ചുള്ള ധാരണയും സങ്കല്പവുമൊക്കെ ഇത്തര ത്തിലുള്ള നിറക്കൂട്ടുകളാണെന്നു കാണാം. ഇവയൊക്കെ ഇന്ദ്രിയങ്ങളും ബാഹ്യ വസ്തുക്കളും തമ്മിലുള്ള സമ്പർക്കം കൊണ്ടു ണ്ടാകുന്ന മിഥ്യാരൂപങ്ങളാണ്. അവയെ മാറ്റി നിർത്തിയാൽ യാഥാർത്ഥ്യം വെളിപ്പെടും. അതു തന്നെ യോഗത്തിന്റെ പ്രയോജനം.

കാണുന്നവൻ (ദ്രഷ്ടാവ്) എന്നു പറഞ്ഞാൽ കണ്ണ് മാത്രം എന്നെടുക്കരുത് ചെവി, മൂക്ക് നാക്ക് ത്വക്ക് ഇവയും ഇതിൽ പെടും. ഇന്ദ്രിയങ്ങൾ എന്ന് പൊതുവെ എടുക്കണം. ഇന്ദ്രിയങ്ങളിൽ നിന്നു കിട്ടുന്ന അനുഭവങ്ങളെല്ലാം മനസ്സിലിളക്കമുണ്ടാക്കും, ചിത്തവൃത്തികളുണ്ടാക്കും ഇവയൊക്കെ നമ്മുടെ സ്വാതന്ത്ര്യത്തെ വികാസത്തെ പരിമിതപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇവയിൽ നിന്ന് മോചനം നേടുന്നതാണ് മുക്തി അഥവാ മോക്ഷം. ബദ്ധാത്മാവ് മുക്താത്മാവായി തീരുന്ന ഒരു പ്രക്രിയയാണ് ചിത്തവൃത്തി നിരോധം അഥവാ യോഗം എന്ന് ഇതിൽ നിന്നു മനസ്സിലാക്കാം. മനസ്സിന്റെയും ഇന്ദ്രീയങ്ങളുടെയും മായിക ലോകത്തി നോടുള്ള ഒരു വിട പറയലാണത്. അതിന്റെ പിറകിലുള്ള യാഥാർത്ഥ്യത്തെ തിരിച്ചറി യുന്ന ആനന്ദസന്ദായിയായ ഒരു അനുഭവമാണിത്. ഏവരും ആഗ്രഹിക്കേണ്ട ഒരു അവസ്ഥ തന്നെയാണിത്●

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS OF THE MAGAZINE

### KARAYOGA SOUHRIDAM

English/Malayalam, Form IV (See Rule 8)

| | | |
|---|---|---|
| 1. Place of Publication | : | Ernakulam |
| 2. Periodicity of Publication | : | Monthly |
| 3. Printer's Name | : | M.Sreevallabhan Nair |
| Nationality | : | Indian |
| Address | : | C/o Ernakulam Karayogam<br>D.H.Road, Kochi-682016 |
| 4. Publisher's Name | : | M.Sreevallabhan Nair |
| Nationality | : | Indian |
| Address | : | C/o Ernakulam Karayogam<br>D.H.Road, Kochi-682016 |
| 5. Editor's Name | : | M. Sreevallabahan Nair |
| Name&Address | : | C/o Ernakulam Karayogam<br>D.H.Road, Kochi-682016 |
| 6. Name&Address of individuals who own the News Paper and Partners or shareholders holding more than one percent of the total capital | : | Ernakulam Karayogam<br>D.H.Road, Kochi-16 |

I, M. Sreevallabahan Nair hereby declare that the particulars given above are true to the best of my knowledge and belief.

Date: 1.3.2017

M. Sreevallabhan Nair
(s/d-)

# ജീവിതം സാഫല്യമാക്കിയ ധന്യാത്മാവ്

**ലക്ഷ്മിദേവി**

ന്മയുടെ നറും പൂക്കൾ ചടുലമായ വാഗ്വിലാസം കൊണ്ട് മനുഷ്യമനസ്സിലേക്ക് ആഴത്തിൽ പതിപ്പിച്ച സ്വാമിനിർമ്മലാനന്ദ ഗിരിയുടെ സമാധി കേരളത്തിന് തന്നെ തീരാനഷ്ട മാണ്.

അദ്ദേഹം ജീവിച്ചത് ആതുരർക്കു വേണ്ടിയായിരുന്നു. പ്രപഞ്ചത്തെ അഗാധമായി സ്നേഹിച്ച ഭിഷഗ്വരൻ. മഹാഭാരതവും ഭഗവത്ഗീതയും രാമായണവും കൈക്കുടന്നയിലാക്കിയ മഹായോഗി ആയുർവേദം ഒരു സിദ്ധിയോ കൺകെട്ടോ അല്ലെന്നു രോഗികളെ ബോധ്യപ്പെടുത്തിയ വിജ്ഞാനമൂർത്തി. അതിവിദഗ്ധമായ സാരോപദേശങ്ങളിലൂടെ മനുഷ്യ മനസ്സിലെ മാലിന്യങ്ങൾ എങ്ങനെ നീക്കം ചെയ്യാം എന്ന് മാനവർക്ക് ബോധ്യപ്പെടുത്തിക്കൊടുത്ത സന്യാസിവര്യൻ അത് മാത്രമായിരുന്നു അദ്ദേഹത്തിന്റെ തപസ്യ.

ഒറ്റപ്പാലത്തെ ആശ്രമത്തിലും കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള ആശ്രമങ്ങളിലും മറ്റു സ്ഥലങ്ങളിലും പോയി സാധാരണ ജനങ്ങൾക്ക് വേണ്ടി നിരന്തരമായി ആയുർവ്വേദ ചികിത്സാവിധികളും മനുഷ്യൻ മനുഷ്യനായി ജീവിക്കാൻ വേണ്ടുന്ന കാര്യങ്ങളും പ്രഭാഷണങ്ങളിലൂടെ അദ്ദേഹം ജനങ്ങളെ ഉത്ബോധിപ്പിച്ചു കൊണ്ടിരുന്നു.

വൈറ്റില ശ്രീരാമകൃഷ്ണാശ്രമത്തിൽ വെച്ചാണ് ഒരിക്കൽ അദ്ദേഹത്തെ കണ്ടത്. അന്ന് തൃഷ്ണ എന്ന വിഷയമായിരുന്നു അദ്ദേഹം അവതരിപ്പിച്ചത്. എന്തിനോടും ഏതിനോടുമുള്ള അമിതമായ തൃഷ്ണ പുലർത്തുന്ന ഇന്നത്തെ ലോകത്തെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. തുടർച്ചയായി രണ്ടോ മൂന്നോ ക്ലാസ്സുകളിൽ ഇരുന്നപ്പോൾ അദ്ദേഹം നൽകിയ പുതിയ അറിവുകൾ എനിക്കും ഏറെ ഉപകാരമായി . തൃഷ്ണ കൂടുമ്പോൾ നാശമാണ് ഫലം എന്ന് അദ്ദേഹം കൂടെ കൂടെ ഓർമ്മിപ്പിക്കാറുണ്ടായിരുന്നു. കുട്ടികളിൽ തൃഷ്ണ വളർത്തരുത്. ഇന്നത്തെ പല ഭക്ഷ്യവസ്തുക്കളും ഉപയോഗ യോഗ്യമല്ല. രുചിക്കും മണത്തിനും ചേർക്കുന്ന രാസവസ്തുക്കൾ ചേർന്ന ഭക്ഷണം കുട്ടികൾക്ക് നല്കരുത്. വിഷവിമുക്തമായ ആഹാരമാണ് അമ്മമാർ കുട്ടികൾക്ക് നൽകേണ്ടത് എന്ന് അദ്ദേഹം പറഞ്ഞു.

ചികിത്സാവിധികളിൽ അതിപ്രാഗത്ഭ്യം ഉള്ള സ്വാമി ഏതു മഹാരോഗങ്ങൾക്കും മരുന്ന് നിർദ്ദേശിച്ചിരുന്നു. ചില നിബന്ധനകളുടെ അടിസ്ഥാനത്തിൽ മാത്രം രോഗികൾക്കായുള്ള അരമണിക്കൂർ നേരത്തെ ഉപദേശമാണ് ആദ്യം അദ്ദേഹം നൽകുക. അക്ഷരക്കഷായം എന്നാണ് ഇതിന്റെ പേര്. രോഗചികിത്സക്കായി വരുന്നവർ പാലിക്കേണ്ടതായ ചില നിയമങ്ങൾ അദ്ദേഹം നിർദ്ദേശിക്കും. ഇതിൽ പൊതുവായ ഭക്ഷണരീതി കഴിക്കാൻ പാടില്ലാത്ത ഭക്ഷ്യവസ്തുക്കൾ, ഭക്ഷണം പാകം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട വസ്തുതകൾ, വിരുദ്ധാഹാരങ്ങൾ എന്നിവയെക്കുറിച്ച് ഉപദേശിക്കും.

ഋതുക്കൾക്ക് അനുസൃതമായ ആഹാരങ്ങൾ കഴിക്കണമെന്നും അത് ഔഷധമാണെന്നും അതു പാലിക്കാൻ തയ്യാറുണ്ടെങ്കിൽ മാത്രം മരുന്നിനായി അദ്ദേഹത്തെ സമീപിച്ചാൽ മതിയെന്ന് വ്യക്തമാക്കും. രോഗിയുടെ ആദ്യ ലക്ഷണം പറയുന്ന മാത്രയിൽ തന്നെ അദ്ദേഹത്തിന് രോഗിയെക്കുറിച്ചുള്ള ഉൾക്കാഴ്ച ലഭിച്ചു കഴിഞ്ഞിരിക്കും. പ്രകൃതിജന്യമായ മരുന്നുകളാണ് നിർദ്ദേശിക്കുന്നത്. പ്രകൃതി വികൃതിയാവുമ്പോൾ എല്ലാം താളം തെറ്റും എന്ന് അദ്ദേഹം രോഗികളോട് പറയും. മരുന്നുകൊണ്ട് മാത്രം രോഗം മാറ്റാനാവില്ല. ഒരു നേരിയ നൂലുപോലെ ചിന്തകൾ അലട്ടിയാൽ പോലും അത് കോശങ്ങളെ ബാധിക്കും എന്നാണദ്ദേഹത്തിന്റെ പക്ഷം.

പൂർവ്വികർ കണ്ടെടുത്ത ലഘുവായ മരുന്നുകളും ചികിത്സാവിധികളും പല രോഗങ്ങൾക്കും ഉത്തമമാണ്. ഇതേക്കുറിച്ച് ഗൃഹവൈദ്യം ക്ലാസ്സുകളിൽ അദ്ദേഹം ഓർപ്പിക്കാറുണ്ട്. ഇതിനെ അവലംബമാക്കിയുള്ള പുസ്തകങ്ങളും ലഭ്യമാണ്. പൂർവ്വികരിലൂടെ കണ്ടെടുത്ത അറിവുകൾ അതിമനോഹരമായ വാക്വൈഭവത്തോടെ ജനമനസ്സുകളിലേക്കു എത്തിക്കുവാനും അവരുടെ ചിന്തധാരകളെ സംശുദ്ധമാക്കാനും സമൂഹത്തിലെ ദുഷ്പ്രവണതകളും ദുരീകരിക്കുവാനും ജീവിതം ഉഴിഞ്ഞു വെച്ച സ്വാമികൾ പുരാണേതിഹാസങ്ങളെക്കുറിച്ചും നിരവധി പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്.


ആധ്യാത്മികതയും അന്തഃകരണ സിദ്ധിയും ജ്യോതിഷം, തലക്കുറി, യോഗവാസിഷ്ഠം, ഭഗവത് ഗീത, രാമയണം, ജീവിതചര്യ, മാനസികസംഘർഷം, ശിവോപാസന, പ്രാചീനവിദ്യാഭ്യാസ ദർശനം, ഉറക്കം എന്നിവയെക്കുറിച്ചെല്ലാം നിരവധി പ്രഭാഷണങ്ങൾ നടത്തിയ സ്വാമികൾ എന്നും അദ്ദേഹത്തിന്റെ ആരാധകർക്ക് മരിക്കാത്ത ഓർമകളാണ് നൽകിയിട്ടുള്ളത് •

# മൂത്രച്ചൂട് അഥവാ മൂത്രക്കടച്ചിൽ

## (Burning Micturition)



ഡോ. ദേവിദാസ് വെള്ളോടി




മൂത്രം ഒഴിക്കുമ്പോൾ നീറ്റൽ, ചെറിയ തോതിൽ വേദന, കടച്ചിൽ ശരിക്കു മൂത്രം പോകാതിരിക്കൽ എന്നിങ്ങനെയുള്ള അവസ്ഥയെ സാമാന്യമായി മൂത്രക്കടച്ചിൽ അഥവാ മൂത്രച്ചൂട് എന്ന് വിശേഷിപ്പിക്കാം .

**മൂത്രക്കടച്ചിൽ പലവിധ കാരണങ്ങളാൽ ഉണ്ടാകാം**

1. രോഗാണുബാധ മൂലം (Urinary infection)

2. സ്ത്രീകൾക്ക് സ്ത്രീരോഗങ്ങളുടെ കൂടെ Urinary infection വന്നാലും രോഗാണുബാധ ഉണ്ടാകും.

3. പുരുഷൻമാരിൽ പ്രോസ്റ്റേറ്റ് ഗ്രന്ഥി വലുതായതുമൂലം മൂത്രം ശരിക്കു പോകാതിരിക്കുകയാൽ ഉണ്ടാകും.

4. വൃക്കകളിലെ കല്ല് (Kidney Stone) മൂത്രത്തിന്റെ സുഗമമായ പോക്കിനെ തടസ്സപ്പെടുത്തും.

5. ഗർഭിണികളിൽ മൂത്രത്തിൽ രോഗാണുബാധയോ പൊതുവെ അണുബാധയോ ഉണ്ടായി മൂത്ര തടസ്സം ഉണ്ടാകാം.

6. ലൈംഗീകമായ അണുബാധയാലും ( Genital Herpes, Gonorrhoe) തുടങ്ങിയവയാൽ അണുബാധയുണ്ടായി മൂത്ര തടസ്സം വരാം.

7. മൂത്രനാളിയുടെ ചുരുങ്ങൽ (Uretral Stricture) കാരണം മൂത്രത്തിന്റെ പ്രവാഹം കുറഞ്ഞ് രോഗാണുബാധയോ കടച്ചിലോ ഉണ്ടാകാം.

8. Pelvic Inflamatory Disease

സ്ത്രീകളുടെ പ്രത്യുൽപാദന അവയവങ്ങളിൽ (Reproductive Organs) ഉണ്ടാകുന്ന അണുബാധയാൽ മൂത്രക്കടച്ചിൽ കാണാം.

9. Blader Cancer

ബ്ലാഡറിൽ കാൻസർ രോഗത്തിന്റെ ഒരു ലക്ഷണമാണ് മൂത്രം ശരിയായി പോകാതിരിക്കൽ

10. ആർത്തവ വിരാമം (Menopause)

ആർത്തവ വിരാമ സമയത്ത് യോനീഭാഗത്ത് വരൾച്ച (dryness) ഉണ്ടാകുന്നതിനാൽ മൂത്രച്ചൂട്, ചൊറിച്ചിൽ എന്നിവ ഉണ്ടാകാറുണ്ട്.

11. Reactive Arthritis

റിയാക്ടീവ് ആർത്രൈറ്റിസ് എന്ന രോഗത്തിൽ മൂത്രക്കടച്ചിൽ കാണാറുണ്ട്.

12. പ്രമേഹ രോഗികളിൽ രോഗാണുബാധ സ്ഥിരമായി കാണാറുണ്ട്.

വളരെ ചെറിയ ഒരു കാര്യമായി തോന്നാമെങ്കിലും ശ്രദ്ധിക്കാതിരുന്നാൽ മാരകമായ അസുഖങ്ങളുടെ ലക്ഷണമായി പോലും വരാവുന്നതാണ് മൂത്രച്ചൂട് അഥവാ മൂത്രക്കടച്ചിൽ എന്ന് മനസ്സിലായിരിക്കുമല്ലോ.

ശാരീരികവും മാനസികവുമായ ഒരു പ്രയാസത്തെപ്പോലും നിസ്സാരവൽക്കരിക്കരുത്. ഏത് രോഗത്തിനും ദൈവം ഒരു ലക്ഷണം കാട്ടിത്തരാറുണ്ട്. നമ്മൾ അതിനെ ധിക്കരിച്ച് അഥവാ കണ്ടില്ലെന്ന് നടിക്കുമ്പോഴാണ് ആ ലക്ഷണത്തിന് കാരണമായ അസുഖം ഒരു ദിവസം പുറത്തു വരുന്നത്.

അശ്രദ്ധകൊണ്ട് ജീവൻ പൊലിഞ്ഞുപോയ ഒരു യഥാർത്ഥ സംഭവം പറയാം.

എന്റെ മകന്റെ ക്ലാസ്മേറ്റ് 22-ാം വയസ്സിൽ ഒരു ദിവസം ഹൃദയാഘാതം മൂലം പെട്ടെന്ന് മരണപ്പെട്ടു. നല്ലൊരു സ്പോർട്സ്മാനായിരുന്ന ഈ കുട്ടിക്ക് പ്രത്യേകിച്ച് അസുഖമൊന്നും അതുവരെ ഉണ്ടായിട്ടില്ല. പെട്ടെന്ന് ഒരു ദിവസം രാത്രി നെഞ്ച് വേദന വന്ന് ഹൃദയാഘാതം Massive Cardiac Failure) വന്ന് മരണപ്പെട്ടു. പിന്നീട് വിശദമായ ഇയാളുടെ ചരിത്രം മനസ്സിലാക്കാൻ ശ്രമിച്ചപ്പോൾ ഹോസ്പിറ്റലിൽ ഇയാളുടെ മുറിയിൽ നിന്ന് നെഞ്ചുനീറ്റലിലുള്ള

(Gastric uprats), Gelusil Suspension ന്റെ ധാരാളം ഒഴിഞ്ഞ കുപ്പികൾ കണ്ടെടുത്തത്. വയറ് നിറയെ ഭക്ഷണം കഴിച്ചാൽ ഇടക്കിടക്ക് വരാറുള്ള നെഞ്ച് നീറൽ ഇയാളുടെ സുഹൃത്തുക്കൾക്കെല്ലാം അറിയാവുന്ന കാര്യമാണ്. ആ സമയം ഈ കുട്ടി Gelusil നാലഞ്ചു സ്പൂൺ കഴിച്ച് നെഞ്ചിൽ ഇടിച്ച്കൊണ്ട്

നടക്കുമായിരുന്നവത്രെ. ഒരു ഹൃദ്രോഗത്തിന്റെ വ്യക്തമായ ലക്ഷണം എത്ര നിസ്സാരമായി അവഗണിക്കപ്പെട്ടു എന്നു നോക്കണേ.

നമ്മുടെ ഇന്നത്തെ ചർച്ചാ വിഷയം മൂത്രക്കടച്ചിലാണല്ലോ. അതുമായി ബന്ധപ്പെട്ട ഒരു രോഗിയുടെ കഥ പറയാം. സ്ഥിരമായ എന്റെ അടുത്തു വന്ന് കൃത്യമായി മരുന്നുകൾ കഴിക്കുന്ന ആരോഗ്യബോധമുള്ള ഒരു 45 വയസ്സുള്ള പുരുഷൻ. എത്ര ചെറിയ ജലദോഷമാണെങ്കിലും വന്ന് കണ്ട് മരുന്നു വാങ്ങും. ഒരു വർഷം മുൻപാണ് , സാധാരണ ചെയ്യുന്ന വാർഷിക പരിശോധനയിൽ രക്തത്തിലെ Creatinine കൂടുതലായി കണ്ടു. കക്ഷിക്ക് പേടിയായി. എന്റെ വൃക്ക തകരാറിലായോ എന്ന ഭയത്താൽ മരുന്നു കഴിച്ച് തുടങ്ങി. ആറു മാസം കൃത്യമായ പലതരം മരുന്നു കഴിച്ചിട്ടും രക്തത്തിലെ Creatinine കുറഞ്ഞില്ല. അപ്പോൾ ഞാൻ വിദഗ്ദ്ധ പരിശോധനക്കായി യൂറോളജിസ്റ്റിനെ കാണുവാൻ നിർദ്ദേശിച്ചു. രണ്ട് ഡോക്ടർമാർ പ്രത്യേകിച്ചൊന്നും ചെയ്യേണ്ട എന്നു പറഞ്ഞെങ്കിലും വീണ്ടും മൂന്നാമതൊരു ഡോക്ടറെ കണ്ടു. രോഗിയുടെ പരിഭ്രമം കണക്കിലെടുത്ത് ഡോക്ടർ സ്കാനിങ് നിർദ്ദേശിച്ചു. പ്രത്യേക എക്സറേയും എടുത്തു. അപ്പോഴല്ലേ വില്ലൻ പുറത്തു വരുന്നത്. Urethral Stricture (മൂത്രനാളിയുടെ വ്യാസം ചുരുങ്ങൽ) ഉണ്ട്. ഡോക്ടർ ചോദിച്ചു, ഇത്ര നാളായിട്ടും നിങ്ങൾക്ക് മൂത്രമൊഴിക്കാൻ പ്രയാസം വന്നിട്ടില്ലേ എന്ന്. അപ്പോഴാണ് ഇയാൾ പറയുന്നത്. എനിക്ക് മൂത്രമൊഴിക്കാൻ അഞ്ചു മിനിറ്റ് ചുരുങ്ങിയതു വേണം. വളരെ സാവകാശത്തിലെ മൂത്രം പോകാറുള്ളത്. പിടിച്ച് പിടിച്ചാണ് മൂത്രം പോകാറുള്ളത്. എനിക്ക് ഓർമ്മവെച്ച കാലം മുതൽ ഇങ്ങിനെ ആയതു കൊണ്ട് ഞാനത് കാര്യമാക്കാറില്ല. മൂത്രനാളിയുടെ സങ്കോചം കൊണ്ടാണ് ഇയാൾക്ക് മൂത്രമൊഴിക്കാൻ പ്രയാസം നേരിട്ടത്. മൂത്രം ശരിയായി പോകാത്തതിനാലാണ് അവസാനം Creatinine കൂടുതലായി കണ്ട് തുടങ്ങിയത്. അത് ശസ്ത്രക്രിയ ചെയ്ത് ശരിയാക്കിയപ്പോൾ എല്ലാം നോർമലായി. ഒരു അശ്രദ്ധകൊണ്ട് പറ്റിയ ബുദ്ധിമുട്ട് ആലോചിച്ച് നോക്കൂ.

ഇതുപോലെയാണ് പല രോഗലക്ഷണങ്ങളും എന്ന് വെച്ച് ടെൻഷനായി ചെറിയ പ്രയാസങ്ങൾക്ക് പോലും സ്പെഷ്യലിസ്റ്റിനെ കണ്ട് ചികിത്സിക്കേണ്ട ആവശ്യമില്ല. രോഗലക്ഷണങ്ങൾ ഗൗനിക്കാതെയോ ഡോക്ടറോട് പറയാതെയോ ഇരിക്കരുതെന്ന് മാത്രം.

## മൂത്രച്ചൂട്

1. സാധാരണയായി കണ്ട് വരുന്ന മൂത്രച്ചൂടിനെ കുറിച്ച് ചർച്ചചെയ്യാം.

മൂത്രമൊഴിക്കാൻ പ്രയാസം (ചെറിയ തോതിൽ മാത്രം) മൂത്രമൊഴിക്കുമ്പോൾ ചെറിയ പുകച്ചിൽ എന്നിവ സാധാരണയായി മൂത്രത്തിന്റെ അളവ് കുറക്കുമ്പോഴുള്ള ലക്ഷണമായി കരുതാം. വെള്ളം വളരെ കുറച്ചു കുടിക്കുന്നവർക്ക് ഇത് സാധാരണമാണ്. Public Toilet ന്റെ അഭാവത്താലും ഉള്ളത് വൃത്തിഹീനമായതിനാലും സ്ത്രീകൾ സാധാരണ വീട് വിട്ടിറങ്ങിയാൽ തിരിച്ചു വീട്ടിലെത്തിയേ മൂത്രമൊഴിക്കൂ. ഇങ്ങിനെ മൂത്രം പിടിച്ചു വെക്കുന്നതും (Retension), വെള്ളം കുടിക്കാതിരിക്കുന്നതും മൂത്രത്തിന്റെ അളവിനെ കുറക്കുകയും മൂത്രാശയത്തിന്റെ പേശികളെ സമ്മർദ്ദത്തിലാക്കുകയും ചെയ്യും.

ധാരാളം വെള്ളം കുടിക്കുക, ദിവസേന പല തവണയായി ചുരുങ്ങിയത് രണ്ടര ലിറ്ററെങ്കിലും വെള്ളം കുടിക്കും, വേണ്ട സമയത്ത് മൂത്രശങ്ക തീർക്കുക എന്നിവ തന്നെയാണ് ഇതിനുള്ള പോംവഴി. കുറെ വർഷങ്ങളായി മൂത്രം തടഞ്ഞു വയ്ക്കുന്ന സ്വഭാവമുള്ളവർക്ക് മധ്യവയസ്സു കഴിയുമ്പോഴേക്കും മൂത്രാശയ പേശികൾക്ക് ക്ഷീണം ഉണ്ടാവാനുള്ള സാധ്യത 100% കൂടുതലാണ്.

തണുത്ത വെള്ളത്താൽ നാഭിപ്രദേശം കഴുകുന്നതും തണുത്ത വെള്ളത്തിൽ കുളിക്കുന്നതും മൂത്രക്കടച്ചിൽ കുറക്കും. സംഭാരം, നന്നാറി വെള്ളം, ഇളനീർ എന്നിവ നല്ലതാണ്.

## 2. രോഗാണു ബാധമൂലമുണ്ടാകുന്നത്

മൂത്രത്തിൽ രോഗാണുബാധ പല കാരണങ്ങളാലും ഉണ്ടാകാം. പ്രമേഹരോഗികൾക്ക് ഇടക്കിടക്ക് രോഗാണുബാധയുണ്ടാകാറുണ്ട്. കൂടുതൽ മൂത്രം ഇടക്കിടക്ക് ഒഴിക്കുന്നതിനാൽ വെള്ളം കുടിക്കുന്നത് കുറയ്ക്കുന്നതാണ് ഇതിന് പ്രധാന കാരണം. ഒരു തവണ അണുബാധ വന്നാൽ തീർത്തും മാറാത്തതു കാരണം വീണ്ടും വരുവാനുള്ള സാധ്യത കൂടുതലാണ്. നല്ലപോലെ വെള്ളം കുടിച്ചാലും മൂത്രക്കടച്ചിൽ മാറുന്നില്ലെങ്കിൽ കൂടുതൽ പരിശോധന നടത്തി മരുന്നു കഴിക്കേണ്ടി വരും.

## മൂത്ര പരിശോധന

ലാബിലുള്ള സാധാരണ മൂത്ര പരിശോധനയിൽ തന്നെ മൂത്രത്തിലെ രോഗാണുബാധ തിരിച്ചറിയാം. ചെറിയ തോതിലെ കാണുന്നുള്ളവെങ്കിൽ ആയുർവ്വേദ മരുന്നുകൾ മതിയാകും. കൂടുതൽ പ്രയാസമുണ്ടെങ്കിൽ മൂത്രം Culture ചെയ്ത് ബാക്ടീരിയ ഏതെന്ന് കണ്ടെത്തി തക്കതായ ആന്റിബയോട്ടിക് കഴിക്കേണ്ടി വരും. തുടർന്ന് ഒരു മാസത്തിന് ശേഷം വീണ്ടും പരിശോധിച്ച് അണുബാധ തീരത്തും മാറിയെന്ന് ഉറപ്പ് വരുത്തണം.

## 3. മൂത്രം ഒഴിഞ്ഞ് പോകാൻ പ്രയാസം,

## വേദന മൂത്രത്തിൽ രക്തത്തിന്റെ അംശം കാണുക

ഈ ലക്ഷണങ്ങളിൽ വൃക്കയിൽ കല്ലുള്ളപ്പോൾ കാണാറുണ്ട്. അൾട്രാസൗണ്ട് സ്കാൻ മുഖാന്തിരം ഇത് കൃത്യമായി കണ്ടു പിടിക്കാനാകും. സാധാരണ വൃക്കയിലെ കല്ല് ഇളകി മൂത്രനാളത്തിൽ തടഞ്ഞു നിൽക്കുമ്പോഴാണ് അതികഠിനമായ വേദന അനുഭവപ്പെടുക. എത്രയും പെട്ടെന്ന് നാഭിയിൽ ആവി കൊള്ളിക്കുകയും ആശുപത്രിയിൽ എത്തിക്കുന്നതുമാണ് ഉത്തമം. കല്ല് താനെ പോയാൽ തൽക്കാലം സമാധാനമാകും. പിന്നെ അശ്മരിക്കുള്ള ചികിത്സകൾ ചെയ്താൽ മതിയാകും. കല്ല് പോയില്ലെങ്കിൽ മൂത്രനാളി വികസിപ്പിച്ച് മൂത്രക്കല്ല് പുറത്തെടുക്കേണ്ടി വരും.

## 4. Prostate വർധനകൊണ്ടുള്ള മൂത്രതടസ്സം

മൂത്രം ഇടവിട്ട് പോകുക, കുറെ സമയം കൊണ്ട് പോകുക എന്നിവ പ്രോസ്റ്റേറ്റ് ഗ്രന്ഥിയുടെ വളർച്ചയാൽ സംഭവിക്കാറുണ്ട്. 50 വയസ്സ് കഴിഞ്ഞ പുരുഷൻമാരിലാണ് ഇപ്രകാരം കാണുക. അൾട്രാസൗണ്ട് പരിശോധനയിൽ വ്യക്തമായി കണ്ട് പിടിക്കാനാകും. പ്രോസ്റ്റേറ്റ് ഗ്രന്ഥിയുടെ വീക്കം കുറയുമ്പോൾ മൂത്രം കെട്ടി നിൽക്കുന്നത് കുറയുകയും അങ്ങിനെ മൂത്രക്കടച്ചിൽ മാറുന്നതുമാണ്.

## 5. ഗർഭിണികളിലെ മൂത്രക്കടച്ചിൽ, പുകച്ചിൽ ഃ

ഗർഭിണികളിൽ ചെറിയ തോതിൽ അണുബാധയുണ്ടാകാനുള്ള സാധ്യത കൂടുതലാണ്. ഇടക്കിടക്ക് കഴുകി വൃത്തിയായി സൂക്ഷിക്കുക, ധാരാളം വെള്ളം കുടിക്കുക, ചർമ്മം വരളുന്നുണ്ടെങ്കിൽ ഡ്രൈനെസ്സ് ക്രീമുകളോ യുക്തമായ തൈലങ്ങളോ പുരട്ടുകയോ ചെയ്താൽ മതിയാകും. രോഗാണുബാധ കൂടുതലായാൽ ആന്റിബയോട്ടിക് കഴിക്കേണ്ടി വരും.

## 6. ആർത്തവ വിരാമം (Menopause)

ആർത്തവ വിരാമക്കാലത്ത് പൊതുവെ യോനീഭാഗത്ത് dryness (ത്വക്കിന്റെ വരൾച്ച) കൂടുതലായി കാണുന്നു. അതിനാൽ ചൊറിച്ചിൽ ഉണ്ടാകാനും രോഗാണുബാധ ഉണ്ടാകാനും ഇടയാകുന്നു. വൈദ്യനിർദ്ദേശപ്രകാരം dryness കുറക്കാനുള്ള ലേപനങ്ങൾ ഉപയോഗിച്ചാൽ മതി.

## 7. വിട്ടുമാറാത്ത മൂത്രക്കടച്ചിൽ, തടസ്സം, വേദന

ഇവയുണ്ടെങ്കിൽ എന്തായാലും വൈദ്യനിർദ്ദേശം തേടിയേ തീരൂ. സ്വയം ചികിത്സിക്കരുത്.

## 8. വേനൽക്കാലത്തെ മൂത്രച്ചൂട്

വേനൽക്കാലത്ത് ശരീരത്തിൽ വെള്ളത്തിന്റെ അംശം കുറയുന്നതിനാൽ ധാരാളം വെള്ളം കൂടുതലായി കുടിക്കണം. വെള്ളം കൂടതൽ കുടിക്കാതിരുന്നാൽ മൂത്രത്തിന്റെ അളവ് കുറഞ്ഞ് മൂത്രച്ചൂട് ഉണ്ടാകും. ശരീരത്തിന് കുളിർമ്മ നൽകുന്ന നന്നാറി തുടങ്ങിയവ ഇട്ട വെള്ളം, സംഭാരം ഇവ ഇടക്കിടക്ക് കുടിച്ചു കൊണ്ടിരുന്നാൽ മൂത്രച്ചൂട് വരികയേയില്ല. അപ്പോൾ വൃക്കയിൽ കല്ല് ഉണ്ടാകാതിരിക്കുകയും ചെയ്യും.

## ചില സാധാരണ ഗൃഹൗഷധികൾ

1. നാഭിപ്രദേശം തണുത്ത വെള്ളത്താൽ കഴുകുക. രണ്ട് നേരം മേൽ കഴുകുക. ധാരാളം വെള്ളം കുടിക്കുക. കൃത്യസമയങ്ങളിൽ മൂത്രമൊഴിക്കുക.

2. ബാർലിവെള്ളം, ഞെരിഞ്ഞിൽ ഇട്ട് തിളപ്പിച്ച വെള്ളം എന്നിവ നല്ലതാണ്.

3. കോട്ടൺകൊണ്ടുള്ള അടിവസ്ത്രങ്ങൾ ഉപയോഗിക്കുക. ഗുഹ്യഭാഗങ്ങൾ വൃത്തിയായി സൂക്ഷിക്കുക.

4. ബാത്ത്ടബ്ബിൽ ഇളം ചൂടുവെള്ളം നിറച്ച് അതിൽ കിടക്കുന്നത് നല്ലതാണ്.

5. ദിവസേന 2 ഗ്ലാസ്സ് മോര് വെള്ളം കുടിക്കുക.

6. ഗുഹ്യഭാഗത്ത് ചൊറിച്ചിൽ ഉണ്ടെങ്കിൽ ത്രിഫലക്കഷായത്താൽ കഴുകുക.

7. ചന്ദ്രപ്രഭ വടിക ദിവസേന രണ്ട് നേരം കഴിക്കുക

8. വേനൽക്കാലത്ത് ധാരാളം പഴവർഗങ്ങൾ കഴിക്കുക.

9. രാത്രി കിടക്കാൻ നേരത്ത് പ്രത്യേകിച്ച് ഒരു ഗ്ലാസ്സ് വെള്ളം കുടിക്കുക.

അസഹ്യമായ വേദന, മൂത്രത്തിൽ രക്തമുള്ള പോലെ കാണുക, ഛർദ്ദിക്കാൻ വരിക തുടങ്ങിയ ലക്ഷണങ്ങൾ വന്നാൽ ഉടൻ ആശുപത്രിയിൽ പോകുക. വിദഗ്ദ്ധ വൈദ്യസഹായം വേണ്ടി വന്നേക്കാം.

മൂത്രക്കടച്ചിൽ പുകച്ചിൽ മൂത്രാശ്യ രോഗാണുബാധ എന്നിവ സ്ത്രീകളിലാണ് (80%) കാണുന്നത്. പൊതുവായ ശുചിമുറിയില്ലായ്മ ഉള്ളത് വൃത്തിയില്ലാതിരിക്കുക എന്നിവ തന്നെയാണ് പ്രധാന കാരണങ്ങൾ. നഗരം മെട്രോ നഗരമാകാൻ വെമ്പൽ കൊള്ളുമ്പോൾ ജനങ്ങളുടെ പ്രത്യേകിച്ച് സ്ത്രീകളുടെ ആരോഗ്യത്തിന് അത്യന്താപേക്ഷിതമായ ശുചിമുറികൾ എന്തേ നിർമ്മിക്കാത്തത് . നാം ഉറക്കെ ചിന്തിക്കേണ്ടിയിരിക്കുന്നു●

**പാരാവാരം കരേറിക്കരകൾ മുഴുവനും**
**മുക്കിമൂടാത്തതെന്തോ?**
**താരാവൃന്ദങ്ങൾ തമ്മിൽ സ്വയമുരസി മറി**
**ഞ്ഞത്ര വീഴാഞ്ഞതെന്തോ?**
**നേരേയാരാഞ്ഞു നോക്കീടുക മദമിയലും**
**മർത്ത്യരേ, നിങ്ങളെന്നാ**
**ലാരാൽക്കണ്ടെത്തു മെല്ലാറ്റിനുമുപരി വിള**
**ങ്ങുന്ന വിശ്വസ്വരൂപം.**

**വി.സി.ബാലകൃഷ്ണപ്പണിക്കർ, വിശ്വരൂപം.**

*സമുദ്രം കയറി കരകളെ മുഴുവൻ മുക്കിക്കളയാത്തതെന്തുകൊണ്ടാണ് ?*
*നക്ഷത്രങ്ങൾ തമ്മിൽ കൂട്ടിയടിച്ച് മറിഞ്ഞുവീഴാത്തത് എന്തുകൊണ്ടാണ് ?*
*അഹങ്കരിക്കുന്ന മനുഷ്യരെ, നിങ്ങൾ ഇക്കാര്യം ആലോചിച്ച് അന്വേഷിച്ച് നോക്കുക*
*അപ്പോൾ ഇവയ്ക്കെല്ലാം ഉപരി അവയെ നിയന്ത്രിച്ച് നിലകൊള്ളുന്ന വിശ്വരൂപനായ*
*ഈശ്വരനെ കണ്ടെത്തും.*

## 4-ാം ചരമവാർഷികം

**20. 02 .2017**



**കൃഷ്ണമേനോൻ. കെ**
**കൃഷ്ണപ്രസാദം**
**ആലപ്പാട്ട് ക്രോസ്സ് റോഡ്**
**രവിപുരം, കൊച്ചി 682016**

## 4-ാം ചരമവാർഷികം

**21. 03 .2017**



**സി. ശശികുമാർ**
**കോക്കാപ്പിള്ളിൽ**
**ശങ്കർ നഗർ, മരട്, എറണാകുളം**

***-സന്തപ്ത കുടുംബാംഗങ്ങൾ***

# മോഹം

**നന്ദിനി മനോഹരൻ**

എറണാകുളത്തപ്പന്റെ തിരുവുത്സവത്തിന്
കൊടിയേറും നാളുകൾ വന്നു ചേർന്നു
തിരുവുത്സവത്തിന്റെ കൊടിയേറ്റു കണ്ടു
തിരുമുമ്പിൽ വന്നു തൊഴാൻ മോഹം
തിരുവാഭരണങ്ങൾ ചാർത്തിയ തിരുമുഖം
നിറമിഴിയോടെ കുമ്പിടാൻ മോഹം
കാണിക്കയായി നിറപറകൾ വെച്ചു
കുളിച്ചു തൊഴുവാനും മോഹമായി
ഏഴാനപ്പുറമേറും ശ്രീശങ്കരന്റെ
ശ്രീവേലിക്കാഴ്ചകൾ കാണുവാൻ മോഹം
പാണ്ടിയും പാഞ്ചാരി പഞ്ചവാദ്യ മേളവും
കേട്ടുരസിക്കുവാനുള്ളിൽ മോഹം
സാന്ധ്യദീപപ്രഭയിൽ നർത്തന സംഗീത
സ്വരരാഗസുധയിൽ അലിയുവാൻ മോഹം
രാത്രിവിളക്കിൻ താളമേളങ്ങളും
കഥകളി നാട്യവും രസിക്കുവാൻ മോഹം
ആറാട്ടിനെഴുന്നള്ളും ശങ്കരഭഗവാന്റെ
അലങ്കാരശോഭകൾ കാണുവാൻ മോഹം
എന്നുംമനതാരിൽ മോഹമൊന്നേയുള്ളു
എന്നു ആ തൃക്കഴൽ തൊഴുതിടേണം




**ആർക്കാഭോദ്യൽ കിരീടം തൊടുകുറി വിലസും**
**നെറ്റി കാരുണ്യമോലും**
**തൃക്കണ്ണും പുഞ്ചിരിക്കെഞ്ചലുമഴകൊഴുകും**
**നാമ്പയും ഗണ്യഭാഗേ**
**തിക്കീടും ദീപ്തിയോടെ മകരരുചിയെഴും**
**കുണ്ഡലം കൗസ്തുഭംതേ**
**മുഖ്യശ്രീവത്സഹാരങ്ങളുമഥ വനമാ**
**ല്യാദിയും കൈ തൊഴുന്നേൻ**

***ഭാഷാനാരായണീയം***
*-കെ.സി. കേശവപിള്ള*

മീനം

ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 9447696190, 9447354306



# മാസഫലം

**2017 മാർച്ച് 15 മുതൽ ഏപ്രിൽ13 വരെ**

**ജ്യോതിഷാചാര്യ വിജയ മേനോൻ**



**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക കാൽ)** വിവാഹാദി മംഗളകർമ്മങ്ങളിൽ അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാകും. കുടുംബത്തിൽ ഉള്ളവർ തമ്മിലുള്ള കേസു വഴക്കുകൾ നിമിത്തം ബന്ധുക്കൾ തമ്മിൽ അകന്നു കഴിയേണ്ട അവസ്ഥ വന്നു ചേരാം. മദ്യപൻമാർക്ക് രോഗങ്ങൾ അലട്ടും. ഭാഗ്യക്കുറവും അലച്ചിലും പല കാര്യങ്ങൾക്കും തടസ്സമുണ്ടാക്കും. വിഷ്ണു സഹസ്രനാമം ജപിക്കുക. പുരുഷസൂക്ത ജപവും ഗുണം ചെയ്യും.



**ഇടവക്കൂറ് (കാർത്തിക മുക്കാൽ, രോഹിണി, മകയിരം പകുതി)** കുടുംബത്തിൽ സർപ്പദോഷത്തിന് പരിഹാരം നടത്തുക. മനസ്സിൽ വിചാരിക്കുന്ന കാര്യങ്ങൾ നടന്നു കിട്ടുവാൻ അതിപ്രയത്നം വേണ്ടിവരും. ഉദ്യോഗ സ്ഥലത്ത് പ്രശ്നങ്ങൾക്ക് വഴി കാണുന്നു. എങ്കിലും ധനസംബന്ധമായി കാലം നന്നായി കാണുന്നു. നവഗ്രഹസ്തോത്രം ജപിക്കുക. ഗ്രഹദോഷങ്ങൾ മാറി കിട്ടും.



**മിഥുനക്കൂറ് (മകയിരം പകുതി, തിരുവാതിര, പുണർതം മുക്കാൽ)**വീടു വാങ്ങുവാനോ വയ്ക്കുവാനോ ആഗ്രഹിക്കുന്നവർക്ക് കാലം അനുകൂലമാണ്. മനസ്വസ്ഥതയുണ്ടാകും. ആഗ്രഹങ്ങൾ പലതും നടക്കും. കർമ്മഭാവം പുഷ്ടിപ്പെടും.പ്രയത്നങ്ങൾ സഫലമാകും. എങ്കിലും സഞ്ചാരക്ലേശം അധികരിക്കും. കണ്ടകശനിക്കാലമായതിനാൽ ദാമ്പത്യസുഖക്കുറവു കാണുന്നു. ശനിവ്രതം എടുക്കുക.



**കർക്കിടകക്കൂറ് (പുണർതം കാൽ, പൂയം, ആയില്യം)** കുടുംബ ബന്ധങ്ങൾക്ക് ഉലച്ചിൽ ഉണ്ടാകും. സഹോദരഗുണം കാണുന്നു. ഉറ്റബന്ധുക്കൾക്ക് മരണമോ രോഗാധിക്യമോ നിമിത്തം മനോവിഷമമുണ്ടാകും. വിദേശ ജോലിസാദ്ധ്യത കാണുന്നു. പിതാവിനോ പിതൃസ്ഥാനീയർക്കോ മരണതുല്യമായ ദുഃഖങ്ങൾക്കു സാദ്ധ്യത കാണുന്നു. ശിവപഞ്ചാക്ഷരി ജപിക്കുന്നതും ലളിതാസഹസ്രനാമം ജപിക്കുന്നതും ദോഷഫലം കുറയ്ക്കും. .



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം കാൽ)** ത്വക്രോഗങ്ങളോ വിഷഭയമോ ഉണ്ടാകാം. രാഷ്ട്രീയരംഗത്ത് പ്രവർത്തിക്കുന്നവർക്ക് അംഗീകാരങ്ങളും സത്കീർത്തിയും വന്നു ചേരും. വിദേശയാത്രയിൽ കുടി സാമ്പത്തികനേട്ടം ഉണ്ടാകും. വിവാഹാലോചനകൾ അനുകൂലമാകും. മനസ്വസ്ഥതക്കായി ശനീശ്വരനെ ധ്യാനിക്കുക.




**കന്നിക്കൂറ് (ഉത്രം മുക്കാൽ, അത്തം, ചിത്തിര പകുതി)** വിവാഹബന്ധങ്ങൾ ശിഥിലമാകുവാനും വ്യവഹാരങ്ങളിൽ പെട്ട് വിഷമിക്കുവാനും ഇടവരും. ഭൂമിസംബന്ധമായ നേട്ടങ്ങൾ ഉണ്ടാകും. പുതിയ തൊഴിൽ തുടങ്ങുന്നതിനും വിദേശയാത്രക്കും അവസരമുണ്ടാകും. നഷ്ടപ്പെട്ടു എന്നു കരുതിയ സ്നേഹബന്ധങ്ങൾ പുനസ്ഥാപിക്കും. കണ്ടകശനി കുടുംബത്തിൽ അന്തഛിദ്രങ്ങൾ ഉണ്ടാക്കും. അതിനാൽ ശനിവ്രതം എടുക്കുക. ശനീശ്വര സ്തോത്രം ജപിക്കുക.



**തുലാക്കൂറ് (ചിത്തിര പകുതി ചോതി, വിശാഖം മുക്കാൽ)** മനസമാധാനക്കുറവുണ്ടാകുന്ന കാലം. വീടും നാടും വിട്ട് താമസിക്കേണ്ടി വരാവുന്നതാണ്. വിദേശയാത്രാഗുണമുണ്ട്. തിരുമാനിച്ചിരിക്കുന്ന വിവാഹബന്ധം മാറിപ്പോയേക്കാം. ഉദരവ്യാധികൾ നിമിത്തം കുടുതൽ വിഷമതകൾ അനുഭവിക്കും. ജലയാത്രവഴിയും ജലസംബന്ധമായ ബിസിനസ്സ് വഴിയും കൂടുതൽ നേട്ടമുണ്ടാകും. വ്യാഴപ്രീതി (വിഷ്ണു) വരുത്തുക.




**വൃശ്ചികക്കൂറ് (വിശാഖം കാൽ, അനിഴം, തൃക്കേട്ട)** അപക്വമായ പ്രവർത്തികൾ മൂലം ബഹുമാന്യത നഷ്ടപ്പെടാം. കല്യാണാലോചനകൾ നിശ്ചയത്തിലെത്തും. നിശ്ചയി ക്കപ്പെട്ട വിവാഹങ്ങൾ നടക്കുകയും ചെയ്യും. വ്യവഹാരങ്ങളിൽ പെട്ട് നട്ടം തിരിയാവുന്ന സമയം. വിദേശയാത്ര തരപ്പെടും. ഉന്നതരുമായി കൂടിക്കാഴ്ചക്ക് വഴിയുണ്ടാകും. സുബ്രഹ്മണ്യദേവനെ ഭജിക്കുന്നതും കുജസ്തോത്രം ജപിക്കുന്നതും ദോഷഫലം കുറയ്ക്കും.



**ധനുക്കൂറ് (മൂലം,പൂരാടം,ഉത്രാടംകാൽ)** ജന്മശനി വല്ലാതെ അലട്ടിയേക്കും. വാതാദികോപ രോഗങ്ങശക്കു സാദ്ധ്യതയുണ്ട്. കർമ്മസ്ഥാനത്ത് സ്ഥാനചലനവും ആയാസവും വർദ്ധിക്കും. ദുഷ്കീർത്തിയുണ്ടാകും. വ്യാപാരാദി കാര്യങ്ങൾ പുഷ്ടി പ്രാപിക്കും. സ്ത്രീകളുമായുള്ള ഇടപാടുകളിൽ ധനനഷ്ടത്തിന് സാദ്ധ്യത. ശനീശ്വര ധ്യാനവും വ്രതവും വിഷ്ണുപ്രീതിയും കൊണ്ട് ദോഷകാഠിന്യം കുറയ്ക്കും.



**മകരക്കൂറ് (ഉത്രാടം,മുക്കാൽ,തിരുവോണം, അവിട്ടം പകുതി)** അന്യരുടെ സ്വാധീനത്തിൽ പെട്ട് കുടുംബ ബന്ധങ്ങൾ ശിഥിലമാകും. സംസാര രീതിയിൽ നിയന്ത്രണം പാലിക്കേണ്ടതാണ്. വീടും ഭൂമിയും വാങ്ങുവാനുള്ള അവസരം വന്നു ചേരും. വിദേശ യാത്രയ്ക്ക് ശ്രമിക്കുന്നവർക്ക് വിനോദയാത്ര പോകുന്നവർക്കും ഫലം അനുകൂലമാകും. ശിവപഞ്ചാക്ഷരി ജപിക്കുക. ശനിവ്രതമെടുക്കുക. കുടുംബ ബന്ധം നന്നാവാനായി സംവാദ സൂക്തം ജപിക്കുക.



**കുംഭക്കൂറ് (അവിട്ടം പകുതി, ചതയം, പൂരുരുട്ടാതി മുക്കാൽ)** സ്വദേശത്തും വിദേശത്തുമായി ആദ്ധ്യാത്മിക കേന്ദ്രങ്ങളും ദേവാലയങ്ങളും സന്ദർശിക്കുവാനുള്ള അവസരം വന്നു ചേരാവുന്നതാണ്. സ്വന്തം സമുദായത്തിൽ നിന്ന് അനുമോദനവും ബഹു മതിയും ലഭിക്കുന്നതാണ്. പുതിയ സുഹൃത്തുക്കൾ ഉണ്ടാകും. ധനപരമായി കാലം നന്നല്ല. വിഷ്ണുപ്രീതി വരുത്തുക മഹാവിഷ്ണുവിന്റെ അഷ്ടോത്തരം ജപിക്കുക.



**മീനക്കൂറ് (പൂരുരുട്ടാതി കാൽ, ഉതൃട്ടാതി, രേവതി)** ജീവിതത്തിൽ സന്തോഷത്തിന്റേതായ കാലഘട്ടമായി പരിഗണിക്കാം. കുടുംബസ്വത്തവകാശം സഹോദരങ്ങൾക്ക് എഴുതിക്കൊടുക്കും. കണ്ടകശനി കർമ്മസ്ഥലത്ത് തടസ്സങ്ങൾ സൃഷ്ടിച്ചേക്കാം. പ്രമോഷനോ പുതിയ ജോലി പ്രവേശനമോ നിമിത്തം സ്ഥലംമാറ്റം ഉണ്ടാകും. സംഘടനാപ്രവർത്തന രംഗത്ത് പുതിയ സ്ഥാനമാനങ്ങൾ ലഭിക്കും.

**ഞായർ, ചൊവ്വ ഒഴികെയുള്ള ദിവസങ്ങളിൽ**
**9 am to 1 pm വരെ ജ്യോതിഷിയുടെ സേവനം ലഭ്യമാണ്**


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,25/163cm, Anizham, Fair, MBBS,Doing House Surgeoncy ,Pref: Doctors Professionals,Ph:0484-2706859,Mob:9496456310,Reg.no.20754


Email:prakashparu@gmail.com
Date of Birth:29.01.1992(11.00am)
Sishta Dasa:Sani.3.1.22




Contact Address:
MR.M.R.PRAKASH
'SAGARA' 29/2773 - A
VIKRAM SARABHAI ROAD
POONITHURA
KOCHI - 682 038

Nair Girl,25/4'11",Makam, Medium, B.Tech,M.E,Engineer IT with CTS, Pref : Ernakulam, Trichur Dist. Prefered, Vegetarian Prefered, Ph: 0484-2449244, Mob: 9446439244, Reg No: 20755


Email:balump2809@gmail.com
Date of Birth:5/10/1991 (0.57 AM)
Sishta Dasa:Ketu : 3.1.24




Contact Address:
MR. BALACHANDRAN NAIR. M.P
MANKUZHI HOUSE
NANDIKULANGARA
MANNAM.P.O
NORTH PARAVOOR
ERNAKULAM-683520

Well placed Nair Girl,29/152cm, Vishakham, Fair,B.Tech Computer Science ,Software Professional,MNC Bangalore , Mob:8547583490, Reg.no. 20756


Email:gnnair2010@gmail.com
Date of Birth:16-4-1987(3.45pm)
Sishta Dasa:Guru:1.2.12




Contact Address:
MR.GOPINATHAN NAIR K.S
NANDANAM
MAALAM
MANARCADU
KOTTAYAM
PIN - 686019

Nair Girl, 25/165cm, Pooyam, Fair ,B.Tech, Senior Engineer GAIL INDIA LTD(Public Sector),Pref:Govt Employee, Mob: 9847376898, Reg. no .20758


Email:knair439@gmail.com
Date of Birth:05-09-1991(2.29pm)
Sishta Dasa:




Contact Address:
MR.K SURESH KUMAR
VAIKUNDAM
PERUNNAI WEST
PANACHIKKAVU P.O
CHANGNACHERRY
KOTTAYAM - 680 102

Nair Girl, 25/5'1",Bharani, Fair, B. Com, P O Kerala Gramin Bank, Pref: Employed in Public Sector Institutions, Preferably from Ernakulam and Trichur Dist. Ph: 0484-2779407, Mob: 9446490004, Reg No: 20759


Email:mayaedayath@gmail.com
Date of Birth:19/03/1991 (5.40 PM)
Sishta Dasa: Sukra : 16.11.21




Contact Address:
SMT. MAYA DEVI
EDAYATH HOUSE
EROOR NORTH. P.O
ERNAKULAM-682306

Nair Girl, 25/163cm,Thiruvonam (1.1/2 Dosham), Fair, MBA ,KPMG, Pref:IT, Ph:0484-2784397,Mob: 9446414136, Reg.no.20760

Email:
Date of Birth:02-06-1991(05.25pm)
Sishta Dasa:Chandra:8.3.9




Contact Address:
SMT.M.A.SYAMALA KUMARI
DHANYA SREE
WEST LAYAM ROAD
FORT TRIPUNITHURA
COCHIN - 682301


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,25/154cm,Revathy (7 th Chowa) Fair ,MBBS,Doing Internalship Pref: MBBS,MD,MS,MTECH ( NON IT), Ph :0478-2562638,Mob: 944 7063038/9037641104, Reg.no. 20761


Email:gokulamthuravoor@gmail.com
Date of Birth:28-8-1991(11.54am)
Sishta Dasa:




Contact Address:
MR.K.RADHAKRISHNAN NAIR
PADINJARE POYKAYIL
THURAVOOR P.O
CHERTHALA
ALAPUZHA- 688 532

Nambiar Girl, 25/166, Atham, Wheatish Brown, B.Com, CS, Undergoing CS training, Pref: CA/CS/CMA, Bank Officers, Asst. Lectuers, Ph: 9847331925, 9496671774, Reg No: 20763


Email:krishnapriyak20@gmail.com
Date of Birth:10/9/1991 (2.58 PM)
Sishta Dasa:Chandra : 3.5.8




Contact Address:
MR. K.P VIJAYAN
SREE NANDANAM
VIKRAS 14
POONITHURA. P.O
ERNAKULAM-682038

Nair Girl,24/5'4",Avittam,Makara Rashi Wheatish ,B.Sc Visual Communication & Diploma in Advertising Design,Graphic Designer in MNC Chennai, Ph:0484-2836362, Mob:8086876704,Reg.no.20764


Email:
Date of Birth:17.07.1992(10.23am)
Sishta Dasa:Kuja: 4.10.5




Contact Address:
MR.V .G. GOPINATHAN
KEERAMATH HOUSE
KUNJATTUKARA
P.O EDATHALA
ALUVA,ERNAKULAM - 683561

Nair Girl, 24/158, Poorurutathi, Fair, B.Com-CA Student, Pref: Professionally Qualified, Employed Abroad or in India, Ph: 9947596905,00966550003807 Reg No: 20765


Email:bbalachandrannair@hotmail.com
Date of Birth:01/04/1992 (3.06 PM)
Sishta Dasa:Vyasham : 7.5.1




Contact Address:
MR. BALACHANDRAN NAIR
FLAT NO: 2074
PRESTIGE NEPTUNE COURTYARD
MARINE DRIVE
ERNAKULAM-682018

Nair Girl,23/163cm, Karthika, Fair B.Com Pursuing C.A,Ph:0484-2784581, Mob: 9744117717, Reg.no.20767


Email:nairssujith@gmail.com
Date of Birth:18-6-1993(7.28am)
Sishta Dasa:




Contact Address:
SMT .GIRIJA C.P
SIVAKRIPA,H.NO.168,CNRA
MANJELIPADAM,
EROOR WEST .P.O
TRIPUNITHURA -682 306

Nair Girl,25/158cm, Punartham Average Fair, BDS, Pref: Employed/ Business, Ph: 0484-2778094, Mob: 9633277941, Reg.no.20768

Email:geethadevi1962@gmail.com
Date of Birth:12-7-1991(11.37am)
Sishta Dasa:




Contact Address:
MR.RAGHUNADHAN.N
VAISHNAVAM (H)
OPP.SRINIVASA KOVIL
TRIPUNITHURA 682 301


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,24/153cm, Punartham (Minimum 1 1/2 papam required), Medium,Graduation PG,Diploma,WIPRO - Non IT, Pref: A good family oriented person,Mob: 9446096871 ,Reg.no. 20769


Email:aswathyj1992@gmail.com
Date of Birth:21-09-1992(7.14am)
Sishta Dasa:




Contact Address:
SMT. JAYASREE.S
331/B,EKKATTIL BLDGS
LAYAM ROAD
TRIPUNITHURA - 682 301

Nair Girl, 25/153, Pooram, Wheatish, M.Tech, Education (Guest Lecturer), Pref: M.Tech or B.Tech or other Graduation & PG, MBA, Employed Abroad Prefered, Ph: 9567208218, Reg No: 20770


Email:kssankarabose@gmail.com
Date of Birth:15/7/1991 (10.45 AM)
Sishta Dasa:




Contact Address:
MR. K.S. SANKARA BOSE
SANKARA BHAVAN
KIZHAPARAYAR.P.O
BHARANAGANAM VIA
KOTTYAM-686578

Nair Girl, 24/159, Pooradam, White, MBBS, Trying for PG, Pref : MBBS, MD, MS, Doctor, Prefeably Ernakulam, Alappuzha, Trichur Dist. Ph: 0484-2776480, Mob: 9447579676, Reg No: 20771


Email:
Date of Birth:23.04.1992(2.10pm)
Sishta Dasa:Sukra:




Contact Address:
MR.B.JANARDHANAN NAIR
VETTIKKAVUPARAMBIL HOUSE
IRIMPANAM
TRIPUNITHURA -682309

Nair Girl, 26/170, Revathy, Fair, B.Tech, MBA, Senior Business Analyst Capegemenr, Pref: B.Tech MBA, MS(Premier Institute) Post Graduate Doctor or Similar, Ph: 9447024231, Reg No: 20772


Email:kpr.sreekovil@gmail.com
Date of Birth:22/01/1991 (6.14 PM)
Sishta Dasa:Budha : 6.9.9.30




Contact Address:
MR. K.P. RADHAKRISHNAN
SREEKOVIL
MARAR LANE
THRISSUR-680001

Nair Girl, 23/155, Makam, Wheatish, B.Tech (Computer Science Engg), Data Scientist in MNC, Pref: Professionals, Preferably MS, MBA, Age 26-29 years, Minimum salary around 12 lakh anually, Ph: 0484-2983986, Mob: 9447123986, Reg No: 20773


Email:pillairamabhadran@gmail.com
Date of Birth:14/9/1993 (12.15 PM Hyderabad)
Sishta Dasa:kethu : 6.2.13




Contact Address:
MR. RAMABHADRAN PILLAI
5 B, ASSET E-SCAPE
MANAKKAKKADAVU
THENGODE.P.O
KAKKANAD-682030

Nair Girl,27/168cm, Chadayam ,White, B.Tech,Civil Engineering ,Pref: Employed Nair Boys,Ph:0478-2816957,Mob:9446579357,Reg.no.20476

Email:gopalakrishnana@bharatpetroleum.in
Date of Birth:01-01-1990(2.00pm)
Sishta Dasa:Rahu




Contact Address:
MR.GOPALA KRISHNAN A.V
SURYANIVAS
VARANAD P.O
CHERTHALA
ALAPPUZHA - 688539


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Girl, 23/170, Vishakam, Wheatish, Post Graduation, Pref : Professionals, CA, Merchant Navy, Ph: 9847195553, 9995040195, Reg No: 20774

Email:skala.312@rediffmail.com
Date of Birth:26/4/1994 (5.36 PM)
Sishta Dasa:Vyasha : 13.8.12





Contact Address:
MR. CHANDRAN . P.K
39/290, NAIKKARA VEEDU
ASARY LANE
KARIKKAMURY
COCHIN-682011

---

Nair Girl,24/165cm,Punartham,Slim, very fair,B.Com(Hons),CA employed Pref: CA,MBA,M.Tech (IIT/IIM) PhD employed in Chennai , Ph:0484-2315607, Mob:9446229062/8547255607, Reg.no.20775

Email:sivaptds23@gmail.com
Date of Birth:1.07.1992
(12.34 pm,Abudhabi)
Sishta Dasa:jupiter 6.8.21





Contact Address:
MR.SADASIVAN NAIR
SIVAPRIYA,G385
PANAMPILLY NAGAR
ERNAKULAM - 682 036

---

Nair Girl,23/155cm, Anizham, Fair, M.Tech(final semester),Pref: State/ Central/Scientific/Bank officer Ph:0484-2340666,Mob: 9446043825, Reg.no.20777

Email:balaknpk@gmail.com
Date of Birth:3-6-1993(3.39pm)
Sishta Dasa:sani:17.3.2





Contact Address:
MR.BALAKRISHNAN NAIR P.K
KRISHNANJANAM
BANK ROAD,KALOOR .P.O
ERNAKULAM 682017

---

Nair Girl,24/5'2",Karthika, Wheatish, B.Sc,Hotel management,MBA-HR,Pvt Sector,Pref:Business or Officer/ Managerial Post,Ph:0480-2850754 Mob:9745905326/9846169497, Reg.no.20778

Email:mac.ammu9@gmail.com
Date of Birth:24.07.1992(6.55pm)
Sishta Dasa:Ravi:5.8.14.42





Contact Address:
MR.MOHAN.S.NAIR
SMRTHI
P.O.SHANTIPURAM
KODUNGALUR
THRISSUR 680 668

---

Nair Girl, 25/168, Thriketta, Medium, B.Com, M.Com, Asst. Professor in Mar Elias College Kottapady, Pref : Degree, Ph: 0484-2464412, Mob: 9847288311, Reg NO: 20782

Email:vmvm40@gmail.com
Date of Birth: 29/05/1991 (4.55 AM)
Sishta Dasa:Budha : 14.3.8





Contact Address:
MRS. VALSALA MOHAN
VALAPPIL HOUSE
PALACE ROAD
VELLARAPPILLY SOUTH. P.O
SREEMOOLANAGARAM
KANJOOR,ALUVA-683580

---

Nair Girl, 24/168, Makam, Fair, B.Tech, MBA(Pursuing),Formerly Software Engineer now pursuing MBA,Pref: Post Graduate in any field,Engineer,Non IT,Non teaching,Ph:0484-2609140 ,Mob:9447048562/9447331496 Reg.no.20783

Email:binduvaradam@gmail.com
Date of Birth:21-10-1992(7.03pm)
Sishta Dasa:Kethu :3.8.10




Contact Address:
MR.A.VENUGOPAL
VARADAM,MANALANE
CONVENT ROAD II
THOTTAKKATTUKARA
ALUVA 683108


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,25/169cm, Chothi, Wheatish, B.Tech Electronics,Pref: Employed Youth,Ph:0468-2225262, Mob: 9447090615 ,Reg.no. 20785


Email:ponpuzha@gmail.com
Date of Birth:01.04.1991(11.30pm)
Sishta Dasa:Rahu:4.4.7




Contact Address:
MR.ARAVINDAKSHAN NAIR.P.G
PONPUZHA HOUSE
VAZHAMUTTOM P.O
VIA OMALLOOR
PATHANAMTHITTA -689647

Nair Girl, 28/160, Poorururuttathi, Fair, MBBS, Doing MD(Pediatrics)Final Year Completing studies in April/May 17, Pref: MBBS/MD/M.Tech/CA/Civil Service, Professionals, Ph: 9744019764, 9496736556, Reg No: 20787


Email:jajithkumar@gmail.com
Date of Birth:12/01/1989 (5.10 PM)
Sishta Dasa:Guru : 2.10.20.15




Contact Address:
MR. J. AJITH KUMAR
69 A, GTWRA
CHANGAMPUZHA SAMADHI ROAD
EDAPPALLY.P.O
KOCHI-682024

Kshathriya-Menon Girl, 28/150, Karthika, Medium, M.Com, MBA, PG Diploma in Journalism, Sub Editor/ Reporter in Decan Herald Bangalore, Divorcee, Pref: Post Graduate, Well Educated, Intelluctual Compatability, Ph: 9539521761, 8289817568, Reg No: 20788


Email:vavathegr8@gmail.com
Date of Birth:17/01/1989 (11.15 AM)
Sishta Dasa:Ravi : 1.2.13




Contact Address:
MR. C. JEEVAKUMARAN
MALIAKKAL MADOM
SANSKRIT COLLEGE ROAD
TRIPUNITHURA
ERNAKULAM-682301

Nair Girl, 22/163, Avittam, Fair, B.Tech (Electronics & Communication Engg), Asst. System Engineer at TCS Kochi, Pref: GovtEmployees , Bank or Working Abroad, Ph: 9495315984, 9496712185, Reg No: 20789


Email:
Date of Birth:06/04/1994 (12.20 PM)
Sishta Dasa:




Contact Address:
MR. VENUGOPAL. V.B
NARAYANEE NILAYAM
AKKATTU LANE, BYE LANE-2
CONVENT ROAD II
THOTTAKKATTUKARA.P.O
ALUVA-683108

Nair Girl, 26/162, Uthram, Medium, MA(Rank Holder) , Pursuing Ph D at IIT Chennai, Pref: College Lecturer, Ph: 0481-2410146, Mob: 9744032300, Reg No: 20790

Email:vinugeetha.1985@gmail.com
Date of Birth:19/9/1990 (12.05 AM)
Sishta Dasa: Aadithya : 2.1.24




Contact Address:
MR. VINAYA CHANDRAN
CHANDINI
PERUNNA.P.O
CHANGANACHERRY
KOTTAYAM-686102


**ERNAKULAM KARAYOGAM TDM HALLS**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)


# MANGALYAM MATRIMONIAL

# വധുവിനെ ആവശ്യമുണ്ട്



Nair boy, 28/173cm ,Pooram, Fair, M.S(ENT),Doctor (Medical PG) Student(First year),Pref:MBBS/MDS/BDS/M.Tech/B.Tech , Ernakulam based girls preferred,Ph:0484-2348895 Mob:9746458795, Reg No: 20753


Email:biomed.ravi@gmail.com
Date of Birth:05-02-1988(9.05pm)
Sishta Dasa:




Contact Address:
MR.RAVINDRANATH.R
KAUSTHUBHAM
35/1476B, KOCHANETH LANE
SOUTH JANATHA ROAD
PALARIVATTOM
COCHIN 682025

Nair boy, 33/165cm, Chithira, Fair, B.Tech,Employed with Infosys. (Legally Divorced after short married life)Pref: Girl should be B.Tech/PG prefered employed ,Banking/Teaching/ IT , Age 28 - 31 ,Mob: 9447129930, Reg.no.20757


Email:tspanicker@gmail.com
Date of Birth:14-8-1983(00.30am)
Sishta Dasa:Chovva:00.02.06




Contact Address:
MR.T.SASIDHARA PANICKER
FLAT.NO.7-B
NOEL ECOTAT
VALLATHOL JN
THRIKKAKKARA
ERNAKULAM 682 021

Nair boy, 27/172, Pooram, Wheatish, BAMS, MD (Ay), Student, Pref: Professional , Preferably traditional Doctor family, Ph: 0484-2283359, Mob: 9446063359, Reg No: 20762


Email:sn302haridas@gmail.com
Date of Birth:17/04/1989 (5.55 PM tvm)
Sishta Dasa:Sukra : 3.4.3.18




Contact Address:
MR. S. HARIDAS
UTHRAM
PALACE GARDENS
KARINGACHIRA
IRIMPANAM.P.O
TRIPUNITHURA-682309

Nair boy, 28/174cm ,Chathayam, Wheatish , B.Com, MBA,Manager-Finance & Accounts Pref: Any Professionals or working, Ph:0484-2356696, Mob: 9633011381/ 8086376381, Reg.no. 20766


Email:priyangamenon@gmail.com
Date of Birth:24-9-1988(5.48pm)
Sishta Dasa:Rahu:0.3.25




Contact Address:
SMT. PRIYANGA.P
NALINAM
ALAPPAT ROAD
RAVIPURAM
COCHIN - 682016

Nair boy, 30/177, Pooyam (Sudha Jathakam), Fair, B.Com, MBA (Singapore), Manager Working in Malaysia , Pref: Graduation & above, Ph: 9567544958, 0060-143869242, Reg No: 20776


Email:abn986@gmail.com
Date of Birth:18/04/1986 (6.55 AM)
Sishta Dasa:Saturn : 7.10.18




Contact Address:
MR. R. SAKTHIDHARAN
B-2 LOTUS GARDEN
SNVP ROAD
TRIPUNITHURA
ERNAKULAM-682301

Nair boy, 33/5'8", Uthradam, White B.Tech, Engineer,Pref: B.Tech,MBA etc,Mob: 9847532668,Reg.no.20779

Email:kondoorkey@gmail.com
Date of Birth:31-1-1984(12.10pm)
Sishta Dasa:Ravi:5.4.22




Contact Address:
MR.KONDOOR .K.KRISHNAKUMAR
ADVOCATE
KONDOOR SREE MANJEERAM
PERUNNAI WEST
CHANGANACHERRY


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്




Nair boy, 28/165, Revathi, Fair, B.Tech (CET), Central Excise Inspector (Customs &Central Excise Ernakulam) Pref : Employed Girls, Ph: 9400507522, 9447231055, Reg No: 20780

Email:shanmughanfb@gmail.com
Date of Birth:09/06/1988 (9.03 PM)
Sishta Dasa:




Contact Address:
MR. P.G. SHANMUGHAN
KRISHNA
(KIZHAKKEPARAMBATH)
UDAYANAPURAM.P.O
VAIKOM
KOTTAYAM-686143


Nair boy, 31/172, Pooradam (Sudha Jathakam), Wheatish, MBA, Working in Pvt Ltd Company Noida, Jithin Babu &His Brother are Twins Jithin Babu is the Elder one by 10 minutes, Pref: Good Looking, Well Qualified&from a reputed Nair Family, Ph: 0120 2638732, Mob: 9717027900, Reg No: 20781
Email:jithinbabu85@gmail.com
Date of Birth:16/11/1985 (12.00 Noon)
Sishta Dasa:Sukra : 8.2.22




Contact Address:
MR. RAVEENDRANADHA BABU.K.P
A-76/3 NIVEDITA APTS
SHALIMAR GARDEN EXTN.II
SAHIBABAD. P.O
GHAZIABAD (U P)-201005

Nair boy, 26/165cm,Magam,Very Fair,B.Tech ,MBA(Canada),PG in Human Resource Management,Human Resource Professional,Pref: M.Tech, MBA, BDS,MBBS etc,Ph.0484-2358562, Mob:9447223469, Reg.no.20784


Email:sudeeshkurup@hotmail.com
Date of Birth:10.03.1990(11.13am)
Sishta Dasa:Kethu :0.11.12




Contact Address:
MR.M.P.SADASIVA KURUP
H.NO.53/2740,SREERAGAM HOUSE
RAILNAGAR CROSS ROAD1
PONNURUNNI P.O
VYTILLA,KOCHI - 682 019


Nair boy, 29/159, Bharani, Fair, B E in Electrical & Electronics Engineering, Electrical Engineer Offficer, Pref : Degree, Ph: 0484-2775201, Mob: 9446636433, Reg No: 20786

Email:jishnugopinair18@gmail.com
Date of Birth:26/01/1988 (8.45 PM)
Sishta Dasa:




Contact Address:
MR. K.V. GOPINATH
KANAMPURATH HOUSE
NEAR FIRE STATION
TRIPUNITHURA
ERNAKULAM-682301


Nair boy, 26/152, Karthika, Fair, BA English, Certificate course in Food & Nutrition, Receptionist Rajah Ayurvedic Hospital Chettuva, Guruvayoor, Pref : Degree, Northern Dist. from Ernakulam, Ph: 9447061247, Reg No: 20791
Email:drsjayan@yahoo.co.in
Date of Birth:01/12/1990 (6.30 AM Alappuzha)
Sishta Dasa: Surya : 5.3.2




Contact Address:
MR. JAYAN. S
MADHAVAM
THIRUVENKIDOM
GURUVAYOOR
THRISSUR-680101

Nair boy, 31/5’11”, Punardam,Fair B.Tech,Working in MNC ,Bangalore, Pref: Graduate,Mob: 9447487233, Reg.no.20792

Email:geethas2507@gmail.com
Date of Birth:21-02-1986(12.30pm)
Sishta Dasa:Guru:6.7.20




Contact Address:
MR.SHREEKUMAR. B
MUKUNDALAYAM
KURUPPANKULANGARA.P.O
CHERTHALA - 688 539

ESTD. 1925

# EKNM POLY CLINIC

## നിങ്ങളുടെ ആരോഗ്യം പതിവായി നിരീക്ഷിക്കൂ.

## ആരോഗ്യത്തോടെയിരിക്കൂ.





നിങ്ങൾക്ക് വേണ്ടി പ്രത്യേകം
തയ്യാറാക്കിയ
**ഹെൽത്ത് ടെസ്റ്റ്**
പാക്കേജുകൾ

## HEALTH TEST PACKAGES

**PACKAGE I — RS. 500/-**

Glucose (F)

**LIPID PROFILE:** (Cholesterol, Triglycerides, HDL Cholesterol, LDL Cholesterol, VLDL)

SGOT | SGPT | UREA | CREATININE
BLOOD ROUTINE | URINE ROUTINE

**PACKAGE II — RS. 750/-**

Glucose (F) | Glucose (PP)

**LIPID PROFILE :** (Cholesterol, Triglycerides, HDL Cholesterol, LDL Cholesterol, VLDL)

**LIVER FUNCTION TEST:** (Bilirubin Total, Bilirubin Diret, SGOT, SGPT, Alkaline Phosphatase, Total Protein Albumin, Globulin, A/G Ratio)

UREA | CREATININE | URIC ACID
BLOOD ROUTINE | URINE ROUTINE | TSH

**PACKAGE III — RS. 1000/-**

Glucose (F) | Glucose (PP) | HBA1c

**LIPID PROFILE :** (Cholesterol, Triglycerides, HDL Cholesterol, LDL Cholesterol, VLDL)

**LIVER FUNCTION TEST:** (Bilirubin Total, Bilirubin Diret, SGOT, SGPT, Alkaline Phosphatase, Total Protein Albumin, Globulin, A/G Ratio)

UREA | CREATININE | URIC ACID | Calcium

**THYROID FUNCTION TESTS:** (T3, T4, TSH)
BLOOD ROUTINE | URINE ROUTINE


## EKNM POLY CLINIC

**Ernakulam Karayogam Navathi Memorial Poly Clinic**
Door No. 62/725A, Diwans Road, Kochi- 682 016, Ph: 0484 2366160, Fax: 0484 2369589
E-mail: ekmkgm@gmail.com, web: www.ernakulamkarayogam.com


**Working Hours: 7.00a.m. to 7.00 p.m. | Sunday : 7.00a.m. to 12.00 noon**



എറണാകുളം കരയോഗം-ചെറായി തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാഭഗവതി ക്ഷേത്രം

## പ്രതിഷ്ഠാദിനം

2017 മാർച്ച് 24, വെള്ളിയാഴ്ച രാവിലെ വിശേഷാൽ പൂജ
**9.00 മണി മുതൽ : നവകം, പഞ്ചഗവ്യം**
**ഉച്ചയ്ക്ക് 1.00 മണിക്ക് : അന്നദാനം**
**വൈകുന്നേരം 6 മണി മുതൽ വിവിധ കലാപരിപാടികൾ**

**2017 മാർച്ച് 23, വ്യാഴാഴ്ച വൈകുന്നേരം ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിൻെറ കാർമ്മികത്വത്തിൽ ശുദ്ധിയും കലശവും**

**DATE OF PUBLICATION: 10-03-2017**

**RNI NO. KERMAL/2008/23515**

**REGISTERED NEWSPAPER**

**M6-57945/2007**

**REGISTERED KL/EKM/514/2015-17**
**LICENSE NO. KL/CR/EKM/WPP-17/2015-17**
**LICENSED TO POST WITHOUT PREPAYMENT**

Volume No. 10 March 2017 Issue No. 3

# എറണാകുളം കരയോഗം കഥകളി ക്ലബ്ബ് മാർച്ച് മാസ കഥകളി



ഫെബ്രുവരി മാസ കഥകളി



2017 മാർച്ച് മാസം 28-ാം തീയതി, ചൊവ്വാഴ്ച
വൈകുന്നേരം 6.30 ന്, ടി.ഡി.എം.ഹാൾ ഗംഗയിൽ

**കഥ ഃ സുഭദ്രാഹരണം**

രചന ഃ മാന്ത്രേടത്ത് നമ്പൂതിരിപ്പാട്

| | | |
|---|---|---|
| ബലഭദ്രർ | : | കലാമണ്ഡലം സുദീപ് |
| ശ്രീകൃഷ്ണൻ | : | കലാമണ്ഡലം വിശാഖ് |
| പാട്ട് | : | കലാമണ്ഡലം വിശ്വാസ് |
| | | കലാമണ്ഡലം അർജ്ജുൻ വാര്യർ |
| ചെണ്ട | : | കലാമണ്ഡലം രവിശങ്കർ |
| | | കലാമണ്ഡലം മിഥിൻകൃഷ്ണ |
| മദ്ദളം | : | കലാമണ്ഡലം രാഹുൽ നമ്പീശൻ |
| ചുട്ടി | : | കലാമണ്ഡലം വൈശാഖ് |
| അണിയറ | : | ശ്രീ.രാമചന്ദ്രൻ, സുരേന്ദ്രൻ, അരുൺ |

പ്രവേശനം സൗജന്യം

കഥാസാരം ഃ ഉത്സവാഘോഷങ്ങളിൽ പങ്കെടുത്ത ശേഷം ദ്വാരകയിലേക്ക് മടങ്ങുന്ന ബലഭദ്രർ ബ്രാഹ്മണരുടെ പരിഹാസ വാക്കുകളിൽ നിന്നും സന്യാസിയായി വന്ന അർജ്ജുനൻ തൻെറ സഹോദരി സുഭദ്രയെ അപഹരിച്ച് കൊണ്ടുപോയതാണെന്ന് അറിയുന്നു. താൻ ഓമനിച്ചു വളർത്തിയ സഹോദരി സുഭദ്രയെ താനറിയാതെ ഒരുവൻ കൊണ്ടു പോയതറിഞ്ഞ് ബലഭദ്രർ കോപിഷ്ഠനാകുന്നു. തൻെറ ഇഷ്ടത്തിന് കന്യാദാനം പറ്റാത്തതിൽ വൃത്രാരിപുത്രനെ വധിക്കുവാൻ തീരുമാനിക്കുന്നു. കയ്യിൽ തൻെറ ആയുധമായ കലപ്പയുമായി നിൽക്കുന്നിടത്തേയ്ക്ക് ഞാനൊന്നുമറിഞ്ഞില്ല എന്ന മട്ടിൽ ശ്രീകൃഷ്ണൻ അണയുന്നു. അർജ്ജുനനെ വധിച്ചാൽ നമ്മുടെ സഹോദരി വൈധവ്യ ദുഃഖത്തിലാകും എന്ന് ശ്രീകൃഷ്ണൻ പറയുന്നു. സഹോദരിയെ കുറിച്ച് ഓർത്ത് ദുഃഖിച്ച ബലഭദ്രരും ശ്രീകൃഷ്ണനനും വധൂവരൻമാരെ അനുഗ്രഹിക്കാൻ സ്ത്രീധനവുമായി ഇന്ദ്രപ്രസ്ഥത്തിലേയ്ക്ക് പുറപ്പെടുന്നു.

NB : എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ പ്രതിമാസ കഥകളി സ്പോൺസർ ചെയ്യുവാൻ താല്പര്യമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0484 2361160

## ബീം ഫെബ്രുവരി മാസ പരിപാടി



**ബീം മാർച്ച് മാസ പരിപാടി – പ്രോഗ്രാം 414**

കഥകളി, മോഹിനിയാട്ടം, പരമ്പരാഗത നൃത്തം, എന്നിവയുടെ ചേരുവകൾ കലാമർമ്മജ്ഞതയോടെ കൂട്ടിയിണക്കി ഗുരു ഗോപിനാഥ് രൂപം നൽകിയ കേരളത്തിന്റെ തനിമയാർന്ന നൃത്തരൂപം.

## കേരള നടനം

പ്രശസ്ത നർത്തകി

**ഡോ. ഗായത്രി സുബ്രഹ്മണ്യൻ**

അവതരിപ്പിക്കുന്നു.



**22.03.2017 ബുധനാഴ്ച 6.30 p.m. ടി.ഡി.എം. ഹാൾ (a/c) എറണാകുളം**

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Niseema Printers & Publishers, Saroj, SRM Road, Kochi-682018, Ph: 2400423, 2400230 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.